THE

# PILGRIM'S PROGRESS

ഇഹത്തിൽനിന്നു പരത്തിൽ പ്രവേശിക്കുന്ന

# സഞ്ചാരിയുടെ പ്രയാണം

ആയതു

യോഹൻ പുന്നിയൻ എന്നവർ

ഇങ്ക്ലിഷിൽ എഴുതിയ ചരിത്രത്തിൻെറ മലയാളഭാഷാന്തരം

THIRD EDITION

UNIV. BIBL. TÜBINGEN

Gi 1022da

MANGALORE
PUBLISHED BY C. STOLZ,
BASEL MISSION BOOK & TRACT DEPOSITORY
1869

*Copyright reserved.*

NR 1262
N12<526664034 021
ubTÜBINGEN
LS

John Bunyan.

THE

# PILGRIM'S PROGRESS

ഇഹത്തിൽനിന്ന പരത്തിൽ പ്രവേശിക്കുന്ന

# സഞ്ചാരിയുടെ പ്രയാണം

ആയതു

യോഹൻ പുന്നിയൻ എന്നവർ

ഇങ്ക്ലിഷിൽ എഴുതിയ ചരിത്രത്തിൻെറ മലയാളഭാഷാന്തരം

THIRD EDITION

MANGALORE

PRINTED BY STOLZ & REUTHER, BASEL MISSION PRESS

1869

UNIV. BIBL. TÜBINGEN

Gi 1022 da

# സഞ്ചാരിയുടെ പ്രയാണം.

ഭൂമിയാകുന്ന വനത്തൂടെ സഞ്ചരിക്കുമ്പോൾ, ഒരേടത്തു ഞാനൊരു ഗുഹയെ കണ്ടു, അതിൽ പ്രവേശിച്ചുറങ്ങി കണ്ട സ്വപ്നമാവിതു: ഒരാൾ ജീൎണ്ണവസ്ത്രവും അത്യന്തം ഭാരമുള്ള ചുമടും ചുമന്നു തന്റെ വീടു പിന്നിട്ടു നടന്നു, ഒരു പുസ്തകം വിടൎത്തി വായിച്ചു, കുലുങ്ങി കരഞ്ഞു: അയ്യൊ! ഞാൻ എന്തു ചെയ്യേണ്ടു? എന്നു മുറയിട്ടു പറഞ്ഞു.

അങ്ങിനെ അവൻ വീട്ടിൽ ചെന്നു ഭാൎയ്യാപുത്രന്മാർ ഈ കാൎയ്യം ഒന്നും അറിയരുത് എന്നു വെച്ചു കഴിയുന്നെടത്തോളം അടങ്ങി പാൎത്തു. എങ്കിലും മനഃക്ലേശം സഹിയാത്തവണ്ണം വൎദ്ധിച്ചാറെ, മന്ദത വിട്ടു അവരെ വിളിച്ചു: അല്ലയൊ പ്രിയരെ! എന്മേൽ ഇരിക്കുന്ന ഭാരം നിമിത്തം ഞാൻ ബഹു ദുഃഖിതനായി തീൎന്നു; നമ്മുടെ പട്ടണം അഗ്നിവൎഷത്താൽ വെന്തു പോകും എന്നു കേട്ടു, ഇവിടെനിന്നു ഓടി പോവാൻ ഒരു വഴിയെ അന്വേഷിക്കേണം; അല്ലെങ്കിൽ നാമും ആ പ്രളയത്തിൽ ഭയങ്കരമായി നശിച്ചുപോകും എന്നു പറഞ്ഞാറെ, അവർ വിശ്വസിച്ചില്ലെങ്കിലും വളരെ പേടിച്ചു, വല്ല ഭ്രാന്തൊ എന്തൊ പിടിച്ചിട്ടുണ്ടായിരിക്കും എന്നു വിചാരിച്ചു, വൈകുന്നേരമാകകൊണ്ടു ബുദ്ധിഭ്രമം തീൎപ്പാനായി അവനെ വേഗത്തിൽ കട്ടിലിന്മേൽ കിടത്തി

തടവി കാലും ഞെക്കി, എങ്കിലും സൌഖ്യം വരാതെ അവൻ പുലരുവോളം ദുഃഖിച്ചു കരഞ്ഞു പാൎക്കയും ചെയ്തു. രാവിലെ സൌഖ്യമുണ്ടൊ? എന്നു അവർ ചോദിച്ചപ്പോൾ, സൌഖ്യം വന്നില്ല; സങ്കടം നാനാടങ്ങു വൎദ്ധിച്ചിരിക്കുന്നു; നിങ്ങളും ഈ നാശപുരം വിട്ടോടി പോകേണം എന്നു പറഞ്ഞാറെ, അവർ കോപിച്ചും ചിരിച്ചും നിന്ദിച്ചും കൊണ്ടു അവന്നു സുബോധം വരുത്തുവാൻ നോക്കിയശേഷം, അവൻ ഒരു മുറിയിൽ പോയി, അവൎക്കും തനിക്കും വേണ്ടി പ്രാൎത്ഥിച്ചു. പിന്നെ വെളിയിൽ ചെന്നു ഉലാവി പുസ്തകം വായിച്ചും പ്രാൎത്ഥിച്ചും കൊണ്ടു ചില ദിവസം ദുഃഖേന കഴിച്ചു പോന്നു.

അനന്തരം അവൻ ഒരു നാൾ കാട്ടിൽ പോയി പുസ്തകം നോക്കി ആത്മരക്ഷെക്കായി ഞാൻ എന്തു ചെയ്യേണ്ടു എന്നു മുറയിട്ടു ഭയപ്പെട്ടു, നാലു ദിക്കിലും നോക്കി, ഏതു വഴി ഓടി പോകേണ്ടു എന്നറിയാതെ വ്യാകുലനായി നില്ക്കുമ്പോൾ, സുവിശേഷി എന്നൊരു പുരുഷൻ അടുക്കെ വന്നു: നീ എന്തിന്നു ഇങ്ങിനെ നിലവിളിക്കുന്നു? എന്നു ചോദിച്ചാറെ, ഈ പുസ്തകത്തിൽ പറയുംപ്രകാരം എനിക്ക് മരണവും അതിന്റെ ശേഷം, ന്യായവിസ്താരവും വരുവാനുണ്ടു; മരണത്തിന്നു ഇഷ്ടമില്ല, വിസ്താരത്തിന്നു പ്രാപ്തിയുമില്ല എന്നു പറഞ്ഞു.

അപ്പോൾ സുവിശേഷി: എന്തിന്നു മരിപ്പാനിത്ര ഭയം? ഈ ജീവനത്ര നല്ലതൊ? എന്നു ചോദിച്ചാറെ, ഈ ജീവൻ ഒട്ടും നന്നല്ല, എങ്കിലും എന്റെ ചുമലിൽ ഉള്ള ഭാരം എന്നെ കുഴിയിൽ തന്നെ

അല്ല, എത്രയും ആഴമുള്ള നരകത്തിലേക്ക് ഇറക്കി കളയും എന്ന പേടിച്ചതകൊണ്ടാകുന്നു. ഹാ, ഞാൻ തടവിൽ പോകുവാൻ പ്രാപ്തനല്ലെങ്കിൽ വിസ്താരത്തിന്നും ശിക്ഷാവിധിക്കും പ്രാപ്തനമല്ല! എന്നറിഞ്ഞു ഞാൻ നിലവിളിച്ചു കരഞ്ഞു എന്ന അവൻ പറഞ്ഞു.

സുവിശേഷി: നിന്റെ കാൎയ്യം അങ്ങിനെയാകുന്നെങ്കിൽ, നീ എന്തിന്നു വെറുതെ താമസിക്കുന്നു? എന്നു ചോദിച്ചാറെ, അവൻ: അയ്യൊ! ഞാൻ ഒരു വഴിയും അറിയുന്നില്ല എന്നു പറഞ്ഞു.

അപ്പോൾ സുവിശേഷി അവന്നു ഒരു എഴുത്തു കൊടുത്തു, ആയതു അവൻ വാങ്ങി വരുവാനുള്ള കോപത്തിൽനിന്നു ഓടിപോക (മത്തായി. ൩, ൭.) എന്ന ദൈവവചനം കണ്ടു, വായിച്ചു സുവിശേഷിയെ നോക്കി, ഞാൻ എവിടെക്ക് പോകേണ്ടു? എന്നു ചോദിച്ചാറെ, സുവിശേഷി: വിസ്താരമുള്ള മരുഭൂമിയുടെ നേരെ വിരൽ ചൂണ്ടി: "അങ്ങു ഇടുക്കു വാതിലിനെ കണ്ടുവോ?" എന്നു ചോദിച്ചപ്പോൾ, കണ്ടു കൂടാ എന്നത് കേട്ടശേഷം, സുവിശേഷി: "അങ്ങു മിന്നുന്ന വെളിച്ചം കണ്ടുവൊ?" എന്നതിന്നു അവൻ: അല്പം കാണുന്നു എന്നു പറഞ്ഞ സമയം, സുവിശേഷി: എന്നാൽ ആ വെളിച്ചം സൂക്ഷിച്ചു നോക്കി നടന്നാൽ, നീ വാതിലിനെ കാണും; അതിന്നു മുട്ടിയാൽ ചെയ്യേണ്ടതൊക്കയും കേട്ടറിയും എന്നു പറഞ്ഞു.

അതിന്റെ ശേഷം ആ സഞ്ചാരി ഓടുവാൻ തുടങ്ങി എന്നു ഞാൻ എന്റെ സ്വപ്നത്തിൽ കണ്ടു.

എങ്കിലും അല്പം വഴി നടന്നശേഷം, ഭാൎയ്യാപുത്രന്മാർ കാൎയ്യം അറിഞ്ഞു: നിങ്ങൾ എവിടെ പോകുന്നു? ഒന്നു പറയട്ടെ! വരുവിൻ, വരീനോ! എന്നു വിളിച്ചപ്പോൾ അവൻ ചെവി പൊത്തി: "ജീവൻ! നിത്യജീവൻ!" എന്നും മുറവിളിച്ചു, മറിഞ്ഞു നോക്കാതെ മരുഭൂമിയുടെ നടുവിലേക്ക് ഓടുകയും ചെയ്തു.

അവന്റെ ഓട്ടം കാണ്മാനായി ഇടവലക്കാർ പലരും പുറപ്പെട്ടു വന്നാറെ, ചിലർ പരിഹസിച്ചു, മററും ചിലർ ഭൎത്സിച്ചു, ശേഷമുള്ളവർ മടങ്ങി വരേണ്ടതിന്നു വിളിച്ചാറെയും വരായ്കകൊണ്ടു, കഠിനനും ചപലനും എന്നു രണ്ടു പേർ ബലാല്ക്കാരേണ അവനെ മടക്കി വരുത്തുവാൻ നിശ്ചയിച്ചു, പിന്നാലെ ചെന്നു പിടിച്ചു. അപ്പോൾ അവൻ: നിങ്ങൾ വന്ന സംഗതി എന്തു? എന്നു ചോദിച്ചാറെ, നിന്നെ മടക്കുവാൻ തന്നെ എന്നവർ പറഞ്ഞശേഷം, അവൻ അവരോടു: അതരുത്! ഞാൻ ജനിച്ചതും നിങ്ങൾ വസിക്കുന്നതുമായ പട്ടണം നാശപുരം തന്നെ; അതിൽ മരിച്ചാൽ നിങ്ങൾ ശവക്കുഴിയിൽ തന്നെ അല്ല, അഗ്നിയും ഗന്ധകവും ചുട്ടുചുട്ടിരിക്കുന്ന സ്ഥലത്തു വീഴും എന്നു വിചാരിച്ചാൽ, നിങ്ങളും കൂടെ വന്നാൽ കൊള്ളായിരുന്നു എന്നു പറഞ്ഞു.

കഠിനൻ: എന്തു! കൂട്ടരെയും ധനങ്ങളെയും വിട്ടു പോരാമോ?

ക്രിസ്തിയൻ: (നാശപുരത്തിൽനിന്നു ഓടിയവന്റെ പേർ ഇതു തന്നെ എന്നറിക.) പിന്നെയോ! ഈ ഭൂമിയിലെ നന്മകൾ എപ്പേൎപ്പെട്ടതും ഞാൻ തിരഞ്ഞു നടക്കുന്നതിന്റെ ലേശത്തിന്നും

ൎത്തു വരികയില്ല; നിങ്ങളും കൂട വന്നുകൊണ്ടാൽ നമുക്ക ഒരു പോലെ നന്മകൾ വരും. ഞാൻ പോകുന്ന ദിക്കിൽ സൌഖ്യം വേണ്ടുവോളവും വേണ്ടതിൽ അധികവും ഉണ്ടു, പരീക്ഷിച്ചു നോക്കുക!

കഠി: നീ ലോകകാൎയ്യം എല്ലാം ഉപേക്ഷിച്ചുവല്ലോ! പിന്നെ നീ തിരയുന്നത് എന്തു?

ക്രിസ്ത്യ: സ്വൎഗ്ഗത്തിൽ സൂക്ഷിച്ചു വെച്ചതും, കേടു മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തെയും, അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയ രക്ഷയെയും (൧ പെത്രു, ൧, ൪.) ഞാൻ അന്വേഷിക്കുന്നു. ഉത്സാഹത്തോടെ തിരഞ്ഞാൽ, വിധിച്ച കാലത്തു സാധിക്കും; മനസ്സുണ്ടെങ്കിൽ ആയതെല്ലാം ഈ പുസ്തകം വായിച്ചറിയാം.

കഠി: നിന്റെ പുസ്തകം വേണ്ടാ ഞങ്ങളോടു കൂടി മടങ്ങി പോരുമൊ?

ക്രിസ്ത്യ: ഒരു നാളും ചെയ്യുകയില്ല; കൈ കരുവിക്ക വെച്ചിരിക്കുന്നു!

കഠി: ഹോ ചപലവാ! നാം ഈ വിഡ്ഢിയെ വിട്ടു തിരികെ പോക! ഇങ്ങിനെയുള്ള ഭ്രാന്തന്മാർ തങ്ങൾക്കല്ലാതെ മററാൎക്കും ബുദ്ധിയില്ല എന്നു വിചാരിക്കുന്നു.

ചപ: ദുഷിക്കരുത്; അവൻ പറഞ്ഞ വാക്ക നേരായിരിക്കുന്നെങ്കിൽ, സാരമുള്ളതു അവന്റെ പക്കൽ തന്നെ. എനിക്ക അവനോടു കൂട പോവാൻ തോന്നുന്നു.

കഠി: നീയും ഭ്രാന്തനായോ! ഈ മത്തൻ നിന്നെ വഞ്ചിച്ചു എവിടെയോ നടത്തും. ഞാൻ ബുദ്ധി

ഉപദേശിക്കുന്നു, മടങ്ങി വാ! ഹോ മടങ്ങി വാ; ബുദ്ധിമാനായിരിക്ക!

ക്രിസ്തി: ചപല, നീ വരിക; ഞാൻ പറഞ്ഞ നന്മകളും അവറ്റെക്കാൾ അധികവും സാധിക്കും; എന്റെ വാക്കിനെ നീ വിശ്വസിക്കുന്നില്ലെങ്കിൽ, ഈ പുസ്തകം നോക്കാമല്ലോ! ഇതിലെ ന്യായങ്ങളെ ഉറപ്പിക്കേണ്ടതിന്നു പുസ്തകകൎത്താവ് തന്റെ രക്തം ചിന്നി മുദ്രയാക്കി. അതു കേട്ട ചപലൻ കഠിന നെ നോക്കി: അല്ലയോ സഖേ! ഞാൻ ഈ ആളോട്ടു കൂട പോയി നിത്യജീവനെ അന്വേഷിക്കും എന്നു ചൊല്ലി, ക്രിസ്തിയനോടു: ഇച്ഛാസ്ഥലത്തിന്നു പോകുന്ന വഴി അറിയാമൊ? എന്നു ചോദിച്ചു.

ക്രിസ്തി: അറിയാം; ഇട്ടുക്ക വാതിൽക്കൽ പോയാൽ ആവശ്യമുള്ളതൊക്കയും കേൾക്കാം എന്നു സുവിശേഷി പറഞ്ഞ വാക്കു നാം അനുസരിച്ചു നടക്കേണം.

ചപ: എന്നാൽ മതി; നാം വേഗം പോക എന്നു പറഞ്ഞു ഇരുവരും യാത്രയായാറെ, ഞാനും എന്റെ ഭവനത്തിലേക്ക് തന്നെ പൊകും, ഇങ്ങിനെയുള്ള മത്തന്മാരുടെ കൂട്ടത്തിൽ എന്തു സുഖമുണ്ടാകും എന്നു കഠിനൻ പറഞ്ഞു കുറയ നേരം നിന്നു നിന്ദിച്ചു മടങ്ങിച്ചെല്ലുകയും ചെയ്തു.

അനന്തരം ക്രിസ്തിയനും ചപലനും മരുഭൂമിയിൽ ഒരുമിച്ചു നടന്നു ചെയ്തു സംഭാഷണം എന്തെന്നാൽ:

ക്രിസ്തി: അല്ലയോ സഖേ! നീ കൂടെ വരുന്നത് എനിക്ക വലിയ സന്തോഷം. കഠിനൻ അദൃശ്യ

കാൎയ്യത്തിന്റെ ഭയങ്കരങ്ങളും ബലമഹത്വവും അല്പം പോലും ഗ്രഹിച്ചെങ്കിൽ, ഉദാസീനനായി മടങ്ങി പോകയില്ലായിരുന്നു.

ച പ: നാം ഇപ്പോൾ തനിയെ ഇരിക്കകൊണ്ടു, നോം അന്വേഷിക്കുന്ന ഭാഗ്യങ്ങളുടെ വസ്തുതയും, അനുഭവിക്കുന്ന വഴിയും എന്നോടു കുറെ അധികം തെളിയിച്ചു പറയെണം.

ക്രിസ്തി: പല വിധേന അവററിൽ ധ്യാനിച്ചു ബോധം വന്നെങ്കിലും, പറവാൻ നാവിന്മേൽ വരുന്നില്ല; എന്റെ പുസ്തകത്തെ നോക്കി വായിക്കെണം.

ച പ: ആ പുസ്തകത്തിലെ ന്യായങ്ങൾ എല്ലാം നേരൊ?

ക്രിസ്തി: നേർ തന്നെ; ൟ പുസ്തകം ചമെച്ചവൻ ഒരിക്കലും അസത്യം പറയാത്തവൻ.

ച പ: എന്നാൽ ചൊല്ലി തന്നാലും!

ക്രിസ്തി: സീമയില്ലാത്ത രാജ്യത്തിൽ കുടിയിരിപ്പും, അതിൽ എന്നെന്നേക്കും പാൎപ്പാനായി നിത്യജീവനും സാധിക്കും.

ച പ: പിന്നെ എന്തു?

ക്രിസ്തി: അതിശോഭയുള്ള കിരീടങ്ങളും സൂൎയ്യപ്രകാശമുള്ള വസ്ത്രങ്ങളും ഉണ്ടാകും.

ച പ: ഇത് ഉത്തമം തന്നെ; പിന്നെയൊ?

ക്രിസ്തി: എല്ലാ ദുഃഖവും കരച്ചലും നീങ്ങി, ഉടയവൻ തന്നെ നമ്മുടെ കണ്ണുകളിൽനിന്നു കണ്ണുനീരൊക്കയും തുടെച്ചു കളയും.

ച പ: അവിടെ എങ്ങിനെയുള്ള കൂട്ടരുണ്ടാകും?

ക്രിസ്തി: തേജസ്സുള്ള ഖരുബെസരാഫിമാരും. പണ്ടു പണ്ടേ പ്രവേശിച്ചിട്ടുള്ള അനവധി സജ്ജനങ്ങളും, ദൈവമുമ്പാകെ നിന്നു ഇടവിടാതെ സ്തുതിക്കുന്നവരും, പൊൻമുടി ചൂടിയ മൂപ്പരും സ്വൎണ്ണവീണ വായിക്കുന്ന പരിശുദ്ധ കന്യകമാരും, കൎത്താവിനെ സ്നേഹിക്കയാൽ തീ. വാൾ, വെള്ളം, നരസിംഹാദികളാൽ മരിച്ച വിശ്വാസ്യരും തന്നെ. അവർ ഒക്ക ബഹു സ്നേഹവും ശുദ്ധിയുമുള്ള ആളുകൾ ആകുന്നു.

ചപ: ഈ വക കേൾക്കയാൽ ഹൃദയം സന്തോഷംകൊണ്ടു ഉരുകും പോലെ തോന്നുന്നു, അത് എല്ലാം കിട്ടേണ്ടതിന്നു നാം എന്തു ചെയ്യേണ്ടതു?

ക്രിസ്തി: ആ ദേശത്തിലെ കൎത്താവും രാജാവുമായവൻ, ആയതെല്ലാം ഈ പുസ്തകം എഴുതിച്ചറിയിച്ചതിന്റെ സാരം ചുരുക്കമായി പറയാം: നാം അത് അനുഭവിപ്പാൻ പൂൎണ്ണമനസ്സുകൊണ്ടു ആഗ്രഹിച്ചാൽ, അവൻ നമുക്ക എല്ലാം സൌജന്യമായി തരും (യശ.൫൫,൧—൩. അറി. ൨൧,൬.)

ചപ: ഇതെല്ലാം കേട്ടിട്ടു, എനിക്ക് എത്ര സന്തോഷം! നാം വേഗം നടക്ക!

ക്രിസ്തി: കായ്യം തന്നെ എന്റെ ഭാരം നിമിത്തം എനിക്ക അത്ര വേഗം നടപ്പാൻ വഹിയാ.

അതിന്റെ ശേഷം അവരിരുവരും നടന്നു സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, ഒരു വലിയ കഴിനിലം സമീപിച്ചു കണ്ടു, വഴി നല്ലവണ്ണം സൂക്ഷിക്കായ്കകൊണ്ടു, അതിൽ വീണു പോയി. ആ ചളിക്കു അഴിലം എന്നു പേരാകുന്നു. കുറയ നേരം അവർ

ഉരുണ്ടും പിരണ്ടും സൎവ്വാംഗം ചളിയും ചേറും ഏറവും കൊണ്ടു ക്രിസ്തിയനും ഭാരഫലനത്താൽ മുഴകുന്ന സമയം ചപലൻ: ഹേ ക്രിസ്തിയ പുരുഷ നീ എവിടെ? എന്നു വിളിച്ചു.

ക്രിസ്തി: എന്തൊ ഞാൻ അറിയുന്നില്ലപ്പാ!

അപ്പോൾ, ചപലൻ കോപിച്ചു അയ്യോ ചതിയ സന്തോഷവും ഗുണവും നിത്യജീവതപവും ഉണ്ടാകും എന്നു നീ പറഞ്ഞുവല്ലൊ! ഇപ്പോൾ, ഇങ്ങിനെ ഒരു കഷ്ടത്തിൽ ആയി. യാത്രാരംഭത്തിൽ ഇപ്രകാരം ആയാൽ തീരുവോളം എന്തെല്ലാം വരും· ഞാൻ പ്രാണനോടെ തെററി വരികിൽ നീ തനിയെ ചെന്നു ആ രാജ്യസുഖം ഇഷ്ടം പോലെ അനുഭവിക്ക എന്നു ക്രുദ്ധിച്ചു പറഞ്ഞു, കുതിച്ചു കുടഞ്ഞു തന്റെ വീട്ടിൻ നേരയുള്ള ഭാഗത്തു കര പിടിച്ചു കയറി, പാഞ്ഞു കളഞ്ഞു. ക്രിസ്തിയൻ അവനെ പിന്നെ ഒരു നാളും കണ്ടതുമില്ല.

അനന്തരം ക്രിസ്തിയൻ തനിയെ ചളിയിൽ കുഴഞ്ഞു നടന്നു, ഇട്ടക്കവാതിൽക്കൽ ചെല്ലുവാൻ വഴിയെ അന്വേഷിച്ചു നോക്കി എങ്കിലും, ചുമട നിമിത്തം കഴിനിലത്തിൽനിന്നു കരേറുവാൻ കഴിവ് ഉണ്ടായില്ല: അങ്ങിനെ ഇരിക്കുമ്പോൾ, സഹായി എന്നൊരുത്തൻ അടുത്തു വന്നു നിണക്ക് ഇവിടെ എന്തു എന്നു ചോദിച്ചു.

ക്രിസ്തി: വരുവാനുള്ള കോപത്തിൽനിന്നു തെററി പോവാനായി ഇട്ടക്കവാതിൽക്കൽ ചെല്ലേണം എന്നു സുവിശേഷിവാക്യം അനുസരിച്ചു, ഈ പ്രദേശത്തൂടെ നടന്നു കൊണ്ടു ചേററിൽ വീണു.

സഹായി: വഴിക്കലെ മെതിക്കല്ലുകളെ നോക്കി ചവിട്ടാഞ്ഞത് എന്തു?

ക്രിസ്തി: ഭയം എന്നെ ഓടിച്ചത്കൊണ്ടു അടുത്ത വഴിയായി പാഞ്ഞു വന്നു വീണു എന്നു പറഞ്ഞാറെ, സഹായി അവന്റെ കൈ പിടിച്ചു ചേററിൽനിന്നു വലിച്ചെടുത്തു, നിരത്തു വഴിക്കയച്ചു.

അപ്പോൾ ഞാൻ സഹായിയുടെ അരികെ ചെന്നു: അല്ലയൊ സഖെ! നാശപുരത്തിൽനിന്നു ഇടുക്കുവാതിൽക്കൽ പോകുന്ന വഴി ഈ സ്ഥലത്തുടെ ആകുന്നുവല്ലൊ, എന്നാൽ സാധുക്കളായ സഞ്ചാരികൾക്ക സുഖയാത്രക്കായിട്ടു ഈ നിലം എന്തുകൊണ്ടു നികത്താതെ ഇരിക്കുന്നു? എന്നു ചോദിച്ചാറെ, സഹായി: അതിന്നു എന്തു കഴിവു! പാപബോധം ഉണ്ടായ ഹൃദയങ്ങളിൽനിന്നു ചളിയും മലവുമായ സംശയലജ്ജാദികൾ ഒക്കയും ഈ നിലത്തിൽ ഒഴുകി ചേരുകകൊണ്ടു, അതിനെ നന്നാക്കി കൂടാ. അതു ഇങ്ങിനെ കിടക്കുന്നതു. രാജാവിന്റെ മനസ്സോടെ അല്ല. അവൻ ൧൬൦൦ വൎഷങ്ങളിൽ അധികമായി അസംഖ്യപ്പണിക്കാരെ അയച്ചു, തന്റെ സകല രാജ്യങ്ങളിൽനിന്നും എണ്ണമില്ലാതോളം സുവിശേഷോപദേശക്കല്ലുകളെ വരുത്തി, നികത്തികൊണ്ടു, നല്ല നേർവ്വഴിയാക്കുവാൻ പ്രയത്നം ചെയ്തു വന്നിട്ടും ഈ അഴിനിലം എന്ന ചളി മാത്രം ശുദ്ധമായില്ല. ഇനി അവർ എന്തുതന്നെ ചെയ്താലും ഈ കുഴി നിറകയില്ല. അതിന്റെ നടുവിൽ കൂടി നടപ്പാന്തക്കവണ്ണം ഉറപ്പുള്ള ചില മെതിക്കല്ലുകൾ വെച്ചിട്ടുണ്ടു എങ്കിലും, വൎഷകാലത്തു വെള്ളം പൊങ്ങി

പ്പൊങ്ങി വരുന്നതിനാൽ, അവറെറ കണ്ടുകൂട; കണ്ടാലും സഞ്ചാരികൾക്കു പലക്കും തലതിരിച്ചൽ ഉണ്ടാകകൊണ്ടു കാലും തെററി അവർ ചേററിൽ വീഴുന്നു. ഇടുക്കുവാതിൽ കടന്നശേഷം, വഴിയെല്ലാം നന്നായിരിക്കുന്നു എന്നു പറഞ്ഞു. അക്കാലം ചപലൻ വീട്ടിൽ എത്തി എന്നു ഞാൻ സ്വപ്നത്തിൽ കണ്ടു, കൂട്ടരെല്ലാവരും അവനെ കാണ്മാൻ വന്നു: മടങ്ങി വന്നോ? ബുദ്ധിമാൻ തന്നെ! എന്നും ക്രിസ്തിയനോടു കൂട പോയതു മൌഢ്യം എന്നും ക്രിസ്തിയനെ ചതിച്ചു മടങ്ങി കളഞ്ഞതിനാൽ നീ എത്രയും നികൃഷ്ടൻ എന്നും ഹാ! നീ എന്തൊരു മുമുക്ഷു എന്നും പരിഹസിച്ചു പറഞ്ഞപ്പോൾ, അവൻ കുറെ നാണിച്ചു മിണ്ടാതെ ഇരുന്ന ശേഷം, ധൈൎയ്യം ഏറി ഒക്കത്തക്ക ക്രിസ്തിയനെ നിന്ദിച്ചും ദൂഷിച്ചും കൊണ്ടിരുന്നു.

പിന്നെ ക്രിസ്തിയൻ ഏകനായി നടന്ന നേരം, ജഡാചാരം എന്നു ചൊല്ലപ്പെട്ട പട്ടണക്കാരനായ ലോകജ്ഞാനി അടുക്കെ വന്നു, അവന്റെ വൎത്തമാനം കുറയ അറിഞ്ഞു ക്ഷീണതയും ദുഃഖഭാവവും മററും കണ്ടതു കൊണ്ടു, അവനെ നോക്കി തൊഴുതു: അല്ലയോ ചുമടുകാരാ! നീ ഞരങ്ങി ഉഴന്നു പോകുന്നതു എവിടേക്കു?

ക്രിസ്തി: ഞരങ്ങി ഉഴന്നു പോകുന്നു സത്യം; എന്റെ ഭാരം നീക്കി കളവാനായി ഇടുക്കു വാതില്ക്കലേക്ക് പോകുന്നു.

ലോകജ്ഞാനി: നിണക്ക് ഭാൎയ്യാപുത്രന്മാരുണ്ടോ?

ക്രിസ്തി: ഉണ്ടു എങ്കിലും ഈ ഭാരം നിമിത്തം അവരിലുള്ള പാറ അററുപോയി; അവർ പിരിഞ്ഞപ്രകാരം തോന്നുന്നു.

ലോക: ഞാൻ ബുദ്ധി ഉപദേശിച്ചാൽ നീ കേൾക്കുമോ?

ക്രിസ്തി: അത് നന്നാകുന്നെങ്കിൽ കേൾക്കാം; ബുദ്ധി തന്നെ എനിക്കാവശ്യം.

ലോക: നീ ആ ചുമടു വേഗം അഴിച്ചു കളക, അല്ലെങ്കിൽ മനസ്സിലെ സ്ഥിരതയും ദൈവം നല്കിയ അനുഗ്രഹങ്ങളിലെ സന്തോഷവും നിണക്ക ഒരു നാളും ഉണ്ടാകുന്നില്ല.

ക്രിസ്തി: ഞാൻ അന്വേഷിക്കുന്നതു ഇതു തന്നെ എങ്കിലും എന്നാലും എൻെറ നാട്ടുകാരാലും ഈ ഘനമുള്ള ഭാരത്തെ നീക്കുവാൻ കഴിയുന്നില്ല; അതിന്നു തക്ക ആളെ കാണ്മാൻ പറഞ്ഞ പ്രകാരം യാത്രയാകുന്നുണ്ടു.

ലോക: ഈ വഴിക്കലെ പോയാൽ ഭാരത്തിന്നു നീക്കം ഉണ്ടാകും എന്നു നിന്നോടു പറഞ്ഞതാർ?

ക്രിസ്തി: വലിയവനും മാനശാലിയുമായ ഒരുവൻ സുവിശേഷി എന്നവൻെറ പേർ.

ലോക: അവൻെറ ഉപദേശം നശിച്ചു പോകട്ടെ, അവൻ നിന്നെ വല്ലാത്ത ദുൎഗ്ഗതിക്കയച്ചു. ഇത് പോലെ കഷ്ടമുള്ള വഴി ലോകത്തിൽ എങ്ങും ഇല്ല എന്നു കാണ്മാൻ സംഗതി ഉണ്ടാകും. നീ അഴിനിലയിൽ വീണില്ലേ? ഇതു ഈ വഴിയിൽ സഞ്ചരിക്കുന്നവൎക്ക കഷ്ടാരംഭം അത്രെ; ഇനി ക്ഷീണത, വേദന, പൈദാഹം, നഗ്നത, വാൾ,

അന്ധകാരം, നരസിംഹാദികൾ, മരണവും മററും നി ണക്ക് ഉണ്ടായ്വരും എന്നു അസംഖ്യ ജനങ്ങളുടെ സാക്ഷിയാൽ അറിയാമല്ലോ. അയ്യോ ഒരന്യൻെറ വാക്ക കേട്ടു, ഇപ്രകാരം നഷ്ടം തിരിയുന്നത് പുതുമ തന്നെ.

ക്രിസ്ത്യ: എൻെറ ചുമലിൽ തൂങ്ങുന്ന ഈ ഭാരം നിങ്ങൾ പറഞ്ഞ കാൎയ്യങ്ങളേക്കാൾ ഭയങ്കരമുള്ളതാകുന്നു. ഇതിനെ മാത്രം നീക്കുവാൻ സംഗതി ഉണ്ടാകുന്നെങ്കിൽ, എന്തുവന്നാലും സങ്കടമില്ല.

ലോക: ആ ഭാരം എങ്ങിനെ വന്നു?

ക്രിസ്ത്യ: കൈക്കലുള്ള പുസ്തകം വായിച്ചതിനാൽ തന്നെ.

ലോക: ഞാൻ അങ്ങിനെ തന്നെ ഊഹിച്ചു. പല ചപ്പന്മാർ വലിയ കാൎയ്യത്തിന്നു തുനിഞ്ഞാൽ അവർ നാണിച്ചു ബുദ്ധി മുട്ടി നഷ്ടം തിരിഞ്ഞു അറിയാത്തതിനെ സമ്പാദിപ്പാൻ നോക്കി നടക്കുന്ന പ്രകാരം നീ ചെയ്യുന്നു സത്യം.

ക്രിസ്ത്യ: അറിയാത്തതിനെ അല്ല, എൻെറ ഘനമുള്ള ഭാരത്തിന്നു നീക്കം വരുത്തുവാൻ അന്വേഷിക്കുന്നു.

ലോക: നീ ഈ ദുഘ്ഘടവഴിയിൽ നടന്നാൽ, കാൎയ്യസാദ്ധ്യം ഉണ്ടാകുമോ? ഞാൻ നിണക്ക നല്ലൊരു വഴി കാണിച്ചു തരാം; ആയതിൽ ഇഷ്ടമുള്ളതെല്ലാം ഒരു സങ്കടം കൂടാതെ വരും; സൌഖ്യവും ബഹുമാനവും സൽകീൎത്തിയും ആവശ്യം പോലെ ഉണ്ടാകും.

ക്രിസ്ത്യ: അല്ലയോ സഖേ! ഇതിനെ വിവരിച്ചു പറയെണം.

ലോക: അങ്ങു ലോകാചാരം എന്ന ഗ്രാമം കാണുന്നുവൊ? അവിടെ ധൎമ്മശാസ്ത്രി എന്ന ബുദ്ധിയും കീൎത്തിയുമുള്ളൊരു വിദ്വാൻ പാൎക്കുന്നു. ഈ വകയുള്ള ഭാരങ്ങളെ ചുമലിൽ നിന്നൊഴിപ്പാൻ നല്ല ശീലമുണ്ടു, ബുദ്ധിഭ്രമവും തീൎപ്പാൻ അവനാൽ കഴിയും. ഏറിയൊരു ചുമടുകാരെ അവൻ ഇപ്രകാരം സഹായിച്ചു സൌഖ്യമാക്കി. നീയും അവന്റെ അടുക്കൽ ചെന്നാൽ ഗുണമുണ്ടാകും. അവന്റെ ഭവനം ദൂരമല്ല സമീപത്തു തന്നെ; ഒരു നാഴിക വഴിയേ ഉള്ളൂ. താൻ വീട്ടിൽ ഇല്ലെങ്കിൽ, മകനായ മൎയ്യാദി നിണക്ക് ആവശ്യമുള്ളതൊക്കയും അച്ഛൻ പോലെ പറഞ്ഞു തരും, അവിടെ നിന്റെ ഭാരത്തിന്നു നീക്കം വരും. നാശപുരത്തിലേക്ക് മടങ്ങി ചെല്ലുവാൻ ആവശ്യമില്ല; ഭാൎയ്യാപുത്രന്മാരെ ആ ഗ്രാമത്തിലേക്ക് വരുത്തി, ഒഴിവുള്ള ഭവനം ഒന്നു കൂലിക്കു വാങ്ങി, നിത്യം സുഖിച്ചിരിക്കാം. ഭക്ഷണദ്രവ്യങ്ങൾ ഒക്ക നല്ലതും സഹായവും, കൂട്ടരെല്ലാവരും മാനമുള്ളവരുമാകുന്നു.

അപ്പോൾ ക്രിസ്തിയൻ ഇളകി, ഈ വിദ്വാൻ പറഞ്ഞ വാക്കു സത്യമെങ്കിൽ ആയതിനെ പ്രമാണിക്കുന്നത് തന്നെ നല്ലതാകുന്നു എന്നു വിചാരിച്ചു, അല്ലയൊ സഖേ! ആ ഗുണവാന്റെ വീടു എവിടെ? എന്നു ചോദിച്ചു.

ലോക: നീ അങ്ങു ഒരു കുന്നു കാണുന്നുവൊ?

ക്രിസ്തി: കാണുന്നു.

ലോക: ആ കുന്നിന്റെ താഴെ തന്നെ അവന്റെ വീടു.

അനന്തരം ക്രിസ്തിയൻ നേൎവ്വഴി തെററി, രക്ഷക്കായി ധൎമ്മശാസ്ത്രിയുടെ ഭവനത്തിലേക്ക് പോകുവാൻ പുറപ്പെട്ടു. കുന്നിന്റെ സമീപത്തെത്തിയാറെ, ഉയരം ഭയങ്കരമായും നില്ലു ചാരി തൂങ്ങി വഴിമേൽ വീഴുമാറായപ്രകാരവും കണ്ടു, പേടിച്ചു സ്തംഭിച്ചു. എന്തു വേണം എന്നറിയാതെ നിന്ന സമയം ചുമടു അതിഭാരമായി തോന്നിയതുമല്ലാതെ, അഗ്നിയും നിലത്തുനിന്നു എരിയുന്നതിനാൽ, താൻ വെന്തു പോകും എന്നു വിചാരിച്ചു ഭ്രമിച്ചു വിയൎത്തു നിന്നു: അയ്യോ ഞാൻ എന്തു ചെയ്യേണ്ടു? എവിടേക്ക് പോകേണ്ടു? ഞാൻ ലോകജ്ഞാനിയുടെ വാക്കു പ്രമാണിച്ചു നേൎവ്വഴിയെ വിട്ടതു എന്തു? എന്നു ദുഃഖിച്ചു മുറയിട്ടപ്പോൾ സുവിശേഷി വരുന്നതു കണ്ടു നാണിച്ചു നിന്നാറെ, സുവിശേഷിയും അടുക്കെ വന്നു, അവനെ സൂക്ഷിച്ചു നോക്കി, നിനക്കു ഇവിടെ എന്തു പ്രവൃത്തി? എന്നു ചോദിച്ചാറെ, ക്രിസ്തിയൻ മിണ്ടാതെ ഇരുന്നു, നിലത്തു നോക്കി പാൎത്തു.

സുവിശേഷി: നാശപുരസമീപത്തു വെച്ചു കരഞ്ഞ ആൾ നീ തന്നെയോ?

ക്രിസ്തി: അതെ; ഞാൻ തന്നെ ആകുന്നു.

സുവി: ഇടുക്കു വാതില്ക്കൽ പോകേണം എന്നു ഞാൻ പറഞ്ഞിട്ടില്ലയോ?

ക്രിസ്തി: അതേ നിങ്ങൾ പറഞ്ഞു.

സുവി: നീ നേൎവ്വഴിയിലല്ലല്ലോ ഇത്ര വേഗത്തിൽ തെററിപ്പോയതു എന്തു?

ക്രിസ്തി: അഴിനില കടന്ന ശേഷം ഒരുവൻ

വന്നു, എന്റെ മുമ്പിലുള്ള ഗ്രാമത്തിലേക്ക് ചെന്നാൽ ഭാരം നീക്കുവാൻ പ്രാപ്തിയുള്ളൊരുത്തനെ കാണും എന്നു പറഞ്ഞതിനെ ഞാൻ അനുസരിച്ചു പോയി.

സുവി: അവൻ ആർ?

ക്രിസ്തി: അവൻ ഗുരുവേഷം ധരിച്ചു, വളരെ സംസാരിച്ചതിനാൽ ഞാൻ ഇളകി അനുസരിച്ചു, ഇവിടെ എത്തി, മലയെയും അതിന്റെ കുത്തനനില്പിനെയും കണ്ടാറെ, അതു എന്മേൽ വീണു തകൎക്കും എന്നു പേടിച്ചു നിന്നു.

സുവി: എന്നാൽ അവന്റെ വാക്കു എന്തു?

ക്രിസ്തി: യാത്ര എവിടേക്ക്? എന്നു ചോദിച്ചു ഞാനും അതു പറഞ്ഞു അറിയിച്ചു.

സുവി: അതിന്നു അവൻ എന്തു പറഞ്ഞു?

ക്രിസ്തി: ഭാൎയ്യാപുത്രന്മാർ ഉണ്ടോ? എന്നു ചോദിച്ചാറെ, ഞാൻ ഉണ്ടു എങ്കിലും ഈ ഭാരം നിമിത്തം അവരിൽ മുമ്പേത്ത രസം തോന്നുന്നില്ല എന്നു പറഞ്ഞു.

സുവി: അപ്പോൾ, അവൻ എന്തു പറഞ്ഞു?

ക്രിസ്തി: എന്റെ ഭാരം വേഗം ചാടി കളയെണം എന്നു പറഞ്ഞാറെ, ഞാൻ ഇടുക്കുവാതിൽക്കൽ പോയിട്ടു രക്ഷാസ്ഥലത്തിന്റെ വഴി അറിയേണ്ടതിന്നു സംഗതി ഉണ്ടാകും എന്നുരച്ചപ്പോൾ, അവൻ: നീ അവിടെ പോകരുതു അടുക്കെയുള്ളതും സൌഖ്യമുള്ളതുമായ ഒരു വഴി ഇതാ! നീ ഇതിലെ നടന്നാൽ ഭാരം നീക്കുവാൻ ശീലമുള്ളൊരു സൽപുമാന്റെ വീട്ടിൽ എത്തും എന്നു പറഞ്ഞ വാക്കു ഞാൻ പ്രമാണിച്ചു, വഴി തെറ്റി രക്ഷെക്കായി

ഇങ്ങോട്ടു പുറപ്പെട്ടു വന്നാറെ, കാൎയ്യപ്പൊരുൾ കണ്ടു പേടിച്ചു നിന്നു, ഇനി എന്തു വേണം എന്നറിയുന്നില്ല.

സുവി: ദൈവവചനം കേൾപ്പാൻ നില്ക്ക എന്നു കല്പിച്ചാറെ, ക്രിസ്തിയൻ വിറച്ചു കൊണ്ടു നിന്നപ്പോൾ, സുവിശേഷി: പറയുന്നവനെ നിങ്ങൾ മതിയാക്കാതെ ഇരിപ്പാൻ നോക്കുവിൻ! ഭൂമിയിൽ കേൾപ്പിക്കുന്നവനെ മതിയാക്കിയവർ തെറ്റി പോകാതെ ഇരിക്കെ, സ്വൎഗ്ഗത്തിൽനിന്നു കേൾപ്പിക്കുന്നവനെ നാം വിട്ടൊഴിഞ്ഞാൽ എത്ര അധികം ശിക്ഷ പറ്റും (എബ്രാ. ൧൨, ൨൫.) വിശ്വാസത്താലെ നീതിമാനായവൻ ജീവിക്കും എങ്കിലും പിൻവാങ്ങുന്നവനിൽ എന്റെ ആത്മാവിന്നു ഇഷ്ടം ഉണ്ടാകയില്ല. നീ തന്നെ പിൻവാങ്ങിയവനും സമാധാനവഴിയെ വിട്ടു മഹോന്നതന്റെ ആലോചനയെ ഉപേക്ഷിച്ചു, നാശത്തിന്നണഞ്ഞവനുമാകുന്നു എന്നു പറഞ്ഞു.

അനന്തരം ക്രിസ്തിയൻ വീണുരുണ്ടു അയ്യൊ കഷ്ടം! കഷ്ടം! ഞാൻ ചാവാറായി എന്നു നിലവിളിച്ചപ്പോൾ, സുവിശേഷി അവന്റെ കൈ പിടിച്ചു "മനുഷ്യരുടെ സകല പാപവും ദൂഷണവും ക്ഷമിക്കപ്പെടും (മത്തായി. ൧൨, ൩൧.) അവിശ്വാസിയായിരിക്കാതെ വിശ്വാസിയായിരിക്ക" (യോഹ. ൨൦, ൨൭.) എന്നതു കേട്ടു ക്രിസ്തിയൻ കുറയ ധൈൎയ്യം പൂണ്ടു എഴുനീറ്റു വിറച്ചു കൊണ്ടു നിന്നപ്പോൾ സുവിശേഷി: എന്റെ വാക്കു ഇനി നല്ലവണ്ണം വിചാരിച്ചു കൊണ്ടിരിക്ക നിന്നെ വഞ്ചിച്ചവൻ

ആരെന്നും നിണക്ക് അവൻ കാട്ടി തന്ന ആൾ ആരെന്നും ഞാൻ പറഞ്ഞു തരാം; നിന്നെ വഞ്ചിച്ചവൻ ഐഹികം പ്രമാണിച്ചും ജഡത്തെ ആചരിച്ചും ക്രൂശിന്റെ വൈരിയായി നടന്നും നടത്തിച്ചും കൊണ്ടു, നേർവ്വഴികളെ വിടാതെ വഷളാക്കുവാൻ നോക്കുന്ന ലോകജ്ഞാനി തന്നെ ആകുന്നു. അവൻ നിണക്ക തന്ന ആലോചനയിൽ മൂന്നു വിരുദ്ധങ്ങൾ ഉണ്ടു. അവൻ നിന്നെ നേർവ്വഴിയിൽനിന്നു തെറ്റിച്ചു കളഞ്ഞു. ക്രൂശിന്മേൽ നീരസം ഉണ്ടാക്കി, മരണത്തിന്നു ഫലം വിളയുന്ന വഴിക്കയച്ചു.

൧. ലോകജ്ഞാനിയുടെ ഉപദേശം അനുസരിപ്പാനായി നീ ദൈവവചനം ഉപേക്ഷിച്ചു കളഞ്ഞു. ഇടുക്കു വാതിലിൽ കൂടി അകത്തു പ്രവേശിപ്പാൻ പൊരുതുവിൻ ജീവങ്കലേക്ക ചെല്ലുന്ന വാതിൽ ഹാ, എത്ര ഇടുക്കും വഴി ഞെരുക്കവും ആകുന്നു; അതിനെ കണ്ടെത്തുന്നവർ ചുരുക്കമെത്രെ എന്നു കൎത്താവ് പറഞ്ഞുവല്ലൊ (മത്താ. ൭, ൧൩, ൧൪.) ആ വഴിയിൽനിന്നു വാതിൽക്കൽനിന്നും നിന്നെ തെറ്റിച്ചു കളഞ്ഞവന്റെ ഉപദേശത്തെയും നിണക്ക് അതിലുണ്ടായ അനുസരണത്തെയും വെറുക്കുക.

൨. മിസ്രയിലെ നിക്ഷേപങ്ങളെക്കാൾ നിണക്ക് അധികം വാഞ്ഛിതമായിരിക്കേണ്ടുന്ന ക്രൂശിനെ അവൻ നീരസമാക്കി കളവാൻ ഭാവിച്ചതു നീ നിരസിക്കേണം: തന്റെ ജീവനെ രക്ഷിപ്പാൻ അന്വേഷിക്കുന്നവൻ അതിനെ കളയും (മത്താ. ൧൦, ൩൯.) എന്റെ അടുക്കൽ വന്നു, മാതാപിതാക്ക

ന്മാരെയും ഭാൎയ്യാപുത്രന്മാരെയും സഹോദരിസഹോദരന്മാരെയും സ്വജീവനെയും പകെക്കാത്തവനു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല എന്നു കൎത്താവിന്റെ വചനം ഓൎത്തു നിത്യജീവനെ ഏകുന്നതു നിണക്ക് നാശത്തെ വരുത്തും എന്നു പറയുന്നവനെയും അവന്റെ ഉപദേശത്തെയും നിരസിക്ക.

൩. അവൻ നിന്നെ മരണഫലം വിളയുന്ന വഴിക്കയച്ചതിനെ നിരസിപ്പാൻ വേണ്ടി അവൻ കാട്ടി തന്ന ആളുകളുടെ അവസ്ഥ കേൾക്ക. ആയവൻ നിന്റെ തലമേൽ വീഴുമാറായി കണ്ട ഈ സീനായി മലിയിൽ തന്റെ മക്കളോടു കൂടി രഹസ്യമായി പാൎത്തു വരുന്ന അടിമസ്ത്രീയുടെ മകനായ ധൎമ്മശാസ്ത്രി തന്നെ ആകുന്നു. അടിമക്കാർ നിണക്ക സ്വാതന്ത്ര്യം കൊടുക്കുമോ? ആയാൾ ഒരു സമയമെങ്കിലും ഒരുത്തരുടെ ഭാരം നീക്കീട്ടില്ല, നീക്കുവാൻ കഴിയുന്നതുമില്ല. ന്യായപ്രമാണപ്രവൃത്തികളാൽ ജീവിക്കുന്നൊരുത്തനെങ്കിലും നീതീകരിക്കപ്പെടുവാൻ കഴിയുന്നില്ല, ഭാരം പോകുന്നതുമില്ല. ലോകജ്ഞാനി ശുദ്ധ കള്ളൻ; ധൎമ്മശാസ്ത്രി ഒരു വഞ്ചകൻ, അവന്റെ മകനായ മൎയ്യാദി എത്രയും നല്ല വേഷം പൂണ്ടിരിക്കുന്നു എങ്കിലും, കപടഭക്തിക്കാരനത്രെ ആകുന്നു. നിണക്ക ഒരു സഹായം എത്തിപ്പാൻ അവരാൽ കഴിയുന്നില്ല. നീ ആ ചതിയന്മാരെ കുറിച്ചു കേട്ടിട്ടുള്ള കഥ ഒക്ക നിന്നെ വഞ്ചിച്ചു, രക്ഷാവഴിയിൽനിന്നു തെററിച്ചു കളുവാനായി ഒരുപായമത്രെ എന്നു പറഞ്ഞു, ആകാശത്തേക്ക് നോക്കി, തന്റെ വചനത്തിന്റെ സാക്ഷിക്കായി

പ്രാൎത്ഥിച്ചാറെ, മലയിൽനിന്നു വാക്കുകളും അഗ്നിയും പുറപ്പെട്ടതിനാൽ ക്രിസ്തിയൻ വിറച്ചു കൊണ്ടിരുന്നു. ആ വാക്കുകൾ ഇവ തന്നെ; (ന്യായപ്രമാണ) ധൎമ്മപുസ്തകത്തിൽ എഴുതിയവ ഒക്കയും ചെയ്വാൻ അവററിൽ വസിച്ചു നില്ക്കാത്തവൻ ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നു. (ഗല. ൩ ൧൦.)

അപ്പോൾ ക്രിസ്തിയൻ പ്രാണനാശം വരും എന്നു വിചാരിച്ചു നിലവിളിച്ചും ദുഃഖിച്ചും, ലോകജ്ഞാനിയെ കണ്ട കാലത്തെ തന്നെ ശപിച്ചും, അവന്റെ ജഡഫലമായ ആലോചന കേട്ടനുസരിച്ചതിനാൽ നാണിച്ചും കൊണ്ടു, സുവിശേഷിയോടു, ഹാ സഖേ! എനിക്ക ഇനി എന്തു കഴിവു. ഞാൻ ആയാളുടെ ആലോചന കേട്ടനുസരിച്ചതു കൊണ്ടു എനിക്ക വളരെ സങ്കടം, ഇനി മടങ്ങി ഇടുക്കുവാതിൽക്കൽ ചെന്നാൽ ഞാൻ ഈ ബുദ്ധിക്കേടു നിമിത്തം അപമാനത്തോടെ ആട്ടിക്കളയപ്പെടുമോ? എന്നു ചോദിച്ചാറെ, സുവിശേഷി: നീ വിരുദ്ധവഴിയിൽ നടപ്പാൻ വേണ്ടി നേൎവ്വഴിയെ വിട്ടത് കൊണ്ടു നിന്റെ പാപം ഏററവും വലിയതാകുന്നു സത്യം, എങ്കിലും ആ വാതിൽക്കലെ കാവൽക്കാരൻ മാനുഷപ്രിയനാകുന്നു, നിന്നെയും കൈക്കൊള്ളും. അവന്റെ കോപത്താൽ വഴിയിൽനിന്നു നശിക്കാതിരിക്കേണ്ടതിന്നു ഇനി തെററി നടക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾക, എന്നത് കേട്ടാറെ, ക്രിസ്തിയൻ സുവിശേഷിയെ വന്ദിച്ചു, ഒരു ചുംബനവും അനുഗ്രഹവാക്കും വാങ്ങി പുറപ്പെട്ടു. വഴിക്കൽ വെച്ചു ആരോടെങ്കിലും ഒന്നും ചോദിക്കയും പറകയും

ചെയ്യാതെ, ലോകജ്ഞാനിയെ കണ്ടു, അവന്റെ ആലോചന അനുസരിപ്പാൻ തുടങ്ങിയ സ്ഥലത്തു എത്തുവോളം വളരെ ഭയം കൊണ്ടു ഓടി നടക്കയും ചെയ്തു. അതിന്റെ ശേഷം അവൻ കാലക്രമേണ വാതില്ക്കലും എത്തി, മുട്ടിയാൽ തുറക്കപ്പെടും (മത്ത. ൭. ൭—വ്യ.) എന്നൊരു മെലേഴുത്തിനെ കണ്ടു മുട്ടി.

ഈ വാതിലൂടെ പൂകുവാൻ
ഈ മത്സരിക്ക എൻ പുരാൻ
കനിഞ്ഞുടൻ തുറക്കുകിൽ
ഞാൻ എന്നും വാഴ്ത്തും ഊർദ്ധ്വത്തിൽ.

എന്നു കുറെ നേരം പാടിയും മുട്ടിയും കൊണ്ടിരുന്ന ശേഷം, സുചിത്തൻ എന്നൊരു ഘനശാലി വാതില്ക്കൽ അടുത്തു: നീ ആരെന്നും, യാത്ര എവിടെ നിന്നു എന്നും, വന്ന കാരണം എന്തു എന്നും ചോദിച്ചു.

ക്രിസ്തിയൻ: വലിയ ഭാരം കൊണ്ടു വലഞ്ഞൊരു പാപി, ഇതാ വരുവാനുള്ള കോപത്തെ ഒഴിപ്പാനായി, ഞാൻ നാശപുരം വിട്ടു ചിയോനിലേക്ക് യാത്രയാകുന്നു. വഴി ഈ വാതിൽക്കൽ കൂടി ഇരിക്കുന്നു എന്നു കേട്ടത് കൊണ്ടു അകത്തു ചെല്ലേണ്ടതിന്നു കല്പന ചോദിക്കുന്നു എന്നു പറഞ്ഞാറെ, സുചിത്തൻ സന്തോഷിച്ചു വാതിൽ തുറന്നു ക്രിസ്തിയൻ അകത്തു കടന്നു അപ്പോൾ,

സുചിത്തൻ: അവന്റെ കൈപിടിച്ചു വലിച്ചു ഇതിന്റെ സംഗതി എന്തെന്നു ക്രിസ്തിയൻ ചോദിച്ചശേഷം, സുചിത്തൻ: ഈ വാതിലിന്റെ സമീപത്തു വലിയ ഒരു കോട്ടയുണ്ടു. അവിടെ

പാൎത്തു വരുന്ന ഭൂതപ്രമാണിയായ ബേൽജബൂബും അവന്റെ വംശക്കാരും വഴിപോക്കർ ഇതിൽ കടന്നു വരുമ്മുമ്പെ അവരെ കൊല്ലുവാൻ വേണ്ടി അമ്പുകളെ എയ്തു കൊണ്ടിരിക്കുന്നു എന്നു പറഞ്ഞാറെ, ക്രിസ്തീയൻ ഞാൻ സന്തോഷിച്ചും വിറച്ചും ഇരിക്കുന്നു എന്നുരച്ചു. കടന്ന ശേഷം, ദ്വാരപാലൻ: നിന്നെ ഇവിടേക്കു പറഞ്ഞയച്ചതാർ? എന്നു ചോദിച്ചു.

ക്രിസ്തി: ഞാൻ ഇവിടെ വന്നു മുട്ടിയാൽ, നിങ്ങൾ വാതിൽ തുറന്നു, ആവശ്യമുള്ളതെല്ലാം പറഞ്ഞു തരും എന്നു സുവിശേഷി കല്പിച്ചത് കൊണ്ടു ഞാൻ വന്നു മുട്ടിയതു.

സുചി: ആൎക്കും അടെപ്പാൻ കഴിയാത്ത വാതിൽ നിന്റെ മുമ്പാകെ തുറന്നിരിക്കുന്നു.

ക്രിസ്തി: ഹാ! ഇപ്പോൾ എന്റെ അദ്ധ്വാനം ഫലിപ്പാൻ തുടങ്ങുന്നു!

സുചി: എങ്കിലും നീ തനിയെ വന്നതെന്തു?

ക്രിസ്തി: എനിക്കു ഉണ്ടായതുപോലെ എന്റെ നാട്ടുകാൎക്കു ആൎക്കെങ്കിലും വരുവാനുള്ള നാശത്തെ കുറിച്ചു ബോധമില്ലായ്കകൊണ്ടാകുന്നു.

സുചി: നീ യാത്രയാകുന്നു എന്നു പലരും അറിഞ്ഞിട്ടുണ്ടോ?

ക്രിസ്തി: അറിഞ്ഞു, ഞാൻ പുറപ്പെട്ട സമയം തന്നെ ഭാൎയ്യാപുത്രന്മാർ എന്നെ കണ്ടു, മടങ്ങി വരേണ്ടതിന്നു വളരെ നിലവിളിച്ചു. അയല്ക്കാർ പലരും അങ്ങിനെ തന്നെ ചെയ്തു വന്നു എങ്കിലും ഞാൻ ചെവി പൊത്തി വേഗം നടന്നു.

സുചി: നിന്നെ മടക്കേണ്ടതിന്നു വല്ലവരും പിന്നാലെ വന്നുവോ?

ക്രിസ്തി: കഠിനനും ചപലനും എന്നു രണ്ടു പേർ വന്നു സാധിക്കുന്നില്ല എന്നു കണ്ടാറെ, കഠിനൻ ദുഷിച്ചു തിരികെ പോയി, ചപലൻ അല്പ വഴി എന്റെ കൂട പോന്നു.

സുചി: അവൻ ഇവിടെ എത്തിയില്ലല്ലോ?

ക്രിസ്തി: ഇല്ല; ഞങ്ങൾ ഇരുവരും ഒരുമിച്ചു അഴിനിലയോളം വന്നു വീണപ്പോൾ, ചപലൻ മുഷിഞ്ഞു ദൂരേ പോവാൻ മടിവുണ്ടായി, നീ തനിയെ ചെന്നു ആ മഹിമരാജ്യം അവകാശമാക്ക എന്നു പറഞ്ഞു, തന്റെ വീട്ടിന്നു അടുത്ത കര പിടിച്ചു കയറി, കഠിനന്റെ വഴിയെ ചെന്നശേഷം ഞാൻ ഇങ്ങോട്ടും പുറപ്പെട്ടു.

സുചി: ഹാ കഷ്ടം! സ്വൎഗ്ഗീയമഹത്വം നിമിത്തം ചില ആപത്തുകളെ സഹിച്ചു കൂടേ?

ക്രിസ്തി: ഞാൻ ഇപ്പോൾ ചപലന്റെ കാൎയ്യം പറഞ്ഞുവല്ലോ, എങ്കിലും അവനേക്കാൾ ഞാൻ നീതിമാനല്ല; അവൻ സ്വന്ത വീട്ടിലേക്ക് മടങ്ങി ചെന്നു സത്യം. ഞാനോ ലോകജ്ഞാനിയുടെ ജഡയുക്തമായ ഉപദേശം കേട്ടു, നേൎവ്വഴിയെ വിട്ടു, മരണത്തിന്നു ഫലം വിളയുന്ന മാൎഗ്ഗത്തിന്നായി പുറപ്പെട്ടു.

സുചി: ഹോ ലോകജ്ഞാനി വന്നുവോ? രക്ഷക്കായി നിന്നെ ധൎമ്മശാസ്ത്രിയുടെ അടുക്കൽ അയച്ചുവോ? അവരിരുവരും വഞ്ചകന്മാർ തന്നെ, എങ്കിലും നീ ആ ഉപദേശം അനുസരിച്ചുവോ?

ക്രിസ്തി: കഴിയുന്നേടത്തോളം ഞാൻ ധൎമ്മശാസ്ത്രിയെ അനുസരിപ്പാൻ പോയി, ഭവനസമീപമുള്ള മലവരെയും എത്തി, അതു തലമേൽ വീണു എന്നെ തകൎക്കും എന്നു പേടി വന്ന സമയം മാത്രം നിന്നു പോയി.

സുചി: അവിടെ നശിക്കാത്തതു ഭാഗ്യം തന്നെ, ആ മല പലൎക്കും നാശം വരുത്തി ഇനിയും പലൎക്കും വരുത്തും.

ക്രിസ്തി: ഞാൻ അവിടെ നിന്നു ദുഃഖിച്ചു കൊണ്ടിരുന്ന സമയം, ദൈവകരുണയാൽ സുവിശേഷി വന്നു; സുബോധോപദേശങ്ങളെ കഴിച്ചില്ലെങ്കിൽ, എന്റെ കാൎയ്യം എങ്ങിനെ ആയി എന്നു അറിയുന്നില്ല; ഇവിടെ എത്തുകയില്ലയായിരുന്നു നിശ്ചയം. എന്നാൽ മഹാ രാജാവോടു സംസാരിപ്പാനല്ല, ആ മലയാൽ തന്നെ മരിപ്പാൻ യോഗ്യനായ ഞാനും, ഇവിടെ എത്തി പ്രവേശിച്ചത് എന്തൊരു കൃപ!

സുചി: ഇവിടെ വരുന്നവർ മുമ്പെ എത്ര ദോഷം ചെയ്തിട്ടുണ്ടെങ്കിലും നാം അവരെ തള്ളിക്കളകയില്ല, (യൊ. ൬, ൩൭.) നീ വാ, വഴി ഞാൻ കാണിച്ചു തരാം; അതാ നിന്റെ മുമ്പാകെ ഒരു ചുരുങ്ങിയ വഴി കണ്ടുവൊ? ആയതിനെ സൂക്ഷിച്ചു നടക്ക, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും യേശുക്രിസ്തനും അപോസ്തലരും മററും അതിനെ നല്ല നേൎവ്വഴിയാക്കി തീൎത്തിരിക്കുന്നു.

ക്രിസ്തി: പരദേശികൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന മററും വല്ല വഴികൾ ഇതിലെ ചേൎന്നു വരുന്നുണ്ടൊ?

സുചി: വളരെ ഉണ്ടു എങ്കിലും അവററെ അറിഞ്ഞൊഴിപ്പാൻ വേണ്ടി, നീ പോകേണ്ടുന്ന വഴി എല്ലാടവും ചുരുങ്ങിയതും നേരയുള്ളതും മററതൊക്ക വിസ്താരവും വളവുള്ളതും ആകുന്നു എന്നു ഓൎത്തുകൊള്ളു.

അതിൻെറ ശേഷം ക്രിസ്തിയൻ ചുമലിൽ കെട്ടി തൂങ്ങിയ ഭാരം ഓൎത്തു, അതിനെ സഹായം കൂടാതെ അഴിച്ചു കളവാൻ കഴികയില്ല എന്നറിഞ്ഞു, സുചിത്തനോടു അതു അഴിക്കേണ്ടതിന്നു അപേക്ഷിച്ചാറെ, അവൻ: ഇനിയും അല്പം ക്ഷമ വേണം നീ രക്ഷാസ്ഥലത്തു എത്തുമ്പോൾ, ഭാരം അഴിഞ്ഞു വീഴും എന്നു പറഞ്ഞു.

അനന്തരം ക്രിസ്തിയൻ അര കെട്ടി യാത്രക്ക് പുറപ്പെട്ടപ്പോൾ, മററവൻ നീ വാതിലിനെ വിട്ടു കുറയ വഴി നടന്നാൽ വ്യാഖ്യാനിയുടെ ഭവനം കാണും വാതിൽക്കൽ മുട്ടിയാൽ അവൻ നിണക്കു മഹത്തുമുള്ള ന്യായങ്ങളെ കാണിച്ചു തരും എന്നു പറഞ്ഞു, ദൈവം നിൻെറ യാത്രയെ സഫലമാക്കി തീൎക്കട്ടെ എന്നു ആശീൎവ്വദിച്ചു, അയക്കുകയും ചെയ്തു.

എന്നാറെ, ക്രിസ്തിയൻ വ്യാഖ്യാനിയുടെ ഭവനത്തോളം നടന്നു, വാതിൽക്കൽ നന്നായി മുട്ടിയാറെ, ഒരുവൻ: നീ വന്ന സംഗതി എന്തു എന്നു ചോദിച്ചു? ക്രിസ്തിയൻ സഖെ! ഞാൻ ഒരു സഞ്ചാരിയാകുന്നു; ഈ വീട്ടുകാരൻെറ ഒർ ഇഷ്ടൻ ഇവിടെ കയറിയാൽ ബഹു ഉപകാരം ഉണ്ടാകും എന്നു പറഞ്ഞതുകൊണ്ടു, എനിക്കു യജമാനനെ തന്നെ കാണ്മാൻ ആവശ്യമാകുന്നു എന്നു കേട്ടാറെ, അവൻ വ്യാഖ്യാ

നിയെ വിളിച്ചു. അദ്ദേഹം താമസം കൂടാതെ വന്നു ക്രിസ്തിയനെ കണ്ടാറെ, വന്ന സംഗതി എന്തെന്നു ചോദിച്ചു?

ക്രിസ്തി: യജമാനനെ! ഞാൻ നാശപുരത്തെ വിട്ടു ചിയോനിലേക്കു യാത്രയാകുന്നു. ഈ വഴിയുടെ ദ്വാരപാലൻ ഈ ഭവനത്തിൽ ചെന്നാൽ, തങ്ങൾ എനിക്കു പ്രയാണത്തിന്നായി വളരെ ഉപകാരമുള്ള കാൎയ്യങ്ങളെ കാണിക്കും എന്നു പറഞ്ഞു.

വ്യാഖ്യാനി: അകത്തു വരിക, ഉപകാരമുള്ളതെല്ലാം കാട്ടിത്തരാം എന്നു പറഞ്ഞു, വിളക്കു വരുത്തി ക്രിസ്തിയനെ ഒരു മുറിയിൽ കടത്തി, ഒരു വാതിലിനെ തുറന്നപ്പോൾ, ആകാശത്തേക്കു നോക്കിയും വേദപുസ്തകം കൈയിൽ പിടിച്ചും, സത്യപ്രമാണം അധരങ്ങളിൽ ധരിച്ചും, ലോകം പിറകിൽ ഇട്ടും, ജനങ്ങളെ പഠിപ്പിക്കുന്ന പ്രകാരം നിന്നും, മഹത്വത്തിന്റെ കിരീടം മേലെ തൂങ്ങിയും ഇരിക്കുന്നൊരുവന്റെ ചിത്രത്തെ കണ്ടു.

ക്രിസ്തി: ഇതെന്തു? എന്നു ചോദിച്ചു.

വ്യാഖ്യാ: ഇതു ആയിരങ്ങളിൽ ഒരു പ്രധാനിയുടെ ചിത്രമാകുന്നു. ഇവൻ ദൈവവചനത്താൽ മക്കളെ ജനിപ്പിച്ചും പ്രസവിച്ചും പോററി വളൎത്തുവാനും മതിയാകുന്നു. ആകാശത്തേക്കു നോക്കിയും പ്രധാനപുസ്തകം കൈയിൽ പിടിച്ചും സത്യപ്രമാണം അധരങ്ങളിൽ ധരിച്ചും ഇരിക്കുന്നതിനാൽ രഹസ്യകാൎയ്യങ്ങളെ അറിഞ്ഞു പാപികളോടു തെളിയിക്കുന്നവൻ തന്നെ ആകുന്നു എന്നറിക; ജനങ്ങളെ പഠിപ്പിച്ചും, ലോകം കൂട്ടാക്കാതെ പിറകിൽ ഇട്ടു, മഹ

ത്വത്തിന്റെ കിരീടം മീതെ തൂക്കിയിരിക്കുന്നുവല്ലൊ, അതു ഇവൻ കൎത്താവിന്റെ സേവ നിമിത്തം ഐഹികകാൎയ്യത്തിൽ രസിക്കാതെ വരുവാനുള്ള ലോകത്തിലെ മഹത്വം സിദ്ധിക്കും എന്നു നിശ്ചയിച്ചിരിക്കുന്നതാകുന്നു, വഴിയിൽ ആരെങ്കിലും നിന്നെ വഞ്ചിക്കാതെയും നാശവഴികളിൽ നടത്താതെയും ഇരിക്കേണ്ടതിന്നു ഈ ചിത്രത്തെ നല്ലവണ്ണം ഓൎക്കുക. നിന്നെ നടത്തുവാനും എല്ലാ ആപത്തുകളിലും സഹായിപ്പാനും കൎത്താവ് ഈ ഏകനു അധികാരം കൊടുത്തതുകൊണ്ടു ഞാൻ ഈ അവസ്ഥ ഒന്നാമത് കാണിച്ചിരിക്കുന്നു എന്നു പറഞ്ഞു.

പിന്നെ വ്യാഖ്യാനി ക്രിസ്തിയനെ കൈ പിടിച്ചു ഒരു നാളും അടിച്ചു വാരാത്ത വലിയൊരു മുറിയിൽ കൊണ്ടു പോയി. ആയതിൽ അവൻ ചുററും നോക്കിയാറെ, വ്യാഖ്യാനി ഒരു ദാസനെ വിളിച്ചു അടിക്കേണ്ടതിന്നു കല്പിച്ചപ്പോൾ, പൊടിയും മുടിയും എല്ലാം കിളൎന്നു പാറിപ്പരന്നു, മുറിയെ ഇരുട്ടാക്കി ശ്വാസവും മുട്ടിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ വ്യാഖ്യാനി ഒരു ദാസിയെ വിളിച്ചു, വെള്ളം തളിച്ചടിപ്പാൻ കല്പിച്ചു, ആയവളും അപ്രകാരം മുറിയെ വെടിപ്പാക്കുകയും ചെയ്തു.

ക്രിസ്തി: ഇതിന്റെ അൎത്ഥം എന്തു?

വ്യാഖ്യാ: സുവിശേഷകാരുണ്യത്താൽ ശുദ്ധമാക്കാത്ത ഹൃദയം ഈ മുറി പോലെ ആകുന്നു. അതിലെ പൊടിയും മുടിയും മനുഷ്യനെ അശുദ്ധമാക്കുന്ന പാപമോഹങ്ങൾ തന്നെ. വെള്ളം കൂടാതെ അടിച്ചവൻ ധൎമ്മശാസ്ത്രവും, വെള്ളം തളിച്ചടിച്ചവൾ

സുവിശേഷമത്രെ. ആയവൻ അടിച്ചപ്പോൾ ചേറും പൊടിയും കിളൎന്നു പാറിപ്പരന്നു ശ്വാസം മുട്ടിച്ചുവല്ലോ. അപ്രകാരം നീതിശാസ്ത്രത്തിന്റെ കല്പനകൾ ഹൃദയത്തിലെ പാപമോഹങ്ങളെ വെളിവാക്കി വിരോധിക്കുന്നു എങ്കിലും, അവറ്റെ വൎദ്ധിപ്പിക്കുന്നതല്ലാതെ മനശ്ശുദ്ധിയും ഇന്ദ്രിയജയവും വരുത്തുവാൻ കഴികയില്ല. ദാസി വെള്ളം തളിച്ചടിച്ചു മുറി അതിശുദ്ധമാക്കിയപ്രകാരം, സുവിശേഷം തന്റെ മധുരസാരത്താൽ പാപത്തെ അമൎത്തു നീക്കി, വിശ്വാസം നല്കി ഹൃദയം ദൈവസ്ഥലമാക്കുകയും ചെയ്യുന്നു.

അനന്തരം വ്യാഖ്യാനി ക്രിസ്തിയനെ ചെറിയൊരു മുറിയിൽ കൊണ്ടു പോയി, ഭ്രാന്തിയും ക്ഷാന്തിയും എന്നു രണ്ടു പെൺകുഞ്ഞങ്ങളെ കാണിച്ചു. അവരിൽ ഭ്രാന്തി വളരെ ഖേദിച്ചു ഇങ്ങോട്ടുമങ്ങോട്ടും നോക്കി നിന്നു, ക്ഷാന്തി സ്വസ്ഥയായി പാൎത്തു.

ക്രിസ്തി: ഈ ഭ്രാന്തിക്കു എന്തു സൌഖ്യക്കേടു?

വ്യാഖ്യാ: ഈ കുട്ടികൾ വരുന്ന വൎഷത്തിന്റെ ആരംഭത്തോളം നല്ലൊരു സമ്മാനത്തിന്നായി കാത്തിരിക്കേണം എന്നു് അവരുടെ നാഥന്റെ ഇഷ്ടമെങ്കിലും, അതിപ്പോൾ തന്നെ വേണം എന്നു ഭ്രാന്തി മദിച്ചു വ്യാകുലയായി നില്ക്കുന്നു. ക്ഷാന്തി നിശ്ചയിച്ച കാലത്തോളം കാത്തിരിപ്പാൻ സമ്മതിച്ചു എന്നു പറഞ്ഞാറെ, ഒരുവൻ വന്നു ഒരു കെട്ടു പലഹാരം ഭ്രാന്തിയുടെ നേരെ വെച്ചപ്പോൾ, അവൾ സന്തോഷിച്ചു ക്ഷാന്തിയെ നിന്ദിച്ചു എല്ലാം വിഴുങ്ങി, ചണ്ടിയെ മാത്രം ശേഷിപ്പിച്ചു.

ക്രിസ്ത്യി: ഇതിലെ ഉപദേശം എന്തു?

വ്യാഖ്യാ: ഇരുവരും ദൃഷ്ടാന്തങ്ങൾ അത്രെ· ഭ്രാന്തി എല്ലാം ഇപ്പോൾ തന്നെ വേണം എന്നു മ രിച്ച പ്രകാരം, പ്രപഞ്ചസക്തന്മാർ സൌഖ്യവും സന്തോഷവും മറ്റും ഇഹത്തിങ്കൽ തന്നെ ആ വശ്യം എന്നു വെച്ചു, പരലോകകാൎയ്യം വിചാരി യാതെ കാണാത്തതിനെകൊണ്ടു നമുക്ക എന്തു എന്നു ഗൎവ്വിച്ചു, ദൈവവചനം നിരസിച്ചു നടന്നു; ഒടുക്കം വരുമ്മുമ്പെ എല്ലാം വിഴുങ്ങി, നിന്ദ്യമായ ച ണ്ടികൾ അല്ലാതെ ഒന്നും ശേഷിപ്പിക്കുന്നില്ല.

ക്രിസ്ത്യി: എന്നാൽ ക്ഷാന്തി തല്ക്കാല സുഖങ്ങ ളെ വാഞ്ഛിക്കാതെ, ഉത്തമ ദാനത്തിന്നായി കാത്തി രിക്കകൊണ്ടു ബുദ്ധിമതി തന്നെ. മറ്റവൾക്ക ച ണ്ടികൾ മാത്രം ഉണ്ടാകുന്ന സമയത്തു ഇവൾക്ക മഹത്വം ഉണ്ടാകും.

വ്യാഖ്യാ: മറ്റൊന്നും പറയാം: പരലോകമഹ ത്വം ഒരു നാളും ക്ഷയിച്ചു പോകുന്നില്ല. ഇഹലോ കത്തിലെ ഇമ്പവും സമ്പത്തും ക്ഷണനേരത്തിൽ പോയ്പോകും. ഭ്രാന്തിക്ക് തന്റെ നന്മ ആദ്യം കിട്ടി, ക്ഷാന്തിയെ പരിഹസിച്ചുവല്ലോ, ക്ഷാന്തി തനി ക്കുള്ളതു ഒടുക്കം കിട്ടിയാൽ നിത്യം ചിരിക്കും. ആദ്യ മായതു തീൎന്നു പോകുന്നതു അന്ത്യമായത് തീരാത്ത താകുന്നു. ആദ്യം തന്റെ നന്മകൾ ലഭിക്കുന്നവൻ അവറ്റെ കാലത്തിൽ അനുഭവിച്ചു തീൎത്തു കളയും, അവസാനത്തിൽ ലഭിക്കുന്നവന്നു നിത്യ അനുഭ വം ഉണ്ടാകും. മകനേ, നിന്റെ ആയുസ്സിൽ നി ന്റെ നന്മകളും, ലാജരിന്നു അപ്രകാരം തിന്മകളും

കിട്ടിപ്പോയപ്രകാരം ഓൎക്ക. ഇപ്പോഴോ ഇവന്നു ആശാസവും, നിണക്കു വേദനയും ഉണ്ടു എന്നു ധനവാനോടു (ലൂക്ക. ൧൬, ൨൫.) ചൊല്ലിയ വാക്കുണ്ടല്ലോ.

ക്രിസ്തി: ഇഹലോകസൌഖ്യം അന്വേഷിക്കാതെ പരലോകമഹത്വത്തിന്നായി കാത്തിരിക്കുന്നവൻ ഭാഗ്യവാൻ തന്നെ.

വ്യാഖ്യാ: ശരി കാണുന്നതു അല്ലോ താല്ക്കാലികം; കാണാത്തതു നിത്യം തന്നെ (൨ കൊരി. ൪, ൧൮.) എങ്കിലും മനുഷ്യർ ജഡരാകകൊണ്ടും പ്രപഞ്ചം അശുദ്ധമാകകൊണ്ടും ബുദ്ധിഹീനരായി ചമഞ്ഞു, പരലോകകാൎയ്യം കാണാത്തതെന്നും ദൂരസ്ഥമെന്നും വിചാരിച്ചു നിരസിച്ചു, തൽകാലം കാണായതിൽ മാത്രം രസിക്കുന്നു.

അതിന്റെ ശേഷം വ്യാഖ്യാനി ക്രിസ്തിയനെ ഒരു ചുവരിന്റെ അരികെ കടത്തി, തീ കത്തുന്നതും അതിനെ കെടുപ്പാനായി ഒരുവൻ നിത്യം വെള്ളം പകൎന്നു പോരുന്നതും കാണിച്ചു. അഗ്നി കെട്ടുപോകാതെ പാളി കത്തുന്നു എന്നു ക്രിസ്തിയൻ കണ്ടാറെ, അതിന്റെ ഹേതുവും ചോദിച്ചു.

വ്യാഖ്യാ: ഈ തീ ഹൃദയത്തിലെ കാരുണ്യവേല ആകുന്നു. ആയതിനെ കെടുപ്പാൻ വേണ്ടി വെള്ളം പകരുന്നവൻ പിശാച് തന്നെ. തീയെ കാളിക്കുന്നതും ഞാൻ കാണിച്ചു തരാം എന്നു പറഞ്ഞു. ക്രിസ്തിയനെ ചുവരിന്റെ പിൻഭാഗത്തു കൊണ്ടുപോയാറെ, രഹസ്യമായി എണ്ണ പകൎന്നുകൊണ്ടിരിക്കുന്ന ഒരുത്തനെ കണ്ടു. അപ്പോൾ വ്യാഖ്യാനി പറഞ്ഞതു: പിശാചിന്റെ പരീക്ഷാകൌശലങ്ങളെ

ഇല്ലാതെയാക്കി സ്നേഹവിശ്വാസങ്ങളെ വൎദ്ധിപ്പി
പ്പാൻ ക്രിസ്തൻ മറഞ്ഞു നിന്നു, തന്റെ കൃപയാകു
ന്ന എണ്ണ ഹൃദയത്തിൽ പകരുന്നതിനാൽ വിശ്വാ
സികൾ വളരുന്നു. ക്രിസ്തൻ ചുവരിന്റെ പിൻഭാഗ
ത്തു നില്ക്കുന്നതു കണ്ടുവോ, അപ്രകാരം പരീക്ഷ
യിൽ വലഞ്ഞിരിക്കുന്നവൎക്കു കൃപാശ്വാസങ്ങൾ
വരുന്നതു ഒരു രഹസ്യം പോലെ ആകുന്നു.

അനന്തരം വ്യാഖ്യാനി ക്രിസ്തിയന്റെ കൈ
പിടിച്ചു എത്രയും ഭംഗിയുള്ളൊരു സ്ഥലത്തു കൊണ്ടു
പോയി, ഒരു വലിയ കോട്ടയെയും അതിന്റെ മുക
ളിൽ സ്വൎണ്ണവസ്ത്രങ്ങളെ ഉടുത്തു നടന്നു കൊണ്ടി
രിക്കുന്ന ആളുകളെയും കാണിച്ചു. അപ്പോൾ അ
വൻ വളരെ സന്തോഷിച്ചു, നമുക്കു അവിടെ പോ
കാമോ? എന്നു ചോദിച്ചു. പിന്നെ വ്യാഖ്യാനി അ
വനെ കോട്ടവാതിലിന്നു നേരെ എത്തിച്ചാറെ, ഒരു
വലിയ ജനക്കൂട്ടം അവിടെ അകത്തു പ്രവേശി
പ്പാൻ വിചാരിച്ചു നിന്നിരുന്നു എങ്കിലും, ഭയം
നിമിത്തം കൂടിയില്ല. അകത്തു കടക്കേണ്ടിയവരുടെ
പേർ ചാൎത്തുന്ന പുസ്തകവുമായി മേശക്കൽ ഇരു
ന്നിരുന്നു. അകത്തു കടപ്പാൻ പുറപ്പെട്ടവരെ തട്ട
ത്തു കൊന്നു കളവാൻ ഭാവിക്കുന്ന ആയുധപാ
ണികളും ഉണ്ടു എന്നു കണ്ടു അതിശയിച്ചു. എല്ലാ
വരും ആയുധം പിടിച്ചവരെ പേടിച്ചു പിൻവാങ്ങി
നിന്നാറെ, അവരിൽ ഒരു വീരൻ മേനവന്റെ അ
രികെ ചെന്നു, എഴുത്തുകാരാ! എന്റെ പേർ പുസ്ത
കത്തിൽ ചേൎത്തുകൊള്ളു എന്നു പറഞ്ഞു. പിന്നെ ത
ലക്കോരിക ഇട്ടു വാളുരി ധൈൎയ്യം പൂണ്ടു എതിൎത്തു,

അതിരോഷത്തോടെ മുല്പുക്ക ആയുധപാണികളോട പൊരുതു തച്ചും തകൎത്തും കൊത്തിയും കുത്തിയും മുറിഏല്ക്കയും ഏല്പിക്കയും വഴി വെടിപ്പാക്കി അവൻ വാതിലോട്ട അടുത്തപ്പോൾ:

നീ വേഗം വാ അകത്തു വാ
സദാ യശസ്സു നേടുകി താ!

എന്നുള്ള മധുരശബ്ദം മുകളിൽനിന്ന കേട്ട കടന്ന സ്വൎണ്ണവസ്ത്രങ്ങളെ വാങ്ങി ഉടുത്തു, അവിടെയുള്ളവരോട്ട കൂടി സന്തോഷിപ്പാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ ക്രിസ്തിയൻ തെളിഞ്ഞു: ഇതിന്റെ അൎത്ഥം മനസ്സിലായി പലരും അങ്കം കുറെക്കുന്നുണ്ട പ്രാണവൈരാഗ്യത്താലെ ജയം കൊള്ളുകെ ഉള്ളു എന്നാൽ ഞാനും ഇപ്പോൾ യാത്രയാകട്ടെ എന്ന പറഞ്ഞു.

വ്യാഖ്യാ: ബദ്ധപ്പാട ഇപ്പോൾ ആകാ; മററും പലതും കാണ്മാനുണ്ട എന്ന ചൊല്ലി, അവനെ ഒരിരുട്ടമുറിയിൽ കടത്തി ഇരിമ്പുകൂട്ടിൽ ഏററവും ദുഃഖിച്ചു നിലത്തു നോക്കി വീൎത്തു കൈ രണ്ടും മലൎത്തി കൊണ്ടിരിക്കുന്ന ഒരു പുരുഷനെ കാട്ടി.

ക്രിസ്തി: ഇതെന്തു?

വ്യാഖ്യാ: അവനോട കുറെ സംസാരിക്ക.

അപ്പോൾ, ക്രിസ്തിയൻ ആയാളോട്: നീ ആരാകുന്നു? എന്ന ചോദിച്ചതിന്ന.

ബദ്ധൻ: ഞാൻ ഇന്നാകുന്നത മുമ്പെ ആയില്ല.

ബദ്ധ: ഞാൻ ചിയോനിലേക്ക് പോവാൻ വിശ്വസ്തനും ഭക്തിയുമുള്ളോരു സഞ്ചാരിയായിരുന്നു.

ആ സ്വൎഗ്ഗീയപട്ടണത്തിൽ നിത്യം പാൎപ്പാൻ ഞാൻ യോഗ്യൻ തന്നെ; എനിക്കും മററു പലൎക്കും തോന്നി, ക്ഷണത്തിൽ അവിടെ എത്തുവാൻ സന്തോഷിക്കയും ചെയ്തു.

ക്രിസ്ത്യ: ഇപ്പോഴൊ?

ബദ്ധ· ഈ ഇരിമ്പുകൂട്ടിൽ ഇരിക്കുന്നതു കാണുന്നില്ലേ? അത് പോലെ ഞാൻ നിരാശയിൽ അകപ്പെട്ടു കിടക്കുന്നു, പുറത്തു പോവാൻ വഹിയാ ഇനി കഴികയുമില്ല.

ക്രിസ്ത്യ: നീ ഇങ്ങിനെ ആയ്പോയതു എങ്ങിനെ?

ബദ്ധ: ഞാൻ ഉണൎച്ചയും സുബോധവും വിട്ടൊഴിഞ്ഞു പാപമോഹങ്ങളെ അടക്കാതെ ദൈവവചനത്തിന്റെ വെളിച്ചത്തെയും ദൈവകരുണയെയും വെറുത്തു, പരിശുദ്ധാത്മാവിന്നു വിരോധമായി പാപം ചെയ്തു, പിശാചിന്നു ഇടം കൊടുത്തു ദൈവത്തെ കോപിപ്പിച്ചു ആട്ടിക്കളഞ്ഞും കൊണ്ടു എന്റെ ഹൃദയത്തെ കഠിനമാക്കി, അനുതാപം ചെയ്വാനും കഴികയില്ല. എന്നത് കേട്ടു ക്രിസ്തിയൻ വ്യാഖ്യാനിയെ നോക്കി, ഇങ്ങിനെ ഉള്ളവന്നു ഇനി ഒരു ഗതിയില്ലയൊ എന്നു ചോദിച്ചു?

വ്യാഖ്യാ: അവനോടു തന്നെ ചോദിക്ക.

ക്രിസ്ത്യ: ഒരു ശരണമില്ലേ? നിത്യം നിരാശ എന്ന ഇരിമ്പുകൂട്ടിൽ തന്നെ പാൎക്കേണമൊ?

ബദ്ധ: ഒരു ശരണമില്ല നിശ്ചയം.

ക്രിസ്ത്യ: എന്തു പറയുന്നു! ദൈവപുത്രന്റെ കൃപ അളവില്ലാത്തതാകുന്നു.

ബദ്ധ: ഞാൻ അവനെ പുതുതായി ക്രൂശിന്മേൽ തറെച്ചു, അവനെയും അവന്റെ നീതിയെയും നിരസിച്ചു അവന്റെ രക്തം മലം പോലെ വിചാരിച്ചു, പരിശുദ്ധാത്മാവിനോട് ദ്രോഹിച്ചത്കൊണ്ടു. ഞാൻ സകല വാഗ്ദത്തങ്ങളെ കളഞ്ഞു, ശത്രു എന്ന പോലെ എന്നെ വിഴുങ്ങുവാൻ വരുന്ന അഗ്നിമയമായ കോപവും ശിക്ഷാവിധിയും അല്ലാതെ മറെറാന്നും ശേഷിക്കുന്നില്ല.

ക്രിസ്ത്യി: നീ എന്തു ലാഭം വിചാരിച്ചു ഈ അവസ്ഥയിലകപ്പെട്ടു?

ബദ്ധ: ലോകഭോഗങ്ങളാൽ വളരെ സുഖവും സന്തോഷവും ഉണ്ടാകും എന്നു വിചാരിച്ചു ലയിച്ചും കൊണ്ടിരുന്നു എങ്കിലും, അന്നു എന്നെ രസിപ്പിച്ചതു ഇന്നു ഓരോരൊ വിഷപ്പുഴ പോലെ കടിച്ചു പറണ്ടുന്നു.

ക്രിസ്ത്യി: എന്നാൽ ഇനി അനുതാപം ചെയ്വാൻ കഴികയില്ലയൊ?

ബദ്ധ: ദൈവം എനിക്ക അനുതാപത്തിന്നു ഇട വിരോധിച്ചിരിക്കുന്നു. അവന്റെ വചനം വിശ്വാസത്തിന്നായി ഒരു ലേശം ധൈൎയ്യവും എത്തിക്കുന്നില്ല, അവൻ തന്നെ എന്നെ ൦രം ഇരിമ്പു കൂട്ടിലും ആക്കി വെച്ചിരിക്കുന്നു; വിടുവിപ്പാൻ ലോകത്തിൽ ആരുമില്ല. അയ്യോ എന്റെ നിത്യ അവസ്ഥയെ വിചാരിച്ചാൽ എത്ര ഭയം! പരലോകത്തിൽ എനിക്ക സംഭവിപ്പാനുള്ള കഷ്ടങ്ങളെ ഞാൻ എങ്ങിനെ സഹിക്കും!

അപ്പോൾ വ്യാഖ്യാനി ക്രിസ്തിയനോടു: ഇവന്റെ കഷ്ടം എപ്പോഴും ഓൎത്തുകൊണ്ടു, സൂക്ഷ്മത്തോടെ നടക്ക എന്നു പറഞ്ഞു.

ക്രിസ്തി: അയ്യോ ഇതെന്തൊരു കഷ്ടം! ഉണൎച്ച, സുബോധം, പ്രാൎത്ഥന എന്നിവററിൽ ഉത്സാഹിച്ചു നടന്നു, ഇവന്റെ കഷ്ടകാരണങ്ങളെ എപ്പേരും ഒഴിഞ്ഞിരിപ്പാൻ ദൈവം തുണ നില്ക്കട്ടെ! എങ്കിലും ഇപ്പോൾ യാത്രയാവാൻ സമയമായല്ലോ!

വ്യാഖ്യാ: ഇനി ഒന്നു മാത്രം കാണിപ്പാൻ ഉണ്ടു; പിന്നെ പോകാം എന്നു ചൊല്ലി, ക്രിസ്തിയനെ കൈ പിടിച്ചു മറെറാരു മുറിയിൽ കടത്തി, അവിടെ ഒരുവൻ കിടക്കയിൽനിന്നു എഴുനീററു ഉടുക്കുമ്പോൾ, വിറെച്ചും ഭ്രമിച്ചും കൊണ്ടിരുന്നു.

ക്രിസ്തി: ഇവൻ എന്തിനിങ്ങിനെ വിറെക്കുന്നു?

അപ്പോൾ വ്യാഖ്യാനി ഉണൎന്നവനോടു "നീ ക്രിസ്തിയനോട് വിറയലിന്റെ കാരണം പറയേണം" എന്നു കല്പിച്ചാറെ, അവൻ: ഞാൻ ഇന്നു രാത്രിയിൽ ഒരു സ്വപ്നം കണ്ടു. ആകാശത്ത കാൎമ്മേഘങ്ങൾ ഭയങ്കരമാംവണ്ണം നിറഞ്ഞു, മിന്നലുകളും ഇടികളും പുറപ്പെട്ടത് കണ്ടു പേടിച്ചു വിറെച്ചു കൊണ്ടിരിക്കുമ്പോൾ, മേഘങ്ങൾ വേൎവ്വിട്ടു മഹാ നടുക്കമുള്ള കാഹളശബ്ദം ഉണ്ടായി. സ്വൎഗ്ഗത്തിലെ ആയിരങ്ങളോടു കൂടി ഒരു മേഘത്തിന്മേൽ ഒരുവൻ വരുന്നതും കണ്ടു. ആകാശവും ആയതിൽ കൂടി വന്നവരെല്ലാവരും അഗ്നിജ്വാലകൾ പോലെ പ്രകാശിച്ചു. അതിന്റെ ശേഷം, അല്ലയോ മരിച്ചവരേ! എഴുനീററു ന്യായവിധിക്ക വരുവിൻ! എന്ന ശബ്ദം

കേട്ടാറെ, പാറകൾ പിളൎന്നും കുഴികൾ തുറന്നും മരി ച്ചവർ എല്ലാവരും എഴനീററു വന്നപ്പോൾ, പലരും സന്തോഷിച്ചു മേല്പെട്ടു നോക്കി നമ്മുടെ രക്ഷ സ മീപിച്ചിരിക്കുന്നു! എന്നു ആൎത്തു പറഞ്ഞു. മററെ വർ പേടിച്ചോടി പൎവ്വതഗുഹാദികളിൽ ഒളിപ്പാൻ നോക്കി. അങ്ങിനെ ഇരിക്കുമ്പോൾ, മേഘത്തിൽ വ ന്നവൻ: ലോകർ അടുക്കെ വരേണം എന്നരുളിച്ചെ യ്തു, പുസ്തകം വിടൎത്തി ന്യായം വിസ്തരിച്ചു, പതിരി നേയും കളയേയും എടുത്തു തീപ്പൊയ്കയിൽ ചാടേണം എന്ന് സ്വൎഗ്ഗീയക്കൂട്ടരോടു കല്പിച്ചപ്പോൾ, ഞാൻ ഇരുന്ന സ്ഥലത്തു തന്നെ നരകം തുറന്നു പുകയും തീ ക്കനല്കളും ദുൎഗ്ഗന്ധവും ഭയങ്കര ശബ്ദങ്ങളും പുറ പ്പെട്ടു വന്നു. കോതമ്പു എന്റെ കളപ്പുരയിൽ കൂട്ടു വിൻ എന്നു കല്പിച്ചപ്പോൾ, കണക്കില്ലാത ജന ങ്ങൾ മേഘമാൎഗ്ഗത്തൂടെ സ്വൎഗ്ഗാരോഹണമായി എ ങ്കിലും, എന്നെ ആരും കൂട്ടിയില്ല. മേഘത്തിന്മേൽ ഇരുന്നവനും ചീററത്തോടു എന്നെ നോക്കിയതു, ഞാൻ കണ്ടു വളരെ വിറെച്ചു, ഒരു പൎവ്വതഗുഹയിൽ ഒളിച്ചിരിപ്പാൻ ശ്രമിച്ചു ഓരോരൊ പാപകൎമ്മങ്ങളെ ഓൎത്തു മനഃപീഡ വൎദ്ധിച്ചപ്പോൾ, ഞാൻ ഉണരു കയും ചെയ്തു.

ക്രിസ്തി: എന്നാൽ ഈ ദൎശനം നിമിത്തം ഇ ത്ര പേടിച്ചത് എന്തിന്നു?

ഉണൎന്നവൻ: ന്യായവിസ്താരദിവസം ഇ പ്പോൾ വന്നു എങ്കിൽ ഞാൻ നില്പാൻ കഴിയാത്ത വൻ എന്നു വിചാരിച്ചതു കൊണ്ടും, ദൈവദൂതന്മാർ പലരെയും ചേൎത്തിട്ടും എന്നെ വേൎവ്വിട്ടത് കൊണ്ടും,

നരകം ഞാൻ ഇരുന്ന സ്ഥലത്തു തന്നെ തുറന്നു മനസ്സാക്ഷിയും എന്നെ അസഹ്യപ്പെടുത്തി, ന്യായാധിപതി ക്രുദ്ധനായി എന്നെ നോക്കിയതുകൊണ്ടും, ഞാൻ പേടിച്ചു വിറെക്കയും ചെയ്തു.

അനന്തരം വ്യാഖ്യാനി ക്രിസ്ത്യനോടു: ഇതൊക്കയും ബോധിച്ചുവോ? എന്നു ചോദിച്ചു.

ക്രിസ്തി: ബോധിച്ചു; സന്തോഷിച്ചും പേടിച്ചും കൊണ്ടിരിക്കുന്നു.

വ്യാഖ്യാ: നീ ഈ കാൎയ്യങ്ങളെ എപ്പോഴും ഓൎത്തു മുറുക പിടിച്ചു കൊണ്ടാൽ, അവ നിന്നെ പ്രയാണത്തിൽ തെളിച്ചു നടത്തുവാനായി തോലിൽ കുത്തുന്ന തോട്ടിമുള്ളായിരിക്കും. ഇതു കേട്ടാറെ, ക്രിസ്തിയൻ അര കെട്ടി യാത്രയാവാൻ പുറപ്പെടുമാറായപ്പോൾ, വ്യാഖ്യാനി: നേൎവ്വഴിയിൽ നിന്നെ നടത്തേണ്ടതിന്നു ആശ്വാസപ്രദൻ തുണ നില്ക്കട്ടെ! എന്നു അനുഗ്രഹിച്ചശേഷം ക്രിസ്തിയൻ നടന്നു.

മനോഹരം ഭയങ്കരവുമായ
അപൂൎവ്വദൎശനങ്ങൾ കണ്ടതേ.
നടക്കുമ്പോൾ എനിക്കതിന്റെ ഛായ
സദാ മനസ്സിൽ ബിംബിക്കേണമേ.
നിൻ ഉപദേശം എന്നെ നല്വഴിക്കു ജ്ഞാനി
ആക്കുന്നതോൎക്കും വാഴ്ക എൻ വ്യാഖ്യാനി.

എന്നു പാടുകയും ചെയ്തു.

അതിന്റെ ശേഷം ക്രിസ്തിയൻ വഴിയിൽ ഇരുപുറവും രക്ഷ എന്നു പേരായ മതിലുകളെ കണ്ടു, അതിലൂടെ വേഗേന സഞ്ചരിച്ചു. ഭാരം നിമിത്തം വളരെ ദുഃഖിച്ചു ഒരു കുന്നിന്മേൽ കയറി നിന്നപ്പോൾ,

കൎത്താവിന്റെ ക്രൂശിനെയും അടിയിൽ ഒരു കുഴിയെയും കണ്ടു, അടുക്കെ ചെന്നു നോക്കിയ ഉടനെ അവന്റെ ചുമട് അഴിഞ്ഞു വീണു ഉരുണ്ടുരുണ്ടു, ആ കുഴിയിൽ വീഴുകയും ചെയ്തു. പിന്നെ ഒരിക്കലും അതിനെ കണ്ടെത്തുമില്ല.

അപ്പോൾ ക്രിസ്ത്യയൻ സന്തോഷിച്ചു, തന്റെ രക്ഷിതാവ് കഷ്ടങ്ങളാൽ എനിക്ക വിശ്രാമത്തെയും, തന്റെ മരണത്താൽ ജീവനെയും തന്നിരിക്കുന്നു എന്നു ഹൃദയാനന്ദത്തോടെ പറഞ്ഞു. ഈ ക്രൂശിനെ നോക്കിയ മൂലം എന്റെ ഭാരം അഴിഞ്ഞു വീണതു എന്തൊരു വിസ്മയം എന്നു വിചാരിച്ചു കണ്ണുനീരൊഴുകിക്കൊണ്ടിരിക്കുമ്പോൾ, തേജസ്സുള്ള മൂന്നു പേർ അടുത്തു വന്നു സല്ക്കരിച്ചു: നിണക്ക് സമാധാനം ഭവിക്കട്ടേ! എന്നനുഗ്രഹിച്ചാറെ,

ഒന്നാമൻ നിന്റെ സകല പാപം ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു.

രണ്ടാമൻ അവന്റെ ജീൎണ്ണവസ്ത്രം നീക്കി സകല ഊനങ്ങളെയും മറെക്കുന്ന കോടി വസ്ത്രം ഉടുപ്പിച്ചു.

മൂന്നാമൻ ഒരു ദിവ്യ കുറിയെ നെററിമേൽ തൊട്ടു മുദ്രയിട്ടൊരു ചീട്ടിനെയും കൈയിൽ തന്നു, നിണക്കു വരുവാനുള്ളതിന്റെ ആധാരം ഇതാ, വഴിക്കൽ നോക്കി വായിച്ചു, വാനപട്ടണവാതില്ക്കൽ എത്തുമ്പോൾ അകത്തു കാണിച്ചു കൊടുക്കേണം എന്നു പറഞ്ഞു മൂവരും പോകയും ചെയ്താറെ, ക്രിസ്ത്യയൻ മൂന്നു തുള്ളി:

ഇത്രോടം ഞാൻ എൻ പാപത്തെ ചുമന്നു
ആശ്വാസം എന്നി ഉഴറി നടന്നു.
ഇങ്ങത്തെ എത്തി സൌഖ്യമായ്വരുന്നു
എല്ലാ സ്തുതിക്കു യോഗ്യമായ കുന്നു
ക്രൂശുമരത്തിനാൽ വിശുദ്ധസ്ഥാനം
എൻ ചുമടെ വിഴുങ്ങിയ ശ്മശാനം.
അതില്ലിതിൽ മരിച്ച വീരൻ മാത്രം
എന്നാലും സൎവ്വരാലും സ്തോത്രപാത്രം.

എന്നു പാടി നടന്നു കൊണ്ടിരുന്നു.

പിന്നെ ക്രിസ്തിയൻ കുന്നിൽനിന്നു ഇറങ്ങി താഴെ എത്തിയപ്പോൾ, ബുദ്ധിഹീനൻ, മടിയൻ, ഗൎവ്വി എന്നീ മൂന്നു പേർ ചങ്ങല ഇട്ടു കിടന്നുറങ്ങു ന്നതു കണ്ടു. പക്ഷെ ഇവരെ എഴുന്നീല്പിക്കാം എന്നു വിചാരിച്ചു അടുക്കെ ചെന്നു ഹേ ബന്ധുരെ! പായിമരത്തിൻ മുകളിൽ കിടന്നുറങ്ങുന്നവരെ പോലെ നിങ്ങൾ പാൎക്കുന്നു; മരണക്കടലായ നരകം കീഴിലുണ്ടു; ഉണൎന്നു വരുവിൻ! ഇഷ്ടമുണ്ടെങ്കിൽ ചങ്ങല അഴിപ്പാൻ ഞാൻ സഹായം ചെയ്യാം. അയ്യോ! അലറുന്ന സിംഹം പോലെ എങ്ങും സഞ്ചരിക്കുന്നവൻ വന്നു, നിങ്ങളെ കണ്ടാൽ വിഴുങ്ങിക്കളയും! എന്നു തിണ്ണം വിളിച്ചാറെ, അവർ ഉണൎന്നു അവനെ നോക്കി. ഞാൻ ഭയസംഗതി ഒന്നും കാണുന്നില്ല എന്നു ബുദ്ധിഹീനൻ ചൊന്നശേഷം, മടിയൻ: ഇനിയും അസാരം ഉറങ്ങട്ടെ! എന്നും, ഗൎവ്വി: താന്താന്റെ ഇടത്തു താന്താൻ എന്നും പറഞ്ഞാറെ, മൂവരും തല ചായിച്ചു ഉറങ്ങിക്കളഞ്ഞു. അപ്പോൾ ക്രിസ്തിയൻ യാത്രയായി ഈ മഹാ അനൎത്ഥക്കാരെ ഞാൻ ഉണൎത്തി, ബുദ്ധിയും ചൊല്ലി ചങ്ങല പോട്ടി

പ്പാൻ സഹായിക്കാം എന്നു മുതിൎന്നു പറഞ്ഞിട്ടും എന്റെ ദയയെ അവർ നിരസിച്ചുവല്ലോ എന്നു വിചാരിച്ചു ദുഃഖിച്ചു നടന്നു. പിന്നെ വഴിയുടെ ഇടത്തോട്ടു നോക്കിയപ്പോൾ ആചാരവാനും കപടഭക്തനും മതിൽ കയറി ചാടി അകത്തു കടന്നു വരുന്നതു കണ്ടു, അവരോടു അല്ലയോ സഖിമാരേ! നിങ്ങൾ എവിടെനിന്നു വരുന്നു? എവിടെക്ക് യാത്ര?

ആചാരവാൻ: മായാമഹിമരാജ്യത്തിൽ നാം ജനിച്ചു സ്തുതിപ്പാനായിട്ടു ചിയോൻ മലയിലേക്ക് യാത്രയാകുന്നു.

ക്രിസ്ത്യ: നിങ്ങൾ നേർവ്വഴിയായി വാതിൽക്കൽ കൂടി അകത്തു വരാഞ്ഞതെന്തു? വാതിലൂടെ കടക്കാതെ വേറു വഴിയായി കരേറുന്നവൻ കള്ളനും കവൎച്ചക്കാരനും ആകുന്നു, (യൊ. ൧൦, ൧.) എന്നു നിങ്ങൾ അറിയുന്നില്ലയൊ?

എന്നത് കേട്ടു അവർ ആ വാതിലൂടെ ചെല്ലുവാൻ വളരെ ദൂരം എന്നു നമ്മുടെ നാട്ടുകാർ എല്ലാവരും വിചാരിച്ചു മതിൽ വഴിയായി അകത്തു വരുമാറാകകൊണ്ടു ഞങ്ങളും അപ്രകാരം വന്നു എന്നു പറഞ്ഞു.

ക്രിസ്ത്യ: എന്നാൽ നാം കുടിയിരിപ്പാൻ പോകുന്ന പട്ടണത്തിലെ കൎത്താവിന്റെ കല്പന വിരോധിക്കുന്നതു കുററമല്ലൊ, എന്നത് കേട്ടു അവർ അതൊന്നും നീ വിചാരിക്കേണ്ടാ ആയിരം വൎഷം മുമ്പെ നടപ്പായ ആചാരം നമുക്കുണ്ടു സാക്ഷിക്കാരെയും ആവശ്യം പോലെ നിൎത്താം എന്നു പറഞ്ഞു.

ക്രിസ്തി: എങ്കിലും നിങ്ങളുടെ നടപ്പു ന്യായത്തിന്നു മതിയൊ?

അപ്പോൾ, അവർ ഈ ആചാരം ആയിരം സംവത്സരം മുമ്പെ നടപ്പായ്വന്നതാകകൊണ്ടു നേരുള്ള ന്യായാധിപതി അതിനെ പ്രമാണിക്കും സംശയമില്ല. അതു കൂടാതെ ഞങ്ങൾ എങ്ങിനെ എങ്കിലും വഴിക്കൽ ഉണ്ടല്ലൊ ഇടുക്കു വാതിൽക്കൽ കൂടി പ്രവേശിച്ച നീയും മതിൽ കയറി വന്ന ഞങ്ങളും ഒരു പോലെ വഴിയിൽ തന്നെ, പിന്നെ വ്യത്യാസം എന്തു? എന്നു ചോദിച്ചു.

ക്രിസ്തി: ഞാൻ രാജകല്പന പോലെ നടക്കുന്നു; നിങ്ങൾ തന്നിഷ്ടക്കാരും രാജാവിന്റെ വിധിയാൽ കള്ളന്മാരുമാകകൊണ്ടു, യാത്രാസമാപ്തിയിൽ നേരുള്ളവരായി വരുമൊ? അല്ല അവന്റെ കല്പന പോലെ അകത്തു വരായ്കകൊണ്ടു കൃപ കൂടാതെ പുറത്തു പോകേണ്ടി വരും.

അപ്പോൾ, അവർ നിന്റെ അവസ്ഥയെ നീ നല്ലവണ്ണം നോക്കിക്കൊൾക! ഞങ്ങൾ കല്പനാചാരങ്ങളെ വേണ്ടുംവണ്ണം സൂക്ഷിക്കകൊണ്ടു, നീ ഞങ്ങളിൽ ഏറെ നല്ലവൻ എന്നു തോന്നുന്നില്ല, ഒരു മാതിരി ഉടുപ്പു നിന്മേൽ കാണുന്നു സത്യം, നിന്റെ നഗ്നതയെ മൂടുവാൻ വേണ്ടി വല്ല അയല്ക്കാരനും അതു തന്നിട്ടുണ്ടായിരിക്കും എന്നു പരുഷം പറഞ്ഞ ശേഷം, മമത കൂടാതെ ഓരോരുത്തൻ അവനവന്റെ വഴിക്കൽ നടക്കയും ചെയ്തു.

അങ്ങിനെ ഇരിക്കുമ്പോൾ, ക്രിസ്തിയൻ അവരെ നോക്കി വാതിലൂടെ അകത്തു പ്രവേശിക്കായ്കു

കൊണ്ടു, കല്പനാചാരങ്ങളാൽ നിങ്ങൾക്ക ഒരുപകാരവുമില്ല. പിന്നെ എന്റെ വസ്ത്രം നിങ്ങൾക്ക നിന്ദ്യമൊ? ഞാൻ തിരയുന്ന സ്ഥലത്തിന്റെ കൎത്താവ് നിങ്ങൾ പറഞ്ഞപ്രകാരം എന്റെ നഗ്നതയെ മറക്കേണ്ടതിന്ന സ്നേഹലക്ഷണമായി അതു തന്നിരിക്കുന്നു സത്യം; മുമ്പെ എനിക്ക ഉണ്ടായ ജീൎണ്ണവസ്ത്രം അവൻ നീക്കിയ ദിവസത്തിൽ ഇതിനെ എനിക്കു സൌജന്യമായി തന്നു. ഞാൻ ഈ വസ്ത്രം ഉടുത്തവനായി പട്ടണവാതിൽക്കൽ എത്തുമ്പോൾ, അവൻ എന്നെ അറിഞ്ഞു കൈക്കൊള്ളും എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ നെററിമേൽ ഈ കുറി കണ്ടുവൊ? ഭാരം ചുമലിൽനിന്ന വീണനാൾ കൎത്താവിന്റെ ബന്ധുവായൊരുവൻ ഇതിനെ വെച്ചിരിക്കുന്നു; പ്രയാണത്തിൽ ആശ്വാസത്തിന്നായി വായിപ്പാനും സ്വൎഗ്ഗവാതിൽക്കൽ എത്തിയാൽ അകത്തു കാണിപ്പാനും മുദ്രയിട്ടൊരു ചീട്ടും തന്നു, നിങ്ങൾ നേൎവ്വഴിയായി വാതിലൂടെ അകത്തു വരായ്കകൊണ്ടു ഈ വക ഒന്നും കിട്ടിയില്ല എന്നു പറഞ്ഞു.

അതിന്നു അവർ ഉത്തരം ഒന്നും പറയാതെ പരിഹസിച്ചും നിന്ദിച്ചും കൊണ്ടു യാത്രയായി. ക്രിസ്തിയൻ വീൎത്തു ദുഃഖിച്ചും ചീട്ടു ചിലപ്പോൾ വായിച്ചു സന്തോഷിച്ചും കൊണ്ടു നടന്നു. ആ സ്ഥലത്തു വിഷമഗിരി എന്നൊരു മല ഉണ്ടു, ആയതിന്റെ അടിയിൽ ഒരു നീരുറവും ഇടവലഭാഗങ്ങളിൽ രണ്ടു വിസ്താരവഴികളും മലമുകളിൽ കൂടി എത്രയും ദുൎഘടവഴിയും ഇരിക്കുന്നു. ആ വഴിയുടെ പേർ വിഷമം

എന്നു തന്നെ ആകുന്നു. ക്രിസ്തിയൻ അവിടെ എത്തിയപ്പോൾ നീർ ഉറവിന്റെ അരികെ ചെന്നു വെള്ളം കോരി കുടിച്ചു ചുരം കയറുവാൻ പുറപ്പെട്ടു.

ഈ പൎവ്വതം കരേറുവാൻ
ഉയൎച്ചയാൽ ഞെരുക്കം.
എന്നിട്ടും നിത്യജീവൻ ഞാൻ
കാണേണമെ ഒട്ടുക്കം.
വൈഷമ്യം തീരും ലാക്കിൽ എത്തിയാൽ
സൂക്ഷ്മമാൎഗ്ഗ അന്തം നിത്യമാൽ.

എന്നു പാടുകയും ചെയ്തു.

അനന്തരം മററു രണ്ടു പേരും എത്തി, അല്പനേരം നിന്നു നോക്കി മല ഉയൎന്നു കുത്തനയായിരിക്കുന്നു എന്നും ഇരുപുറത്തും വഴിയുണ്ടല്ലൊ, അവററിൽ കൂടി പോയാൽ കുന്നിന്റെ അപ്പുറം ക്രിസ്തിയൻ നടക്കുന്ന വഴിയോടു ചേരും എന്നും വിചാരിച്ചു ഒരുവൻ കഷ്ടം എന്ന വഴിയായി നടന്നു, മഹാവനപ്രദേശത്തിൽ അകപ്പെട്ടു മററവൻ നാശവഴിക്കലെ ചെന്നു ഘോര മലപ്രദേശത്തിലായി ഉഴന്നു ചരിഞ്ഞു വീണു എഴുനീല്പാൻ വഹിയാതെ കിടന്നു.

ക്രിസ്തിയനൊ: മലയുടെ കുത്തന നില്പു നിമിത്തം വളരെ ദുഃഖിച്ചു കൈയും കാലും കുത്തി കഷ്ടിച്ചു കയറി മലനടുക്കെത്തിയാറെ, സഞ്ചാരികളുടെ ആശ്വാസത്തിന്നായി രാജാവിന്റെ കല്പനപ്രകാരം നട്ടു വളൎന്നു ഉണ്ടായ ഒരു വള്ളിക്കുടിഞ്ഞിൽ കണ്ടു, അതിൽ സുഖേന ഇരുന്നു. പിന്നെ മടിയിൽ നിന്നു ചീട്ടെടുത്തു ആശ്വാസത്തിന്നായി വായിച്ചു ക്രൂശിന്റെ അരികെ നിന്നു കിട്ടിയ വസ്ത്രം നോക്കി

പ്രസാദിച്ചപ്പോൾ, മയക്കം പാരമായി ചീട്ടും കൈയിൽനിന്നു വീണു അസ്തമിപ്പോളം ഉറങ്ങി. അപ്പോൾ, ഒരുത്തൻ അടുത്തു വന്നു അവനെ കണ്ടു, ഹേ മടിയ! ഉറുമ്പിന്റെ പ്രവൃത്തികളെ ചെന്നു നോക്കി വിചാരിച്ചു ബുദ്ധിമാനായിരിക്ക (സുഭ. ൬, ൬.) എന്നുറക്കെ വിളിച്ചാറെ, അവൻ ഉണൎന്നു എഴുനീറ്റു വിറെച്ചുംകൊണ്ടു യാത്രയായി മലമുകളിൽ എത്തിയപ്പോൾ, ഭീരുവും നിശ്ശ്രദ്ധനും എതിരെ പാഞ്ഞു വന്നാറെ, ക്രിസ്തിയൻ ഹേ ഹേ നിങ്ങൾ വഴി തെറ്റി ഓടുന്നതെന്തു? എന്നു വിളിച്ചു പറഞ്ഞപ്പോൾ,

ഭീരു: ഞങ്ങൾ ചിയോൻ പട്ടണത്തേക്ക് പോവാൻ യാത്രയായി ഈ വിഷമ സ്ഥലത്തു കയറി വന്നു എങ്കിലും നടക്കുന്തോറും സങ്കടങ്ങൾ വൎദ്ധിച്ചു വരുന്നത്കൊണ്ടു, പിൻതിരിഞ്ഞു പോകുന്നു എന്നു പറഞ്ഞാറെ,

നിശ്ശ്രദ്ധൻ: സത്യം തന്നെ അങ്ങു രണ്ടു സിംഹങ്ങളും വഴിയിൽ കിടക്കുന്നുണ്ടു. അവ ഉറങ്ങുന്നുവൊ ഇല്ലയൊ? എന്നറിയുന്നില്ല, സമീപം ചെന്നാൽ നാശമുണ്ടാകും എന്നുള്ള ഭയത്താൽ ഞങ്ങൾ മടങ്ങി വന്നു എന്നു പറഞ്ഞു.

അപ്പോൾ ക്രിസ്തിയൻ നിങ്ങൾ എന്നെ പേടിപ്പിക്കുന്നു. എന്നാൽ രക്ഷെക്കായി എവിടെ പോകേണ്ടു? അഗ്നിയും ഗന്ധകവുംകൊണ്ടു മുടിഞ്ഞു പോകുന്ന എന്റെ ജന്മഭൂമിയിലേക്ക് മടങ്ങി ചെന്നാൽ, നാശം വരാതെ ഇരിക്കയില്ല, വാനപട്ടണത്തിൽ എത്തിയാലൊ, നിത്യസൌഖ്യം വരും

നിശ്ചയം. എന്നാൽ മടങ്ങി പോകുന്നതു ശുദ്ധ മരണം എന്നും മുന്നോക്കം പോകുന്നതു മരണഭയമെങ്കിലും മേലാൽ നിത്യജീവത്വം തന്നെ എന്നും വിചാരിച്ചു ഞാൻ മുന്നോക്കം ചെല്ലും എന്നു പറഞ്ഞാറെ, ഭീരുവും നിശ്ശ്രദ്ധനും മല ഇറങ്ങി പാഞ്ഞു കളഞ്ഞു. ക്രിസ്തിയനും നടന്നു കൊണ്ടിരിക്കുമ്പോൾ, അവരിൽനിന്നു കേട്ട വചനം ഓൎത്തും ആശ്വാസത്തിന്നായി ചീട്ടെടുത്തു വായിപ്പാൻ നോക്കിയാറെ, ചീട്ടില്ല എന്നു കണ്ടു വിറെച്ചു ദുഃഖിച്ചു ഹാ കഷ്ടം കഷ്ടം വഴിക്കലെ ആശ്വാസത്തിന്നും വാനപട്ടണപ്രവേശനത്തിന്നും അത്യാവശ്യമുള്ളതു വിട്ടു പോയല്ലൊ! ഇനി ഞാൻ എന്തു വേണ്ടു? എന്നു വിചാരിച്ചു ആ ചോലക്കൽ കിടന്നുറങ്ങി എന്നോൎത്തു മുട്ടു കുത്തി ആ ബുദ്ധികേടു നിമിത്തം ദൈവത്തോടു ക്ഷമ യാചിച്ചു മടങ്ങി ചെന്നു ഇരുഭാഗവും നോക്കി വീൎത്തും കരഞ്ഞും കൊണ്ടു ചീട്ടിനെ അന്വേഷിച്ചു, അയ്യോ! തളൎച്ച അല്പം ശമിപ്പാൻ വേണ്ടി ഞാൻ എന്തിന്നു ഉറങ്ങി എന്നു മുറയിട്ടു പറഞ്ഞു, ഉറങ്ങിയ കുടിഞ്ഞിൽ വരെ നടന്നു. ആ സ്ഥലം കണ്ടപ്പോൾ മൌഢ്യമുള്ള ഉറക്കം പുതുതായി ഓൎത്തു, ഹാ പാപിയായ ഞാൻ പകൽ ഉറങ്ങിയോ വിഷമമദ്ധ്യത്തിങ്കൽ നിദ്ര എന്തു? വലഞ്ഞിരിക്കുന്ന സഞ്ചാരികളുടെ ആത്മാക്കളെ അല്പം ആശ്വസിപ്പതിന്നായി രാജാവ് ഉണ്ടാക്കി വെച്ച സ്ഥലത്തു ജഡസൌഖ്യം മോഹിച്ചത് എന്തൊരു മൂഢത്വം! ഞാൻ ഇത്ര ദൂരം നടന്നത് എല്ലാം വെറുതെയായി. ഇസ്രയേൽ ജനങ്ങൾ തങ്ങ

ളുടെ പാപം നിമിത്തം ചെങ്കടൽവഴിയായി മടങ്ങി പോകേണ്ടിവന്ന പ്രകാരം എനിക്കും സംഭവിച്ചു. ഞാൻ ഉറങ്ങിയില്ലെങ്കിൽ, ഈ സമയത്ത് സുഖേന ദൂരത്തു എത്തുകയായിരുന്നു; ഉറങ്ങിയതുകൊണ്ടത്രെ ഞാൻ മഹാ ദുഃഖപരവശനായി വഴി മൂന്നവട്ടം നടക്കേണ്ടി വന്നു, ഇരുട്ടും ഉണ്ടാകും. ഹാ ഞാൻ ഉറങ്ങിയതു എന്തൊരു കഷ്ടം! എന്നു പറഞ്ഞു കുടിഞ്ഞിലിൽ ഇരുന്നു ദുഃഖിച്ചു കരഞ്ഞു ചുറവും നോക്കി അന്വേഷിച്ചു, ചീട്ടു കണ്ടപ്പോൾ വിറെച്ചുകൊണ്ടു വേഗമെടുത്തു മടിയിൽ വെച്ചു. ജീവന്റെ ആധാരവും ഇച്ഛാസ്ഥലത്തിന്നു വേണ്ടിയുള്ള പ്രവേശനച്ചീട്ടും വീണ്ടും കിട്ടിയത്കൊണ്ടു ദൈവത്തെ സ്തുതിച്ചു, കണ്ണുനീർ വാൎത്തു യാത്രയായി വേഗം നടന്നു എങ്കിലും, ചുരത്തിന്റെ മുകളിൽ എത്തുമ്മുമ്പെ നേരം അസ്തമിച്ചു. അപ്പോൾ തന്റെ പാപം പിന്നെയും ഓൎമ്മ വന്നു, ഹാ ഞാൻ ഉറങ്ങിയല്ലോ! ആ ദോഷം നിമിത്തം ഇപ്പോൾ പ്രകാശം കൂടാതെ ഇരുളിൽ തന്നെ നടക്കേണ്ടി വന്നു, അന്ധകാരം എന്റെ വഴിയെ മൂടിയിരിക്കുന്നു, ദുഷ്ടമൃഗങ്ങളുടെ ശബ്ദങ്ങളും എന്നെ പേടിപ്പിക്കുന്നു എന്നു പറഞ്ഞു. അതല്ലാതെ ഭീരുവും നിശ്ശബ്ദനും പറഞ്ഞ വൎത്തമാനവും, സിംഹം നിമിത്തമുള്ള അവരുടെ ഭയവും ഓൎത്തു, അയ്യോ ആ മൃഗങ്ങൾ രാത്രിയിൽ കവച്ചുകൊണ്ടായിട്ടു നടക്കുന്നുണ്ടല്ലൊ. അവ ഈ സമയത്ത അടുക്കെ വന്നാൽ, ഞാൻ എന്തു ചെയ്യും? അവ കീറി നശിപ്പിക്കാതിരിക്കേണ്ടതിന്നു എന്തു കഴിവുണ്ടാകും എന്നു വിചാരിച്ചു

വ്യാകുലനായി ഇരുപാടും നോക്കി നടന്നപ്പോൾ, വഴിസമീപത്തു ഭംഗിയുള്ളൊരു കോട്ടയെ കണ്ടു. ആയതിൻെറ പേർ സുന്ദരപുരി എന്നു തന്നെ ആകുന്നു.

രാത്രി എങ്ങിനെ എങ്കിലും ആ കോട്ടയിൽ പാൎക്കേണം എന്നവൻ നിശ്ചയിച്ചു വേഗം നടന്നു, കാവൽക്കാരൻെറ പുരയുടെ നേരെ എത്തി, എത്രയും ചുരുങ്ങിയ വഴിയിൽ രണ്ടു സിംഹങ്ങൾ നില്ക്കുന്നതു കണ്ടു, ഹോ അവർ പേടിച്ചു മണ്ടി പോയതും ഞാൻ കാണുന്നു എന്നു വിചാരിച്ചു ഭയപ്പെട്ടു. (സിംഹങ്ങൾ ചങ്ങലകൊണ്ടു കെട്ടിയിരിക്കുന്നു എന്നറിയാതെ) മരണം ഒഴിച്ചു മറെറാരു വഴിയില്ല എന്നു നിനച്ചു പാഞ്ഞു കളവാൻ നോക്കിയപ്പോൾ, ജാഗ്രതകൻ എന്ന കാവൽക്കാരൻ അവൻെറ ചഞ്ചലഭാവം കണ്ടു, ഹേ ക്രിസ്തിയ പുരുഷ! നിൻെറ ധൈൎയ്യം കുറഞ്ഞു പോയോ? സിംഹഭയം വേണ്ടാ; അവ വിശ്വാസപരീക്ഷക്കായിട്ടെ ഇരിക്കുന്നുള്ളു; കഴുത്തിൽ ചങ്ങല ഇട്ടു കെട്ടിയിരിക്കുന്നു; വഴി മദ്ധ്യെ നടന്നു കൊണ്ടാൽ ഒരു ആപത്തും വരികയില്ല എന്നു തിണ്ണം വിളിച്ചു പറഞ്ഞു.

അതിൻെറ ശേഷം അവൻ സിംഹഭയത്താൽ വിറെച്ചുകൊണ്ടു നടന്നു എങ്കിലും, കാവൽക്കാരൻെറ ഉപദേശം നല്ലവണ്ണം സൂക്ഷിക്കയാൽ, സിംഹനാദങ്ങൾ കേട്ടു ഭ്രമിച്ചതു കൂടാതെ മറെറാരു സങ്കടവും ഉണ്ടായില്ല. അപ്പോൾ അവൻ കൈ രണ്ടും മുട്ടി നടന്നു കാവൽക്കാരൻ ഇരുന്ന വാതില്ക്കൽ എത്തി നിന്നു, സഖേ! ഇത് ആരുടെ ഭവനം

ഇന്നു രാത്രി ഇവിടെ പാൎക്കാമോ? എന്നു ചോദി ച്ചാറെ,

കാവൽക്കാരൻ: ചിയോനിലെ രാജാവ് സ ഞ്ചാരികളുടെ സൈ്വരത്തിന്നായിട്ടു ഈ ഭവനം എ ടുപ്പിച്ചിരിക്കുന്നു. നീ എവിടെനിന്നു വരുന്നു? യാ ത്ര എവിടേക്കു എന്നു ചോദിച്ചു.

ക്രിസ്തി: നാശപട്ടണത്തിൽനിന്നു ഞാൻ വ രുന്നു, യാത്ര ചിയോനിലേക്ക് തന്നെ. ഇപ്പോൾ രാത്രിയാകകൊണ്ടു ഇവിടെ പാൎക്ക വേണ്ടിയിരുന്നു.

കാവൽ: നിന്റെ പേർ അറിയാമോ?

ക്രിസ്തി: അറിയാം, മുമ്പെ ഞാൻ കരുണാഹീ നൻ ആയിരുന്നു, ഇപ്പോൾ എന്റെ പേർ ക്രിസ്തി യൻ എന്നു തന്നെ; ശെമിന്റെ കൂടാരങ്ങളിൽ പാ ൎപ്പാനായി ദൈവം വിളിച്ച യാഫെത്ത്യവംശക്കാരനാ കുന്നു.

കാവൽ: ഇത്ര താമസിച്ചു വന്നതെന്തു? നേ രം അധികമായല്ലോ!

ക്രിസ്തി: മുമ്പെ എത്തേണ്ടതിന്നു ഇട ഉണ്ടാ യിരുന്നു എങ്കിലും നിസ്സാരനായ ഞാൻ കുന്നിലെ ചോലക്കൽ കിടന്നുറങ്ങിപ്പോയി. അതു തന്നെ അ ല്ല, ചീട്ടും കൈക്കൽനിന്നു വീണുപോയി, മുകളിൽ എത്തിയപ്പോൾ അതിനെ തൊട്ടു നോക്കുവാൻ ഭാവിച്ചു, ചീട്ടില്ല എന്നു കണ്ടു മഹാ സങ്കടത്തി ലായി ഉറങ്ങിയ സ്ഥലത്തേക്കു മടങ്ങി ചെന്നു അ ന്വേഷിച്ചു, ദൈവാനുഗ്രഹത്താൽ കണ്ടുകിട്ടി. നേ രം വൈകി പോയതു കഷ്ടം എങ്കിലും ഇപ്പോൾ എ ത്തിയല്ലോ.

കാവൽ: എത്തി ഞാൻ ഭവനത്തിലെ കന്യകമാരിൽ ഒരുത്തിയെ വിളിക്കട്ടെ. നിന്റെ വാക്ക അവൾക്ക ബോധിച്ചു എങ്കിൽ, ഇവിടത്തെ മൎയ്യാദപ്രകാരം നിന്നെ ഇവിടെയുള്ളവരോട ചേൎത്തുകൊള്ളും എന്നു പറഞ്ഞു മണി മുട്ടിയാറെ, മഹാസുന്ദരിയായ വിവേകിനി വാതില്ക്കൽ വന്നു, എന്നെ വിളിച്ചതെന്തിന്നു? എന്നു ചോദിച്ചു.

അപ്പോൾ കാവല്ക്കാരൻ നാശപുരം വിട്ട ചിയോനിലേക്ക് യാത്രയാകുന്നൊരു സഞ്ചാരി ഇതാ! രാത്രിയാകകൊണ്ടു ഇന്നു ഇവിടെ തന്നെ പാൎപ്പാനായി അപേക്ഷിക്കയാൽ, ഞാൻ നിന്നെ വിളിച്ചു കാൎയ്യമെല്ലാം അന്വേഷിച്ചറിഞ്ഞാൽ ഭവനമൎയ്യാദകളെ വിചാരിച്ചു നിനക്ക ബോധിച്ച പ്രകാരം ചെയ്യാം എന്നു പറഞ്ഞു.

അപ്പോൾ വിവേകിനി സഞ്ചാരിയെ നോക്കി: നീ എവിടെനിന്നു വരുന്നു? യാത്ര എവിടേക്ക്? ഈ വഴിക്കലെ വന്നതെങ്ങിനെ? പ്രയാണത്തിൽ എന്തെല്ലാം കണ്ടു? എന്നോരൊന്നു ചോദിച്ചാറെ, അതിന്നു തക്ക ഉത്തരം അവൻ പറഞ്ഞത് കേട്ടു, പേരും അന്വേഷിച്ചശേഷം, അവൻ ക്രിസ്തിയൻ തന്നെ എന്റെ പേർ. സഞ്ചാരികൾക്ക ആശ്വാസത്തിന്നായി ചിയോനിലെ കൎത്താവ് ഈ ഭവനം എടുപ്പിച്ചു എന്നറികകൊണ്ടു, എനിക്കും രാത്രിയിൽ ഇവിടം പാൎപ്പാൻ ഏററവും ആവശ്യം തന്നെ എന്നു പറഞ്ഞാറെ, അവൾ പ്രസാദിച്ചു കണ്ണുനീർ വാൎത്തു, ഞാൻ മററും ചില ആളുകളെ വിളിക്കട്ടെ എന്നു ചൊല്ലി, വാതില്ക്കൽ ചെന്നു ഭക്തി, സുബുദ്ധി,

പ്രീതി എന്നീ മൂന്നു പേരെ വിളിച്ചു. അവരും പുറത്തു വന്നു ക്രിസ്ത്യനെ കണ്ടു ഓരോന്നു ചോദിച്ചു, അവനെ അകത്തു കടത്തി. അപ്പോൾ ഗൃഹവാസികൾ പലരും വന്നു അല്ലയോ ദൈവാനുഗ്രഹമുള്ളവനേ! അകത്തു വരിക, വരിക! ഈ വക സഞ്ചാരികൾക്കു വേണ്ടി ചിയോനിലെ കൎത്താവ് ഈ ഭവനത്തെ ഉണ്ടാക്കിച്ചിരിക്കുന്നു എന്നു കേട്ടാറെ, അവൻ കുമ്പിട്ടു അകത്തു പ്രവേശിച്ചു കുത്തിരുന്നു. അപ്പോൾ അവർ അവന്നു ദാഹത്തിന്നു കുടിപ്പാൻ കൊടുത്തു ഭക്ഷണമാകുവോളം സംസാരിപ്പാൻ നിശ്ചയിച്ചു. ഉടനെ ഭക്തി, സുബുദ്ധി, പ്രീതി എന്നീ മൂവർ സംഭാഷണം തുടങ്ങി.

ഭക്തി: ഹേ ക്രിസ്ത്യ! ഈ രാത്രിയിൽ ഇവിടെ സുഖേന പാൎപ്പാൻ വേണ്ടി ഞങ്ങൾ ദയ വിചാരിച്ചു നിന്നെ അകത്തു ചേൎത്തുവല്ലോ, ഇപ്പോൾ ഞങ്ങളും ഉപകാരത്തിന്നായി നിന്റെ സഞ്ചാരവിശേഷങ്ങളെ ഒട്ടേടം കേട്ടാൽ കൊള്ളാം എന്നു പറഞ്ഞു.

ക്രിസ്ത്യ: പറയാമല്ലോ, നിങ്ങൾക്കു കേൾപ്പാൻ മനസ്സെങ്കിൽ എനിക്കു സന്തോഷം തന്നെ.

ഭക്തി: നീ സഞ്ചാരിയായി വരുവാൻ സംഗതി എന്തുണ്ടായിരുന്നു?

ക്രിസ്ത്യ: പാൎക്കുന്ന സ്ഥലത്തു താമസിച്ചാൽ വലിയ നാശം വരും നിശ്ചയം എന്നു ചെവിയിൽ ഒരു ഭയശബ്ദം കേട്ടതിനാൽ ഞാൻ പേടിച്ചു ജന്മഭൂമിയെ വിട്ടു ഓടിപ്പോന്നു.

ഭക്തി: അപ്പോൾ, ഈ വഴിയായി തന്നെ വരുവാൻ എന്തു കാരണം?

ക്രിസ്ത്യി: അതു ദേവകല്പനയാൽ ഉണ്ടായി; ഞാൻ നാശഭയത്തിൽ വലഞ്ഞു എവിടേക്ക് പോകേണ്ടു എന്നറിയാതെ ഭ്രമിച്ചും വിറച്ചും കരഞ്ഞപ്പോൾ, സുവിശേഷി വന്നു എന്റെ കണ്ണിന്നു മറഞ്ഞിരുന്ന ഇടുക്കു വാതിലിനെ കാണിച്ചു എന്നെ ഈ ഭവനവഴിക്കലെ അയച്ചു.

ഭക്തി: വ്യാഖ്യാനിയുടെ വീടു കണ്ടുവൊ?

ക്രിസ്ത്യി: അവിടെ കണ്ട കാൎയ്യങ്ങളെ ഞാൻ ഉള്ളന്നും ഓൎക്കും. പിശാച് എന്തെല്ലാം ചെയ്താലും ക്രിസ്തുവിന്റെ കാരുണ്യപ്രവൃത്തി മനസ്സിൽ നടത്തി വൎദ്ധിപ്പിക്കുന്നതും, ദൈവകരുണയെ ആശിപ്പാൻ പോലും കഴിയാത്തവണ്ണം പാപം ചെയ്യുവന്റെ അഴിനിലയും ന്യായവിസ്താരദിവസവും വന്നു എന്നു ഉറക്കത്തിൽ വിചാരിച്ചവന്റെ സ്വപ്നവും ഈ മൂന്നു കാൎയ്യങ്ങൾ എപ്പോഴും മനസ്സിൽ കുററിയായി തറെച്ചിരിക്കും.

ഭക്തി: ആയാൾ തന്റെ സ്വപ്നാവസ്ഥയെ പറഞ്ഞതു കേട്ടുവൊ?

ക്രിസ്ത്യി: കേട്ടു, അതെന്തൊരു സ്വപ്നം! അവൻ ഓരൊന്നു വിവരമായി പറഞ്ഞപ്പോൾ, എനിക്ക് വളരെ വ്യസനം ഉണ്ടായി; എങ്കിലും കേട്ടത നന്നു.

ഭക്തി: ഇത് അല്ലാതെ മററു വല്ലതും കണ്ടുവോ?

ക്രിസ്ത്യി: കണ്ടു, സ്വൎണ്ണവസ്ത്രങ്ങൾ ഉടുത്തിരിക്കുന്ന ജനങ്ങൾ പാൎത്തുവരുന്നൊരു വലിയ കോട്ടയേയും കണ്ടു നിന്നപ്പോൾ, ഒരു വീരൻ എത്തി, അവനെ തടുപ്പാൻ വേണ്ടി വാതിൽക്കൽ നിന്ന ആയുധക്കാരെ നീക്കി വഴി ഉണ്ടാക്കിയാറെ, താൻ

കടന്നു നിത്യ മഹത്വം പ്രാപിക്കേണം എന്നു മുക ളിൽനിന്നു ഒരു കല്പനയും കേട്ടു, ഇങ്ങിനെയുള്ള കാ ൎയ്യങ്ങൾ എന്റെ സന്തോഷം പൂൎണ്ണമാക്കി, സമ യം ഉണ്ടായിരുന്നെങ്കിൽ പന്ത്രണ്ടു മാസം ആ സ ജ്ജനത്തിന്റെ ഭവനത്തിൽ പാൎക്കയായിരുന്നു എ ന്നു വിചാരിച്ചു.

ഭക്തി: പിന്നെ വഴിക്കൽ എന്തെല്ലാം കണ്ടു?

ക്രിസ്തി: ഞാൻ അല്പം നടന്ന ശേഷം മരത്തി ന്മേൽ തൂങ്ങി ചോര ചൊരിയിക്കുന്ന ഒരുവനെ കണ്ടു നിന്നു നോക്കിയപ്പോൾ, അത്രോടം ചുമലിൽ ബഹു ഘനമുള്ള ഭാരം കെട്ടി നടന്നതു അഴിഞ്ഞു വീണു. ഇതെന്തൊരു വിസ്മയം എന്നു വിചാരിച്ചു നോക്കി നോക്കി കൊണ്ടിരിക്കുമ്പോൾ, തേജസ്സുള്ള മൂന്നു പേർ വന്നു. ഒരുത്തൻ നിന്റെ സകല പാപ വും ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു, മറ്റവൻ എ ന്റെ ജീൎണ്ണവസ്ത്രം നീക്കി പുതിയ അങ്കിയെ ഉടു പ്പിച്ചു, മൂന്നാമൻ എന്റെ നെറ്റിമേൽ ഈ കുറിയെ ഇട്ടു ചീട്ടിനെയും തന്നു.

ഭക്തി: ഇതു കൂടാതെ, വല്ലതും കണ്ടുവൊ?

ക്രിസ്തി: പ്രധാന കാൎയ്യങ്ങളെ പറഞ്ഞിട്ടുണ്ടു, എങ്കിലും മറ്റും ചിലതു കണ്ടു സത്യം, കാലുകളിൽ ചങ്ങല കെട്ടി വഴിയരികെ ഉറങ്ങി കിടക്കുന്ന ബു ദ്ധിഹീനൻ, മടിയൻ, ഗൎവ്വി എന്നീമൂവരെ കണ്ടു, ഉണൎത്തുവാൻ വിചാരിച്ചു എങ്കിലും സാധിച്ചില്ല. പിന്നെ ആചാരവാനും കപടഭക്തനും മതിൽ വഴി യായി വന്നു ചിയോനിലേക്ക് പോവാൻ ഭാവം കാട്ടി വേഗം നശിച്ചു പോയി, ഞാനും അതു അവ

രോട്ട പറഞ്ഞു എങ്കിലും, അവർ എന്റെ വാക്ക വിശ്വസിച്ചില്ല; ഈ മലമേൽ കരേറുവാൻ എന്തൊരു പ്രയാസം? സിംഹമുഖം കടന്നു വരുവാൻ എന്തൊരു കഷ്ടം! വാതിൽക്കലെ കാവൽക്കാരൻ സഹായിച്ചില്ലെങ്കിൽ ഞാൻ മടങ്ങി പോകാതെ, ഇങ്ങു എത്തുമൊ എന്നറിയുന്നില്ല; ഞാൻ എത്തിയത് കൊണ്ടു ദൈവത്തിന്നു സ്തോത്രം. എന്നെ അകത്തു ചേൎത്ത നിങ്ങൾക്കും നമസ്കാരം.

അപ്പോൾ സുബുദ്ധി എനിക്കും ചിലത് ചോദിപ്പാനുണ്ടു; അതിന്നു തക്ക ഉത്തരം പറഞ്ഞാലും എന്നു പറഞ്ഞു.

നിന്റെ ജന്മദേശം പലപ്പോഴും ഓൎക്കുന്നുണ്ടോ?

ക്രിസ്തി: ഓൎക്കാതിരിക്കയില്ല, എങ്കിലും ഞാൻ ഉപേക്ഷിച്ച ദേശം വിചാരിക്കുമ്പോൾ ഒക്കയും വളരെ നാണവും നീരസവും തോന്നുന്നു. അതിൽ അല്പം താല്പൎയ്യം ഉണ്ടായിരുന്നാൽ ഏറിയ പ്രാവശ്യം മടങ്ങി ചെല്ലുവാൻ ഇട വരുമായിരുന്നു എങ്കിലും, ഞാൻ നല്ലൊരു രാജ്യം തേടുന്നു; സ്വൎഗ്ഗരാജ്യം തന്നെ.

സുബുദ്ധി: ആ ദേശത്തിന്റെ സാമാനങ്ങൾ വല്ലതും കൊണ്ടുവന്നുവോ?

ക്രിസ്തി: അതുവും ഉണ്ടു, എന്റെ നാട്ടുകാൎക്കും എനിക്കും സന്തോഷം വരുത്തുന്ന രാഗദ്വേഷാദികൾ ഇനിയും പല വിധേന മനസ്സിൽ പൊങ്ങി വരുന്നു. അവ ഒന്നിലും രസമില്ല; ദുഃഖം തന്നെ തോന്നുന്നു. എനിക്ക ഇഷ്ടമായതിനെ മാത്രം എടുപ്പാൻ സംഗതി ഉണ്ടായിരുന്നെങ്കിൽ, ആ വക ഓൎക്ക തന്നെ ചെയ്കയില്ലയായിരുന്നു, എന്നതിനാൽ

നന്മ ചെയ്വാൻ ഇച്ശിക്കുന്ന എന്റെ പക്കൽ തിന്മ ഉണ്ടു എന്നുള്ള വ്യവസ്ഥ (അടവു, ചട്ടം) എനിക്കു വെച്ചു കാണുന്നു. (രോ. ൭, ൨൧.)

സുബു: ഇങ്ങിനെ നിന്റെ മനസ്സിൽ പൊങ്ങുന്നത് ഒടുങ്ങി പോയപ്രകാരം വല്ലപ്പോഴും തോന്നുന്നില്ലയോ?

ക്രിസ്തി: തോന്നുന്നു, അങ്ങിനെ ഉള്ള സമയം എനിക്കൊരു മഹോത്സവം പോലെ ഇരിക്കുന്നു.

സുബു: നിന്നെ അസഹ്യപ്പെടുത്തുന്ന കാൎയ്യങ്ങൾ ചില സമയം ഇല്ലാതെയായി തോന്നുന്നതു എന്തു ഹേതുവാൽ എന്നു ഓൎമ്മ ഉണ്ടോ?

ക്രിസ്തി: ഉണ്ടു ഞാൻ ക്രൂശിന്മേൽ കണ്ടതു ഓൎത്തും എന്റെ പുതിയ അങ്കിയെ നോക്കി വിചാരിച്ചും മടിയിലുള്ള ചീട്ടിനെ വായിച്ചും തേടുന്ന രാജ്യത്തെ ചിന്തിച്ചും ഇരിക്കുന്നതിനാൽ അങ്ങിനെ വരും.

സുബു: ചിയോൻ മലയിലേക്കു പോവാൻ എന്തിന്നു ഇത്ര താല്പൎയ്യം?

ക്രിസ്തി: ക്രൂശിന്മേൽ തൂങ്ങി മരിച്ചവനെ ഞാൻ അവിടെ ജീവനോടെ കാണും, എന്നിൽ വസിച്ചു എന്നെ അസഹ്യപ്പെടുത്തുന്ന പഴമകൾ അവിടെ ഇല്ലാതെയാകും, അവിടെ മരണവുമില്ല, ഇഷ്ടമുള്ള കൂട്ടരോടു കൂട പാൎക്കയും ചെയ്യും. എന്റെ ഭാരം നീക്കിയവനെ ഞാൻ സ്നേഹിക്കുന്നു; എന്റെ ഉള്ളിലുള്ള രോഗം എനിക്കു അസഹ്യം. മരണം ഇനി അടുക്കാത്ത സ്ഥലത്തു എത്തി, നിത്യം പരിശുദ്ധൻ പരിശുദ്ധൻ എന്നു വാഴ്ത്തി സ്തുതിക്കുന്നവരോടുകൂട പാൎപ്പാൻ ഞാൻ വളരെ വാഞ്ഛിച്ചിരിക്കുന്നു സത്യം.

അപ്പോൾ പ്രീതി ക്രിസ്തിയനോട്: നിണക്ക ഭാൎയ്യാപുത്രന്മാരുണ്ടോ? എന്നു ചോദിച്ചു.

ക്രിസ്തി: ഭാൎയ്യയും നാലു മക്കളും ഉണ്ടു.

പ്രീതി: അവരെ കൊണ്ടുവരാഞ്ഞതെന്തു?

ക്രിസ്തി: ഹാ! അവരെ കൊണ്ടുവരുവാൻ ഞാൻ എത്ര പ്രയത്നം ചെയ്തു! അവർ എന്റെ യാത്രയെ കഴിയും വണ്ണം വിരോധിച്ചു, കഷ്ടം എന്നു പറഞ്ഞു കരഞ്ഞു കൊണ്ടിരുന്നു.

പ്രീതി: താമസിച്ചാൽ നാശം വരും എന്നു അവൎക്ക നല്ലവണ്ണം പറഞ്ഞു ബോധിപ്പിപ്പാൻ ആവശ്യമായിരുന്നു.

ക്രിസ്തി: ഞാൻ അങ്ങിനെ തന്നെ ചെയ്തു. ദൈവം നമ്മുടെ പട്ടണനാശത്തെ എനിക്ക കാണിച്ചതെല്ലാം അവരോടു അറിയിച്ചു എങ്കിലും, അവർ എന്റെ വാക്ക കളി പോലെ വിചാരിച്ചു വിശ്വസിക്കാതെ ഇരുന്നു.

പ്രീതി: നിന്റെ ഉപദേശം അവൎക്ക അനുഗ്രഹമാകേണ്ടതിന്നു നീ ദൈവത്തോടു പ്രാൎത്ഥിച്ചുവോ?

ക്രിസ്തി: ഞാൻ വളരെ താല്പൎയ്യമായി പ്രാൎത്ഥിച്ചു. ഭാൎയ്യാപുത്രന്മാരിൽ എനിക്ക നല്ല കൂറുണ്ടു സത്യം.

പ്രീതി: നിന്റെ മനോവ്യസനവും നാശത്തെ കുറിച്ചുള്ള ഭയവും അവരോടു അറിയിച്ചുവോ? ആ നാശം നീ നന്നായി കണ്ടു എന്നു എനിക്ക തോന്നുന്നു.

ക്രിസ്തി: ആവോളം അറിയിച്ചു. നമ്മുടെ തലമേൽ വീഴുവാൻ തൂങ്ങി നില്ക്കുന്ന ശിക്ഷാവിധി നിമിത്തം എനിക്കുണ്ടായ ഭയവും കരച്ചലും ഭ്രമവും എന്റെ മുഖം കണ്ടാൽ തന്നെ അറിയേണ്ടതിന്ന

സംഗതി ഉണ്ടായിരുന്നു എങ്കിലും അവൎക്ക ഒന്നും ബോധിച്ചില്ല.

പ്രീതി: അവർ വരാഞ്ഞതിന്നു എന്തു ഒഴികഴിവും പറഞ്ഞു?

ക്രിസ്ത്യാനി: ലൌകികം വിടുന്നില്ല എന്നു ഭാൎയ്യയുടെ വാക്കു; പുത്രന്മാർ ബാല്യകളി നേരമ്പോക്കിനേയും മോഹിച്ചിട്ടു, എങ്ങിനെ എങ്കിലും എന്നെ ഏകനായിട്ടു വിട്ടയച്ചു.

പ്രീതി: പറഞ്ഞ ഉപദേശത്തിന്നു താൻ നടപ്പിൽ വല്ല ദോഷം കാട്ടിയോ?

ക്രിസ്ത്യാനി: ഉണ്ടായിരിക്കും. എനിക്ക പാപവും കുറവുകളും വളരെ ശേഷിപ്പുണ്ടു, മററ ജനങ്ങളുടെ നന്മക്കായിട്ടു പറഞ്ഞ വാക്കുകളും ഉപദേശങ്ങളും ദോഷമുള്ള നടപ്പുകൊണ്ടു നിഷ്ഫലമാക്കി തീൎപ്പാൻ എളുപ്പമുള്ള കാൎയ്യം എന്നു ഞാൻ നല്ലവണ്ണം അറിയുന്നു എങ്കിലും, അവർ വല്ല ന്യായക്കേടും കണ്ടു ഈ സഞ്ചാരാവസ്ഥയെ വെറുക്കാതിരിക്കേണ്ടതിന്നു ഞാൻ വളരെ സൂക്ഷിച്ചു നടന്നു. ദൈവത്തിന്നും അയല്ക്കാരന്നും വിരോധമായി പാപം ചെയ്യരുതു എന്നു ഞാൻ വാക്കിനാലും പ്രവൃത്തിയാലും കാണിച്ചതും, അവർ ഗുണം എന്നു ചൊല്ലുന്നവ ഞാൻ ദോഷമാക്കി വിലക്കി ഉപേക്ഷിച്ചതും അവൎക്ക നന്നെ വെറുപ്പായി വന്നു സത്യം.

പ്രീതി: സ്വന്തക്രിയകൾ ദോഷവും, സഹോദരന്റെ ക്രിയകൾ സത്യവുമായിരുന്നത് കൊണ്ടു, കയിൻ തന്റെ സഹോദരനെ ദ്വേഷിച്ചു. നീ ചെയ്ത സൽക്രിയകൾ നിമിത്തം ഭാൎയ്യാപുത്രന്മാർ വെറു

ത്തുവെങ്കിൽ, അവരുടെ നാശം നിണക്ക കുറവമായി വരികയില്ല.

ഇങ്ങിനെ അവർ ഭക്ഷണമാകുവോളം സംസാരിച്ചു കൊണ്ടിരുന്നു എന്നു ഞാൻ സ്വപ്നത്തിൽ കണ്ടു. പിന്നെ വിളമ്പി വെച്ച ശേഷം, അവർ പന്തിയിൽ ഇരുന്നു വിശേഷാഹാരങ്ങളെയും ഭക്ഷിച്ചു ശുദ്ധ വീഞ്ഞിനെയും കുടിച്ചു. ചിയോൻ കൎത്താവ് ഈ ഭവനമുണ്ടാക്കിയ കാരണം ഇന്നതെന്നും, അവൻ വലിയ യുദ്ധവീരനായി മൃത്യുക്കു മരണത്തെ നടത്തിക്കുന്നവനോടു പൊരുതു ജയിച്ചു, തന്റെ രക്തം ചിന്നിച്ച പ്രകാരം ഇന്നതെന്നും മറവും അവർ പറഞ്ഞത് കേട്ടതിനാൽ, ഞാനും അവന്റെ ഇടകലരാത്ത സ്നേഹം വിചാരിച്ചു പ്രതിസ്നേഹം മുഴുത്തു തുടങ്ങി. ഗൃഹവാസികൾ ചിലരും മരണ ശേഷം അവനെ കണ്ടു സംസാരിച്ചു. അവനെ പോലെ സഞ്ചാരികളെ സ്നേഹിക്കുന്ന ആൾ ലോകത്തിൽ എങ്ങും കാണ്മാനില്ല എന്നു അവനിൽ നിന്നു തന്നെ കേട്ട പ്രകാരം പറഞ്ഞു, ഒരു ദൃഷ്ടാന്തവും കാണിച്ചു അതാവിത്: സാധുക്കളായ സഞ്ചാരികളെ വീണ്ടെടുപ്പാൻ വേണ്ടി, അവൻ സ്വതേജസ്സിനെ നീക്കി വെച്ചു എന്നും, ഇപ്പോഴും ചിയോനിൽ തനിച്ചു പാൎപ്പാൻ മനസ്സില്ലെന്നും ഏറിയൊരു സഞ്ചാരികളെ അവിടേക്ക വരുത്തി, ഇരപ്പാളികളായി ജനിച്ചവരെ രാജാക്കന്മാരാക്കി വെച്ചു എന്നും പറഞ്ഞു.

ഇങ്ങിനെ അവർ അൎദ്ധരാത്രിയോളം സംസാരിച്ചു പിന്നെ പ്രാൎത്ഥനയാൽ തങ്ങളെ കൎത്താവിങ്കൽ

ഭരമേല്പിച്ചു. സഞ്ചാരിയെ കിളിവാതിൽ കിഴക്കോട്ടുള്ള സമാധാനം എന്ന മാളികമുറിയിൽ പാൎപ്പിച്ചു.

അവിടെ അവൻ പുലരുവോളം ഉറങ്ങി ഉണൎന്നാറെ,

ഞാൻ എവിടെ? ഹാ എത്ര ദാനം
സഞ്ചാരികൾക്ക ബഹുമാനം
ആയിട്ടു യേശു തന്നതേ!
പിഴെക്ഷമിച്ച പരിശാന്തി
എന്നെ നടത്തി ദിവ്യക്ഷാന്തി
സ്വൎഗ്ഗത്തയലിടം പാൎപ്പിച്ചതേ.

എന്നു പാടുകയും ചെയ്തു.

രാവിലെ അവർ ഒക്ക എഴുനീറ്റു, കുറയ നേരം സംസാരിച്ചാറെ, ഗൃഹവാസികൾ ക്രിസ്തിയനോടു നീ ഇപ്പോൾ പോകേണ്ട ഈ സ്ഥലത്തു വിശേഷങ്ങളെ പലതും കാണിപ്പാനുണ്ടു എന്നു പറഞ്ഞു, അവനെ പുസ്തകശാലയിൽ കടത്തി, അനാദി കാലപുത്രനും ദൈവജാതനുമായ ചിയോൻകൎത്താവിന്റെ വംശവഴിയും അവന്റെ പ്രവൃത്തി വിവരവും അവൻ തന്റെ സേവെക്കായി അഴിയാത്ത ഭവനങ്ങളിൽ പാൎപ്പിച്ചിരിക്കുന്ന അനേക ജനങ്ങളുടെ നാമങ്ങളും മറ്റും കാണിച്ചും അവന്റെ ഭൃത്യന്മാർ പലരും വിശ്വാസത്താൽ രാജ്യങ്ങളെ അടക്കി നീതിയെ നടത്തി, വാഗ്ദത്തങ്ങളെ കൈക്കലാക്കി സിംഹമുഖങ്ങളെ അടെച്ചു അഗ്നിബലത്തെ കെടുത്തു, വാളിൻവായിൽനിന്നുതെറ്റിബലക്ഷയത്തിൽനിന്നുആശ്വസിച്ചു യുദ്ധത്തിൽ ഊക്കരായ്ച്ചമഞ്ഞു, അന്യന്മാരുടെ പാളയങ്ങളെ നീക്കിയും ചെയ്ത വൃത്താന്തങ്ങളെ വായിച്ചു, (എബ്ര. ൧൧, ൩൩, ൩൪.)

പിന്നെ കൎത്താവ് തനിക്കും തന്റെ പ്രവൃത്തിക്കും മുമ്പെ എത്രയും വിരോധം ചെയ്തവരെ തന്നെ കൈക്കൊണ്ടു, രക്ഷിപ്പാൻ വിചാരിക്കുന്നു എന്നും മററും വീട്ടുവൎത്തമാനങ്ങളെ വായിച്ചു ക്രിസ്തിയനെ കേൾപ്പിച്ചു. അതുകൂടാതെ, പഴയതും പുതിയതുമായ കഥകളെയും ശത്രുക്കളുടെ ഭയഭ്രമത്തിന്നായും സഞ്ചാരികളുടെ ആശ്വാസസന്തോഷത്തിന്നായും ഇനിനിവൃത്തി വരേണ്ടുന്ന ഗംഭീരപ്രവാചകങ്ങളെയും ക്രിസ്തിയൻ കണ്ടു അതിശയിച്ചു.

പിറെറ ദിവസം അവർ അവനെ ആയുധശാലയിലേക്ക് കൊണ്ടു പോയി കൎത്താവ് സഞ്ചാരികൾക്ക വേണ്ടി വെച്ച വാൾ, പരിച, തലക്കോരിക, മാൎക്കവചം, സൎവ്വപ്രാൎത്ഥന, ഒരിക്കലും പഴതാകാത്ത ചെരിപ്പു എന്ന ആയുധക്കൂട്ടങ്ങളെ കാണിച്ചു, നക്ഷത്രജാലം പോലെയുള്ള ജനസംഘത്തിന്നു കൎത്താവിന്റെ സേവക്കായിട്ടു ആയുധങ്ങൾ വേണ്ടുവോളം ഉണ്ടു എന്നു പറകയും ചെയ്തു.

അതിന്റെ ശേഷം കൎത്താവിന്റെ പല വേലക്കാർ പണ്ടു അത്ഭുതങ്ങളെ പ്രവൃത്തിക്കയിൽ പ്രയോഗിച്ച ശ്രേഷ്ഠായുധങ്ങളെ കാണിച്ചതെന്തെന്നാൽ: മോശെയുടെ ദണ്ഡും, യായേലിന്റെ മുടിയും ആണിയും, ഗിദ്യോന്റെ വാൾ കാഹളം ദീപട്ടികളും, സംഗാരിന്റെ മുരിക്കോലും, ശിംശോന്റെ അണ്ണാടി എല്ലും, ദാവീദിന്റെ കവിണയും, കൎത്താവ് പ്രതികാരദിവസത്തിൽ പാപമനുഷ്യനെ ഹനിപ്പാൻ വേണ്ടി നിശ്ചയിച്ച വാളും മററും സന്തോഷകരമായ ഏറിയ സാധനങ്ങളെ ക്രിസ്തിയനു കാണിച്ചു.

പിറെറ ദിവസം ക്രിസ്ക്തിയൻ യാത്രയാവാൻ വിചാരിച്ചു എങ്കിലും, ഗൃഹവാസികൾ നാളെ ആ കാശം തെളിഞ്ഞിരുന്നാൽ ഇഷ്ടസ്ഥലത്തിന്നു എ ത്രയും സമീപമായ വാഞ്ഛിതമലകളെ കാണിക്കു ന്നതിനാൽ നിന്റെ സന്തോഷം വൎദ്ധിക്കും എന്ന വർ പറഞ്ഞാറെ, അവൻ സമ്മതിച്ചു ആ ദിവസം പാൎത്തു. പുലൎന്നപ്പോൾ, അവർ അവനെ വീട്ടി ന്മേൽ കരേററി, വടക്കോട്ടു നോക്കുവാൻ കല്പിച്ച ശേഷം നോക്കി, നല്ല പറമ്പു, പൂനം, പൂത്തും കാ ച്ചുമിരിക്കുന്ന വൃക്ഷം മുന്തിരിങ്ങാത്തോട്ടം, കിണറു, കുളം, ചിറ, പുഴ എന്നിവ നിറഞ്ഞു എത്രയും മനോ ഹരമുള്ള മലപ്രദേശം കണ്ടു തെളിഞ്ഞു. അവൻ ആ സ്ഥലത്തിന്റെ പേർ എന്തെന്നു? ചോദിച്ചാ റെ, ആയതും ഈ കുന്നു പോലെ സകല സഞ്ചാ രികൾക്കും ഉപകാരത്തിന്നായിരിക്കുന്ന ഇമ്മാനുവേ ലിന്റെ രാജ്യം തന്നെ, അവിടെ സ്നേഹം ഏറിയ ഇടയന്മാർ നിന്നെ വാനപട്ടണത്തിൻ വാതിലി നെ കാണിക്കും എന്നവർ പറഞ്ഞു.

അനന്തരം ക്രിസ്ക്തിയൻ: ഞാൻ ഇപ്പോൾ യാ ത്രയാകട്ടെ? എന്നു ചോദിച്ചാറെ, അവർ സമ്മതി ച്ചു അവനെ ആയുധശാലയിൽ കടത്തി കൎത്താവി ന്റെ തികവുള്ള ചോക്കോപ്പുകളെ ധരിപ്പിച്ചു വഴി ക്കലെ വല്ല ശത്രുവും വന്നാൽ ഇതുകൊണ്ടു ജയി ക്ക എന്നു പറഞ്ഞു. അതിന്റെ ശേഷം അവൻ ആയുധക്കാരനായി സ്നേഹിതന്മാരോടു കൂടി വാതി ൽക്കൽ ചെന്നു, കാവൽക്കാരനെ കണ്ടു വല്ല സ ഞ്ചാരികളും കടന്നു പോയൊ? എന്നു ചോദിച്ചാറെ,

കാവല്ക്കാരൻ: ഒരുത്തനെ ഞാൻ കണ്ടു.

ക്രിസ്തി: അവന്റെ പേർ എന്തു എന്നു ചോദിച്ചുവൊ?

കാവൽ: ചോദിച്ചു, വിശ്വസ്തൻ എന്നവൻ പറഞ്ഞു.

ക്രിസ്തി: ഹോ എനിക്കറിയാം; അവൻ എന്റെ നാട്ടുകാരനും അയല്ക്കാരനും തന്നെ ആകുന്നു, ഞാൻ ജനിച്ച രാജ്യത്തുനിന്നു വരുന്നു, അവൻ ദൂരെ എത്തുമാറായൊ?

കാവൽ: കുന്നിന്റെ താഴെ എത്തീട്ടുണ്ടായിരിക്കും.

ക്രിസ്തി: നല്ലതു സ്നേഹിതാ! സലാം നീ എനിക്ക് ചെയ്യു ഉപകാരം നിമിത്തം കൎത്താവ് നിന്നോടു കൂട ഇരുന്നു, നിണക്ക് വന്ന ദൈവാനുഗ്രഹങ്ങളെ ഏററവും വൎദ്ധിപ്പിക്കേണമെ എന്നു പറഞ്ഞു.

പിന്നെ അവൻ യാത്രയായപ്പോൾ, വിവേകി, ഭക്തി, സുബുദ്ധി, പ്രീതി എന്നീ നാലുപേർ കുന്നിന്റെ താഴെയോളം അവനോടു കൂട പോവാൻ നിശ്ചയിച്ചു. ഒരുമിച്ചു നടന്നു സംസാരിച്ചു കുന്നിന്റെ ഇറക്കത്തിൽ എത്തിയാറെ, ക്രിസ്തിയൻ: ഈ ചുരം കയറുവാൻ വിഷമമായിരുന്നു, ഇറങ്ങുവാനും കഷ്ടം തന്നെ എന്നു പറഞ്ഞതു കേട്ടു.

സുബുദ്ധി: സത്യം തന്നെ, കാൽ തെററി വഴുതി വീഴാതെ വിനയതാഴ്വരയിലേക്ക് ഇറങ്ങി ചെല്ലുവാൻ മഹാ പ്രയാസം, ആയത് കൊണ്ടു ഞങ്ങൾ മലയുടെ അടിയോളം നിന്നോടു കൂട വരുന്നു എന്നു പറഞ്ഞാറെ,

അവൻ വളരെ സൂക്ഷിച്ചിറങ്ങി എങ്കിലും, രണ്ടു മൂന്നു വട്ടം കാൽ തെററി വീഴുവാൻ ഭാവിച്ചു. അടിയിൽ എത്തിയശേഷം അവർ ക്രിസ്തിയനു ഒരപ്പവും ഒരു കുപ്പി വീഞ്ഞും മുന്തിരിങ്ങാക്കുലയും കൊടുത്തു അവനെ പറഞ്ഞയച്ചു. വിനയതാഴ്വരയിൽ ക്രിസ്തിയനു വന്ന സങ്കടം എത്രയും വലിയതായിരുന്നു. അവൻ അല്പം വഴി നടന്ന ശേഷം, രാക്ഷസനായ അപ്പൊല്ല്യൊൻ വയലിൽ കൂടി വരുന്നതു കണ്ടു. പേടിച്ചു വിറെച്ചു ഇനി പാഞ്ഞു കളകയൊ നില്ക്കയൊ, ഏതു വേണ്ടു? എന്നു വിചാരിച്ചു വ്യാകുലനായപ്പോൾ, പുറത്തു ആയുധങ്ങൾ ഇല്ലല്ലൊ ഞാൻ തിരിഞ്ഞു ഓടിപ്പോയാൽ, ശത്രു വന്നു അസ്ത്രം എയ്തു മുറി ഏല്പിപ്പാൻ ഒരു പ്രയാസമില്ല എന്നോർത്തു, നിന്നു പൊരുതുന്നതു തന്നെ ആവശ്യം. പ്രാണരക്ഷ മാത്രം വേണ്ടിയിരുന്നാലും നിലനില്ക്ക അത്രെ നല്ലു എന്നു നിശ്ചയിച്ചു നടക്കും സമയം, അപ്പോല്ല്യൊൻ എതിരേററു. ആ രാക്ഷസന്റെ വേഷം അതിഭയങ്കരം മീനിന്നു ചെതുമ്പൽ എന്ന പോലെ കനത്ത അവന്റെ പുതപ്പും, കടവാതിലിന്നു എന്ന പോലെ ചിറകും, കരടിക്കുള്ളതു പോലെ കാല്കളും, സിംഹമുഖമുണ്ടായതുമല്ലാതെ അവന്റെ വയററിൽ നിന്നു തീയും പുകയും പുറപ്പെട്ടു വന്നു, ക്രിസ്തിയന്റെ അടുക്കൽ എത്തിയപ്പോൾ അവനെ ക്രുദ്ധിച്ചു നോക്കി: നീ എവിടെനിന്നു വരുന്നു? യാത്ര എവിടേക്കു എന്നു ചോദിച്ചു.

ക്രിസ്തി: നാനാ ദോഷവും നിറഞ്ഞിരിക്കുന്ന

നാശപുരം വിട്ട ഞാൻ ചിയോൻ നഗരത്തിലേ
ക്ക് പോകുന്നു.

അപ്പോല്ല്യൻ: ആ രാജ്യമെല്ലാം എനിക്കുള്ള
തു അതിലെ നാഥനും ദേവനും ഞാൻ തന്നെ ആ
കുന്നു. നീയും എന്റെ കുടിയാൻ, വിട്ട പോവാൻ എ
ന്തു സംഗതി? നിന്നെകൊണ്ടു ഇനിയും പണി എ
ടുപ്പിച്ചു ലാഭം വരുത്തുവാൻ വിചാരിച്ചില്ലെങ്കിൽ
ക്ഷണത്തിൽ തച്ചു കൊന്നു കളയുമായിരുന്നു.

ക്രിസ്തി: ഞാൻ നിന്റെ രാജ്യത്തിൽ ജനിച്ചു
എങ്കിലും നിന്റെ വേല കഠിനവും കൂലി ജീവരക്ഷെ
ക്കായി പോരാത്തതുമായിരിക്കുന്നു. (പാപത്തിന്റെ
കൂലി മരണമല്ലൊ രോമ. ൬. ൨൩.) അതുകൊണ്ടു പു
രുഷപ്രായം വന്നശേഷം എല്ലാ സുബുദ്ധികൾ
ചെയ്യുന്നത് പോലെ ഞാനും എന്തു നല്ലു എന്നു
നോക്കി നടന്നതെ ഉള്ളു.

അപ്പോ: കുടിയാന്മാരെ വെറുതെ പോയ്ക്കൊള്ളു
വാൻ വിടുന്ന രാജാവ് ലോകത്തിൽ ഇല്ലല്ലൊ ഞാ
നും നിന്നെ വെറുതെ വിടുന്നില്ലു വേലയും കൂലിയും
കൊണ്ടു ഒരു സങ്കടം വേണ്ടാ മടങ്ങി വന്നാൽ ന
മ്മുടെ രാജ്യത്തിലെ സകല സമ്പത്തും ഞാൻ നി
നക്ക് തരും നിശ്ചയം.

ക്രിസ്തി: ഞാൻ രാജാധിരാജാവിനെ തന്നെ
സേവിച്ചു തുടങ്ങിയിരിക്കുന്നു; പിന്നെ നിന്നോടു
കൂട മടങ്ങി വരുവാൻ കഴിവുണ്ടോ?

അപ്പോ: അയ്യൊ മൂഢ! ആന, കുതിര, ആടു,
കോഴി, താടി, മീശ, കണ്ടില്ലെ? ആ രാജാവിനെ
സേവിപ്പാൻ മുതിൎന്നവർ മിക്കവാറും അവനെ

ഉപേക്ഷിച്ചു എന്റെ അടുക്കൽ മടങ്ങി വരുന്നൊരു മൎയ്യാദ ഉണ്ടു; അപ്രകാരം നീയും ചെയ്താൽ ഗുണം വരും.

ക്രിസ്തി: ഞാൻ കൈ അടിച്ചു നിത്യം സേവിപ്പാൻ സത്യം ചെയ്തു. അവനെ വിട്ടു മടങ്ങി പോന്നാൽ ദ്രോഹിയായി തൂങ്ങി മരിക്കേണ്ടതല്ലോ?

അപ്പൊ: നീ എന്നോടും ദ്രോഹം ചെയ്തു എങ്കിലും മടങ്ങി വന്നാൽ, ഞാൻ എല്ലാ അപരാധങ്ങളെ ക്ഷമിച്ചു ഓമനിക്കും.

ക്രിസ്തി: നിന്നെ സേവിപ്പാൻ സത്യം ചെയ്തത് ചെറുപ്പത്തിൽ അത്രെ, ഞാൻ ഇപ്പോൾ സേവിച്ചുവരുന്ന രാജാവ് എന്നെ രക്ഷിപ്പാനും, നിന്റെ സേവയാൽ വന്ന പാപം ക്ഷമിപ്പാനും പ്രാപ്തൻ എന്നു ഞാൻ വിശ്വസിക്കുന്നു. ഹാ സംഹാരകനായ അപ്പൊല്ല്യനെ! നിന്റെതല്ല അവന്റെ വേല, കൂലി, വേലക്കാർ, അധികാരം, സംസൎഗ്ഗം, രാജ്യം എന്നിവറ്റെ അത്രെ ഞാൻ സ്നേഹിച്ചു വരുന്നു. ഇനി ഒരു വാക്കും വേണ്ടാ! ഞാൻ അവന്റെ അടിയാനായി അവനെ തന്നെ സേവിക്കും നിശ്ചയം.

അപ്പൊ: ഇത്ര ഉഷ്ണിച്ചു പറയുന്നത് എന്തു? നിണക്ക കുറയ സുബുദ്ധി വരട്ടേ, എന്നാൽ ഈ വഴിയിൽ വരുന്ന കഷ്ടങ്ങൾ വിചാരിച്ചറിയേണ്ടതിന്നു സംഗതി ഉണ്ടാകും. ആ രാജാവിന്റെ പ്രജകൾ എന്നെയും എന്റെ വഴികളെയും വിരോധിക്കകൊണ്ടു, അവൎക്കു മിക്കവാറും അപമൃത്യു ഉണ്ടല്ലോ എത്ര ആൾ അപമാനത്തോടെ കുലനിലത്തു വെച്ചു മരിച്ചു. പിന്നെ അവന്റെ സേവയെ നീ

അധികമായിസ്നേഹിക്കുന്നു എന്നു പറഞ്ഞുവല്ലോ? ഹാ നിനക്കു എന്തു ബുദ്ധി! തനിക്കുള്ളവരെ ശത്രുക്കളുടെ കൈയ്യിൽനിന്നു രക്ഷിപ്പാൻ വേണ്ടി അവൻ ഒരു നാളും തന്റെ സ്ഥലത്തുനിന്നു വന്നിട്ടില്ല, എങ്കിലും എന്റെ വിശ്വസ്തരെ ഞാൻ ഏറിയൊരു ഉപായപരാക്രമങ്ങളെകൊണ്ടു അവന്റെ സേവകന്മാരുടെ കൈയ്യിൽനിന്നു രക്ഷിച്ചു വരുന്നു എന്ന ലോകത്തിൽ എങ്ങും പ്രസിദ്ധമാകുന്നു; നിന്നെയും രക്ഷിക്കും.

ക്രിസ്തി: അവരുടെ സ്നേഹത്തെയും അവസാനത്തോളമുള്ള വിശ്വാസത്തെയും പരീക്ഷിപ്പാനായി എന്റെ കൎത്താവു അവരെ ചിലപ്പോൾ വേഗം രക്ഷിക്കാത്തതു സത്യം. അവൎക്കു അതിനാൽ ഒരു സങ്കടവും ഇല്ല, തല്ക്കാലരക്ഷെക്കായിട്ടല്ല നിത്യജീവനായിട്ടത്രെ അവർ കാത്തിരിക്കുന്നു. നീ പറഞ്ഞ പ്രകാരം അപമൃത്യു വന്നാലും അപമാനം അല്ല സന്തോഷം അത്രെ തോന്നുന്നു, രാജാവ് ദൈവദൂതന്മാരോടു കൂടി മഹത്വത്തിൽ വരുമ്പോൾ അവൎക്കും മഹത്വം സിദ്ധിക്കും നിശ്ചയം.

അപ്പൊ: അവൻ മററവൎക്കു മഹത്വം കൊടുത്താലും നിന്റെ സേവ അതിന്നു പാത്രം എന്നു എങ്ങിനെ നിരൂപിക്കുന്നു?

ക്രിസ്തി: എന്റെ സേവയിൽ നീ കുറവു കണ്ടുവോ?

അപ്പൊ: കണ്ടു; നീ അഴിനിലയിൽ വീണു വലഞ്ഞു പോയി, രാജാവ് ചുമടു ചുമലിൽനിന്നു നീക്കുവോളത്തിന്നു കാത്തിരിപ്പാൻ മനസ്സില്ലാഞ്ഞിട്ടു

ആയതിന്നു നീക്കം വരുത്തുവാൻ വഴി തെററി നടന്നു, നീ ദോഷമായി ഉറങ്ങി ചീട്ടും കളഞ്ഞു, സിംഹഭയത്താൽ മടങ്ങി കളവാൻ ഏകദേശം ഭാവിച്ചുവല്ലോ! യാത്രയിൽ കണ്ടും കേട്ടുമുള്ള കാൎയ്യങ്ങളെകൊണ്ടു സംസാരിക്കുന്തോറും എല്ലാ വാക്കിനാലും പ്രവൃത്തിയാലും മാനം വരെണം എന്നു നിന്റെ ഉള്ളിൽ ഒരു ദുരാശ ഉണ്ടു, എന്നിങ്ങിനെ ഓരോന്നു കണ്ടു.

ക്രിസ്തി: നീ പറഞ്ഞതിനേക്കാൾ അധികം പാപം ചെയ്തിരിക്കുന്നു സത്യം; എങ്കിലും ഞാൻ സേവിച്ചും ബഹുമാനിച്ചും വരുന്ന രാജാവ് കരുണയുള്ളവനും ക്ഷമിപ്പാൻ കാത്തിരിക്കുന്നവനുമാകുന്നു. പിന്നെ ഒന്നു പറയാം: നിന്റെ രാജ്യത്തിൽനിന്നു തന്നെ ഞാൻ ആ ദുസ്സ്വഭാവങ്ങളെ എല്ലാം ഉൾക്കൊണ്ടു ഇതുവരെയും ഞരങ്ങി വഹിച്ചു, അനുതാപം നിമിത്തം എന്റെ രാജാവിൽനിന്നു ക്ഷമയും ലഭിച്ചിരിക്കുന്നു.

അപ്പോൾ രാക്ഷസൻ മുഴുത്ത കോപത്തോടെ: ഞാൻ ആ രാജാവിന്റെ ശത്രു, അവന്റെ കല്പനകളെയും ജനത്തെയും ദ്വേഷിക്കുന്നു, നിന്നെ മടക്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

ക്രിസ്തി: ഹാ അപ്പൊല്യനേ! സൂക്ഷിച്ചുകൊള്ളു; ഞാൻ വിശുദ്ധിയുള്ള രാജമാൎഗ്ഗത്തിൽ സഞ്ചരിച്ചു വരുന്നു എന്നറിക.

അപ്പോൾ രാക്ഷസൻ വഴിമദ്ധ്യേ കാലുകൾ പാൎത്തി, എനിക്കു ഈ കാൎയ്യത്തിൽ ഒരു ഭയമില്ല; പാതാളത്താണെ! ഞാൻ നിന്നെ മുന്നോക്കം പോവാൻ

സമ്മതിക്കയില്ല; മരിപ്പാനായി ഒരുങ്ങിയിരിക്ക ഇവിടെ തന്നെ ഞാൻ നിന്നെ കീറി വിഴുങ്ങും എന്നു പറഞ്ഞു ഒരു തീയമ്പു ക്രിസ്തിയന്റെ മാറിൽ എയ്തു. ആയതിനെ ക്രിസ്തിയൻ കൈക്കലുള്ള പരിചകൊണ്ടു തടുത്തു, ധൈൎയ്യം പൂണ്ടു വാളൂരി യുദ്ധത്തിന്നടുത്ത ശേഷം, അപ്പൊല്ല്യൻ കന്മഴ പോലെ ശരങ്ങളെ വൎഷിച്ചു തലയിലും കൈയിലും മുറിയേല്പിച്ചതിനാൽ, ക്രിസ്തിയൻ വലഞ്ഞു. അല്പം പിൻവാങ്ങിയാറെ, രാക്ഷസൻ അതിരോഷത്തോടെ ക്രിസ്തിയനുമായി ൧൮ നാഴിക ഭയങ്കരമായ യുദ്ധം കഴിച്ചു. മുറിവുകളാലും ചോരവീഴ്ചയാലും തളൎന്നു് അപ്പൊല്ല്യൻ കണ്ടെടുത്തു ഞെരുങ്ങെ അടിച്ചു കുത്തി മല്ലു കെട്ടിയപ്പോൾ, ക്രിസ്തിയൻ വീണു വാളും കൈവിട്ടു പ്രാണഛേദം വരും എന്നു വിചാരിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ രാക്ഷസൻ സന്തോഷിച്ചു ആൎത്തു അവനെ കൊല്ലുവാൻ കുന്തം ഓങ്ങിയപ്പോൾ, ക്രിസ്തിയൻ ക്ഷണത്തിൽ, കൈ നീട്ടി വാളും പിടിച്ചു ഹാ വൈരിയെ! സന്തോഷിക്കരുതേ! ഞാൻ വീണു എങ്കിലും എഴുനീല്ക്കും എന്നു പറഞ്ഞു, രണ്ടാമതും കലഹം അതികടുപ്പത്തോടു തുടങ്ങി, രാക്ഷസനെ ഒന്നു വെട്ടി മുറിയേല്പിച്ചുകൊണ്ടു പൊരുതു, നാമോ നമ്മെ സ്നേഹിച്ചവനാൽ അതിൽ ഒക്കയും ഏറെ ജയിക്കുന്നു (രോമ. ൮, ൩൭.) എന്നോൎത്തു വിളിച്ചാറെ, അപ്പൊല്ല്യൻ പറന്നു ഓടി പോകയും ചെയ്തു.

ഈ പോരിൽ ഒക്കെയും അപ്പൊല്ല്യന്റെ ഭയങ്കരശബ്ദങ്ങളും ആൎപ്പുവിളിയും മുറവും കേട്ടവൎക്കത്രെ

അറിഞ്ഞുകൂട്ടം, അപ്രകാരവും ക്രിസ്ത്യനെൻറ വലു തായ ഞരക്കവും കരച്ചലും ഇരുമുനയുള്ള വാൾകൊണ്ടു രാക്ഷസനെ മുറിച്ച ശേഷം അത്രെ കുറയ പ്രസാദിച്ചു മേല്പെട്ടു നോക്കുവാൻ സംഗതി വന്നുള്ളു. ഇങ്ങിനെയുള്ള യുദ്ധം ഞാൻ ഒരുനാളും കണ്ടില്ല നിശ്ചയം.

അതിൻെറ ശേഷം ക്രിസ്ത്യൻ സിംഹവായിൽനിന്നു എന്നെ രക്ഷിച്ചു അപ്പൊല്ലുനെ ജയിപ്പാൻ സഹായിച്ചവന്നു സ്തോത്രം ഭവിക്കട്ടേ എന്നു പറഞ്ഞു.

ബേൽജബ്ബൂൽ പിശാച് സ്വാമി
നിത്യം എൻ സംഹാരകാമി
ഇന്നൊരു സന്നദ്ധനെ
എൻെറ നേരെ വിട്ടതെ!
കഷ്ടം കഷ്ടം എന്തു യുദ്ധം
ഉൾപുറം എത്രയും ക്രുദ്ധം
സൎവ്വം ആദിയിൽ വിരുദ്ധം
എന്നാൽ നാരകാഭിപ്രായം.
സാധിച്ചില്ല എൻ സഹായം.
വന്ദ്യനായ മികയേൽ.
താൻ മുറിച്ചവൻെറ മേൽ
എൻ തുണെക്കു സമൻ ഏവൻ.
എന്നും വാഴ്ക സത്യദേവൻ.

എന്നു പാട്ടുകയും ചെയ്തു.

അതിൻെറ ശേഷം ഒരുത്തൻ വന്നു ജീവവൃക്ഷത്തിൻെറ ഇലകൾ കൊടുത്തു, അവറെറ ക്രിസ്ത്യൻ വാങ്ങി പോരിൽ ഏററ മുറിവുകളിൽ കെട്ടി, സൌഖ്യമായാറെ, അസാരം അപ്പവും തിന്നു വീഞ്ഞും അല്പം കുടിച്ചു. ഇനിയും വല്ല ശത്രു വരു

വാൻ സംഗതി ഉണ്ടു എന്നു വിചാരിച്ചു വാളും കൈയിൽ പിടിച്ചു. ആ താഴ്വര കടന്നു പോവോളത്തിന്നും അപ്പൊല്ല്യനാൽ വേറൊരു ഉപദ്രവം ഉണ്ടായില്ല.

മരണനിഴലിന്റെ താഴ്വര വിനയതാഴ്വരയോടു ചേൎന്നിരിക്കകൊണ്ടും വാനൂർവഴി അതിന്റെ നടുവിൽ കൂടിയതാകകൊണ്ടും ക്രിസ്ത്യനു അതിലും കൂടി പോവാൻ ആവശ്യമായിരുന്നു. ആ താഴ്വര ഒരു വനവും കാട്ടുവെളിയും കുഴിയും ചുട്ട മണ്ണും മരണഛായയുമുള്ള ദേശവും ക്രിസ്ത്യാനിയല്ലാതെ ഒരുത്തനും കടക്കാതെയും ഒരു മനുഷ്യൻ പാൎക്കാതെയും ഉള്ള സ്ഥലവുമാകുന്നു എന്നു യിറമിയ ദീൎഘദൎശി പറഞ്ഞു. (യിറമി.൨, ൬.) അപ്പൊല്ല്യനുമായിട്ടുള്ള പടയിൽ ഉണ്ടായ കഷ്ടങ്ങളെക്കാൾ വലിയ സങ്കടം ക്രിസ്ത്യനു അവിടെ വന്നു എന്നുടനെ കാണ്മാൻ സംഗതിയുണ്ടാകും.

ക്രിസ്ത്യൻ മരണനിഴലിന്റെ താഴ്വരയുടെ അതിരിലെത്തിയപ്പോൾ, കനാൻ രാജ്യത്തെ കുറിച്ചു പണ്ടു ദുഷ്കീൎത്തിയുണ്ടാക്കിയവരുടെ പുത്രന്മാരായ രണ്ടാൾ എതിരെ പാഞ്ഞു വന്നു.

ക്രിസ്തി: അവരെ കണ്ടപ്പോൾ, നിങ്ങൾ എവിടെ പോകുന്നവർ എന്നു ചോദിച്ചു.

അവർ: മടങ്ങി പോ! നീ ജീവനെയും സുഖത്തെയും അല്പം പോലുംവിചാരിച്ചാൽ മടങ്ങി വരിക!

ക്രിസ്തി: എന്തിന്നു? കാൎയ്യം എന്തു?

അവർ: കാൎയ്യമൊ? കഴിയുന്നെടത്തോളം ഈ വഴിയിൽ നടന്നു, ഞങ്ങൾ ഇനിയും അല്പം മാത്രം അങ്ങോട്ടു പോയെങ്കിൽ മടങ്ങി വന്നു വൎത്തമാനം

അറിയിപ്പാൻ സംഗതി വരികയില്ലയായിരുന്നു.

ക്രിസ്തി: എന്നാൽ നിങ്ങൾ കണ്ടതെന്തു?

അവർ: ഞങ്ങൾ മരണനിഴലിന്റെ താഴ്വരയിൽ എത്തുമാറായി കഷ്ടങ്ങളിലകപ്പെട്ടും മുമ്പെ അവറ്റെ കണ്ടതു ഞങ്ങളുടെ ഭാഗ്യം.

ക്രിസ്തി: എന്നാൽ നിങ്ങൾ കണ്ടതു പറയരുതൊ?

അവർ: പറയാം: ഈ താഴ്വര കരിപോലെ കറുത്തതും, ദുർഭൂതപിശാചുകൾ, പെരിമ്പാമ്പുകൾ എന്നിവ നിറഞ്ഞതും ചങ്ങല ഇട്ട പ്രാണസങ്കടമായ ജനങ്ങളുടെ കരച്ചലും നിലവിളിയും കേട്ടതല്ലാതെ, ഭയങ്കരമായ കാർമ്മേഘങ്ങളും മരണത്തിന്റെ ചിറകുകളും മീതെ കാണ്മാൻ ഉണ്ടു ചുരുക്കി പറഞ്ഞാൽ അവിടെ എല്ലാം ഘോരതയും ക്രമക്കേടുമായിരിക്കുന്നു സത്യം.

ക്രിസ്തി: എന്നാലും വാഞ്ഛിതസ്ഥലത്തേക്കു പോവാൻ എന്റെ വഴി ഇത് തന്നെ എന്നു പറഞ്ഞാറെ,

അവർ: അതു നിന്റെ ഇഷ്ടം ഞങ്ങൾ മറ്റൊരു വഴിയെ അന്വേഷിക്കും.

എന്നു ചൊല്ലി പോയശേഷം, ക്രിസ്തിയൻ വാളൂരി പിടിച്ചു മുമ്പോട്ടു തന്നെ നടക്കയും ചെയ്തു.

അനന്തരം ഞാൻ സ്വപ്നത്തിൽ ക്രിസ്തിയന്റെ വഴിയെ നോക്കി ഇതാ വലത്തു ഭാഗത്തു എത്രയും വിസ്താരമുള്ളൊരു കുഴി, അതിലേക്ക് പണ്ടു പണ്ടേ കണ്ണുകാണാത്തവർ കുരുടന്മാരെ നടത്തി ഇരുവരും വീണു നശിക്കയും ചെയ്തു. ഇടഭാഗത്തു ഒരു പൊട്ടു

ഉണ്ടു, അതിൽ ഒരു നീതിമാൻ അകപ്പെട്ടാലും ഉറച്ചു നില്പാനായി നിലം കിട്ടുന്നില്ല; ദാവീദ് രാജാവ് ഒരിക്കൽ ആയതിൽ വീണു, ശക്തിമാനായവൻ അവനെ കരേററിട്ടില്ലെങ്കിൽ സംശയം കൂടാതെ മുങ്ങിപ്പോകുമായിരുന്നു (സങ്കീ. ൬൦, ൧൨.)

വഴിയും മഹാദുഘടമാകകൊണ്ടു ക്രിസ്തിയൻ വളരെ ദുഃഖിച്ചു, ഇരുളിൽ തപ്പിത്തപ്പി നടന്നു കുഴിയെ സൂക്ഷിച്ചു ചെളിയിൽ അകപ്പെടായ്വാൻ നോക്കിയപ്പോൾ, കുഴിയിൽ വീഴുമാറായി. ഇങ്ങിനെ അവൻ നടന്നു വീൎത്തു വഴി നല്ലവണ്ണം കാണായ്കകൊണ്ടു ഒരു കാൽ ഇങ്ങോട്ടു വലിച്ച നേരം അതു എവിടെയൊ എതിന്മേലോ വെക്കേണ്ടു എന്നു പലപ്പോഴും അറിയാതെ ഇരുന്നു. താഴ്വരയുടെ നടുവിലും വഴി സമീപത്തും ഇരിക്കുന്ന നരകവാതിലോളം എത്തിയാറെ, മഹാശബ്ദത്തോടെ അഗ്നിജ്വാലകളും പുകയും തീപ്പൊരികളും അസംഖ്യമായി ചുററും പാറി തെറിച്ചതുകൊണ്ടും ക്രിസ്തിയൻ ഞാൻ ഇനി എന്തു ചെയ്യേണ്ടു? അപ്പൊല്ല്യനെ വാളാൽ ജയിച്ചു എങ്കിലും, അതിനാൽ ഇവിടെ എന്തുപകാരം വന്നു എന്നു വിചാരിച്ചു വാൾ ഉറയിൽ ഇട്ടു സൎവ്വ പ്രാൎത്ഥന എന്ന ആയുധം എടുത്തു കൎത്താവെ എന്റെ ആത്മാവെ രക്ഷിക്കേണമെ എന്നു വിളിച്ചു നടന്നു, എന്നിട്ടും ജ്വാലകൾ അവന്റെ നേരെ കാളികൊണ്ടിരുന്നു. അതുമല്ലാതെ ഭയങ്കര ഒച്ചകളും പാച്ചലും കേട്ടു, ഞാൻ ചവിട്ടുകൊണ്ടു തകൎന്നു പോകും എന്നു ചിലപ്പോൾ വിചാരിച്ചു ദുഃഖിച്ചു, ഇങ്ങിനെ ചിലനാഴിക മഹാസങ്കടത്തോടെ നടന്ന

ശേഷം, ആപ്പും വിളിയും കേട്ട പിശാചിന്നൊസൈന്യം വരുന്നുണ്ടെന്നു വിചാരിച്ചു സ്തംഭിച്ചു ഇനി എന്തു വേണ്ടു? മടങ്ങി പോകയൊ മുമ്പോട്ട നടക്കയൊ ഏതു നല്ലു എന്നു നിനെച്ചു. ഒരു സമയം മടങ്ങിപ്പോവാൻ ഭാവിച്ചു എങ്കിലും ഉടനെ അതു കാൎയ്യമല്ല, വഴി അധികം നടന്നു സങ്കടങ്ങളും വളരെ സഹിച്ചതല്ലാതെ തിരിച്ചു പോയാൽ കുഴിയിലൊ പൊയ്കയിലൊ വീഴുവാൻ സംഗതി ഉണ്ടാകും എന്നോൎത്തു തനിച്ചു നടന്നു കൊണ്ടിരിക്കുമ്പോൾ, പേയ്കൾ അടുത്തു വന്ന സമയത്തു "ഞാൻ കൎത്താവിന്റെ ശക്തിയിൽ നടക്കും" എന്നവൻ മഹാശബ്ദത്തോടെ നിലവിളിച്ചാറെ, അവർ ഭ്രമിച്ചു മണ്ടിപ്പോയി.

ഇങ്ങിനെയുള്ള കഷ്ടങ്ങളാൽ ക്രിസ്ത്യൻ വളരെ കലങ്ങി വലഞ്ഞു സ്വശബ്ദം പോലും തിരിച്ചറിയാതവണ്ണം വിഷമിച്ചു നരകത്തിന്റെ വാതിൽ കടന്നപ്പോൾ തന്നെ, ഒരു ദുൎഭൂതം പതുക്കെ അവന്റെ പിറകിൽ വന്നു, പല ദൂഷണവാക്കുകളെ ചെവിയിൽ മന്ത്രിച്ചതു തന്റെ മനസ്സിൽനിന്നു തന്നെ ഉൾപ്പെട്ടു വരുന്നു എന്നു വിചാരിച്ചു മഹാസങ്കടത്തിലായി. അയ്യൊ എന്റെ കൎത്താവിനെ ഞാൻ ദൂഷിച്ചുവൊ? എന്നു ചൊല്ലി ദുഃഖിച്ചു കൊണ്ടിരുന്നു, ആ ദൂഷണങ്ങളുടെ കാരണം അവൻ അന്നു അറിഞ്ഞില്ല. അവറ്റെ കേൾക്കാതിരിക്കേണ്ടതിന്നു ചെവി പൊത്തുവാൻ ആവശ്യം എന്നു ഓൎത്തതുമില്ല.

ക്രിസ്ത്യൻ വളരെ സമയം ഇങ്ങിനെ ദുഃഖിച്ചു നടന്ന ശേഷം, "മരണനിഴലിൻ താഴ്വരയൂടെ

നടന്നാലും ഞാൻ തിന്മ ഭയപ്പെടുകയില്ല; നീ അല്ലൊ എന്റെ കൂടെ ഉണ്ടു" (സങ്കീ. ൨൩, ൪.) എന്ന മുന്നടക്കുന്നൊരു മനുഷ്യന്റെ വാക്കു കേട്ടു സന്തോഷിച്ചു ഞാൻ തന്നെ അല്ല, ദൈവത്തെ ഭയപ്പെടുന്ന മററും പല ജനങ്ങളും ഈ താഴ്വരയിൽ സഞ്ചരിക്കുന്നുണ്ടു. പിന്നെ ഇരുട്ടും സങ്കടവുമുള്ള ഈ സ്ഥലത്തു തന്നെ ദൈവം അവരോടു കൂട ഉണ്ടാകകൊണ്ടു, ദിക്കിന്റെ ദോഷം നിമിത്തം അത് അറിവാൻ പാടില്ലെങ്കിലും അവൻ എന്റെ കൂടയും ഇരിക്കും നിശ്ചയം. അതു കൂടാതെ വേഗം നടന്നു മുമ്പിലുള്ളവരോടു ചേൎന്നു നടക്കാം എന്നു വിചാരിച്ചതു് ആശ്വാസമായി വന്നു. മുമ്പിൽ നടന്നവനെ വിളിച്ചു എങ്കിലും, അവനും താൻ ഏകനായി നടക്കുന്നു എന്നു വിചാരിച്ചു ഉത്തരം പറഞ്ഞില്ല. അങ്ങിനെ ഇരിക്കുമ്പോൾ നേരം പുലൎന്നു, അവൻ മരണനിഴലിനെ പ്രഭാതകാലമാക്കി മാററി (ആമൊ. ൫, ൮.) എന്നു ക്രിസ്തിയനും പറഞ്ഞു. വെളിച്ചമായ ശേഷം താൻ രാത്രിയിൽ കടന്നു വന്ന കഷ്ടങ്ങളെ പ്രകാശത്തിൽ കാണ്മാൻ തിരിഞ്ഞു നോക്കിയപ്പോൾ, ഇരുപുറവും കുഴി പൊയ്ക ദുഷ്ടവഴി ഭൂതപിശാചങ്ങൾ എന്നിവയൊക്ക സ്പഷ്ടമായി കണ്ടു, അവ പകൽ സമയത്തു അടുക്കെ വരുന്നില്ല ദൂരെ പാൎക്കുന്നെങ്കിലും അവൻ ആഴമറഞ്ഞവ ഇരുളിൽ നിന്നു വെളിപ്പെടുത്തി, മരണനിഴലും വെളിച്ചത്തേക്കു പുറപ്പെടുവിക്കയും ചെയ്യുന്നു, (യോബ്. ൧൨, ൨൨.) എന്ന വചനപ്രകാരം അവന്നു വെളിവായി വന്നു. അപ്പോൾ, ക്രിസ്തിയൻ സന്തോഷിച്ചു,

ഞാൻ ഇപ്പോൾ, വെളിച്ചത്തു കണ്ട ആ സകല സങ്കടങ്ങളിൽ കൂടിയും രാത്രിസമയം നടന്നു എങ്കിലും, നശിച്ചില്ല ജീവനോടെ തന്നെ ഇരുന്നത് എത്രയും വിസ്മയം എന്നു വിചാരിക്കുന്നേരം സൂൎയ്യൻ ഉദിച്ചു. അവൻ ഇനി നടക്കേണ്ടുന്ന വഴി മുമ്പിലത്തേക്കാൾ അധികം ദുൎഘടമാകകൊണ്ടു സൂൎയ്യപ്രകാശത്താൽ വന്ന ദേവാനുഗ്രഹം എത്രയും വലിയതാകുന്നു, അവൻ നിന്ന സ്ഥലം തുടങ്ങി താഴ്വരയുടെ അതിരോളം വഴി എല്ലാം കണി. വല, കുഴിമുതലായ വിഘ്നങ്ങൾ നിറഞ്ഞിരുന്നു; രാത്രി എങ്കിൽ ആയിരം പ്രാണങ്ങൾ ഉണ്ടു എങ്കിലും നശിക്കുമായിരുന്നു നിശ്ചയം. പകലാകകൊണ്ടു ക്രിസ്ത്യാനി വളരെ സന്തോഷിച്ചു ഹാ ദൈവം തന്റെ വിളക്കിനെ എൻതലമേൽ മിന്നിച്ചിരിക്കെ ആ വെളിച്ചത്താൽ ഇരുളിൽ കൂട സുഖേന നടക്കയും ചെയ്യും (യോബ് ൨൯, ൩.) എന്നു പറഞ്ഞു.

ആ പ്രകാശത്തിൽ ക്രിസ്ത്യാനി നടന്നു താഴ്വരയുടെ അതിരിൽ എത്തിയപ്പോൾ, വഴിയുടെ വലഭാഗത്തു രാക്ഷസശ്രേഷ്ഠനായ വിഗ്രഹാസുരൻ ജട വളൎത്തിയും സൎവ്വാംഗം ഭസ്മം തേച്ചും വായി തുറന്നും, നാവു നീട്ടിയും തല ഒരു ലിംഗത്തിന്മേൽ വെച്ചുംകൊണ്ടു ഒരു ഗുഹയിൽ നഗ്നനായി കിടന്നു, രാമൻ, കൃഷ്ണൻ, നാരായണൻ, മോഹിനി എന്നും മറ്റും അവന്റെ ഭൃത്യന്മാർ ചുറ്റും നിന്നു നോക്കികൊണ്ടിരുന്നു. ഗുഹയുടെ പുറത്തു ഒരു വലിയ തേർ ഉരുളിൻകീഴെ ക്രമിച്ചു നാറുന്ന ശവങ്ങളും, എണ്ണമില്ലാതോളം അസ്ഥികളും കിടന്നു. രഥത്തിന്റെ വടക്ക്

ഭാഗത്തു ഉടന്തടിഏറിമരിച്ച വിധവമാരുടെ ഭസ്മങ്ങളും, തെക്കെ ഭാഗത്തു കൊന്നിട്ടുള്ള ഏറിയ പെൺകുഞ്ഞങ്ങളുടെ അസ്ഥികളും ചിതറി കിടക്കുന്നതു കണ്ടു.

അല്പം നടന്ന ശേഷം വഴിയുടെ വലത്തു ഭാഗത്തു തന്നെ, മറ്റൊരു ഗുഹയിൽ മുമ്മുടി ധരിച്ചും ചുകന്ന അങ്കി ഉടുത്തും വാക്കെട്ടിൽ താക്കോലും, വാളും കെട്ടിയും വലങ്കൈയിൽ ജപമാലയും ഇടങ്കൈയിൽ ക്രൂശും പിടിച്ചും കൊണ്ടു പാപ്പാരാക്ഷസൻ ഒരു സിംഹാസനത്തിന്മേൽ ഇരിക്കുന്നതും, പുറത്തു സാമ്പ്രാണിപ്പുക കയറിയും അകത്തു വളരെ നിലവിളക്കുകൾ കത്തിയും, ഗുഹയുടെ സമീപത്തു ശവാസ്ഥികളും മാംസകഷണങ്ങളും ഭസ്മവും കിടക്കുന്നതും കണ്ടു. കടന്നു ചെന്നപ്പോൾ ആ രാക്ഷസൻ വളരെ ക്രുദ്ധിച്ചു: ഹാ വികൃതി നിന്റെ ജ്യേഷ്ഠന്മാരെ പലരെയും ഞാൻ കൊന്നപ്രകാരം നിന്നെയും കൊല്ലും എന്നു പറഞ്ഞു, വിരലിനെ കടിച്ചു എങ്കിലും ഒന്നും ചെയ്വാൻ പാടില്ലാതെ വന്നു.

അവൻ പിന്നെയും അല്പം നടന്നശേഷം, വഴിയുടെ ഇടഭാഗത്തു ഒരു വലിയ കൂടാരത്തിൽ ജ്യേഷ്ഠാനുജന്മാരായ വിഗ്രഹാസുരപ്പാപ്പാമാരുടെ വൈരിയായ മുഹമ്മദ് രാക്ഷസൻ പച്ചത്തലപ്പാവ് കെട്ടി, അതിൽ അൎദ്ധചന്ദ്രാകാരം ധരിച്ചും വലിയ അങ്കി ഉടുത്തും വലങ്കൈയിൽ വാളും ഇടങ്കൈയിൽ കുറാനും പിടിച്ചും കൊണ്ടിരിക്കുന്നതും, ചുററും ലായ ള്ളാ ഇല്ലള്ളാ മഹമ്മദ് റസൂലള്ളാ എന്നു വിളിക്കുന്നവരെയും അസംഖ്യമായി കണ്ടു. അവിടെ ക്രിസ്തിയൻ വളരെ പരിഹാസവും ആൎപ്പും മററും കേട്ടു,

പൃഴിയും ചരലും അല്പം കൊണ്ടു എങ്കിലും വേറെ യൊരു ദോഷവും വന്നില്ല.

ക്രിസ്തിയന്നു ആ പ്രദേശത്തിൽ നാശം വരാ യ്കകൊണ്ടു ഞാൻ വളരെ അതിശയിച്ചു. രാക്ഷസ ന്മാരുടെ പൂൎവ്വാവസ്ഥയെ അന്വെഷിച്ചു കേട്ടതാ വിത്: വിഗ്രഹാസുരൻ പണ്ടു ഭൂലോകം ഒക്കയും അടക്കി, തന്റെ കോട്ടയിൽ എണ്ണമില്ലാതോളം വി ദ്വാന്മാർ, കവികൾ, ജ്യോതിഷക്കാർ, പൊൻ, വെ ള്ളി മുതലായ സമ്പത്തും മററും ചേൎത്തു, വലിയ മ ഹത്വത്തോടെ വാണു കൊണ്ടിരുന്നു എങ്കിലും, ചി യോൻ കൎത്താവ് വിഗ്രഹാസുരന്റെ രാജ്യത്തൂടെ ചിയോനിലേക്ക് ഒരു വഴിയുണ്ടാക്കുവാൻ തുടങ്ങി യപ്പോൾ, ഘോരയുദ്ധം ഉണ്ടായി, രാജാവ് താനും അവന്റെ സൈന്യത്തിൽ ഏറിയൊരു വിശ്വസ്ത രും പടയിൽ വീണു, സ്വൎഗ്ഗം പ്രാപിച്ചശേഷം, രാ ക്ഷസനും തളൎന്നു മുറിയേററു വീണു പകൽ കാല ത്തു അൎദ്ധപ്രാണനായി കിടന്നു, രാത്രിയിൽ മാത്രം സഞ്ചാരികളെ ഉപദ്രവിപ്പാൻ ശേഷിയുണ്ടാകകൊ ണ്ടു പ്രകാശത്തിൽ നടക്കുന്ന ക്രിസ്തിയനെ ഉപ ദ്രവിക്കാതെ ഇരുന്നു.

വിഗ്രഹാസുരന്റെ അനുജനായ പാപ്പാ ഏറി യ സമയം ജ്യേഷ്ഠന്റെ കോട്ടയിൽ തന്നെ പാൎത്തു, വിദ്യയെല്ലാം ശീലിച്ചു മഹാകൌശലക്കാരനായി തീൎന്നു, ജ്യേഷ്ഠൻ തോററുപോയി എന്നു കണ്ടപ്പോൾ, ചിയോൻരാജാവിന്നു സമ്മാനങ്ങളെ കൊണ്ടു വ ന്നു കീഴടങ്ങി വന്ദിച്ചു, അവന്റെ നാമത്തിൽ വാ ഴുവാൻ തുടങ്ങി, ലോകമഹത്വത്തെയും ഏറിയ

സൈന്യങ്ങളെയും തന്റെ കോട്ടയിൽ ചേൎത്തു, ഇ ഷ്ടന്മാൎക്ക കിരീടങ്ങളെ നല്കി രാജാക്കന്മാരാക്കി, ജ്യേ ഷ്ഠന്റെ ശാസ്ത്രികളോട്ട കൂട പഠിച്ച ജ്ഞാനത്താൽ വളരെ മാനുഷകല്പിതങ്ങളെ ഉണ്ടാക്കി, രാജ്യനീതി കളെ മാററി, ചിയോൻവഴിയെ ഒരു ചുവര് കെട്ടി അടെച്ചു, ചുവരിൽ ഒരു ചെറു വാതിൽ തുറന്നു വെ ച്ചു എന്നെ വന്ദിച്ചു എന്റെ കല്പന ആചരിച്ചു കൈക്കൂലിയും കൊടുത്തു വരുന്ന ജനങ്ങൾക്കു മാ ത്രം എന്റെ വാതിൽക്കൽ കൂടെ കടന്നു,ചിയോൻ പട്ടണത്തിലേക്ക് പൊകാം, ശേഷമുള്ളവരൊക്ക ന രകത്തിൽ വീഴും എന്നു ലോകത്തിൽ എങ്ങും പ്രസി ദ്ധമാക്കി. തന്റെ കല്പന ലംഘിച്ചു.പണം തരാതെ വേറെയൊരു വഴിയായി ചിയോനിലേക്ക് പോകു വാൻ നോക്കിയ സഞ്ചാരികളെ ഹിംസിച്ചു കൊല്ലു കയും ചെയ്യു. അങ്ങിനെ ഇരിക്കുമ്പോൾ സഞ്ചാ രിവീരനായ ഒരുവൻ സുന്ദരപുരിയിലെ ഗ്രഹവൃ ത്താന്തങ്ങളെ കണ്ടും, രാപ്പകൽ വായിച്ചും ധ്യാനി ച്ചും പ്രാൎത്ഥിച്ചും കൊണ്ടു,ചിയോൻ വഴിയുടെ ന്യാ യങ്ങളെയും ദിഗ്വിശേഷങ്ങളെയും ഗ്രഹിച്ചു,ലോക ത്തിൽ എല്ലാടവും അറിയിച്ചപ്പോൾ,അനേക സ ഞ്ചാരികൾ കൂട വന്നു, രാക്ഷസന്റെ ചുവരിനെ ഇടിച്ചു നീക്കി,അവന്റെ ദുഷ്ട്യങ്ങളെ എല്ലാം വെ ളിപ്പെടുത്തുകയാൽ, പലരും അവനെ ഉപേക്ഷിച്ചു, മഹത്വവും ദിവസേന കുറഞ്ഞു പോകുന്നുണ്ടു. അ തുകൊണ്ടു അവന്റെ ദുഃഖവും കോപവും പെരു കി, സഞ്ചാരികളെ കണ്ടാൽ ഹിംസിപ്പാൻ മനസ്സാ

കുന്നുഎങ്കിലും പാടില്ലായ്കകൊണ്ടു വിരലിനെ കടിച്ചു കൊണ്ടിരുന്നു.

മുഹമ്മദ് രാക്ഷസൻ ൧൨൦൦ വൎഷം മുമ്പെ ജനിച്ചു ജ്യേഷ്ഠാനുജന്മാരായ വിഗ്രഹാസുരപ്പാപ്പാമാരോടു യുദ്ധം ചെയ്തു രാജ്യവും അതിക്രമിച്ചു, ഒരു വലിയ അംശം നശിപ്പിച്ചു സ്വാധീനമാക്കി വളരെ മഹത്വത്തോട് വാണു വിശ്വാസ്യന്മാൎക്ക എല്ലാ വിധമുള്ള ജഡമോഹദ്രവ്യങ്ങളെ നല്കി, മേലും പ്രപഞ്ചസുഖാദി ഭോഗങ്ങളാൽ നിറഞ്ഞ സുവൎക്കം (സ്വൎഗ്ഗം) അവകാശമായി വരും, ശേഷമുള്ളവരൊക്കെ നിത്യ നരകാഗ്നിയിൽ ഇരിക്കേണ്ടി വരും എന്നു ഉപദേശിച്ചു.അവനെ സേവിക്കാത്തവരെയും പല സഞ്ചാരികളെയും ഉപദ്രവിച്ചു കൊന്നതിനാൽ അവൻ ലോകത്തിൽ ഭയങ്കരനായിതീൎന്നു. ഈ ദിവസം വരെയും അവന്റെ കോപം വലിയതും, വാൾ കൂൎമ്മയുള്ളതുമാകുന്നു; പൊരുതു ജയിപ്പാൻ ആഗ്രഹിക്കുന്നു എങ്കിലും, ഇപ്പോൾ വൃദ്ധത, അവീൻസേവ, സ്ത്രീഭോഗം, മുതലായവറ്റാൽ കുഴങ്ങി തമ്പിൽ പാൎത്ത നേരം പോക്കേണ്ടതിന്നു വെളുത്ത താടിയെ ഓമ്പികൊണ്ടിരിക്കുന്നു. അവനെ കാത്തു ലായള്ളാ ഇല്ലള്ളാ മുഹമ്മദ്റസൂലള്ളാ എന്ന് വിളിച്ചു കൊണ്ടിരിക്കുന്നവർ കടന്നു വരുന്ന സഞ്ചാരികളെ പരിഹസിച്ചും നിന്ദിച്ചും, പൂഴിയും ചരലും എറിഞ്ഞും തുപ്പിയും കൊണ്ടു, കുറയ സൌഖ്യക്കേടു വരുത്തും.

ക്രിസ്തിയൻ രാക്ഷസന്മാരുടെ ഗുഹക്കൂടാരങ്ങളെ ഒരു വിഘ്നം കൂടാതെ കടന്ന ശേഷം, വളരെ

സന്തോഷിച്ചു മരണനിഴലിന്റെ താഴ്വരയിൽ സഹിച്ച കഷ്ടങ്ങളെയും കൎത്താവിനാൽ തനിക്ക ഉണ്ടായ രക്ഷയെയും ഓൎത്തു.

ഹാ അത്ഭുതം പെരുത്ത ലോകം
ഈ സങ്കടത്തിലുള്ള ശോകം
അകന്നു ജീവനുണ്ടല്ലൊ.
നമോസ്തുതെ തുണെച്ച ഹസ്തം
തമോബലം നിന്നാലെ ഗ്രസ്തം.
നിൻ ഊക്കം ആജ്ഞയും വിശ്വസ്തം.
എന്നേക്കും വാഴ്ക എൻ വിഭോ!

എന്നു പാടുകയും ചെയ്തു.

അനന്തരം ക്രിസ്തിയൻ യാത്രയായി, വഴി സമീപത്തു സഞ്ചാരികൾക്ക വേണ്ടി കുന്നിച്ചുണ്ടാക്കിയൊരു തറയെ കണ്ടു കയറി നോക്കിയപ്പോൾ, മുമ്പിൽ ഓടുന്ന വിശ്വസ്തൻ എന്നവനെ കണ്ടു, എടോ! ഞാനും കൂട വരുന്നു എന്നു തിണ്ണം വിളിച്ചാറെ, അവൻ മറിഞ്ഞു നോക്കിയതു ക്രിസ്തിയൻ കണ്ടു. ഞാൻ വരുവോളം നില്ക്ക എന്ന് ചൊന്ന ശേഷം, വിശ്വസ്തൻ ഞാൻ പ്രാണരക്ഷെക്കായി ഓടുന്നു; കുലപാതകി വഴിയെ വരുന്നുണ്ടു എന്നു പറഞ്ഞപ്പോൾ, ക്രിസ്തിയൻ പേടിച്ചു പാഞ്ഞു ചെന്നു വിശ്വസ്തന്റെ മുമ്പിൽ എത്തി പിമ്പൻ മുമ്പനായി വന്നു എന്നു പറഞ്ഞു, അല്പം മാനം വിചാരിച്ചു ചിരിച്ചു സൂക്ഷിക്കായ്കയാൽ, കാൽ തടഞ്ഞു വീണു വിശ്വസ്തന്റെ സഹായത്താൽ മാത്രം എഴുനീല്പാൻ കഴിവുണ്ടായി. എന്നാറെ, ഇരുവരും ബഹു വാത്സല്യത്തോടെ നടന്നു പ്രയാണത്തിൽ കണ്ടു കേട്ട കാൎയ്യങ്ങളെ കുറിച്ചു സംസാരിപ്പാൻ തുടങ്ങി:

ക്രിസ്ത്യി: അല്ലയൊ പ്രിയ സഹോദര! ദൈവാനുഗ്രഹത്താൽ നമ്മളിൽ കണ്ടു നിൻെറ കൂട ഈ നല്ല വഴിയിൽ എനിക്ക നടപ്പാനായിട്ടു സംഗതി വന്നത്കൊണ്ടു വളരെ സന്തോഷം.

വിശ്വസ്തൻ: ഞാൻ പട്ടണത്തിൽനിന്നു തന്നെ നിൻെറ കൂട പോരുവാൻ വിചാരിച്ചിരുന്നു എങ്കിലും, നീ ക്ഷണത്തിൽ പോന്നതിനാൽ ഞാൻ ഇത് വരെയും ഏകനായി നടക്കേണ്ടി വന്നു.

ക്രിസ്ത്യി: ഞാൻ പോന്നാറെ, നീ എത്ര ദിവസം നാശപുരത്തിൽ പാൎത്തു?

വിശ്വ: സഹിപ്പാൻ കഴിവോളം പാൎത്തു. നീ പോന്ന ശേഷം നമ്മുടെ പട്ടണം ഉടനെ അഗ്നിവൎഷത്താൽ മുടിഞ്ഞു പോകും എന്നൊരു വൎത്തമാനം എല്ലാടവും പ്രസിദ്ധമായിരുന്നു.

ക്രിസ്ത്യി: അങ്ങിനെയുള്ള ശ്രുതിയുണ്ടായൊ?

വിശ്വ: ഉണ്ടായി പലരും അങ്ങിനെ പറഞ്ഞു കേട്ടു.

ക്രിസ്ത്യി: എന്നാൽ നീ അല്ലാതെ മററാരും നാശപുരത്തിൽനിന്നു ഓടിപോകാത്തതു ആശ്ചൎയ്യം തന്നെ.

വിശ്വ: അങ്ങിനെ പറഞ്ഞിരുന്നു എങ്കിലും അതു വിശ്വസിച്ചില്ല എന്നു തോന്നുന്നു. പലരും നിന്നെയും നിൻെറ യാത്രയെയും കുറിച്ചു പരിഹസിക്കുന്നതു കേട്ടു എങ്കിലും നമ്മുടെ പട്ടണം ഒടുവിൽ ഗന്ധകാഗ്നിവൎഷത്താൽ നശിച്ചു പോകും എന്നു വിശ്വസിക്കകൊണ്ടത്രെ ഞാൻ ഓടി പോന്നതു.

ക്രിസ്തി: നീ ചപലൻെറ വൎത്തമാനം വല്ലതും കേട്ടുവൊ?

വിശ്വ: അവൻ അഴിനിലയോളം നിൻെറ കൂട പോന്നതു എല്ലാടവും പ്രസിദ്ധമാകുന്നു, ചളിയിൽ വീണു എന്നും ചിലർ പറഞ്ഞു വീണില്ല എന്നത്രെ അവൻെറ വാക്കു; വീണു എന്നു എൻെറ പക്ഷം.

ക്രിസ്തി: പട്ടണക്കാർ അവനെ ചേൎത്തുവൊ?

വിശ്വ: അവൻ മടങ്ങി വന്ന ശേഷം, മഹാ നിന്ദ്യനായി തീൎന്നു, എല്ലാവരും അവനെ പരിഹസിച്ചും നിന്ദിച്ചും വരുന്നു; ആരും അവന്നു ഒരു വേല കൊടുക്കുന്നില്ല ഒട്ടും പുറപ്പെടാതിരുന്നെങ്കിൽ നന്നായിരുന്നു, പുറപ്പെട്ടു മടങ്ങി ചെന്നതിനാൽ അവൻ ഏഴു മടങ്ങു വഷളനായി പോയി.

ക്രിസ്തി: അവൻ ഉപേക്ഷിച്ച വഴി അവൎക്കെല്ലാവൎക്കും നിന്ദ്യമായിരുന്നുവല്ലൊ? പിന്നെ അവനെ നിരസിപ്പാൻ എന്തു സംഗതി?

വിശ്വ: അവൻ ചപലനും അസത്യവാനുമാകകൊണ്ടു കഴുവേറി തന്നെ എന്നവർ പറയുന്നു. ഈ വഴിയെ വിട്ടത് കൊണ്ടു അവനെ നിന്ദിച്ചു പഴഞ്ചൊല്ലാക്കുവാൻ ദൈവശത്രുക്കൾക്കു കല്പന ഉണ്ടു എന്നു എനിക്കു തോന്നുന്നു.

ക്രിസ്തി: നീ ഒരു സമയമെങ്കിലും അവനോടു സംസാരിച്ചുവൊ?

വിശ്വ: ഞാൻ ഒരു സമയം അങ്ങാടിയിൽ വെച്ചു കണ്ടപ്പോൾ, അവൻ സ്വപ്രവൃത്തിയാൽ നിന്ദ്യനെന്ന പോലെ മുഖം തിരിച്ചു പോയിക്കള

ഞതത്കൊണ്ടു അവനോടു സംസാരിപ്പാൻ ഇട വന്നില്ല.

ക്രിസ്ത്യ: യാത്രാരംഭത്തിങ്കൽ ആ മനുഷ്യൻ വിശ്വാസിയായി തീരും എന്നു ഞാൻ വിചാരിച്ചു എങ്കിലും ഛർദ്ദിച്ചതിലേക്കു തിരിഞ്ഞ നായി എന്നും പന്നി കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ എന്നും മെയ്യുള്ള (൨ പേത്രു. ൨, ൨൨.) വേദവാക്യപ്രകാരം അവൻ ചെയ്തു. പട്ടണനാശത്തിൽ അവനും നശിക്കും എന്നു വിചാരിച്ചു ഞാൻ ഭയപ്പെടുന്നു.

വിശ്വ: ഞാനും അങ്ങിനെ തന്നെ വിചാരിച്ചു ഭയപ്പെടുന്നു; എങ്കിലും വരേണ്ടതു ആർ തടുക്കും.

ക്രിസ്ത്യ: സത്യം നാം ഇനി അവനെ കൊണ്ടല്ല നമ്മുടെ കാൎയ്യം കൊണ്ടു തന്നെ സംസാരിക്ക, വഴിയിൽ വെച്ചു നിണക്കു വല്ല ആപത്തും വന്നുവൊ?

വിശ്വ: നീ വീണ അഴിനിലയിൽ ഞാൻ അകപ്പെട്ടില്ല സങ്കടം കൂടാതെ ഇടുക്കു വാതിൽക്കൽ എത്തി എങ്കിലും കാമുകി എന്നൊരുത്തി വന്നു വളരെ അസഹ്യപ്പെടുത്തി.

ക്രിസ്ത്യ: നീ അവളുടെ വലയിൽ കുടുങ്ങാത്തത് നന്നായി; അവൾ യോസെഫിനെയും വളരെ ഞെരുക്കി നിന്നെ പോലെ അവനും ഓടി പോയതിനാൽ പ്രാണച്ഛേദം വരുവാറായിരുന്നു. അവൾ നിന്നോടു പറഞ്ഞതെന്തു?

വിശ്വ: മനുഷ്യനെ മോഹിപ്പിച്ചു വഞ്ചിപ്പാൻ അവൾക്കു എത്രയും വൈഭവമുണ്ടു, നീ എന്റെ കൂട വന്നു ശയിച്ചാൽ ബഹു സുഖം വരും എന്നും മററും പറഞ്ഞു.

ക്രിസ്തി: ആത്മസുഖം ഉണ്ടാകും എന്നു പറ ഞ്ഞുവൊ?

വിശ: ആ വകക്കാർ ആത്മസുഖത്തെ കു റിച്ചു പറയുമോ? പല വിധമുള്ള പ്രപഞ്ചസുഖ ങ്ങൾ ഉണ്ടാകും എന്നു പറഞ്ഞു.

ക്രിസ്തി: നീ അനുസരിക്കായ്കകൊണ്ടു ദൈവ ത്തിന്നു സ്തോത്രം കൎത്താവിന്നു വെറുപ്പുള്ളവരെ, അവളുടെ കുഴിയിൽ വീഴും.

വിശ: ഞാൻ മുററും അനുസരിയാതെ വേ ർവ്പിട്ടു വന്നുവോ ഇല്ലയോ എന്നു ഞാൻ അറിയു ന്നില്ല.

ക്രിസ്തി: അതെന്തു? നീ അവളുടെ മോഹ പ്ര കാരം ഒന്നും ചെയ്തില്ലല്ലോ.

വിശ: ചെയ്തില്ല അവളുടെ കാലുകൾ മരണ ത്തോളം ഇഴിയുന്നു; അവളുടെ നടകൾ പാതാളത്തെ പററിക്കൊള്ളുന്നു (സദൃ. ൫, ൫.) എന്നൊരു വച നം ഓൎത്തു അവളുടെ ഹാസഭാവവിലാസങ്ങളാൽ മോഹിതനായി പോകായ്വാൻ കണ്ണടെച്ചു നടന്ന പ്പോൾ അവൾ വളരെ ദുഷിച്ചു.

ക്രിസ്തി: മററും വല്ല ഉപദ്രവം ഉണ്ടായൊ?

വിശ: ഉണ്ടായിരുന്നു, ഞാൻ വൈഷമ്യഗിരി യുടെ അടിയിൽ എത്തിയപ്പോൾ, ഒരു വൃദ്ധൻ വ ന്നു, നീ ആരെന്നും എവിടേക്ക യാത്ര എന്നും ചോ ദിച്ചതിന്നു വാനൂരിലേക്ക് പോകുന്നൊരു സഞ്ചാരി യാകുന്നു എന്നു പറഞ്ഞപ്പോൾ, നീ പ്രാപ്തൻ ത ന്നെ, ശമ്പളം തന്നാൽ എന്റെ കൂട പാൎക്കുമോ? എ ന്നു ചോദിച്ച ശേഷം ഊരും പേരും പ്രവൃത്തിയും

ശമ്പളമെത്ര തരും എന്നും ചോദിച്ചു, അനന്തരം അ
വൻ കൈതവപുരി ദേശവും, പഴയ ആദാമെന്ന
പേരും പ്രപഞ്ചസുഖാനുഭവം എന്ന പ്രവൃത്തിയു
മാകുന്നു; നീ പാൎത്താൽ നിന്നെ സൎവ്വാവകാശിയാ
ക്കും നിശ്ചയം എന്നു കേട്ടപ്പോൾ, ഞാൻ ഭവന
ത്തെയും വേലക്കാരെയും കുറിച്ചു ചോദിച്ചാറെ, എ
ന്റെ വീടു നാനാലോകമഹത്വസന്തോഷങ്ങൾ
കൊണ്ടു നിറഞ്ഞിരിക്കുന്നു, എന്റെ മക്കൾ അല്ലാ
തെ വേലക്കാരില്ല എന്നു പറഞ്ഞു. അപ്പോൾ മക്കൾ
എത്ര എന്നു ചോദിച്ചതിന്റെ ശേഷം, ജഡമോ
ഹം കണ്മോഹം ജീവനപ്രതാപം എന്നു മൂന്നു പു
ത്രിമാരെ ഉള്ളു, (൧ യോ. ൨, ൧൬.) നിണക്ക മനസ്സു
ണ്ടെങ്കിൽ ഒരുത്തിയെ കെട്ടാം എന്നു പറഞ്ഞു. എ
ത്ര കാലം നിന്റെ കൂട പാൎക്കേണം എന്നു ചോദി
ച്ചപ്പോൾ, ഞാൻ ജീവിക്കുന്നവരെയും എന്നു അ
വൻ പറഞ്ഞു.

ക്രിസ്തി: പിന്നെ നീ വൃദ്ധനോടു ആ കാൎയ്യം
എങ്ങിനെ തീൎത്തു?

വിശ്വ: അവന്റെ വാക്കു എത്രയും നല്ലതെ
ന്നു ആദിയിൽ ഞാൻ വിചാരിച്ചു മനസ്സുമിളകി എ
ങ്കിലും, മുഖം നോക്കിയപ്പോൾ പഴയ മനുഷ്യനെ
അവന്റെ പ്രവൃത്തികളോടു കൂടെ വീഴ്ത്തുക (കൊല.
൩, ൯.) എന്നൊരു എഴുത്തു അവന്റെ നെററിമേ
ലുള്ളതു കണ്ടു.

ക്രിസ്തി: അപ്പോൾ നിന്റെ ഭാവം എങ്ങിനെ
ആയി?

വിശ: ഇവൻ ഇപ്പോൾ എന്തു തന്നെ പറഞ്ഞാലും എത്ര മാനിച്ചാലും ഞാൻ അവന്റെ കൂട വീട്ടിലേക്ക് പോകയില്ല, പോയാൽ എന്നെ അടിമയാക്കി വിററു കളയും എന്നു ബോധിച്ചു. ഇനി എന്നോടൊന്നും സംസാരിക്കേണ്ട; ഞാൻ നിന്റെ വാതിൽക്കൽ വരികയില്ല നിശ്ചയം എന്നു പറഞ്ഞ ശേഷം, അവൻ വളരെ ദുഷിച്ചു നിന്റെ യാത്രയിൽ വിഘ്നം വരുത്തുവാൻ ഞാൻ ഒരു സമൎത്ഥനെ അയക്കും എന്നു ക്രുദ്ധിച്ചു പറഞ്ഞു. ഞാൻ യാത്രയായാറെ, അവൻ എന്നെ പിടിച്ചു ഘോരമായി വലിച്ചു ശരീരത്തിൽ ഒരംശം പറിച്ചെടുത്തു എന്നു തോന്നി അയ്യോ അരിഷ്ട മനുഷ്യനായ ഞാൻ (രോമ. ൭, ൨൪.) എന്നു പറഞ്ഞു ചുരം കയറി നടന്നു പിന്നെ പാതി വഴി കയറിയ ശേഷം, പിന്തിരിഞ്ഞു നോക്കിയപ്പോൾ, വായുവേഗേന വരുന്നൊരുത്തനെ കണ്ടു, ആയവൻ വള്ളിക്കെട്ടിന്റെ സമീപത്തു വെച്ചു എന്നെ പിടിച്ചു.

ക്രിസ്തി: അവിടെ തന്നെ ഞാൻ അല്പം ആശ്വസിപ്പാൻ ഇരുന്നു. കണ്ണയക്കം വന്നുറങ്ങിയപ്പോൾ, മടിയിലുള്ള എന്റെ ചീട്ടു വീണു കാണാതെ ആയി.

വിശ: അയ്യോ സഹോദര! എന്റെ വൎത്തമാനം മുഴുവൻ കേൾക്ക! ആ മനുഷ്യൻ വന്നു എന്നെ പിടിച്ചു അടിച്ചു തള്ളിയിട്ടശേഷം, ഞാൻ ഒരു ശവം പോലെ കിടന്നു സുബോധം വന്നപ്പോൾ, എന്നെ ഇപ്രകാരം ചെയ്വാൻ സംഗതി എന്തെന്നു ചോദിച്ചാറെ, ഹേ ദുഷ്ട! പഴയ ആദാമും നീയുമായി ശ്രദ്ധമായൊരു ചേൎച്ചയുണ്ടു എന്നവൻ

പറഞ്ഞു മാറിൽ ഒന്നടിച്ചതിനാൽ, ഞാൻ പിന്നെയും വീണ്ടു മോഹാലസ്യമായി കിടന്നു. ബോധക്കേടു തീൎന്നശേഷം, കൃപെക്കായി അപേക്ഷിച്ചു നിലവിളിച്ചപ്പോൾ, അവൻ കൃപ എന്ന വാക്ക എനിക്ക് അറിഞ്ഞുകൂടാ എന്ന് പറഞ്ഞു, വളരെ അടിച്ചു പ്രാണനാശം വരുമാറാക്കിയ സമയം, ഒരുവൻ വന്നു അവനെ തടുത്തു എന്നെ രക്ഷിക്കയും ചെയ്തു.

ക്രിസ്തി: നിന്നെ രക്ഷിച്ചവൻ ആരെന്നറിയുമോ?

വിശ്വാ: ഞാൻ അവനെ അറിഞ്ഞില്ല എങ്കിലും, അവൻ പോകുമ്പോൾ, കൈയും വിലാപ്പുറവും നോക്കി മുറിവുകളെ കണ്ടു, അവൻ കൎത്താവാകുന്നു എന്നു നിശ്ചയിച്ചു മലമേൽ കയറി.

ക്രിസ്തി: നിന്നെ ഓടിച്ചവൻ മോശെ തന്നെ ആകുന്നു, തന്റെ കല്പനകളെ ലംഘിക്കുന്നവരെ അവൻ കരുണ കൂടാതെ വളരെ ശിക്ഷിക്കുന്നു.

വിശ്വാ: സത്യം; ഞാൻ അവനെ നല്ലവണ്ണം അറിയുന്നു. അന്നു തന്നെ അല്ല സുഖേന വീട്ടിൽ പാൎത്ത സമയവും അവൻ കൂടക്കൂട വന്നു, നീ ഇവിടെനിന്നു പുറപ്പെട്ടില്ലെങ്കിൽ നിന്റെ ഭവനം ചുട്ടുകളയും എന്നു ക്രുദ്ധിച്ചു പറഞ്ഞു.

ക്രിസ്തി: മോശെ നിന്നോടു എത്തിയ ദിക്കിൽ ഒരു വീടു കണ്ടുവോ?

വിശ്വാ: വീടിനെയും വഴിസമീപത്തു രണ്ടുസിംഹങ്ങളെയും കണ്ടു, ഉച്ചസമയമാകകൊണ്ടു സിംഹങ്ങൾ ഉറങ്ങുന്നെന്നു തോന്നുന്നു, നേരം ഇനിയും അധികം ഉണ്ടാകയാൽ വളരെ നടക്കാം എന്നു

വിചാരിച്ചു, വീട്ടിൽ കയറാതെ കാവല്ക്കാരനെ കണ്ടു ചുരത്തിൽനിന്നു ഇറങ്ങി വന്നു.

ക്രിസ്തി: നിന്നെ കണ്ടപ്രകാരം കാവല്ക്കാരൻ പറഞ്ഞു, നീ വീട്ടിൽ കയറാത്തതു കുറവു തന്നെ; കയറിയെങ്കിൽ മരിപ്പോളം മറക്കാത്ത അതിശയങ്ങളെ കാണ്മാൻ സംഗതി ഉണ്ടായിരുന്നു. പിന്നെ വിനയതാഴ്വരയിൽ വല്ലവരെയും കണ്ടുവോ?

വിശ്വ: കണ്ടു; അതൃപ്തൻ എന്നൊരുവൻ വന്നു ഈ താഴ്വരയിൽ സഞ്ചരിക്കുന്നതു എന്തൊരു കഷ്ടം! ഇവിടെ ഒരു ബഹുമാനം സിദ്ധിക്കുന്നില്ലല്ലോ; നീ ഭ്രാന്തനായി ഈ കഷ്ടസ്ഥലത്തൂടെ ഉഴറി നടക്കകൊണ്ടു ഡംഭം, ഗൎവ്വം, ആത്മവഞ്ചന, പ്രപഞ്ചമഹത്വം മുതലായ ബന്ധുജനങ്ങൾ വളരെ കയൎത്തു കോപിക്കും എന്നും മററും അധികമായി പറഞ്ഞു എന്നെ മടക്കുവാൻ നോക്കി.

ക്രിസ്തി: അപ്പോൾ നീ എന്തു പറഞ്ഞു?

വിശ്വ: ഡംഭം മുതലായവർ ജഡപ്രകാരം എന്റെ ബന്ധുക്കൾ തന്നെ എങ്കിലും, ഞാൻ സഞ്ചാരിയായ ശേഷം, സംബന്ധം എല്ലാം അററുപോയി ഞങ്ങളിൽ ഇനി ഒരു ചേൎച്ചയുമില്ല. അതല്ലാതെ, മഹത്വത്തിന്നു മുമ്പെ താഴ്ചയും, വീഴ്ചക്കു മുമ്പെ അഹംഭാവവും ഉണ്ടാകകൊണ്ടു എനിക്ക ഇപ്പോൾ അപമാനം മതി; തൽസമയത്തു ബഹുമാനം ഉണ്ടാകും എന്നു പറഞ്ഞു.

ക്രിസ്തി: ആ താഴ്വരയിൽ മററും വല്ലതും കണ്ടുവൊ?

വിശ: ലജ്ജാമയൻ വന്നു വരെ അസൌഖ്യം ഉണ്ടാക്കി, അങ്ങിനെയുള്ളൊരു ശഠനെ ഞാൻ ഒരു നാളും കണ്ടിട്ടില്ല നിശ്ചയം. ശേഷമുള്ള വിരോധികൾക്ക നല്ല ബുദ്ധി പറഞ്ഞാൽ കേൾക്കും; ലജ്ജാമയൻ ഒന്നും കൂട്ടാക്കിയില്ല.

ക്രിസ്തി: അവൻ എന്തു പറഞ്ഞു?

വിശ: പറഞ്ഞതൊ! ദൈവികം വിചാരിച്ചു പ്രമാണിക്കുന്നതു എത്രയും സങ്കടവും ദുഷ്ട്യവും അപമാനവുമുള്ള കാൎയ്യമാകുന്നു. ശുദ്ധമനസ്സാക്ഷി പുരുഷനു യോഗ്യമുള്ളതല്ല; മഹാലോകർ ആചരിച്ചു വരുന്ന പ്രവൃത്തികളെ ചെയ്യാതെ തന്റെ വാക്കും പ്രവൃത്തിയും സൂക്ഷിച്ചു നടക്കുന്നവൻ എല്ലാവരുടെ മുമ്പാകെ മഹാനിന്ദ്യനായി വരും. മഹത്തുക്കളും ധനവാന്മാരും വിദ്വാന്മാരും ഒരു സമയമെങ്കിലും ദൈവകാൎയ്യം വിചാരിച്ചു വരുന്നുവൊ? എന്നിവയെ ചിലർ വിചാരിച്ചാലും ഭ്രാന്തന്മാരാകകൊണ്ടായിരിക്കും, പണ്ടു പണ്ടെ മൂഢന്മാരും കുലഹീനന്മാരും ഭ്രഷ്ടന്മാരും ഒരു വിദ്യയും അറിയാത്തവരും മാത്രം സഞ്ചാരികളായി പോകുന്നു. അയ്യൊ മൂഢ! നീ പ്രസംഗം കേട്ടു വീൎത്തു കരഞ്ഞും അനുതപിക്കുന്നതും അയല്ക്കാരോടു പിഴച്ചതു ഏററു പറഞ്ഞു ക്ഷമ ചോദിക്കുന്നതും വല്ലതും അന്യായമായി കൈക്കലാക്കിട്ടുണ്ടെങ്കിൽ മടക്കി കൊടുക്കുന്നതും മഹാനാണമല്ലൊ? ഒരുത്തൻ ദൈവികം വിചാരിച്ചു പ്രമാണിച്ചാൽ, മഹാജനങ്ങൾക്കു വെറുപ്പായി തീരുന്നതല്ലാതെ, നിസ്സാരന്മാരുടെ കൂട്ടത്തിലായി പോകും എന്നും

മററും ഏറിയോന്നു പറഞ്ഞു എന്നെ ലജ്ജിപ്പിപ്പാൻ നോക്കി.

ക്രിസ്ത്യി: നീ അപ്പോൾ എന്തു പറഞ്ഞു?

വിശ്വ: എന്തു പറയേണ്ടു എന്നറിയാതെ വളരെ ബുദ്ധിമുട്ടി മുഖവും ചുവന്നു വന്നു, എങ്കിലും മനുഷ്യരിൽ എത്രയും സമ്മതമായത് ദൈവത്തിന്നു വെറുപ്പാകുന്നു. ലജ്ജാമയൻ ദൈവത്തെയും അവന്റെ വചനത്തെയും കുറിച്ചു ഒന്നും പറഞ്ഞില്ലല്ലൊ മാനുഷം പറഞ്ഞതെയുള്ളു. വിധി ദിവസത്തിൽ പ്രപഞ്ചവമ്പന്മാരുടെ വിചാരപ്രകാരമല്ല അത്യുന്നതനായവന്റെ മനസ്സും കല്പനയും ആകുന്നപ്രകാരം മനുഷ്യന്നു നാശമെങ്കിലും നിത്യജീവതമെങ്കിലും വരും; അതുകൊണ്ടു സകല ലോകരും വിരോധിച്ചാലും ദൈവവചനമത്രെ പ്രമാണം. ഒടുവിൽ വിശ്വാസവും ശുദ്ധമനസ്സാക്ഷിയും ദൈവത്തിന്നു ഇഷ്ടമുള്ളതാകുന്നതു കൂടാതെ, സ്വർഗ്ഗരാജ്യം നിമിത്തം നിന്ദ്യരായി വരുന്ന ജനങ്ങൾ ബുദ്ധിമാന്മാർ എന്നും ക്രിസ്തനെ സ്നേഹിക്കുന്ന ദരിദ്രൻ ക്രിസ്തുവൈരികളായ ലോകമഹത്തുക്കളെക്കാൾ വലിയവൻ എന്നും ഇവ്വണ്ണം ഓരോന്നു വിചാരിച്ചു ധൈര്യം പൂണ്ടു ലജ്ജാമയനെ നോക്കി എന്റെ രക്ഷയുടെ വിരോധിയെ! നീ പോക, സ്വർഗ്ഗ രാജാവായ കർത്താവിന്റെ വൈരിയായ നിന്നെ ഞാൻ പാർപ്പിച്ചാൽ അവന്റെ മുഖത്തെ ഞാൻ എങ്ങിനെ നോക്കും? അവന്റെ മാർഗ്ഗത്തിലും ഭൃത്യന്മാരിലും എനിക്കു ലജ്ജ തോന്നിയാൽ അവൻ എന്നെ അനുഗ്രഹിക്കുമൊ? എന്നു പറഞ്ഞാറെയും അവൻ

എന്നെ വിടാതെ ക്രിസ്തുമാൎഗ്ഗത്തെ കുറിച്ചു പല ദൂഷ ണങ്ങളെ ചെവിയിൽ മന്ത്രിച്ചുകൊണ്ടു വളരെ അ സൌഖ്യം വരുത്തിയപ്പോൾ, നിന്റെ പ്രവൃത്തി എല്ലാം നിഷ്ഫലം, നീ നിന്ദിക്കുന്ന കാൎയ്യങ്ങളിൽ ഞാൻ സാന്നിദ്ധ്യം അധികം കാണുന്നു എന്നു ഞാൻ തീൎച്ച പറഞ്ഞ ശേഷം, ലജ്ജാമയൻ പോ യാറെ, ഞാൻ ഇവ്വണ്ണം പാടി.

സ്വൎഗ്ഗീയമാം വിളിക്കധീനരാം.
വൎഗ്ഗിയൎക്കിട്ട കണ്ണികൾ എല്ലാം.
നാനാ വിധം ജഡത്തിനുചിതം.
അനാരതം അവററിൽ ആക്രമം.
ഇന്നോ പിന്നെതിലോ നാം തോററുടൻ.
മനോരഥം കാണാൻ എന്നവൻ.
നിനെക്കയാൽ സഞ്ചാരികൾ അഹോ.
മുനെക്കു വന്നെതിൎത്തുണർന്നുവോ?

ക്രിസ്തി: അല്ലയൊ സഹോദര! നീ ആ ശ ണ്ഠനോട്ടു അത്ര കയൎത്തതുകൊണ്ടു എനിക്കു വളരെ സന്തോഷം. എല്ലാ മനുഷ്യരുടെ മുമ്പാകെയും സൎവ്വ ത്തിങ്കൽ നമുക്കു നാണം ജനിപ്പിപ്പാൻ വേണ്ടി തെരുവീഥികളിലും കൂടി ഒരുമിച്ചു നടന്നു തന്റെ ദൃ ഷ്ടാന്തം പലവിധേന കാണിപ്പാൻ അവന്നു ഒരു മടിയുമില്ല; എങ്കിലും അവനെ മുടക്കുന്നതു നമ്മു ടെ ധൎമ്മം. അവൻ എത്ര വമ്പുകൾ കാണിച്ചാലും മൂഢന്മാരെ മാത്രം ഉയൎത്തും. ജ്ഞാനികൾ തേജസ്സി നെ അടക്കും, ബുദ്ധിഹീനരെ അപമാനം പൊക്ക മാക്കുകയും ചെയ്യും എന്നു ശലൊമൊൻ പറഞ്ഞുവ ല്ലോ. (സുഭ. ൩, ൩൫.)

വിശ്വ: നാം സത്യത്തിന്നായി ധൈൎയ്യമുള്ളവരാകേണം എന്നു കല്പിച്ചവനെ ലജ്ജാമയനു വിരോധമായി വിളിപ്പാൻ നമുക്കു വളരെ ആവശ്യം തന്നെ.

ക്രിസ്തി: സത്യം; എന്നാൽ നീ ആ താഴ്വരയിൽ മററ വല്ലവരെയും എതിരേററു കണ്ടില്ലയോ?

വിശ്വ: കണ്ടില്ല; ഞാൻ വിനയതാഴ്വരയിലും മരണനിഴൽതാഴ്വരയിലും കൂടി നടക്കുന്ന സമയം വെയിൽ നന്ന ഉണ്ടു.

ക്രിസ്തി: അതു നന്നായി; എന്റെ ഭാഗ്യം വേറെ, ഞാൻ വിനയതാഴ്വരയിൽ എത്തിയ ശേഷം, വളരെ നേരമായി അപ്പൊല്ല്യൻ രാക്ഷസനോടു എനിക്ക ഉണ്ടായ പട ജീവപൎയ്യന്തം ഓൎമ്മ വിടുകയില്ല. അവൻ എന്നെ നിലത്തു തള്ളിയിട്ടു കുത്തിപ്പിടിച്ചപ്പോൾ, എന്റെ വാൾ കൈയിൽനിന്നു തെറിച്ചു പോകയും, നിന്നെ ഞാൻ വിഴുങ്ങി കളയും എന്നു അവൻ ക്രുദ്ധിച്ചു പറകയും ചെയ്യാറെ, ഞാൻ ചാവാറായി എന്നു വിചാരിച്ചു. എങ്കിലും ദൈവം എന്റെ പ്രാൎത്ഥനയെ കേട്ടു എന്നെ എല്ലാ സങ്കടങ്ങളിൽനിന്നും രക്ഷിച്ചു. മരണനിഴൽതാഴ്വരയിൽ ഞാൻ എത്തിയ ശേഷം അസ്തമിച്ചതുകൊണ്ടു, പാതി വഴി ഇരുളിൽ കൂടി നടക്കേണ്ടി വന്നു; മരണം അടുത്തു എന്നോറിയോന്നു വിചാരിച്ചു വളരെ ദുഃഖിച്ചു ദൈവകരുണയാൽ നേരം പുലൎന്നു സൂൎയ്യനും ഉദിച്ചപ്പോൾ മാത്രം അല്പം ആശ്വാസത്തോടെ നടക്കയും ചെയ്തു.

സഞ്ചാരികൾ ഇങ്ങിനെ ഓരോ വിശേഷം പറഞ്ഞു നടന്നു കൊണ്ടിരിക്കുമ്പോൾ, വിശ്വാസ്തൻ

ഒരു ഭാഗത്തു നോക്കി നെട്ടമേനിയും, ദൂരേ കണ്ടാൽ വേഷഭംഗിയുമുള്ള വാഗീശൻ എന്നവൻ അട്ടക്കെ നടക്കുന്നതു കണ്ടു (ആ ദിക്കിൽ അവക്കൊക്ക ഒരുമിച്ചു നടപ്പാൻ സ്ഥലമുണ്ടായി എന്നറിക.) ആയവനോടു.

വിശ്വ: അല്ലയോ സഖേ! യാത്ര എവിടേക്ക്? സ്വൎഗ്ഗീയദേശത്തിന്നായി സഞ്ചാരമോ?

വാഗീശൻ: ഞാൻ അവിടേക്ക തന്നെ പോരുന്നു.

വിശ്വ: നല്ലതു നമുക്കു ഒരുമിച്ചു നടക്കാമല്ലോ?

വാഗീ: ഹോ അതിന്നു എന്തു വിരോധം?

വിശ്വ: എന്നാൽ വരു നാം ഉപകാരമുള്ളവറെറ കുറിച്ചു സംസാരിച്ചു കാലം കഴിക്കാം.

വാഗീ: നല്ലതു ന്യായം പറവാൻ വിചാരിക്കുന്ന നിങ്ങളെ ഞാൻ ഇന്നു കണ്ടതു എനിക്ക് വളരെ സന്തോഷം. നിങ്ങളോടെങ്കിലും മററാരോടെങ്കിലും നല്ലതിനെ മാത്രം പറവാൻ എന്റെ അഭീഷ്ടം; പ്രയാണങ്ങളിൽ നല്ല ന്യായം പറയുന്നവർ മഹാ ദുൎല്ലഭം തന്നെ; മിക്കവാറും ജനങ്ങൾക്കു വേണ്ടാത്ത കാൎയ്യം പറവാൻ അധികം രസം തോന്നുകകൊണ്ടു, എനിക്ക് വളരെ ദുഃഖമുണ്ടായി എന്നു ഞാൻ പറയുന്നത് വ്യാജമല്ല.

വിശ്വ: വേണ്ടാത്ത കാൎയ്യം പറയുന്നതു മഹാ സങ്കടമുള്ളതാകുന്നു സത്യം. സ്വൎഗ്ഗീയവും ദൈവീകവുമായതു പറകയല്ലാതെ, മനുഷ്യന്റെ നാവിനും വായിക്കും ഭൂമിയിൽ യോഗ്യമായിട്ടു വേറെ ഒന്നുണ്ടോ?

വാഗീ: നിങ്ങളുടെ വാക്ക മഹാസാരമുള്ളതാക കൊണ്ടു ഞാൻ നിങ്ങളെ വളരെ സ്നേഹിച്ചു വരുന്നു. പിന്നെ ഞാൻ മറ്റൊന്നു പറയാം: ദൈവ കാൎയ്യത്തെ കുറിച്ചു പറയുന്നതു പോലെ സന്തോഷവും ഉപകാരവുമുള്ളതൊന്നുമില്ല നിശ്ചയം. ഒരു മനുഷ്യന്നു പഴമചരിത്രവും കാൎയ്യങ്ങളുടെ രഹസ്യവുംകൊണ്ടൊ, അത്ഭുതം അതിശയം അടയാളം എന്നീവകകൊണ്ടൊ സംസാരിപ്പാൻ രസം തോന്നിയാൽ അതെല്ലാം വേദപുസ്തകത്തിൽ മനോഹരവും മധുരവുമായി എഴുതി കിടക്കുന്ന പ്രകാരം മറ്റെവിടെ കാണും?

വിശ്വ: നേർ തന്നെ എങ്കിലും ആ കാൎയ്യങ്ങളെ കുറിച്ചു സംസാരിക്കുമ്പോൾ ഉപകാരം വരെണം എന്നു നാം വിശേഷാൽ നോക്കേണ്ടതാകുന്നു.

വാഗീ: അതു തന്നെ ഞാൻ പറഞ്ഞുവല്ലൊ ആ കാൎയ്യങ്ങളെ കുറിച്ചു സംസാരിക്കുന്നതു മഹാ ഉപകാരമുള്ളതാകുന്നു; ലോകകാൎയ്യമെല്ലാം മായ എന്നും സ്വൎഗ്ഗകാൎയ്യമത്രെ സാരം എന്നും പുനൎജ്ജന്മത്തിന്റെ ആവശ്യവും നമ്മുടെ ക്രിയകളുടെ പോരായ്മയും ക്രിസ്തന്റെ നീതിയുടെ അത്യാവശ്യവും മററും അതിനാൽ തന്നെ അറിയേണ്ടതിന്നു സംഗതി ഉണ്ടു, അതല്ലാതെ അനുതപിക്കുന്നതും വിശ്വസിക്കുന്നതും പ്രാൎത്ഥിക്കുന്നതും ഉപദ്രവം സഹിക്കുന്നതും എന്തെന്നും സുവിശേഷവാഗ്ദത്തങ്ങളും ആശ്വാസവും എത്ര വലിയതെന്നും വ്യാജോപദേശം വിരോധിച്ചു, സത്യത്തെ ഉറപ്പിപ്പാനും പഠിക്കാത്തവരെ അഭ്യസിപ്പിപ്പാനും വഴി ഇന്നത് എന്നും മററും അതിനെകൊണ്ടു ശീലിക്കാം.

വിശ: ഇതെല്ലാം സത്യം തന്നെ, ഈ വക നിങ്ങളിൽ നിന്നു കേട്ടിട്ടു ഞാൻ വളരെ സന്തോഷിക്കുന്നു.

വാഗീ: അയ്യോ നിത്യജീവതപത്തിന്നായി വിശ്വാസവും ഹൃദയത്തിങ്കൽ ഒരു കാരുണ്യവേലയും ആവശ്യം എന്നു മിക്കവാറും മനുഷ്യർ അറിയാതെ സ്വൎഗ്ഗരാജ്യംപ്രാപിപ്പതിന്നായി പോരാത്ത ധൎമ്മപ്രവൃത്തികളെ ചെയ്യുന്നതിൽ ബുദ്ധിക്കേടു ആശ്രയിക്കുന്നതു ഈ അറിവ് ഇല്ലായ്കയാൽ ആകുന്നു കഷ്ടം!

വിശ: കാൎയ്യം തന്നെ എങ്കിലും ഈ വക സ്വൎഗ്ഗീയജ്ഞാനം ദൈവത്തിന്റെ ദാനമത്രെ, മനുഷ്യന്റെ പ്രയത്നത്താലും വാക്കിനാലും വരികയില്ല നിശ്ചയം.

വാഗീ: അത് എനിക്കു അറിയാതിരിക്കാമൊ? സ്വൎഗ്ഗത്തിൽനിന്നു തരപ്പെട്ടിട്ടൊഴികെ മനുഷ്യന്ന് ഒന്നും പ്രാപിപ്പാൻ കഴികയില്ല ക്രിയകളാൽ അല്ല കരുണയാൽ അത്രെ സകലവും വരുന്നതാകുന്നു ഇതിന്റെ പ്രാമാണ്യം ഉറപ്പിപ്പാൻ ഏറിയൊരു വേദവാക്യം പറവാൻ തോന്നുന്നു.

വിശ: നല്ലതു എന്നാൽ നാം ഇപ്പോൾ ഏതു കാൎയ്യം കൊണ്ടു സംസാരിക്കേണ്ടു.

വാഗീ: വേണ്ടുന്നതു ഞാൻ പറയാം സ്വൎഗ്ഗീയം ഭൌമം ശാസ്ത്രീയം വൈദികം വിശുദ്ധം ബാഹ്യം ഭൂതം ഭാവി അന്യം സ്വകീയം മൂലസാരം ശാഖാദി വിവരം എന്നീവകയിൽ ഏതൊന്നുകൊണ്ടു സംസാരിക്കുന്നതിനാൽ ഉപകാരം ഉണ്ടോ? അതു ഞാൻ പറയാം.

അപ്പോൾ വിശ്വാസുൻ ആശ്ചൎയ്യപ്പെട്ടു, തനി യെ നടക്കുന്ന ക്രിസ്ത്യിയന്റെ അരികെ ചെന്നു ഇതെന്തൊരു മനുഷ്യൻ? ഇവൻ എത്രയും നല്ല സഞ്ചാരിയാകും നിശ്ചയം എന്നു പറഞ്ഞാറെ, ക്രിസ്തിയൻ അല്പം ചിരിച്ചു: നീ ഇത്ര വിശ്വസിച്ച ഇവൻ തന്നെ അറിയാത്ത ആളുകളെ പത്തിരുവതോളം നാവുകൊണ്ടു ചതിക്കും എന്നു പറഞ്ഞു.

വിശ്വ: നീ അവനെ അറിയുമോ?

ക്രിസ്തി: അറിയുന്നു; അവൻ തന്നെത്താൻ അത്ര നന്നായി അറിഞ്ഞിരുന്നെങ്കിൽ കൊള്ളായിരുന്നു.

വിശ്വ: എന്നാൽ അവൻ ആർ?

ക്രിസ്തി: അവൻ നമ്മുടെ നാട്ടുകാരനായ വാഗീശൻ തന്നെ; നീ അവനെ അറിയാത്തത് ആശ്ചൎയ്യം; പട്ടണത്തിന്റെ വലിപ്പം കൊണ്ടാകും.

വിശ്വ: അവൻ ആരുടെ മകൻ? പാൎപ്പു എവിടെ?

ക്രിസ്തി: അവൻ ജല്പവീഥിയിൽ പാൎത്ത മഞ്ജുവാണിയുടെ മകനാകുന്നു. ജല്പവീഥിയിലെ വാഗീശൻ എന്ന പേർ അവനും നടപ്പായ്വുന്നു. നല്ല വാക്കു പറവാൻ ശീലമുണ്ടായിട്ടും, ഇരപ്പൻ തന്നെ.

വിശ്വ: അവൻ വേണ്ടതില്ല എന്നു തോന്നുന്നു.

ക്രിസ്തി: അവനെ അറിയാത്തവൎക്കു അങ്ങിനെ തോന്നും. ചിത്രക്കാരന്റെ പണിയെ ദൂരത്തുനിന്നു കണ്ടാൽ, അതു നല്ല ഭംഗിയുള്ളതാകുന്നു; അടുക്കെ ചെന്നു നോക്കിയാൽ, ഓരോ കുറവുകളെ

കാരെകയും ചെയ്യും. അപ്രകാരം ഇവൻ അന്യസ്ഥലത്തിങ്കൽ സമത്ഥൻ, സ്വദേശത്തിങ്കൽ കുത്സിതനത്രെ ആകുന്നു.

വിശ്വ: നീ ചിരിച്ചുവല്ലോ; നിന്റെ വാക്കകളി തന്നെ എന്നു എനിക്ക് തോന്നുന്നു.

ക്രിസ്തി: ഇങ്ങിനെ ഉള്ള കാൎയ്യത്തിൽ ഞാൻ കളിക്കുമോ? ചിരിച്ചുവെങ്കിലും ഞാൻ കളിക്കാരനല്ല, ഒരുത്തക്കും അന്യായമായി കുററം പറയുന്നവനുമല്ല. എങ്കിലും ഞാൻ ഇവന്റെ കാൎയ്യം നിന്നോടു വിസ്തരിച്ചു പറയാം: ഇവൻ ആരോടും ചേരും; എന്തെങ്കിലും പറയും, നിന്നോടു സംസാരിച്ചതു പോലെ ചാരായപ്പീടികയിലും സംസാരിക്കും, ചെരിക്കൽ ഏറുംതോറും മെട്ടമൊഴി അധികം തുകും. അവന്റെ ഹൃദയത്തിലും ഭവനത്തിലും നടപ്പിലും ദൈവകാൎയ്യത്തിന്നു ഒരു സ്ഥലമില്ല, നാവിലെ ഉള്ളു.

വിശ്വ: അങ്ങിനെയോ? എന്നാൽ അവൻ എന്നെ വളരെ ചതിച്ചു.

ക്രിസ്തി: ചതിച്ചു സത്യം അവർ പറയുന്നു; ചെയ്യുന്നില്ല താനും എന്നൊരു വാക്കുണ്ടല്ലോ. ദൈവരാജ്യം വാക്കിലല്ല ശക്തിയിൽ അത്രെ ആകുന്നു. പ്രാൎത്ഥന, അനുതാപം, വിശ്വാസം, പുനൎജ്ജന്മം എന്നിവററെ കുറിച്ചു അവൻ സംസാരിക്ക തന്നെ ചെയ്യുന്നുള്ളു. ഞാൻ കൂടക്കൂട അവന്റെ ഭവനത്തിൽ പോകുമാറുണ്ടായിരുന്നു, പുറമെ മാത്രമല്ല അകമെയും അവന്റെ നടപ്പിനെ കണ്ടറിയേണ്ടതിന്നു സംഗതി വന്നിരിക്കുന്നു. അവന്റെ വീട്ടിൽ ദൈവഭയം അല്പവുമില്ല, പ്രാൎത്ഥനയും അനുതാപ

ത്തിന്റെ ഒരു ഛായയുമില്ല. അവനെക്കാൾ കാട്ടുമൃഗവും അധികമായി ദൈവത്തെ സേവിക്കുന്നു; അവൻ സത്യമാൎഗ്ഗത്തിന്നു കറയും ദുഷ്യവും നിന്ദയുമായിരിക്കുന്നു. അന്യസ്ഥലത്തു അവൻ മഹാഭക്തൻ; സ്വഗൃഹത്തിൽ ഒരു സൈത്താൻ തന്നെ എന്നു ജനങ്ങളുടെ വാക്കു. അവന്റെ വീട്ടുകാൎക്ക് നല്ല സമ്മതം. അവൻ മഹാ കോപിയും ശാഠ്യക്കാരനുമായി വേലക്കാരെകൊണ്ടു കഠിനപ്രവൃത്തിയെ എടുപ്പിക്കുന്നതുകൊണ്ടു അവൎക്ക പലപ്പോഴും എന്തു ചെയ്യേണ്ടു? അവനോടു എങ്ങിനെ സംസാരിക്കേണ്ടു എന്നറിവാൻ പാടില്ല. അവനോടു വ്യാപാരം ചെയ്യുവർ മാപ്പിള്ളയോടുള്ള കച്ചവടം തന്നെ ഏറെ നല്ലതു എന്നു പറയുന്നു. മക്കളെ അവൻ സ്വപ്രവൃത്തികളെ തന്നെ ശീലിപ്പിക്കുന്നു; ഒരുത്തൎക്ക മനസ്സാക്ഷിയിൽ നിന്നു ഇത്തിരി ശങ്ക ഉൾപ്പെട്ടാൽ ഹേ മൂഢ, വിഡ്ഢി എന്നു പേർ വിളിച്ചും, മാനമുള്ള വേല ഒന്നും എടുപ്പിക്കാതെയും കണ്ടു എല്ലാ മനുഷ്യരുടെ മുമ്പാകെ നിസ്സാരന്മാരാക്കുകയും ചെയ്യും. ഈ മനുഷ്യൻ തന്റെ ദുൎന്നടപ്പുകൊണ്ടു ഏറിയ ജനങ്ങൾക്ക് ഇടൎച്ചയും വീഴ്ചയും വരുത്തി. ദൈവം വിരോധിക്കുന്നില്ലെങ്കിൽ ഇനിയും പലൎക്കും നാശം വരുത്തും നിശ്ചയം.

വിശ്വ: അല്ലയോ സഹോദര! നീ അസൂയകൊണ്ടല്ല ക്രിസ്തുവിശ്വാസികൾക്ക യോഗ്യപ്രകാരം ഈ മനുഷ്യന്റെ കാൎയ്യമെല്ലാം എന്നോടു ഇപ്പോൾ അറിയിച്ചതുകൊണ്ടും, അവനോടു പരിചയമുണ്ടു എന്നു പറഞ്ഞതുകൊണ്ടും, ഞാൻ നിന്റെ വാക്കു വിശ്വസിക്കേണ്ടതാകുന്നു.

ക്രിസ്തി: അവനെ അറിയാതിരുന്നെങ്കിൽ അവൻ വേണ്ടതില്ല എന്നു ഞാനും വിചാരിപ്പാൻ സംഗതിയുണ്ടായിരുന്നു. അതു കൂടാതെ ദൈവശത്രുക്കൾ മാത്രം അവന്നു അപവാദം പറഞ്ഞാൽ, അതു മററ എല്ലാവിശ്വാസികൾക്കും വരുന്ന ലോകനിന്ദ തന്നെ എന്നു വിചാരിച്ചു പ്രമാണിക്കാതെ ഇരുന്നു എങ്കിലും, ഞാൻ പറഞ്ഞതിനേക്കാൾ അധികം ദുഷ്കൎമ്മങ്ങൾ അവനിൽ ഉണ്ടു എന്നു ഞാൻ കണ്ണാലെ കണ്ടു തെളിയിപ്പാനും കഴിയും. പിന്നെ നല്ല ക്രിസ്തിയാനികൾ അവന്റെ പേർ കേട്ടാൽ, ലജ്ജിച്ചു പാക്കുന്നു, അവനെ ഒരു നാളും സഹോദരനായും സ്നേഹിതനായും വിചാരിക്കയുമില്ല.

വിശ്വ: പറയുന്നതും പ്രവൃത്തിക്കുന്നതും രണ്ടു കാൎയ്യം എന്നു എനിക്കിപ്പോൾ ബോധിച്ചിരിക്കുന്നു; ഇനിമേലാൽ ഞാൻ ഈ വ്യത്യാസം ഓൎത്തു വിചാരിക്കും.

ക്രിസ്തി: അവ രണ്ടു കാൎയ്യവും സത്യം. ആത്മാവ് വിട്ട ശരീരം ശവമായിരിക്കുന്ന പ്രകാരം, പ്രവൃത്തി കൂടാത്ത വാക്കും ശവം തന്നെ. പിതാവായ ദൈവത്തിൻ മുമ്പാകെ ശുദ്ധവും നിൎമ്മലതയും ഉള്ള ആരാധനയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും, തന്നെത്താൻ ലോകത്തിൽനിന്നു കളങ്കമില്ലാത്തവനായികാത്തിരിക്കുന്നതുമത്രെ (യാക. ൧,൨൭.) എന്ന ദൈവവചനത്തെ വാഗീശൻ അറിയാതെ കേൾക്കയും സംസാരിക്കയും തന്നെ ചെയ്കയാൽ, നല്ല ക്രിസ്തിയാനിയാകും എന്നു വിചാരിച്ചു, സ്വന്ത ആത്മാ

വിനെ വഞ്ചിക്കുന്നു. കേൾക്കുന്നതു നട്ട വിത്തു പോലെ ആകുന്നു സത്യം, എങ്കിലും ഹൃദയത്തിലും നടപ്പിലും ഫലമുണ്ട് എന്ന് വാക്കായിട്ടു പറഞ്ഞാൽ പോരാ. വിധിദിവസത്തിൽ നീ വിശ്വസിച്ചുവോ? നീ നല്ലവണ്ണം സംസാരിച്ചുവോ? എന്നല്ല, നീ നല്ല പ്രവൃത്തി ചെയ്തിട്ടുണ്ടോ? എന്ന ചോദ്യവും വിധിയും ഉണ്ടാകുമ്പോൾ, ഓരോരുത്തൻ അവനവന്റെ ഫലം അനുഭവിക്കും. കൊയ്ത്തുകാലത്തിൽ ജനങ്ങൾ ഫലമല്ലാതെ മറ്റൊന്നും വിചാരിക്കാത്ത പ്രകാരം ലോകാവസാനത്തിൽ വിശ്വാസത്തിന്റെ ഫലം മാത്രം അന്വേഷിക്കപ്പെടും. ആ ദിവസത്തിൽ വാഗീശന്റെ അതിഭാഷണം എല്ലാം സാരമില്ലാതെയായി പോകും നിശ്ചയം.

വിശ്വ: കുളമ്പു പിളൎന്നു രണ്ടായി പിരിഞ്ഞു തേക്കി അരെക്കുന്ന മൃഗമെല്ലാം ശുദ്ധമുള്ളതാകുന്നു, തേക്കി അരെക്കുന്നെങ്കിലും കുളമ്പു പിളരാതെ ഇരുന്നാൽ ശുദ്ധമല്ല എന്നു മോശെ എഴുതിയതു എനിക്ക് ഓൎമ്മ വരുന്നുണ്ടു. മുയൽ തേക്കി അരെക്കുന്നെങ്കിലും കുളമ്പു പിളരാതെ നായുടെയും കരടിയുടെയും ചേലിൽ കാലുള്ളതായി അശുദ്ധമാകുന്ന പ്രകാരം, വാഗീശൻ ജ്ഞാനം അന്വേഷിച്ചു വചനത്തെ അരെച്ചു വളരെ സംസാരിക്കുന്നു, എങ്കിലും പാപവഴി വിടാതെ നടക്കകൊണ്ടു അശുദ്ധൻ തന്നെ.

ക്രിസ്തി: നീ പറഞ്ഞതു കാൎയ്യം തന്നെ; ആ വാക്കുകളുടെ സുവിശേഷാൎത്ഥം നിനക്ക് തോന്നി വന്നിട്ടുണ്ടായിരിക്കും പിന്നെ ഞാൻ മറ്റൊന്നു പറയാം: പൌൽ ചില സമൎത്ഥരായ ജല്പകന്മാൎക്കു മുഴങ്ങുന്ന

ചെമ്പും ചിലമ്പുന്ന താളവും എന്ന പേർ വി
ളിച്ചുവല്ലൊ. ചെമ്പും താളവും മുഴങ്ങിയാലും ജീവൻ
കൂടാതെ ഇരിക്കുന്ന പ്രകാരം ആ ജല്പകന്മാൎക്ക ഒരു
ദൈവദൂതന്റെ നാവും ഒച്ചയുംകൊണ്ടു പറവാൻ
കഴിയുമെങ്കിൽ അവർ സത്യവിശ്വാസവും സുവി
ശേഷകാൎയ്യവുമുള്ള ജീവനും കൂടാതെ ഇരിക്ക
കൊണ്ടു, ദൈവരാജ്യത്തിലും ജീവന്റെ മക്കളുടെ സ
മൂഹത്തിലും പാൎപ്പാൻ അയോഗ്യന്മാരായിരിക്കുന്നു.

വിശ്വ: എനിക്ക് ആദ്യം അവനിൽ ഉണ്ടായ
മമതയോളം ഇപ്പോൾ വെറുപ്പുണ്ടു; അവനെ അ
യക്കേണ്ടതിന്നു നാം എന്തു ചെയ്യേണം?

ക്രിസ്തി: ഞാൻ പറയുംപ്രകാരം നീ ചെയ്താൽ
ദൈവം അവന്റെ ഹൃദയം തൊട്ടു തിരിക്കുന്നില്ലെ
ങ്കിൽ അവനും നിന്നിൽ വേഗം വെറുപ്പുണ്ടാകും.

വിശ്വ: എന്നാൽ ഞാൻ എന്തു ചെയ്യേണ്ടു?

ക്രിസ്തി: നീ അവന്റെ അടുക്കൽ ചെന്നു ദൈ
വകാൎയ്യത്തിന്റെ ശക്തികൊണ്ടു അവനോടു സം
സാരിക്കേണം; പിന്നെ അവൻ എല്ലാം സമ്മതിച്ച
ശേഷം ഈ കാൎയ്യങ്ങൾ നിന്റെ ഹൃദയത്തിലും ഭ
വനത്തിലും നടപ്പിലുമുണ്ടോ? എന്നു ചോദിക്ക.

അതിന്റെ ശേഷം വിശ്വസ്തൻ വാഗീശ
ന്റെ അരികെ ചെന്നു അല്ലയോ സഖേ! സുഖമു
ണ്ടോ എന്നു ചോദിച്ചു?

വാഗീ: സുഖം തന്നെ എങ്കിലും ഇത്ര നേരം
സംസാരിക്കാഞ്ഞതു കുറവല്ലയോ?

വിശ്വ: ഇപ്പോൾ സംസാരിക്കാമല്ലൊ എനി
ക്ക് ഒന്നു ചോദിപ്പാനുണ്ടു, രക്ഷാകരമായ ദൈവക

രുണ ഒരു മനുഷ്യന്റെ ഹൃദയത്തിൽ ഉണ്ടായാൽ അതു വെളിവായി വരുന്നതെങ്ങിനെ?

വാഗീ: എന്നാൽ നാം കാൎയ്യങ്ങളുടെ ശക്തി കൊണ്ടു സംസാരിക്കേണ്ടതാകുന്നു, നിന്റെ ചോദ്യം എത്രയും സാരം; ഞാൻ സന്തോഷത്തോടെ ഉത്തരം പറയാം: ദൈവകരുണ ഹൃദയത്തിൽ ഉണ്ടായാൽ അതു ഒന്നാമത് പാപത്തിന്നു വിരോധമായി ഒരു നിലവിളിയെ ഉണ്ടാക്കും; രണ്ടാമത്.

വിശ്വ: നില്ക്ക, നാം ഒന്നാമതിനെകൊണ്ടു നല്ലവണ്ണം വിചാരിക്ക; അതു മനസ്സിന്നു പാപകൎമ്മത്തിങ്കൽ വെറുപ്പു ജനിപ്പിക്കയാൽ വെളിവായി വരുന്നു എന്നു നീ പറയേണ്ടതായിരുന്നു.

വാഗീ: പാപത്തിന്നു വിരോധമായി നിലവിളിക്ക പാപത്തെ വെറുക്ക ഈ രണ്ടിന്നും തമ്മിൽ എന്തു വ്യത്യാസം.

വിശ്വ: വളരെ ഉണ്ടു, ഞാൻ ഒന്നു പറയട്ടെ ഒരു സമയം ഒരു കള്ളൻ രാത്രിയിൽ ഒരു ഭവനത്തിന്റെ ചുവർ തുരന്നു മുറിച്ചു കയറി കണ്ട വസ്തു എല്ലാം കവൎന്നു പുറത്തു ചാടി വെച്ചു കൊണ്ടിരിക്കുമ്പോൾ, വേറിട്ടു ഒരു കള്ളൻ വന്നു ആ സാമാനങ്ങളെ എല്ലാം എടുത്തു കൊണ്ടുപോയി കളഞ്ഞു, അവൻ പുറത്തു വന്നു എല്ലാം പോയി എന്നു കണ്ടാറെ, എന്തു ഒരു ദുഷ്ടൻ ഇതു ചെയ്തു; ഒരു വസ്തുവെ പോലും സൂക്ഷിച്ചു വെപ്പാൻ മനുഷ്യർ സമ്മതിക്കുന്നില്ലല്ലൊ എന്നു വൈരം കൊടുത്തു കളവിന്നു വിരോധമായി നിലവിളിച്ചു, എന്നിട്ടും അവൻ ആ പാപത്തെ വെറുത്തു എന്നു നീ വിചാരിക്കുന്നുവൊ?

ദൈവകരുണയാൽ പാപദ്വേഷം മനസ്സിൽ ഇ ല്ലെങ്കിൽ അതിന്നു വിരോധമായി എത്ര നിലവിളി ച്ചാലും അതു ഹൃദയത്തിലും ഭവനത്തിലും നടപ്പിലും ഉണ്ടാകും, യോസെഫിന്റെ യജമാനത്തി താൻ ശു ദ്ധമുള്ളവൾ എന്ന ഭാവം കാട്ടി വളരെ നിലവിളി ച്ചു എങ്കിലും, അവനോടു അശുദ്ധി പ്രവൃത്തിപ്പാൻ മോഹിച്ചവളല്ലൊ! ഒരമ്മ മടിയിലുള്ള മകൾക്കു വി രോധമായി നിലവിളിച്ചു എല്ലാ വിധമുള്ള ദൂഷണ വാക്കുകൾ പറഞ്ഞാലും പിന്നെയും ചുംബിച്ചു ലാ ളിക്കും അപ്രകാരം പലരും പാപത്തിന്നു വിരോധ മായി നിലവിളിച്ചാലും ആയതിനെ സ്നേഹിക്ക ത ന്നെ ചെയ്യും.

വാഗീ: നീ പതിയിരിക്കുന്നു എന്നു തോന്നുന്നു.

വിശു: ഒരു നാളും ഇല്ല; സകലവും നേരെ വിചാരിച്ചു പറവാൻ മാത്രം എനിക്ക ആവശ്യം. ഹൃദയത്തിൽ കാരുണ്യവേല ഉണ്ടെങ്കിൽ, അതു ര ണ്ടാമത് ഒരു കാൎയ്യത്താൽ വെളിവായി വരും എന്ന് നീ മുമ്പെ പറവാൻ ഭാവിച്ചുവല്ലൊ അതെന്തു?

വാഗീ: സുവിശേഷരഹസ്യങ്ങളിൽ വലിയ ജ്ഞാനം.

വിശു: ഇത് ആദ്യം പറയേണ്ടതായിരുന്നു എങ്കിലും, ആദ്യമോ, അവസാനമോ, ഇതുവും കാൎയ്യ മല്ല; ഹൃദയത്തിലെ കാരുണ്യവേല കൂടാതെ സുവി ശേഷരഹസ്യങ്ങളിൽ ജ്ഞാനം വരുത്തുവാൻ വൈ ഷമ്യം ഒന്നുമില്ല. ഒരു മനുഷ്യൻ സൎവ്വജ്ഞാനിയായി രുന്നിട്ടും നിസ്സാരനും ദൈവപുത്രസ്വീകാരം കൂടാതെ യുള്ളവനുമാകുവാൻ സംഗതി ഉണ്ടു. ക്രിസ്തൻ ഒരു

സമയം ശിഷ്യന്മാരോടു: നിങ്ങൾ ഇവ എല്ലാം അ
റിയുന്നുവൊ? എന്നു ചോദിച്ചപ്പോൾ, അവർ അ
തെ കൎത്താവെ, അറിയുന്നു എന്നു പറഞ്ഞാറെ, അ
വറെറ ചെയ്താൽ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു എ
ന്നവൻ പറഞ്ഞുവല്ലൊ. ആകയാൽ അറിയുന്നതി
നല്ല ചെയ്യുന്നതിന്നത്രെ അനുഗ്രഹം വെച്ചിരി
ക്കുന്നു. ഒരു വേലക്കാരൻ യജമാനന്റെ ഇഷ്ടം
അറിഞ്ഞിട്ടു ചെയ്യാതിരുന്നാൽ വളരെ അടി കൊള്ളും
എന്ന വാക്കുണ്ടല്ലൊ. ദൈവത്തെന്റെ ജ്ഞാനമുണ്ടാ
യിട്ടു സത്യക്രിസ്ത്യാനിയാകാതിരിപ്പാൻ സംഗതി ഉ
ണ്ടാകകൊണ്ടു, നീ പറഞ്ഞതും സാരമില്ല. ജല്പകന്മാ
ൎക്കും പ്രശംസക്കാൎക്കും ജ്ഞാനം മതി; ദൈവത്തിന്നു
നല്ല പ്രവൃത്തിയിൽ അത്രെ രസം തോന്നും. ജ്ഞാ
നം കൂടാതെ ഹൃദയം നന്നാകുന്നില്ല സത്യം, എങ്കി
ലും രണ്ടു വക ജ്ഞാനം ഉണ്ടു, ഒന്നു നിത്യാഭ്യാസ
ത്താൽ വരുന്ന തലയിലെ ജ്ഞാനം; ജല്പകന്നു ത
ന്നെ പോരും; രണ്ടാമത് വിശ്വാസസ്നേഹങ്ങളുടെ
കരുണെ നിറഞ്ഞു പൂണ്ണു മനസ്സാലെ ദൈവേഷ്ടം
ചെയ്വാൻ ശക്തീകരിക്കുന്ന ഹൃദയത്തിലെ ജ്ഞാനം
ഇതു ഇല്ലെങ്കിൽ സത്യക്രിസ്ത്യാനിക്കു ഒരു സൌഖ്യ
വുമില്ല. എന്നെ ഗ്രഹിപ്പിച്ചാലും എന്നാൽ നിന്റെ
ധൎമ്മത്തെ (ന്യായപ്രമാണത്തെ) ഞാൻ സൂക്ഷിച്ചു
സൎവ്വ ഹൃദയത്താലും കാക്കും. (സങ്കീ. ൧൧൯, ൩൪.)

വാഗീ: ഇതു ഉപകാരത്തിന്നായിട്ടല്ല, നീ പി
ന്നെയും പതിയിരിക്കുന്നു സത്യം.

വിശ്വ: എന്നാൽ കാരുണ്യവേല വെളിവായി
വരുന്ന മറെറാരു പ്രകാരം നീ പറഞ്ഞാലും.

വാഗീ: ഞാൻ പറയുന്നത് നിണക്ക് ബോധിക്കുന്നില്ലല്ലൊ, അതുകൊണ്ടു എനിക്കു പറവാൻ ആവശ്യമുള്ളതല്ല.

വിശ്വ: നിണക്ക് പറവാൻ ഇഷ്ടക്കേടാകുന്നെങ്കിൽ, നീ എനിക്ക് പറവാൻ സമ്മതം തരുമോ?

വാഗീ: നിൻെറ മനസ്സു പോലെ ചെയ്ക.

വിശ്വ: ഒരു മനുഷ്യൻെറ ഹൃദയത്തിൽ കാരുണ്യവേല ഉണ്ടായാൽ, തനിക്കെങ്കിലും അന്യന്മാൎക്കെങ്കിലും വെളിവാകും. തനിക്ക് വെളിവാകുന്നതാവിത്: അത് അവനു പ്രകൃതിദോഷം അവിശ്വാസം മുതലായ പാപങ്ങളുടെ ബോധം വരുത്തി, ക്രിസ്തുമൂലം വിശ്വാസത്താൽ ദൈവത്തിൽനിന്നു ക്ഷമ ലഭിക്കാഞ്ഞാൽ നിത്യ നാശത്തിൽ അകപ്പെടും എന്നു തോന്നിച്ചു, പാപത്തിന്നിമിത്തം ദുഃഖിച്ചു ലജ്ജിപ്പാനും തനിക്കു പ്രകാശിതമായി വന്ന ലോകരക്ഷിതാവോടു ജീവനോളം ചേൎന്നിരിക്കയിൽ വിശന്നു ദാഹിച്ചിരിപ്പാനും സംഗതി ഉണ്ടാക്കുകയും ചെയ്യുന്നു. ആ പൈദാഹങ്ങൾക്ക് വാഗ്ദത്തവും ഉണ്ടു, ആകയാൽ രക്ഷിതാവിങ്കലെ വിശ്വാസത്തിൻെറ ബലാബലപ്രകാരം സന്തോഷം സമാധാനം വിശുദ്ധിയിലെ താല്പൎയ്യം കൎത്താവിനെ അധികം അറിഞ്ഞു ഇഹലോകത്തിൽ വെച്ചു സേവിക്കയിൽ ആഗ്രഹം എന്നിവററിൻെറ ഏററക്കുറവുകൾ കാണും; പാപവും അശുദ്ധവിചാരങ്ങളും ഇനിയും ഹൃദയത്തിൽ അതിക്രമിക്കകൊണ്ടു, കാരുണ്യവേല തന്നെ തുടങ്ങി എന്നു തനിക്കും പലപ്പോഴും

തൊന്നുന്നില്ല. ദൈവജ്ഞാനം നന്നായി വൎദ്ധിച്ചു ശേഷം മാത്രം ഈ കാൎയ്യത്തിലും വെളിച്ചം ഉണ്ടാകും.

അന്യന്മാൎക്ക അതു വെളിവായി വരുന്നതാവിത്:

ഒന്നാമത്: ക്രിസ്തുവിശ്വാസം ഉണ്ടു എന്ന് താന്താൻ അനുഭവിച്ചത് ഏററു പറയുന്ന സാക്ഷിയാലും, രണ്ടാമത ആ സാക്ഷി യോഗ്യമാകുന്ന നടപ്പിനാലും അത്രെ. അതാവിത്: ഹൃദയത്തിലും, കുഡുംബം ഉണ്ടെങ്കിൽ കുഡുംബത്തിലും ലോകത്തോടുള്ള സമ്പൎക്കത്തിലും സംസൎഗ്ഗം വിളങ്ങുന്ന നടപ്പു. അതിനാൽ പാപത്തെയും പാപത്തിന്നിമിത്തം തന്നെയും വെറുത്തു, ജല്പകനും കപടഭക്തനും പ്രയോഗിക്കുന്ന വാക്കിനാൽ മാത്രമല്ല, വിശ്വാസസ്നേഹങ്ങളാൽ വചനത്തിന്നു വിധേയനായി, തന്റെ ഭവനത്തിൽ സകല ദോഷം വിരോധിച്ചും ലോകത്തിൽ വിശുദ്ധിയെ വൎദ്ധിപ്പിച്ചും കൊണ്ടിരിക്കും. ഹൃദയത്തിൻ കാരുണ്യവേല ഉണ്ടു എന്നു അന്യന്മാൎക്കും വെളിവായി വരുന്നതീവണ്ണം: ഞാൻ പറഞ്ഞതിന്നു വല്ല തെററും തോന്നിയാൽ പറക, അല്ലെങ്കിൽ എനിക്ക മററൊന്നു ചോദിപ്പാൻ സമ്മതം തരേണം.

വാഗീ: തെററു നോക്കുക അല്ല, കേൾക്ക തന്നെ എനിക്ക ഇപ്പോൾ നല്ലു; നിന്റെ ചോദ്യം എന്തു?

വിശ്വ: ഞാൻ കാരുണ്യവേലയെ വൎണ്ണിച്ച പ്രകാരം അനുഭവിച്ചിട്ടുണ്ടോ? പിന്നെ നീ വാക്കിനാൽ മാത്രമല്ല, നടപ്പു പ്രവൃത്തികളാലും അതു തെളി

യിച്ചു വരുന്നുണ്ടോ? ഈ ചോദ്യത്തിന്നു നീ ഉത്തരം പറവാൻ വിചാരിക്കുന്നെങ്കിൽ, ദൈവത്തിന്നും നിന്റെ മനസ്സാക്ഷിക്കും സമ്മതമുള്ളതല്ലാതെ മറെറാന്നും പറയരുതേ. തന്നെത്താൻ പ്രശംസിക്കുന്നവനല്ല ദൈവത്താൽ പ്രശംസിക്കപ്പെട്ടവനത്രെ സാരൻ. പിന്നെ നടപ്പിനാലും അയല്ക്കാരുടെ സാക്ഷിയാലും തന്റെ വാക്കു സ്പഷ്ടമായിരിക്കുമ്പോൾ, താൻ നല്ലവൻ എന്നു പറയുന്നതു മഹാ ധൃഷ്ടതയല്ലയൊ?

അപ്പോൾ വാഗീശൻ അല്പ നേരം ബുദ്ധിമുട്ടി നിന്ന ശേഷം, നീ ഇപ്പോൾ അനുഭവം മനസ്സാക്ഷി ദൈവം എന്നിവ കൊണ്ടും പറഞ്ഞ വാക്കിന്നായി അവനെ തന്നെ സാക്ഷിയാക്കുന്നതുകൊണ്ടും വാദം തുടരുകയാൽ എനിക്കു മതി; ഉത്തരം പറവാൻ ആവശ്യമില്ല; നീ നല്ല പ്രശ്നക്കാരൻ എങ്കിലും വിധി കൎത്താവ് അല്ലല്ലൊ. ഇപ്രകാരമുള്ളതു എന്നോടു ചോദിപ്പാൻ സംഗതി എന്തു?

വിശ്വ: നീ ബഹു വാചാലനാകുന്നു എന്നു ഞാൻ കണ്ടു, നിശ്ചയമില്ലാത്ത നിനവുകൾ അല്ലാതെ മറവും വല്ലതും നിനക്കുണ്ടോ എന്നറിവാൻ വേണ്ടി ഈവക ചോദിച്ചതു. അതു തന്നെ അല്ല, നീ വാക്കിനാൽ നല്ല ഭക്തിയെ കാണിച്ചാലും, നടപ്പു ദോഷമുള്ളതാകുന്നു എന്നു ഞാൻ കേട്ടിരിക്കുന്നു. നീ ക്രിസ്ത്യാനികൾക്കു നിന്ദയും നേൎവ്വഴിക്കു ദൂഷണവും എന്നും, നിന്റെ നടപ്പുദോഷങ്ങൾകൊണ്ടു പലൎക്കും ഇടച്ചു വരുത്തി, ഇനിയും പലൎക്കും നാശം വരുത്തുവാൻ സംഗതി ഉണ്ടു എന്നും, കുടി ദ്രവ്യാഗ്രഹം

അശുദ്ധി ദൂഷണം കളിവാക്ക ദുഷ്ടസംസൎഗ്ഗം എ ന്നീവക എല്ലാം നിന്റെ ദൈവഭക്തിയിൽ കലൎന്ന എന്നും കുലസ്ത്രീജനത്തിന്ന വേശ്യ എന്ന പോലെ നീ ക്രിസ്ത്യാനികൾക്ക നിന്ദ്യനായിരിക്കുന്നു എന്നും ജനങ്ങളുടെ വാക്ക.

വാഗീ: കേട്ട കഥയെ പ്രമാണിച്ച ക്ഷണെ ത്തിൽ കുററം പറയുന്ന ക്ഷുദ്രനും (ചവറൻ) വിമ നസ്സുമായ (കറുമ്പിത്തൻ) നിന്നോട്ട എനിക്ക ഇ നി സംസാരിപ്പാൻ ആവശ്യമില്ല; സലാം എന്ന പറഞ്ഞു പോകയും ചെയ്തു.

അപ്പോൾ ക്രിസ്തിയൻ വിശ്വാസ്യനോട്ട: കാൎയ്യ ത്തീൎപ്പ ഇതാകും എന്ന ഞാൻ പറഞ്ഞുവല്ലൊ. നി ന്റെ വചനത്തിന്നും അവന്റെ മോഹങ്ങൾക്കും തമ്മിൽ ഒരു നിരപ്പും ഇല്ലായ്കകൊണ്ട, നടപ്പിനെ മാററുന്നതിനേക്കാൾ നിന്നെ വിട്ട പോകുന്നതു അ ധികം നല്ലതു എന്നവന്റെ പക്ഷം. എന്നാൽ അ വൻ പോകട്ടെ; ഛേദം എല്ലാം അവന്ന തന്നെ; കൂ ടിയിരുന്നെങ്കിൽ നമുക്ക ദൂഷ്യം ഉണ്ടാകുവാൻ സം ഗതിയായിരുന്നു. ഇപ്രകാരമുള്ളവരെ വിടുക എന്ന അപ്പൊസ്തലന്റെ വാക്ക.

വിശ്വ: എങ്കിലും നാം അവനോട്ട സംസാരി ച്ചതു നന്നു, പക്ഷെ ഒരു സമയം കേട്ടത് ഓൎത്തു വിചാരിക്കും. അതു കൂടാതെ അവൻ നശിച്ചുപോ യാൽ ഞാൻ കുററക്കാരനല്ല; സ്പഷ്ടമായി അവനോ ട സംസാരിച്ചുവല്ലൊ.

ക്രിസ്തി: അതു എത്രയും നന്നായി സത്യം. നട പ്പിൽ ഭോഷ്കന്മാരും അഹങ്കാരികളും, പുറത്തുള്ളവൎക്ക

നേർവ്വഴിയെ നിന്ദ്യമാക്കി വാക്കിൽ മാത്രം ഭക്തിയെ കാട്ടുന്ന വ്യൎത്ഥസംസാരികളുമായവരോടു ഇത്ര സ്പ ഷ്ടമായി പറയുന്നത് നന്ന ദുല്ല്ഭമാകകൊണ്ടു, ലോ കൎക്ക വെറുപ്പും ക്രിസ്തുനാമത്തിന്നു ദൂഷണവും വി ശ്വാസികൾക്കു ബഹു സങ്കടവും വരുന്നുണ്ടു. നീ വാഗീശനോടു സംസാരിച്ച പ്രകാരം മററു വിശ്വാ സികളും ആ വകക്കാരോടു സംസാരിക്കുന്നു എങ്കിൽ ദൈവവചനത്തോടു ചേരുന്നപ്രകാരം നടക്കാത്ത വൎക്കെല്ലാം ക്രിസ്തുസഭ അസഹ്യമായി ചമഞ്ഞതാ യിരുന്നു.

അപ്പോൾ വിശ്വസ്തൻ:

വാഗീശൻ എത്രയും കയൎത്തു താൻ
വായ്പുടയാലെ സൎവ്വം നീക്കുവാൻ
മതി എന്നോങ്ങി ആക്രമിച്ചുടൻ
ചതി ഒഴിച്ച നല്പനാം ഭടൻ
ഇതത്രെ കേൾ വിശ്വാസത്തിൻമണി
അകമ്പുറവും ഒക്കും ഉല്പണി.

എന്നു പാടുകയും ചെയ്തു.

അവർ ഇങ്ങിനെ വനപ്രദേശത്തിൽ കൂടി ന ടന്നു സഞ്ചാരദുഃഖങ്ങളെ മറപ്പതിന്നായി വഴിയിൽ വെച്ചു കണ്ടും കേട്ടും ഉള്ള കാൎയ്യങ്ങളെ കുറിച്ചു സം സാരിച്ചു കൊണ്ടിരിക്കുമ്പോൾ, വിശ്വസ്തൻ മറി ഞ്ഞു നോക്കി പിന്നാലെ വരുന്ന ഒരുത്തനെ കണ്ടു, അവനെ അറിഞ്ഞു, സഹോദരനോടു: വഴിയെ വ രുന്നവനെ കണ്ടുവോ? എന്നു ചോദിച്ചാറെ, ക്രി സ്തിയനും നോക്കി പ്രസാദിച്ചു: എന്റെ സ്നേഹി തനായ സുവിശേഷി തന്നെ വരുന്നു. എന്നു പറ

ഞ്ഞശേഷം, വിശ്വസ്തൻ: അവൻ എൻെറ സ്നേഹിതനും, വാതിൽക്കലേക്ക് ചെല്ലുവാൻ വഴിയെ കാണിച്ചുവനുമാകുന്നു എന്നു പറഞ്ഞു. ഇരുവരും സന്തോഷിച്ചപ്പോൾ, സുവിശേഷി അടുത്തു ചെന്നു ഹേ പ്രിയമുള്ളവരേ! നിങ്ങൾക്കും നിങ്ങളുടെ സഹായക്കാൎക്കും സമാധാനമുണ്ടാകട്ടേ എന്നനുഗ്രഹിച്ചു.

ക്രിസ്തി: അല്ലയോ സുവിശേഷിയേ സലാം, സലാം! നിങ്ങളുടെ മുഖത്തെ കണ്ടതിനാൽ പണ്ടുള്ള സ്നേഹവും എൻെറ നിത്യസുഖത്തിന്നായി കഴിച്ച അദ്ധ്വാനവും ഓൎമ്മയിൽ വരുന്നുണ്ടു.

വിശ്വ: ഹാ മധുരസുവിശേഷിയേ! ആയിരം സലാം! വലഞ്ഞിരിക്കുന്ന സഞ്ചാരികളായ ഞങ്ങൾക്കു നിങ്ങളുടെ വരവു ബഹു വാഞ്ഛിതം തന്നെ.

സുവിശേഷി: അല്ലയോ സഖിമാരെ! നാം തമ്മിൽ പിരിഞ്ഞ നാൾ മുതൽ ഇന്നു വരെയും നിങ്ങൾക്കു എന്തെല്ലാം ഉണ്ടായി.

അപ്പോൾ സഞ്ചാരികൾ വഴിയിൽ വെച്ചുണ്ടായതും, ആ സ്ഥലത്തു എത്തുംവരെ തങ്ങൾ സഹിച്ച ദുഃഖങ്ങളെയും എല്ലാം അറിയിച്ചു.

സുവി: നിങ്ങൾക്കു സങ്കടങ്ങൾ വന്നതു കൊണ്ടല്ല, നിങ്ങൾ സകലവും ജയിച്ചു ബലഹീനന്മാരെങ്കിലും ഈ ദിവസം വരെയും നേൎവ്വഴിയിൽ നടന്നതുകൊണ്ടു എനിക്കു വളരെ സന്തോഷം. ഞാൻ വിതച്ചു, നിങ്ങൾ കൊയ്യ്വാൻ തുടങ്ങി; വിതച്ചവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാനുള്ള സമയം വരുവോളം തളൎന്നു പോകാഞ്ഞാൽ, തത്സമയത്തിൽ നാം കൊയ്യും; വാടാത്ത കിരീടം നിങ്ങളുടെ

മുമ്പിൽ വെച്ചിരിക്കുന്നു; അതു കൈക്കലാക്കുംവണ്ണം ഓടുവിൻ. പലരും ആ കിരീടം വാങ്ങുവാനായി പുറപ്പെട്ടു ദൂരം നടന്നശേഷം, മറ്റൊരുത്തൻ വന്നു അതിനെ എടുക്കും എന്നോൎത്തു നിങ്ങളുടെ കിരീടത്തെ ആരും എടുക്കായ്വാൻ നിങ്ങൾക്കുള്ളതിനെ പിടിച്ചുകൊൾവിൻ. പിശാചിന്റെ അസ്ത്രങ്ങൾ എത്താത്ത സ്ഥലത്തിൽ നിങ്ങൾ ചേൎന്നു വന്നില്ല, നിങ്ങൾ ഇതുവരെയും പാപത്തോടു എതിർ പൊരുതുകൊണ്ടു രക്തപൎയ്യന്തം വിരോധിച്ചു നിന്നില്ല. ദൈവരാജ്യം എപ്പോഴും നിങ്ങളുടെ മുമ്പിൽ ആക്കി അദൃശ്യകാൎയ്യങ്ങളെ സ്ഥിരമായി വിശ്വസിച്ചു, ലോകകാൎയ്യത്തിന്മേൽ മനസ്സു വെക്കാതെ, വഞ്ചനയും ദോഷവുമുള്ള നിങ്ങളുടെ ഹൃദയങ്ങളെയും ജഡമോഹങ്ങളെയും നല്ലവണ്ണം സൂക്ഷിച്ചു. സ്വൎഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരശക്തി നിങ്ങളുടെ പക്ഷത്തിൽ ഇരിക്കകൊണ്ടു ധൈൎയ്യമായിരിപ്പിൻ.

അപ്പോൾ ക്രിസ്തിയൻ: സുവിശേഷിയെ തൊഴുതു, നിങ്ങൾ ഞങ്ങളുടെ ഉപകാരത്തിന്നു പറഞ്ഞ വാക്കു നിമിത്തം നിങ്ങൾക്കു വന്ദനം, എങ്കിലും നിങ്ങൾ പ്രവാചകനാകകൊണ്ടു വഴി ശേഷത്തിൽ ഞങ്ങൾക്കു സംഭവിപ്പാനുള്ള കഷ്ടങ്ങളെയും അവറ്റെ സഹിച്ചു അടക്കുവാനായി പ്രയോഗിക്കേണ്ടുന്ന ഉപായങ്ങളെയും പറഞ്ഞു തന്നു. ഞങ്ങളെ ഇനിയും സഹായിക്കേണം എന്നു പറഞ്ഞതു വിശ്വസ്തനും സമ്മതിച്ചാറെ,

സുവിശേഷി: അല്ലയോ ആത്മജന്മാരെ! നിങ്ങൾ ബഹു സങ്കടങ്ങളാൽ സ്വൎഗ്ഗരാജ്യത്തിലേക്കു

പ്രവേശിക്കേണ്ടതാകുന്നു; നഗരം തോറും ചങ്ങലകളും ദുഃഖങ്ങളും ഉണ്ടാകും എന്നു സുവിശേഷത്തിന്റെ സത്യവചനത്താൽ നിങ്ങൾ അറിയുന്നുവല്ലൊ, അതുകൊണ്ടു പ്രയാണം സങ്കടം കൂടാതെ തീരും എന്നു വിചാരിക്കരുതു. ഈ വാക്യങ്ങളുടെ പരമാൎത്ഥം ഇതുവരെയും അറിയേണ്ടതിന്നു സംഗതി വന്നു, മററും പലതും വേഗം അറിയാം; ഇനിയും അല്പം വഴി നടന്നാൽ, നിങ്ങൾ ഈ വനം വിട്ടു ഒരു നഗരത്തെ കാണും; അവിടെ ശത്രുക്കൾ നിങ്ങളെ വളഞ്ഞു ഉപദ്രവിക്കുമ്പോൾ, ഒരുവൻ നിങ്ങളുടെ വിശ്വാസത്തിന്റെ സാക്ഷിക്കായി തന്റെ രക്തം മുദ്രയാക്കി മരിക്കേണ്ടിവരും; എന്നാൽ മരണത്തോളം വിശ്വസ്തരായി നിന്നാൽ രാജാവ് ജീവകിരീടത്തെ തരും. ഇങ്ങിനെ ശത്രുവൈരത്താൽ മരിക്കുന്നവൻ ബഹു കഷ്ടങ്ങളെ സഹിക്കേണ്ടി വന്നാലും യാത്രാപ്രയാസദുഃഖങ്ങളെ ഒഴിച്ചു അടുത്ത വഴിയായി ക്ഷണം സ്വൎഗ്ഗീയപട്ടണത്തിൽ എത്തുന്നതുകൊണ്ടു ഭാഗ്യവാൻ തന്നെ നിശ്ചയം. എന്റെ വാക്കിൻ പ്രകാരം ഉണ്ടാകുന്ന സമയത്തു സ്നേഹിതനായ എന്നെ ഓൎത്തു പുരുഷന്മാൎക്ക യോഗ്യമാകുംവണ്ണം ചെറുത്തു നിന്നു ഗുണങ്ങൾ ചെയ്തു നടന്നു, തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിൽ എന്നു വെച്ചു ഭരമേല്പിപ്പൂതാക! എന്നു പറഞ്ഞു പോകയും ചെയ്തു.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ: സഞ്ചാരികൾ വനപ്രദേശം വിട്ടു നടന്നു ഉടനെ മായാപുരത്തെ കണ്ടു. അവിടെ മായ എന്ന

ചന്ത ദിവസംതോറും നടക്കുന്നുണ്ടു. ആ പട്ടണം മായയേക്കാളും ഘനം കുറഞ്ഞതാകകൊണ്ടും ചന്തയിൽ ക്രയവിക്രയങ്ങൾക്കായി, വെച്ച സാധനങ്ങൾ ഒക്ക മായാമയങ്ങൾ തന്നെ ആകകൊണ്ടും, അതിന്നു മായച്ചന്ത എന്ന പേർ നടപ്പായി വന്നു; അതു പുതിയതുമല്ല, എത്രയും പുരാണം തന്നെ ആകുന്നു. ഏകദേശം അയ്യായിരം സംവത്സരം മുമ്പെ സജ്ജനങ്ങൾ വാനപട്ടണത്തിലേക്ക് യാത്രയാകുവാൻ തുടങ്ങിയ നേരം, ബെൾജബൂൽ അപ്പോല്യൻ ലെഗ്യോൻ എന്നീ മൂന്നു അസുരന്മാർ, അവരെ തടുപ്പാൻ വേണ്ടി ഒരുപായം വിചാരിച്ചു, തങ്ങളുടെ സേവകന്മാരായ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരും ഗണപതി ദുൎഗ്ഗ എന്നും മറ്റും ഏറിയ മായാപ്രവൃത്തിക്കാരെ ചേൎത്തു, വഴിയുടെ ഇരുപുറവും ആ ചന്തയെ സ്ഥാപിച്ചു, ഭവനരാജ്യങ്ങളും നിലമ്പറമ്പുകളും പൊൻവെള്ളിയാഭരണരത്നാദികൾ ലോകമഹത്വങ്ങൾ അന്നപാനവേശ്യാസംഗങ്ങൾ ഭാൎയ്യാഭൎത്താക്കന്മാരും പുത്രീപുത്രന്മാരും ദാസീദാസന്മാരും ശരീരരക്തങ്ങളും ജീവാത്മാക്കളും മറ്റും പല പ്രകാരമുള്ള മോഹനദ്രവ്യങ്ങളെ ക്രയവിക്രയങ്ങൾക്കായിട്ടു വെച്ചു. അവിടെ കിട്ടാത്തതു ഒന്നും ഇല്ല, കൂത്തുകളും മോടിക്കളികളും ചൂതും നൃത്തങ്ങളും വഞ്ചനയും പരിഹാസവും മൌഢ്യവും ചതിയും കളവും ദിവസേന കാണാം. ദിനന്തോറും മോഷണം അടിപിടി, വേശ്യാദോഷം, കുല, കള്ളപ്രമാണം മുതലായ തമാശകൾ പണം കൊടുക്കാതെ നന്നായി കാണാം.

മററെ പട്ടണങ്ങളിൽ കാണുന്ന പ്രകാരം ഓരോ നാട്ടുചരക്ക് ക്ഷണത്തിൽ അറിവാൻ വേണ്ടി ചന്തവഴികളിൽ പല രാജ്യനാമങ്ങൾ എഴുതി പതിപ്പിച്ചിട്ടുണ്ടു. മുസല്മാനർ ബ്രാഹ്മണർ ചെട്ടികൾ നായർ, തീയർ, ഇങ്ക്ലിഷ്, പരന്ത്രീസ്സ് മുതലായ സകല ജാതിക്കാരുടെ വിശേഷചരക്കുകളെ വെവ്വേറെ, തെരുക്കളിൽ വക തിരിച്ചു കാണാം. അവിടെ പെൺകച്ചവടവും കള്ളു, പൊൻ വെള്ളി ലോഹം മരം കല്ലു മുതലായ രൂപങ്ങളുടെ കച്ചവടവും വേശ്യാക്കച്ചവടവും മുഖ്യമായി നടക്കുന്നു. അവിടെ ദരിദ്രക്കാർ വിലെക്ക് വാങ്ങുവാനായി പൈയിസ്സയുടെ രൂപങ്ങളും രാജാക്കന്മാർ കാഴ്ച കൊടുപ്പാനായി ലക്ഷം ഉറുപ്പിക വിലയുള്ള രൂപങ്ങളും ആവശ്യം പോലെ കിട്ടും. ഞാൻ പറഞ്ഞപ്രകാരം, വാനപട്ടണവഴി ആ ചന്തയിൽ കൂടി തന്നെ ആകകൊണ്ടു ഒരുത്തൻ അതിൽ കൂടി കടക്കാതെ, വാനപട്ടണത്തിലേക്ക് ചെല്ലുവാൻ നോക്കിയാൽ ഇഹലോകം വിട്ടു പോകേണ്ടി വരും. (൧ കൊ. ൫, ൧൦.) രാജാധിരാജാവ് ഈ ലോകത്തിൽ പാൎത്ത സമയത്തു ഒരു പെരുഞ്ചന്ത ദിവസത്തിൽ തന്റെ രാജ്യത്തിലേക്ക് പോവാൻ വേണ്ടി മായാപുരത്തിൽ കൂടി നടന്നപ്പോൾ, ചന്തരാജാവായ ബെൾജബൂൽ അവനെ കണ്ടു, ആ മായാചരക്കുകളെ വല്ലതും വാങ്ങിക്കൊൾവാനായി വളരെ നിൎബ്ബന്ധിച്ചു എന്നെ സേവിച്ചാൽ, നിന്നെ ചന്തകൎത്താവാക്കും എന്നു പറഞ്ഞു, എങ്ങിനെ എങ്കിലും തന്റെ കച്ചവടം കൊണ്ടു ആ വന്ദ്യനെ താമസിപ്പിച്ചു, അല്പം വാങ്ങുമാറാക്കേണ്ട

ത്തിന്നു പീടികതോറും കടത്തി, ക്ഷണനേരത്തിൽ സകല രാജ്യങ്ങളെയും അവററിലുള്ള വിഭൂതിയേയും കാട്ടിക്കൊണ്ടു വളരെ പ്രയത്നം കഴിച്ചിട്ടും അവന്നു ആ ചരക്കുകളിൽ നീരസം തോന്നി ഒരു വീശത്തിന്നും വാങ്ങാതെ, മായാപുരത്തെ വിട്ടു പോകയും ചെയ്തു.

സഞ്ചാരികളായ ക്രിസ്തിയനും വിശ്വസ്തനും മായാപുരത്തിലെ ചന്തസ്ഥലത്തു എത്തിയ ഉടനെ കച്ചവടക്കാരും പട്ടണവാസികൾ എല്ലാവരും വിസ്മയിച്ചു ഒരു മഹാകലഹം തുടങ്ങി; അതിൻെറ കാരണം പറയാം: ചന്തയിൽ കച്ചവടം ചെയ്തു വരുന്നവരുടെ വസ്ത്രത്തിന്നും സഞ്ചാരികളുടെ വസ്ത്രത്തിന്നും തമ്മിൽ വളരെ ഭേദം കണ്ടതല്ലാതെ, ഭസ്മക്കുറിയും കുടുമയും ഇല്ലായ്കകൊണ്ടു ചന്തക്കാർ അവരെ നോക്കി ആശ്ചൎയ്യപ്പെട്ടു. ചിലർ ഇവർ ഭ്രാന്തന്മാർ, ചിലർ ഇവർ മൂഢന്മാർ, മററു ചിലർ ഇവർ ജാതിഭ്രഷ്ടർ തന്നെ എന്നു പറഞ്ഞു.

അവരുടെ വേഷം നിമിത്തം ആശ്ചൎയ്യം തോന്നിയ പ്രകാരം വാക്കുനിമിത്തവും വിസ്മയിച്ചു; അവർ കനാൻഭാഷ പറകകൊണ്ടും ചന്തക്കാരുടെ വാക്കു മററും ഐഹികഭാഷയാകകൊണ്ടും അവരുടെ വാക്കു ചിലൎക്ക മാത്രം തിരിയും.

ചന്തയിൽ ക്രയവിക്രയങ്ങൾക്കായി വെച്ച മായാസാധനങ്ങളെ സഞ്ചാരികൾ അല്പം പോലും വിചാരിക്കാതെ, എടൊ? നല്ല ചരക്കുണ്ടു; പുതുമാതിരി വല്ലതും വാങ്ങേണം എന്നു കച്ചവടക്കാർ വിളിച്ചപ്പോൾ, വിരൽ ചെവിയിലിട്ടു മായയെ നോക്കാ

ത്തവണ്ണം "എന്റെ കണ്ണുകളെ തിരിക്കേണമെന്ന പറഞ്ഞു" മേല്പെട്ട നോക്കി "ഞങ്ങളുടെ പെരുമാററവും നിക്ഷേപവും ഒക്ക സ്വൎഗ്ഗത്തിൽ ഇരിക്കുന്നുള്ളു" എന്ന പോലെ കാട്ടുകകൊണ്ടും എല്ലാവൎക്കും നീരസം ജനിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ ഒരുത്തൻ നിങ്ങൾ എന്തു വാങ്ങും എന്ന പരിഹാസത്തിന്നായി ചോദിച്ചാറെ, അവർ അവനെ ഉററു നോക്കി: ഞങ്ങൾ സത്യത്തെ വാങ്ങി കൊള്ളും എന്ന പറഞ്ഞതിനാൽ ചന്തക്കാരുടെ നീരസം വൎദ്ധിച്ചു, ചിലർ നിന്ദിച്ചു, ചിലർ വാവിഷ്ഠാനം ചെയ്തു, മററു ചിലർ ഇവരെ അടിക്കേണം എന്ന നിലവിളിച്ചപ്പോൾ, ചന്തയിൽ ഒരു മഹാകലഹവും പാച്ചലും അട്ടഹാസവും തുടങ്ങിയാറെ, ഒരാൾ ഓടി ച്ചെന്ന ആ അവസ്ഥ ഒക്ക പൊലീസ്സധികാരിയായ ബെലിയാളിന്റെ അടുക്കൽ കേൾപ്പിച്ച ശേഷം, അവൻ ഉടനെ വന്ന കാൎയ്യമെല്ലാം കണ്ടു കേട്ടു, ചന്തെക്ക് വിഘ്നം വരുത്തിയ ആ രണ്ടു പേരെ നല്ലവണ്ണം അന്വേഷണം ചെയ്വാൻ വേണ്ടി ചില കാൎയ്യസ്ഥന്മാരോടു കല്പിച്ചു. ആയവരും സഞ്ചാരികളെ വരുത്തി: നിങ്ങൾ എവിടെ നിന്ന വരുന്നു? യാത്ര എവിടേക്ക്? ഇങ്ങിനെയുള്ള വേഷത്തോടുകൂട വന്നതെന്തു? എന്നും മററും ചോദിച്ചാറെ, അവർ: ഞങ്ങൾ ഇഹലോകത്തിൽ സഞ്ചാരികളും പരദേശികളുമായി ഞങ്ങളുടെ ജന്മഭൂമിയാകുന്ന സ്വൎഗ്ഗീയയരുശലേമിലേക്ക് യാത്രയാകുന്നു; ഞങ്ങളെ നിന്ദിപ്പാനും ദുഷിപ്പാനും പ്രയാണത്തിന്ന മുടക്കം വരുത്തുവാനും ഇവിടെ പാൎക്കുന്ന കച്ചവടക്കാൎക്കു ഒരു സംഗ

തിയില്ല; അവൎക്ക ഞങ്ങൾ ഒരു ദോഷം ചെയ്കിട്ടുമില്ല; സത്യത്തെ ഞങ്ങൾ വാങ്ങി കൊള്ളും എന്നു പറഞ്ഞതെ ഉള്ളൂ. എന്നു പറഞ്ഞ വാക്ക കാൎയ്യസ്ഥന്മാർ കൂട്ടാക്കാതെ, നിങ്ങൾ ഭ്രാന്തന്മാരായി ചന്തെക്ക് മുടക്കം വരുത്തുവാൻ വിചാരിക്കുന്നു എന്നു ക്രുദ്ധിച്ചു അവരെ അടിപ്പിച്ചു മുഖത്തു കരി തേച്ചു, ചന്തക്കാരുടെ വിനോദത്തിന്നായി ഒരു പഞ്ജരത്തിൽ (കൂട്ടിൽ) പാൎപ്പിച്ചു. പിന്നെ ചന്തക്കാർ അസംഖ്യമായി വന്നു കൂടി അവരെ കണ്ടു പരിഹസിച്ചും ദുഷിച്ചും ഹിംസിച്ചും ചെയ്തത് എല്ലാം പൊലീസ്സധികാരി കണ്ടു ചിരിച്ചു എങ്കിലും, സഞ്ചാരികൾ എല്ലാം താഴ്മയോടെ സഹിച്ചു, നിന്ദിക്കുന്നവരെ അനുഗ്രഹിച്ചു, വാവിഷ്ഠാനം ചെയ്യുവരോടു പ്രിയമായി സംസാരിച്ചു, തങ്ങൾക്ക ദോഷം വരുത്തിയവൎക്ക് ഗുണം കാണിച്ചു, അതു ചന്തയിൽ പാൎത്തിരുന്ന ചില മൎയ്യാദക്കാർ കണ്ടപ്പോൾ, ഉപദ്രവക്കാരെ ശാസിച്ചു ബുദ്ധി പറവാൻ നോക്കിയാറെ, ശാസ്ത്രക്കാർ കോപിച്ചു, അവരോടു നിങ്ങൾ ഈ കൂട്ടിലിരിക്കുന്നവരെ പോലെ തന്നെ അവൎക്കും നിങ്ങൾക്കും തമ്മിൽ ചേൎച്ചയുണ്ടാകും എന്നു തോന്നുന്നു; അവരെ പോലെ ഞങ്ങൾ നിങ്ങളെയും ശിക്ഷിക്കും നിശ്ചയം എന്നു ക്രുദ്ധിച്ചു പറഞ്ഞപ്പോൾ, മറ്റെയവർ: ഈ രണ്ടാൾ ശാന്തരും സുബോധമുള്ളവരും ആകെക്കിലും ഒരു ദോഷം ചെയ്യാൻ വിചാരിക്കാത്ത മനുഷ്യരുമാകുന്നു എന്നു കാണ്മാൻ എന്തു പ്രയാസം? അതല്ലാതെ ഈ ചന്തയിൽ കച്ചവടം ചെയ്യു വരുന്ന പലരും ഈ തടവിനെയും കഷ്ടങ്ങളെയും

സഹിപ്പാൻ യോഗ്യന്മാരായിരുന്നു എന്നും മററും പല വിധമുള്ള വാക്കുകൾ ഉണ്ടായ ശേഷം, രണ്ടു പക്ഷക്കാരിൽ അടിപിടിയുണ്ടായി ചിലർ മുറിപ്പെട്ടതുകൊണ്ടു കാൎയ്യസ്ഥന്മാർ സഞ്ചാരികളെ പിന്നെയും വിളിപ്പിച്ചു ചന്തയിൽ ഉണ്ടായ കലഹത്തിന്റെ കാരണം നിങ്ങൾ തന്നെ എന്നു പറഞ്ഞു, അവരെ ഘോരമായടിപ്പിച്ചു ചങ്ങലയുമിട്ടു ആരെങ്കിലും അവരുടെ പക്ഷം എടുക്കാതെയും അവരോടു ചേരാതെയും ഇരിക്കേണ്ടതിന്നു ജനങ്ങളെ പേടിപ്പിപ്പാനായി വഴി അടിച്ചു വാരുവാൻ തെരുവീഥികളിൽ കൂടി നടത്തിക്കയും ചെയ്തു. എന്നിട്ടും ക്രിസ്തിയനും വിശ്വസ്തനും വളരെ ശാന്തതയെ കാട്ടി സകല നിന്ദയും പരിഹാസവും സന്തോഷത്തോടെ സഹിച്ച പ്രകാരം ചന്തയിൽ പലരും കണ്ടു, അവരുടെ പക്ഷത്തിൽ ചേൎന്നു വന്നു എന്നു ശാത്രുക്കാർ കണ്ടു മഹാക്രുദ്ധരായി അവരെ കൊല്ലുവാൻ നിശ്ചയിച്ചു; പഞ്ജരവും ചങ്ങലയും പോരാ; നിങ്ങൾ ചെയ്ത ദ്രോഹം നിമിത്തവും ചന്തയിൽ ചിലരെ വഞ്ചിച്ചു വഷളാക്കിയ നിമിത്തവും, നിങ്ങളെ അന്തകന്റെ അടുക്കൽ അയക്കും എന്നു പറഞ്ഞു, അവരെ തടവിലാക്കി കാലുകളെ ആമത്തിൽ ഇടുകയും ചെയ്തു. അപ്പോൾ അവർ വിശ്വാസമുള്ള സ്നേഹിതനായ സുവിശേഷിയുടെ വചനം ഓൎത്തു അദ്ദേഹം മുന്നറിയിച്ചത് സംഭവിച്ചുവല്ലൊ എന്നു വിചാരിച്ചു ധൈൎയ്യം പൂണ്ടു ഇവിടെ മരിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു, തമ്മിൽ ആശ്വസിപ്പിച്ചു ഓരോരുത്തൻ തനിക്ക് തന്നെ മരണം വരേണ്ടതി

നായി ശ്രദ്ധമായി ആഗ്രഹിച്ചു എങ്കിലും സകല കാൎയ്യങ്ങളെയും പരമജ്ഞാനത്താൽ നടത്തിക്കുന്നവനിൽ തങ്ങളെ ഭരമേല്പിച്ചു സന്തുഷ്ടരായി പാൎത്തു.

പിറെറ ദിവസം പൊലീസ്സധികാരിയും കച്ചേരിക്കാരും ഹാജരായശേഷം മായാചന്തക്കാർ അന്യായം ചെയ്വാനായി ഒരു ഹൎജ്ജി എഴുതിയതെന്തെന്നാൽ:

ശ്രീ.

പൊലീസ്സധികാരിയായ ബലിയാൾ കച്ചേരിയിലേക്ക്
മായാപുരക്കാരും വ്യാപാരികളും എഴുതി ബോ
ധിപ്പിക്കുന്ന സങ്കടഹൎജ്ജി എന്തെന്നാൽ:

കുറയ നാൾ മുമ്പെ ക്രിസ്തിയനും വിശ്വസ്തനും എന്ന രണ്ടു പരദേശികൾ നമ്മുടെ പട്ടണത്തിൽ എത്തി, ചന്തസ്ഥലത്തു കണ്ട വ്യാപാരത്തെയും ചരക്കുകളെയും മൎയ്യാദകളെയും ഒട്ടൊഴിയാതെ നിന്ദിച്ചു, മഹാരാജാവായ ബെൽജബൂലിനെയും സകല രാജവംശത്തെയും ദൂഷിച്ചു കലഹമുണ്ടാക്കി, ഒരു പുതിയ വേദം ഉപദേശിച്ചു ജനങ്ങൾക്ക് ബോധം വരുത്തി ചിലരെയും മഹാദ്രോഹം ചെയ്യിച്ചപ്രകാരം ഞങ്ങൾ കണ്ടും കേട്ടും ഇരിക്കുന്നു. മുമ്പെ തന്നെ സ്വാമിഅവർകൾ ഞങ്ങളുടെ സഹായത്തിനായി ചില കാൎയ്യസ്ഥന്മാരെ അയച്ചു എങ്കിലും സങ്കടം തീൎന്നില്ല, നാന്മടങ്ങു വൎദ്ധിച്ചത് കൊണ്ടു കച്ചേരിമുഖാന്തരം അവരുടെ കാൎയ്യം വിസ്തരിച്ചു കണ്ട കുററത്തിന്നു തക്ക ശിക്ഷ കല്പിച്ചു ഞങ്ങളുടെ സങ്കടം തീൎക്കേണ്ടതിന്നു വളരെ അപേക്ഷിക്കുന്നു.

൧. സാക്ഷിക്കാരൻ: അസൂയഹസ്സൻ ഖാൻ ബഹാദർ.
൨. സാക്ഷിക്കാരൻ: വ്യൎത്ഥഭക്തി കൃഷ്ണനായർ.
൩. സാക്ഷിക്കാരൻ: അനാവശ്യകാരി രാമർ.
എഴുത്തുകാരൻ: കൈതവശാസ്ത്രി.

മായക്കൊല്ലം ൯൭൯൫ മത്സരമാസം ൧൨ാം ൹ എഴുതിയതു.

ഇങ്ങിനെയുള്ള ഹൎജ്ജി ബലിയാൾ സ്വാമിഅവർകൾ വാങ്ങി റെഗുലേഷൻ പ്രകാരം വിസ്തരിച്ചു

ചോദ്യം ചെയ്യപ്പോൾ, വിശ്വസ്തൻ: ഞങ്ങൾ ആരെയും നിന്ദിച്ചില്ല, ശാന്തരാകകൊണ്ടു കലഹം ഉണ്ടാക്കീട്ടുമില്ല, ദൈവത്തിന്നും അവൻെറ വചനത്തിന്നും വിരോധമായിരിക്കുന്നതിനെ മാത്രം വിരോധിക്കുന്നുള്ളു. ഈ പട്ടണക്കാർ ചിലർ ഞങ്ങളുടെ സത്യത്തെയും ശുദ്ധ നടപ്പിനെയും കണ്ടു, ഞങ്ങളോടു ചേൎന്നു വന്നതു നേർ തന്നെ; പിന്നെ നിങ്ങളുടെ രാജാവായ ബെൾജബൂൽ ഞങ്ങളുടെ കൎത്താവിൻെറ വൈരിയാകകൊണ്ടു അവനെയും അവൻെറ രാജ്യനീതികളെയും ഭൃത്യന്മാരെയും മരണം വരെയും വിരോധിക്കേണ്ടതാകുന്നു നിശ്ചയം എന്നു ഉത്തരം പറഞ്ഞു.

അനന്തരം ബലിയാൾ സ്വാമി അവൎക്കൾ കയിപ്പിയത്തുകളെയും അന്യായപ്രതികളെയും സാക്ഷിക്കാരെയും ക്രിമിനാൽ കോടതിയിലേക്ക് കൂട്ടി അയച്ച ശേഷം, ലാഡ് ഗുണനാശനൻ എന്ന ക്രിമിനാൽ ജഡ്ജി അവൎക്കൾ ആ ഹജ്ജി മുതലായ വിസ്താരക്കടലാസ്സുകൾ വായിച്ചു കേട്ടു, താമസം കൂടാതെ രണ്ടാം പ്രതിയായ വിശ്വസ്തനെയും അന്യായസാക്ഷിക്കാരെയും നിൎത്തി വിസ്താരം തുടങ്ങി. ഒന്നാം സാക്ഷിയോടു: നീ ഈ അന്യായപ്രതികളെയും ഇവരിൽ ഉണ്ടായ വല്ല കലശലും അറിയുമോ? എന്നു ചോദ്യം ചെയ്താറെ,

അസൂയ ഹസ്സൻ ഖാൻ ബഹാദർ വണക്കത്തോടെ സലാം ചെയ്തു: സ്വാമിൻ! കേട്ടാലും വിശ്വസ്തൻ എന്നവനെ ഞാൻ നല്ലവണ്ണം അറിയും; അവൻ ചെയ്യ ദ്രോഹം എല്ലാം കണ്ടു അതു

യജമാൻ അവൎകളുടെ മുമ്പാകെ ആണെയിട്ടു അറിയിക്കാം എന്നു പറഞ്ഞപ്പോൾ, ജഡ്ജി അവൎകൾ ക്ഷമിക്ക കുറാനെ കൊടുക്ക എന്നു കല്പിച്ചു.

അതിന്മേൽ സത്യം ചെയ്തു ശേഷം, അവൻ സ്വാമിൻ! ൟ മനുഷ്യനു നല്ല പേരുണ്ടെങ്കിലും മഹാദോഷവാൻ തന്നെ; ഇവൻ ഇസ്ലാം ആകട്ടെ, ഹിന്തു വേദം ആകട്ടെ ഒന്നിനെയും ബഹുമാനിക്കാതെ വെറുതെ വിരോധിച്ചു വിശ്വാസവും വിശുദ്ധിയും എന്ന വ്യൎത്ഥവാക്കുകളെകൊണ്ടു സൎവ്വജനങ്ങളെയും വഷളാക്കുവാൻ നോക്കി, ഈ മായാപുരമൎയ്യാദ എല്ലാം ക്രമക്കേടായും സത്യമാൎഗ്ഗത്തിന്നു വിരോധമായും ഇരിക്കുന്നു എന്നു പറഞ്ഞു, മഹാരാജാവായ ബെൾജബ്ബൂലിനെ ദൂഷിച്ചു മുഹമ്മദ് നബിയേയും നിന്ദിച്ചു, ഞാൻ കൈക്കൽ പിടിച്ച കുറാനെ വഞ്ചനാപുസ്തകം എന്നു പറഞ്ഞ പ്രകാരവും ഞാൻ കേട്ടു, ലായല്ലാ ഇല്ലല്ലാ മുഹമ്മദ് റസൂലല്ലാ പണ്ടു പണ്ടേ ഈ പട്ടണത്തിൽ മുസല്മാനരുടെ വേദവും ഹിന്തു വേദവും പ്രമാണം, ഇവ രണ്ടും ഇരിക്കേണം അല്ലെങ്കിൽ ജാതിധൎമ്മങ്ങളും രാജ്യവും നശിക്കും നിശ്ചയം.

ജഡ്ജി അവൎകൾ: ഇനിയും ഏതാൻ ഉണ്ടോ?

അസൂയഹസ്സൻഖാൻബഹാദർ: സ്വാമിൻ! ഇനിയും വളരെ ഉണ്ടു, പറഞ്ഞാൽ കോടതിക്ക അസഹ്യം ഉണ്ടാകും എന്നു ശങ്കിക്കുന്നു; ശേഷം സാക്ഷിക്കാരുടെ വായ്മൊഴികളാൽ ഇവന്റെ കുററം തെളിവില്ലെങ്കിൽ ഞാൻ പിന്നെയും ബോധിപ്പിക്കാം എന്നു പറഞ്ഞാറെ, അപ്പുറം നില്പാൻ കല്പനയുണ്ടായി.

രണ്ടാം സാക്ഷിക്കാരനെ വിളിച്ചാറെ, അവൻ സാലഗ്രാമം തൊട്ടു സത്യം ചെയ്തു പറഞ്ഞതെന്തെന്നാൽ:

വൃത്ഥഭക്തി കൃഷ്ണനായർ: സ്വാമിൻ! വിശ്വാസ്യനും ഞാനുമായി തമ്മിൽ പരിചയമില്ല, അവനെ അധികം അറിയേണ്ടതിന്നു എനിക്ക ആവശ്യവുമില്ല. എങ്കിലും കുറെ ദിവസം മുമ്പെ ചന്തസ്ഥലത്തുവെച്ചു ഇവന്റെ ദൂഷണങ്ങളെ കേട്ടു ഭ്രമിച്ചു, ഇവൻ രാജ്യത്തിന്നു ഒരു മഹാവ്യാധി തന്നെ ആകുന്നു എന്നു കണ്ടിരിക്കുന്നു. നമ്മുടെ മതം കളവും സ്വാമിദ്രോഹവും മായാപുരപട്ടണത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രങ്ങളും ദേവരൂപങ്ങളും ഒക്കവ്യാജവും, ബിംബാരാധന നരകപ്രാപ്തിക്കായി ഒരു വഴിയും, നാം സേവിച്ചു വരുന്ന ശിവൻ, നാരായണൻ, ദുൎഗ്ഗാ, ഗണപതി, വീരഭദ്രൻ മുതലായ ദേവന്മാർ പിശാചുകൾ തന്നെ ആകുന്നു എന്നും മററും ഈ സന്നിധാനത്തിൽ പേപ്പെട്ടുവാൻ അയോഗ്യവാക്കുകളെ കേട്ടിരിക്കുന്നു. ഇങ്ങിനെയുള്ള ഉപദേശം സത്യമായാൽ നമ്മുടെ ഭക്തി വെറുതെ, നമുക്ക് പാപപരിഹാരവുമില്ല, നാശം തന്നെയുള്ളു എന്നു ജഡ്ജി അവർകൾക്ക് അറിയാമല്ലൊ എന്നു പറഞ്ഞു മാറി നില്ക്കുകയും ചെയ്തു.

മൂന്നാം സാക്ഷിക്കാരനെ വിളിച്ചു സത്യം ചെയ്യിച്ചാറെ, അവൻ ബോധിപ്പിച്ചതെന്തെന്നാൽ:

വ്യാജവാതില്ക്കലെ രാമൻ: സ്വാമിൻ! ഞാൻ വിശ്വാസ്യനെ ഏറെ കാലം മുമ്പെ അറിയും, അവൻ ഈ പട്ടണത്തിൽ പ്രസിദ്ധമാക്കിയ ദുർവ്വാക്കു

കളെ വിവരിച്ചു പറവാൻ പ്രയാസം തന്നെ ആക കൊണ്ടു ഞാൻ മുഖ്യമായത മാത്രം പറയട്ടെ; മഹാരാജാവായ ബെൽജബ്ബൂൽ പാപത്തിന്റെ ജനകനും അസത്യവാദിയും ആളുക്കൊല്ലിയും ആകുന്നു എന്നും, രാജവംശക്കാരായ കാമൻ, രുദ്രൻ, മായാ, കുബേരൻ, ഇന്ദ്രൻ, സുബ്രഹ്മണ്യൻ മുതലായവർ ഏതുമില്ല, സകല ജനങ്ങളും എന്നോടു ചേൎന്നു വന്നാൽ ഈ ദേവന്മാരുടെ ഓൎമ്മ തന്നെ മുടിഞ്ഞു പോകും എന്നു പറഞ്ഞതല്ലാതെ, ഈ കോടതിയെയും ജഡ്ജി അവർകളെയും വളരെ ദൂഷിച്ചു. വികൃതിയും കഴവേറിയും എന്ന പേരിട്ടു, ഈ സംസ്ഥാനത്തിലുള്ള സകല പ്രമാണികളെയും കുക്ഷിസേവകന്മാർ എന്നും മററും അവൻ പറഞ്ഞത് അറിയിപ്പാൻ നേരം പോരാ എന്നു പറഞ്ഞു.

ഇങ്ങിനെ സാക്ഷിവിസ്താരം കഴിഞ്ഞശേഷം, ലാൎഡ ഗുണനാശനൻ വിശ്വസ്തനെ നോക്കി: ജാതിഭ്രഷ്ടനായ കള്ളനെ! ഈ സജ്ജനങ്ങൾ ബോധിപ്പിച്ച വാമൊഴികളെ കേട്ടുവോ? എന്നു ചോദിച്ചു.

വിശ്വസ്തൻ: കേട്ടു; എനിക്കും വല്ലതും ബോധിപ്പിപ്പാൻ കല്പന ഉണ്ടോ?

ജഡ്ജി അവർകൾ: ദുഷ്ട! നീ ക്ഷണത്തിൽ മരിപ്പാൻ യോഗ്യനെങ്കിലും നമ്മുടെ ദയാശീലം പ്രസിദ്ധമാക്കേണ്ടതിന്നു നിന്നെ രക്ഷിപ്പാൻ തക്ക ന്യായവും സാക്ഷികളും ഉണ്ടെങ്കിൽ ബോധിപ്പിക്കാം എന്നു കല്പിച്ചു.

വിശ്വസ്തൻ: ൧. അസൂയഹസ്സൻഖാൻ ബഹാദരുടെ സാക്ഷി അസൂയ കൊണ്ടു പറഞ്ഞതാ

കുന്നു. ദൈവവചനത്തിന്നു വിരോധമായ ആചാരങ്ങളും പ്രമാണങ്ങളും മൎയ്യാദകളും ഒക്ക കളവു തന്നെ ആകുന്നു എന്നും, ദൈവത്തെ ഭയപ്പെടാതെ ലോകത്തെ സ്നേഹിച്ചു തന്നിഷ്ടക്കാരായി നടക്കുന്ന മനുഷ്യർ എല്ലാവരും നശിക്കും എന്നും ഞാൻ പറഞ്ഞതേ ഉള്ളു. ഈ വാക്കിൽ സത്യക്കേടുണ്ടെങ്കിൽ എനിക്കു കാണിച്ചു തരെണം എന്നാൽ ഞാൻ എന്റെ കുററത്തിന്നായി ക്ഷമ ചോദിക്കാം.

൨. വ്യൎത്ഥഭക്തി കൃഷ്ണനായർ പറഞ്ഞതെല്ലാം വ്യൎത്ഥവാക്കു തന്നെ. ദൈവത്തെ സേവിക്കുന്നവർ സ്വന്ത ഇഷ്ടം പോലെ അല്ല അവന്റെ ഇഷ്ടപ്രകാരം സേവിക്കേണം; അതിന്നായിട്ടു അനുതാപവും വിശ്വാസവും വിശുദ്ധിയുമാകുന്ന പരിശുദ്ധാത്മാവിന്റെ ദാനം ദൈവത്തിൽനിന്നു തന്നെ വാങ്ങേണം എന്നു ഞാൻ പറഞ്ഞതേയുള്ളു.

൩. വ്യാജവാത്തിൽക്കലെ രാമൻ പറഞ്ഞതു, മഹാവ്യാജം തന്നെ. നിങ്ങളുടെ രാജാവായ ബെൾജബൂലും കാമാദിദേവന്മാരും നരകഗാമികൾ എന്നു ഞാൻ പറഞ്ഞതു സത്യം; അതിന്നു ദൈവമല്ലാതെ ഇവിടെ വേറെ സാക്ഷിയില്ല; അവൻ തന്നെ എന്നെ രക്ഷിക്കട്ടെ എന്നു പറഞ്ഞു.

അനന്തരം ജഡ്ജി അവർകൾ പഞ്ചായക്കാരെ നോക്കി: ഈ പട്ടണത്തിൽ വലിയ കലഹം ഉണ്ടാക്കിയ മനുഷ്യനെ കണ്ടു, അവനോടുള്ള വിസ്താരവും സാക്ഷിക്കാരുടെ വാമൊഴികളും മററും നിങ്ങൾ കേട്ടുവല്ലൊ! അവനെ രക്ഷിപ്പാനെങ്കിലും കൊല്ലിപ്പാനെങ്കിലും നിങ്ങൾക്ക അധികാരം ഉണ്ടു, അവൻ

മരിപ്പാൻ യോഗ്യനെന്നു എന്റെ പക്ഷം; എങ്ങി നെ എന്നാൽ, ൧. നമ്മുടെ രാജാവിന്റെ സേവക നായ മഹാഫറവൊ എന്നവന്റെ കാലത്തിൽ അന്യവേദക്കാർ പ്രബലപ്പെടാതെ ഇരിക്കേണ്ടതി ന്നു അവരുടെ ആൺകുഞ്ഞങ്ങളെ ഒക്ക പുഴയിൽ ഇട്ടു മുക്കേണം എന്നൊരു ആചാരം പ്രമാണമായ്തു ന്നു. ൨. രാജാവിന്റെ സേവകനായ മഹാ നബുഖ ദ്നേജരിന്റെ കാലത്തിൽ താൻ വെച്ച പൊൻവി ഗ്രഹത്തിന്മുമ്പാകെ കുമ്പിടാത്തവനൊക്ക അഗ്നി ച്ചൂളയിൽ ഇട്ടു മരിക്കേണം എന്ന ആചാരം പ്രമാ ണമായ്തുന്നു. ൩. പിന്നെ മഹാദാൎയ്യവുസ്സിന്റെ കാലത്തിൽ രാജാവോടല്ലാതെ, വേറൊരു ദൈവ ത്തോടു എങ്കിലും മനുഷ്യനോടെങ്കിലും വല്ലതും അ പേക്ഷിക്കുന്നവൻ എല്ലാം സിംഹങ്ങളുടെ ഗുഹ യിൽ തള്ളപ്പെടേണം എന്നൊരു ആചാരം പ്രമാ ണമായി വന്നു, ഈ കല്പനകളുടെ അൎത്ഥം വിശ്വാ സ്യൻ വിചാരത്തിൽ മാത്രം ലംഘിച്ചു എങ്കിൽ സ ഹിച്ചു കൂടാ; വാക്കിലും പ്രവൃത്തിയിലും തന്നെ അ തിക്രമിച്ചതു എന്തൊരു കഷ്ടം. മേലാൽ അക്രമം അ കപ്പെട്ടും എന്നൊരു ഭയത്താൽ അത്രെ ഫറവൊ രാജാവിന്റെ കല്പന വന്നു എങ്കിലും, ഈ പ്രതി ക്കാരന്റെ കാൎയ്യത്തിൽ അതിക്രമം മുഴക്കയാൽ മററ രണ്ടു ആചാരങ്ങളിലും കണ്ട ന്യായപ്രകാരം അവ ന്നു മരണശിക്ഷ തന്നെ വരേണം എന്നു സ്പഷ്ട മായിരിക്കുന്നുവല്ലൊ എന്നു പറഞ്ഞു.

അനന്തരം കുരുടദാസനമ്പൂരി, അധൎമ്മനായ കൻ, കാണറായ്ക്കുരാമൻ, കാമാചാൎയ്യൻ, സുഖാരു

ഭോഗി ഹസ്സൻകുട്ടി കാതിയാർ, ചകമൂപ്പൻ, ഡംഭ ശാസ്ത്രി, ക്രൂരമുഖ്യൻ, പ്രകാശദ്വേഷകപട്ടർ, നിഷ്കാരുണ്യപ്രമാണി, കൈതവപ്രധാനി, അക്ഷമാവാൻ ആലി എന്നീ പഞ്ചായക്കാർ വേറിട്ടൊരു സ്ഥലത്തിലേക്ക് ചെന്നു ആലോചിച്ചപ്പോൾ:

കുടദാസനമ്പൂരി: അവൻ പാഷണ്ഡി എന്നു ഞാൻ സ്പഷ്ടമായി കാണുന്നു.

അധമ്മനായകൻ: ഇപ്രകാരമുള്ളവനെ ഭൂമിയിൽ വെക്കരുതു.

കാണറാഗ്ഗുരാമൻ: അയ്യൊ എനിക്ക അവന്റെ മുഖത്തെ കണ്ടു കൂടാ.

കാമാചാൎയ്യൻ: എനിക്ക് ഒരു നാളും അവനെ സഹിച്ചു കൂടാ.

സുഖാനുഭോഗി ഹസ്സൻകുട്ടികാതിയാർ: എന്റെ മാൎഗ്ഗം അവന്നു നീരസമാകകൊണ്ടു അവൻ എനിക്കു വേണ്ടാ.

ചകമൂപ്പൻ: തൂക്കി കളക, തൂക്കി കളക!

ഡംഭശാസ്ത്രി: ഛി; അവൻ ഒരു ഭ്രഷ്ടൻ.

ക്രൂരമുഖ്യൻ: എന്റെ ശരീരം ഒക്ക ജ്വലിക്കുന്നു.

പ്രകാശദ്വേഷകപട്ടർ: അവൻ ചതിയൻ നിശ്ചയം.

നിഷ്കാരുണ്യപ്രമാണി: അവനെ തൂക്കിയാൽ പോരാ.

കൈതവപ്രധാനി: അവനെ നിൎമ്മൂലമാക്കുക!

അക്ഷമാവാൻആലി: എനിക്ക് സൎവ്വ ലോകം കിട്ടയാലും പൊറുത്തു കൂടാ.

എന്നു പറഞ്ഞാറെ, അവന്നു മരണശിക്ഷ തന്നെ വേണം എന്നവർ എല്ലാവരും ഒരു മനസ്സായി ബോധിപ്പിച്ച പ്രകാരം വിധി ഉണ്ടായ ശേഷം, അവർ അവനെ കോടതിയിൽനിന്നു കുല നിലത്തിലേക്ക് കൊണ്ടു പോകയും ചെയ്തു.

മേല്പടി കല്പന നടത്തുന്നതു കാണ്മാനായി മായാപുരവാസികളും ചന്തക്കാരും അസംഖ്യമായി വന്നു കൂടിയ ശേഷം, അവർ വിശ്വസ്തനെ ചമ്മട്ടി കൊണ്ടു അടിച്ചു കൊത്തിയും കുത്തിയും കല്ലെറിഞ്ഞും കൊണ്ടു കൊന്നാറെ, അവൻെറ ശരീരവും ചുട്ടു ഭസ്മമാക്കി കളഞ്ഞു. ഇങ്ങിനെ വിശ്വസ്തൻെറ അവസാനം.

എങ്കിലും ആ ശത്രുസമൂഹത്തിന്നു കാണ്മാൻ വഹിയാത്ത രഥാശ്വങ്ങൾ ഇറങ്ങി വിശ്വസ്തനായി കാത്തു അവരുടെ ക്രൂരപ്രവൃത്തി തീൎന്ന ശേഷം, അവനെ കരേററി കാഹളം മുതലായ വാദ്യഘോഷങ്ങളാൽ മേഘമാൎഗ്ഗത്തൂടെ വാനപട്ടണദ്വാരത്തിലേക്ക് കൊണ്ടു പോയി. ക്രിസ്തിയൻെറ കാൎയ്യത്തിന്നു അന്നു തീൎപ്പു വന്നില്ല, തടവിൽ തന്നെ പാൎക്കേണ്ടി വന്നു; ദൈവം ശത്രുക്കളുടെ ക്രോധം ശമിപ്പിച്ചതു കൊണ്ടു അവരുടെ കൈയിൽനിന്നു രക്ഷ ഉണ്ടായി തടവും വിട്ടു പോകയും ചെയ്തു.

യഹോവാ സാക്ഷിയാം വിശ്വാസബദ്ധ
മഹോത്സവം സഭെക്ക് നിൻെറ ശ്രദ്ധ
വിശ്വാസനന്ദം പ്രഭ നിണക്കെന്നേക്കും
വിശ്വാസദ്രോഹി അഗ്നിയിൽ വിറെക്കും
കഥാ സഞ്ചാരാദ് ഏതു ദേശത്തും
ചത്താറെയും നീ പാടി ഘോഷിക്കും.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: ക്രിസ്തിയൻ എങ്ങിനെ എങ്കിലും തടവു വിട്ടു മായാപുരത്തിൽനിന്നു യാത്രയായപ്പോൾ, തനിച്ചല്ല പുറപ്പെട്ടതു. ചന്തസ്ഥലത്തു വെച്ചു അവന്റെയും വിശ്വസ്തന്റെയും വാക്കുകളെ കേട്ടു, കഷ്ടതയിൽ കാട്ടിയ ക്ഷമയെയും സൽക്രിയകളെയും കണ്ടു വിചാരിച്ചതിനാൽ നല്ല ആശയെ പ്രാപിച്ച ആശാമയൻ അവനോടു ചേൎന്നു, ഞാൻ നിന്റെ കൂട പോരും എന്നു പറഞ്ഞും സഹോദരസഖ്യത ചെയ്തു. ഇങ്ങിനെ സത്യത്തിന്റെ സാക്ഷിക്കായി മരിച്ച വിശ്വസ്തന്റെ ഭസ്മത്തിൽനിന്നു മറ്റൊരുത്തൻ എഴുനീറ്റു ക്രിസ്തിയനോടു കൂട യാത്രയായി, ചന്തയിൽ പാൎക്കുന്നവരിൽ പലരും കാലക്രമേണ നമ്മുടെ വഴിയെ വരും എന്നു പറകയും ചെയ്തു.

പിന്നെ അവർ അല്പം വഴി നടന്ന ശേഷം, ഐഹിക സക്തനമ്പ്യാർ എന്നവനോടു എത്തി: നീ ഏതു ദേശക്കാരൻ? ഈ വഴിയിൽ കൂടി എത്രോടം പോകാം എന്നു ചോദിച്ചാറെ, അവൻ: ഞാൻ സ്വച്ഛവാക്യപുരത്തിൽനിന്നു വരുന്നു, വാനപട്ടണത്തേക്ക് തന്നെ യാത്ര എന്നു പറഞ്ഞു.

ക്രിസ്തി: സ്വച്ഛവാക്യപുരത്തിൽനിന്നോ; അവിടെ നന്മ ഏതാനും ഉണ്ടോ?

ഐഹികസക്തനമ്പ്യാർ: ഉണ്ടു സംശയമില്ല.

ക്രിസ്തി: നിന്റെ പേർ പറയാമോ?

ഐഹികസ. ന: ഞാൻ നിങ്ങൾക്കു ഒരന്യൻ നിങ്ങൾ എനിക്കും അന്യന്മാരത്രെ; നിങ്ങൾ ഈ വഴി

തന്നെ പോരുന്നെങ്കിൽ നാം ഒരുമിച്ചു നടക്കാം അതല്ലെങ്കിൽ ഞാൻ തനിയെ നടക്കും.

ക്രിസ്തി: സ്വച്ശവാക്യപുരത്തിന്റെ അവസ്ഥ ഞാൻ കേട്ടിരിക്കുന്നു; അതു സുഭിക്ഷസ്ഥലം എന്നവർ പറയുന്നു.

ഐഹികസ. ന: മഹാസുഭിക്ഷസ്ഥലം തന്നെ; വളരെ ധനവാന്മാരായ ശേഷക്കാർ എനിക്ക് അവിടെ ഉണ്ടു.

ക്രിസ്തി: അവരുടെ പേർ ചോദിച്ചാൽ അപ്രിയം തോന്നുമോ?

ഐഹികസ. ന: നാടു അവരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു; പ്രത്യേകമായി തിരിപ്പുവാഴുന്നോർ, യഥാകാല പ്രമാണി, സ്വച്ശവാക്യമുഖ്യസ്ഥൻ (ഇവന്റെ കാരണവന്മാരുടെ കുലനാമം സകല നാട്ടിന്നും നടപ്പാകുന്നു;) പിന്നെ മൃദുലനായർ, ദ്വിപഥേക്ഷകപ്രധാനി, നാനാചാരക്കുറുപ്പു, എന്റെ അമ്മയുടെ ആങ്ങളയായ ഇരുനാവിരി എന്നിവർ എന്റെ മുത്തച്ശൻ സൎക്കാരിൽനിന്നു ശമ്പളവും കച്ചപടക്കാരിൽനിന്നു കൈക്കൂലിയും വാങ്ങി വന്നു ചുങ്കക്കോൽക്കാരൻ അത്രെ ആയിരുന്നു; ഞാനും ആ പ്രവൃത്തി തന്നെ എടുത്തു ബഹു ധനം സമ്പാദിച്ചു പ്രധാനിയായി വന്നു എന്നു ഞാൻ പറയുന്നത് വ്യാജമല്ല.

ക്രിസ്തി: ഭാൎയ്യയും ഉണ്ടോ?

ഐഹികസ. ന: ഉണ്ടു മഹാ പുണ്യശീലയായ മിഥ്യാവാണിയുടെ മകൾ തന്നെ എന്റെ ഭാൎയ്യാ സ്വാമികളോടും എടവാഴ്ചകളോടും കളിച്ചു പ്രസാദം വരു

ത്തുവാൻ പ്രാപ്തിയുള്ളവർ തന്നെ. അതിഭക്തന്മാ ൎക്കും ഞങ്ങൾക്കും അല്പം ഭേദം ഉണ്ടു എങ്കിലും, അതു വലിയതല്ല; ഞങ്ങൾ നാടോടുമ്പോൾ നടുവെ എന്നു വിചാരിച്ചു അതിവൃഷ്ടിയിലും അത്യുഷ്ണത്തിലും യാത്രയാകാതെ കുളിരിലും തണലിലും സഞ്ചരിച്ചു ഭക്തികൊണ്ടു മാനം വന്നാൽ അതിഭക്തന്മാരാകും.

അപ്പോൾ ക്രിസ്തിയൻ തനിയെ നടക്കുന്ന ആശാമയന്റെ അരികെ ചെന്നു: സ്വച്ഛവാക്യപുരത്തിലെ ഐഹികസക്തനന്ത്യാർ ഇവൻ തന്നെ എന്നു തോന്നുന്നു; അവൻ ആകുന്നെങ്കിൽ നല്ല കാൎയ്യം എന്നു പതുക്കെ പറഞ്ഞ ശേഷം, ആശാമയൻ അയ്യാൾ തന്റെ പേർ അറിയിപ്പാൻ നാണിക്കുമൊ? പോയി ചോദിക്ക എന്നു കേട്ടാറെ, ക്രിസ്തിയൻ അവന്റെ അടുക്കൽ ചെന്നു: നീ മഹാജ്ഞാനിയെ പോലെ സംസാരിക്കുന്നതുകൊണ്ടു ഐഹികസക്തനന്ത്യാർ തന്നെ എന്നു എനിക്കു തോന്നുന്നു.

ഐഹികസ. ന: പേർ അതല്ല എന്റെ പകയർ ദൂഷണമായിട്ടു എന്നെ അങ്ങിനെ വിളിക്കുന്നു സത്യം. എന്റെ മുമ്പിലുള്ള സജ്ജനങ്ങൾക്കു വിരോധമായി ദുഷ്ടന്മാർ ഉണ്ടാക്കിയ ദുഷ്കീൎത്തികളെ അവർ സഹിച്ച പ്രകാരം ഞാനും ഇതിനെയും സഹിക്കുന്നു.

ക്രിസ്തി: എങ്കിലും ഈ പേർ സംഗതി കൂടാതെ ഉണ്ടാകുമോ?

ഐഹികസ. ന: അതിന്നു ഒരു സംഗതിയുമില്ല ഞാൻ ലോകാചാരം പ്രമാണിച്ചു, പത്തിന്നു

എട്ടല്ല പതിനൊന്നാക്കി എങ്ങിനെ എങ്കിലും നേടേണ്ടതിന്നു നോക്കുകകൊണ്ടു അവൻ എന്നെ വെറുക്കുന്നു എങ്കിൽ വെറുക്കട്ടെ, ഈശ്വരൻ തരുന്നത് ദാനമാകുന്നു എന്നു ഞാൻ വിചാരിച്ചാൽ ദുഷ്ടന്മാർ എന്തിന്നു നിന്ദിക്കുന്നു.

ക്രിസ്തി: നിന്നെ കുറിച്ചു ഞാൻ മുമ്പെ കേട്ടതെല്ലാം നേർ തന്നെ എന്നു നിന്നോടു സംസാരിച്ച ശേഷം എനിക്ക് ബോധിച്ചു, ഈ പേരും നിനക്ക് നല്ലവണ്ണം പററുന്നു എന്നു എന്റെ പക്ഷം.

ഐഹികസ. ന: നിനക്ക് അങ്ങിനെ തോന്നിയാൽ ഞാൻ എന്തു ചെയ്യും? ഒരുമിച്ചു വരുവാൻ സമ്മതം ഉണ്ടെങ്കിൽ ഞാൻ നല്ല യാത്രക്കാരൻ എന്നു കാണ്മാൻ സംഗതി ഉണ്ടാകും.

ക്രിസ്തി: ഞങ്ങളോടു കൂട വരുവാൻ മനസ്സുണ്ടെങ്കിൽ നാടോടുമ്പോൾ നടുവെ എന്ന ഭാവം ഉപേക്ഷിച്ചു കുളിരിലും തണലിലും മാത്രമല്ല, വേലും മഴയും തട്ടുമ്പോഴും നടന്നു ജനങ്ങൾ മാനിച്ചാൽ മാത്രമല്ല ദുഷിച്ചു നിന്ദിച്ചാലും ഭക്തനായിരിക്കേണം ഇത് നിനക്ക് ഇഷ്ടമാകുമോ?

ഐഹികസ. ന: അങ്ങിനെ ഒന്നും എന്നോടു കല്പിപ്പാൻ ആവശ്യമില്ല; എനിക്ക് ബോധിച്ച പ്രകാരം നിങ്ങളുടെ കൂട്ടത്തിൽ നടപ്പാൻ സമ്മതമുണ്ടെങ്കിൽ മതി.

ക്രിസ്തി: ഞങ്ങൾ നടക്കുന്നത് പോലെ നടപ്പാൻ മനസ്സില്ലെങ്കിൽ ഒരു അടി പോലും വരരുത്?

ഐഹികസ. ന: നിർദ്ദോഷവും ഉപകാരവുമുള്ള എന്റെ മര്യാദ ഞാൻ എങ്ങിനെ ഉപേക്ഷിക്കും?

നിങ്ങളോടു കൂട പോരുവാൻ വിരോധമെങ്കിൽ മുമ്പെപ്പോലെ നല്ല കൂട്ടക്കാർ ആരെങ്കിലും വരുവോളം തനിച്ചു നടക്കും.

അതിൽ പിന്നെ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: ക്രിസ്തിയനും ആശാമയനും അവനെ വിട്ടു മുമ്പോട്ടു നടന്നു കുറയ ദൂരം എത്തിയശേഷം, അവരിൽ ഒരുവൻ മറിഞ്ഞു നോക്കി, ലോകപ്രേമശാസ്ത്രി, അൎത്ഥാഗ്രഹാചാൎയ്യൻ സൎവ്വസംഗ്രവൈദ്യൻ എന്നീ മൂന്നു പേർ ഐഹികസക്തന്മാരുടെ പിന്നാലെ വന്നു എത്തിയപ്പോൾ, തമ്മിൽ കുശലം പറയുന്നത് കണ്ടു. ഐഹികസക്തന്മാരും ആ മൂവരും ചെറുപ്പത്തിൽ ലോഭരാജ്യത്തിൻ ഉത്തരദിക്കിലെ ലാഭപ്രിയപുരത്തിൽ അഭ്യസിപ്പിച്ചു വരുന്ന പിടിച്ചുപറി ഗുരുനാഥന്റെ അടുക്കൽനിന്നു പഠിച്ചതുകൊണ്ടു തമ്മിൽ നല്ല പരിചയമായിരുന്നു. ആ ഗുരുനാഥൻ ബലാല്ക്കാരവും വഞ്ചനയും മുഖസ്തുതിയും കളവും കപടഭക്തിയും കൊണ്ടു എങ്ങിനെ എങ്കിലും ലാഭമുണ്ടാക്കുവാൻ തക്ക വിദ്യകളെ ഗ്രഹിപ്പിച്ചു ശീലം വരുത്തിയതിനാൽ, അവരിൽ ഓരോരുത്തനു അങ്ങിനെത്ത പാഠശാലയിൽ ഗുരുവായിരിപ്പാൻ സാമൎത്ഥ്യമുണ്ടായിരുന്നു. അവർ തമ്മിൽ സല്ക്കാരം കഴിച്ചു ശേഷം, അൎത്ഥാഗ്രഹാചാൎയ്യൻ ഐഹികസക്തന്മാരോടു: അങ്ങു മുമ്പിൽ നടക്കുന്നതാർ? എന്നു ചോദിച്ചു?

ഐഹികസക്തന്മാർ: താന്തോന്നികളായ രണ്ടു അന്യദേശക്കാരത്രെ.

അത്ഥാഗ്രഹാചാൎയ്യൻ: അവരെ താമസിപ്പി ക്കാഞ്ഞത് എന്തു? നാം എല്ലാവരും യാത്രക്കാരാകകൊണ്ടു ഒന്നിച്ചു നടക്കായിരുന്നുവല്ലൊ.

ഐഹികസക്തനമ്പ്യാർ: സത്യം എങ്കിലും ആ യാളുകൾ മഹാധിക്കാരികളും തന്നിഷ്ടക്കാരും മററവരുടെ മൎയ്യാദകളെയും ജാതിധൎമ്മങ്ങളെയും നിരസിച്ചു നടക്കുന്നവരുമാകുന്നു. മഹാഭക്തനായവനും ഒരു കാൎയ്യത്തിൽ മാത്രം അല്പം വ്യത്യാസം കാട്ടിയാൽ അവനെയും തള്ളിക്കളയും.

സൎവ്വസംഗ്രഹവൈദ്യർ: അയ്യൊ കഷ്ടം! ചിലരുടെ കാൎയ്യം അങ്ങിനെ തന്നെ; തങ്ങൾ മാത്രം നല്ലവർ എന്നു വിചാരിച്ചു ശേഷമുള്ളവരെ നിരസിച്ചു, കുററം വിധിക്കയും ചെയ്യും; എന്നാൽ നിണക്കും അവൎക്കും എന്തു എടവാടുണ്ടായി?

ഐഹികസ. ന: അവർ ധിക്കാരികളും തന്നിഷ്ടക്കാരും ആകുന്നു എന്നു ഞാൻ പറഞ്ഞുവല്ലൊ, അതു കൂടാതെ, അവർ ജാതിഭ്രഷ്ടരുമായി വേദം മാററി ഒരു പുതിയ മാൎഗ്ഗത്തിലും അനുസരിച്ചു കൂടി, ദൈവത്തെ പൂൎണ്ണമനസ്സുകൊണ്ടു സേവിച്ചു ആത്മരക്ഷക്കായി വീടും ധനവും പ്രാണനെയും കൂടെ വിടെണം എന്നു വെറുതെ പറഞ്ഞാൽ കൊള്ളാം; അപ്രകാരം ചെയ്യുന്നു അയ്യൊ കഷ്ടം! ഞാൻ പൂൎവ്വന്മാർ ചെയ്ത പ്രകാരം കഴിയുന്നെടത്തോളം ഭക്തിയെ കാട്ടി ഗുണം ചെയ്യുന്നതിനാൽ ശരീരസുഖവും ധനവും മാനവും വരെണം എന്നു വിചാരിക്കുന്നു. ശേഷം ജനങ്ങൾ ഒക്ക പരിഹസിച്ചു നിന്ദിച്ചാലും ദൈവകല്പന അനുസരിച്ചു നടക്കേണം

എന്നവർ പറയുന്നു; ഞാൻ നാടൊട്ടുമ്പോൾ, നട്ടുവെ എന്നു വിചാരിച്ചു നടക്കും. അവർ ദാരിദ്ര്യവും നിന്ദയും എത്തിക്കുന്ന ഭക്തിയെ എടുത്തിരിക്കുന്നു; ഞാൻ ലാഭസ്തുതി ബഹുമാനങ്ങളുടെ ഭക്തിയെ പ്രമാണിക്കുന്നതെ ഉള്ളു.

ലോകപ്രേമശാസ്ത്രി: ഹാ നമ്പ്യാരെ! നിങ്ങളുടെ ബുദ്ധി എത്രയും വിശേഷം, തനിക്ക് അനുഭവത്തിന്നായി വെച്ച നന്മകളെ വെറുതെ കളയുന്നവൻ മഹാമൂഢനല്ലയൊ! നമുക്കു സൽബുദ്ധി വേണം. ചേററിൽ കുത്തിയ കൈ ചോററിലും കുത്തും; ഈച്ചകൾ വർഷകാലത്തിൽ വെറുതെ പാർത്തു, വസന്തകാലത്തത്രെ തേൻ കൂട്ടും. ലോകത്തിൽ ഇരിക്കുന്ന സമയം ലൌകികങ്ങളെ അനുഭവിക്കുന്നവൻ ജ്ഞാനി, ചാകുന്ന ദിവസം പ്രപഞ്ചം വിടാമല്ലൊ. വയറ ഉള്ളപ്പോൾ വയറ നിറച്ചും, ശരീരം ഉള്ളപ്പോൾ, നല്ല വസ്ത്രം ഉടുത്തും, പണം മാനം ഇത്യാദികളെ സമ്പാദിച്ചും തീൻ ആയ ഉടനെ ഭക്ഷിച്ചും കൊണ്ടു നടക്കുന്നത് തന്നെ സാരം. ഈ ലോകത്തിൽ ഭോഗം ആ ലോകത്തിൽ യോഗം എന്ന ചൊല്ലിനെ എന്റെ മുത്തച്ഛി എന്നെ പഠിപ്പിച്ചിരിക്കുന്നു. നാരായണ, ശിവശിവ! നമ്മുടെ മുമ്പിൽ നടക്കുന്ന ആ രണ്ടു പേൎക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു സത്യം.

സൎവ്വസംഗ്രഹവൈദ്യർ: ശാസ്ത്രികളെ ഇനി എന്തു? ഈ കാൎയ്യം നമുക്കു എല്ലാവൎക്കും സമ്മതമല്ലൊ.

അൎത്ഥാഗ്രഹാചാൎയ്യൻ: പൂൎവ്വന്മാരുടെ മൎയ്യാദകളെയും ശാസ്ത്രങ്ങളെയും അറിയാത്തവരത്രെ ഇതിന്നു വിരോധം പറയും.

ഐഹികസ.ന: എന്നാൽ സ്വാമികളെ! നാം വെറും വാക്കുകൊണ്ടു യാത്രാസമയത്തെ കളയാതിരിക്കേണ്ടതിന്നു ഞാൻ ഒന്നു ചോദിക്കട്ടേ! ജനങ്ങൾ ആചരിച്ചുവരുന്ന പൂജകളും നേൎച്ചകളും നിസ്സാരമുള്ള കളിയത്രെ എന്നൊരു വിദ്വാൻ കണ്ടു എങ്കിലും, ഇഹത്തിങ്കൽ സൌഖ്യവും ബഹുമാനവും ധനവും മററും സാധിപ്പാനായി ഭക്തിയെ കാട്ടുവാൻ ആവശ്യമെന്നറിഞ്ഞു, പൂജ ചെയ്തു നേൎച്ചയും കഴിച്ചു, അതിശ്രദ്ധയോടെ ദൈവനാമങ്ങളെ ഉച്ചരിക്കുന്നെങ്കിൽ ദോഷമോ?

അൎത്ഥാഗ്രഹാ: നിന്റെ ചോദ്യത്തിന്റെ പൊരുൾ എനിക്കു മനസ്സിലായി ഉത്തരവും പറയാം: ഈ ലോകത്തിൽ നിലമ്പറമ്പുകളും പൊൻ വെള്ളിയാഭരണങ്ങളും ധനമഹത്വങ്ങളും പ്രാപ്തിയുള്ള ഭാൎയ്യയും മററും ഉണ്ടാകേണ്ടതിന്നു ഭക്തിയെ കാണിപ്പാൻ ആവശ്യമായി വന്നാൽ ഒട്ടും മടിക്കരുത്. അതെന്തിന്നു എന്നാൽ, ഒന്നാമത് യാതൊരു കാൎയ്യത്തിലും ഭക്തിയല്ലൊ ഗുണം ആകുന്നത്. രണ്ടാമത് ഭക്തിയുള്ള ഭാൎയ്യയും ധനവും മാനവും കിട്ടിയാൽ നല്ല കാൎയ്യമല്ലേ? മൂന്നാമത് ഭക്തന്മാരോടു ചേൎന്നു വരുന്നവൻ ഭക്തനല്ലേ; അവന്നു നല്ല ലാഭവും മാനവും പെണ്ണും മററും സാധിക്കുമല്ലൊ; അതുകൊണ്ടു ഭക്തനായ്വരുന്നതു എത്രയും വലിയ ഗുണം.

അൎത്ഥാഗ്രഹാ: ഇങ്ങിനെ പറഞ്ഞ ഉത്തരത്തിൽ അവർ എല്ലാവരും വളരെ പ്രസാദിച്ചു ഉപകാരവും സുബുദ്ധിയുമുള്ളതു ഇതു തന്നെ; ആൎക്കെങ്കിലും വിരോധം പറവാൻ കഴികയില്ല എന്നു

വിചാരിച്ച ആശാമയനെയും ക്രിസ്തിയനെയും പ
രിഹസിപ്പാൻ നിശ്ചയിച്ചിട്ട, നില്ക്കെണ്ടതിന്ന വി
ളിച്ചാറെ, അവർ നിന്ന എങ്കിലും, അവരുടെ അട്ട
ക്കൽ എത്തുംമുമ്പെ ഐകിഹസക്തന്മാൎക്കും അ
വൎക്കും തമ്മിൽ വാഗ്വാദം ഉണ്ടായിരുന്നതുകൊണ്ട
ഇനി അവൻ അല്ല, വൃദ്ധനായ ലോകപ്രേമശാ
സ്ത്രി അവരോട സംസാരിക്കേണം എന്ന തമ്മിൽ
നിശ്ചയിച്ചപ്രകാരം എത്തിയപ്പോൾ, അവൻ ന
മ്പ്യാരുടെ ചോദ്യം അവരോട ചൊല്ലി, നിങ്ങൾക്ക
കഴിയുമെങ്കിൽ ഇതിന്ന ഉത്തരം കൊടുക്ക എന്ന
പറഞ്ഞു.

ക്രിസ്തി: സത്യഭക്തനായൊരു ശിശുവിന്ന ഇ
ങ്ങിനെയുള്ള ആയിരം ചോദ്യങ്ങൾക്കും ഉത്തരം പറ
വാൻ പ്രയാസമില്ല. കപടം ഏതു പ്രകാരത്തിലും
ദോഷം തന്നെ; കപടഭക്തിയോ എല്ലാ ദോഷങ്ങ
ളേക്കാൾ വലിയതു. ഒരു മനുഷ്യൻ ബിംബപൂജ
മുതലായത് നിസ്സാരമുള്ള കളി എന്നറിഞ്ഞാലും പര
ലോകഭൂലോകങ്ങളെ സൃഷ്ടിച്ച, പ്രാണനെയും അ
ന്നവസ്ത്രാദികളെയും കൊടുത്തു വരുന്ന ജീവനുള്ള
ദൈവത്തെ സേവിക്കാഞ്ഞാൽ മഹാദോഷം ചെയ്യു
ന്നു. ജനങ്ങൾ നടക്കുന്ന വഴി നിസ്സാരവും രക്ഷ
യും ആശ്വാസവും കൂടാതെയുള്ളതുമാകുന്നു എന്ന
അറിഞ്ഞു എങ്കിലും, അതിൽ നടന്നും നടത്തിച്ചും
കൊണ്ട മററവരെ വഞ്ചിച്ചാൽ, എത്രയും ദുഷ്ടത
അല്ലയോ? നിങ്ങൾ അനുതാപം ചെയ്തു ദൈവത്തെ
ആത്മാവിലും സത്യത്തിലും സേവിക്കാഞ്ഞാൽ നിത്യ
നാശം ഉണ്ടാകും എന്ന ക്രിസ്തിയൻ ആശാമയന്റെ

സമ്മത പ്രകാരം പറഞ്ഞ വാക്ക അവർ കേട്ട ശേഷം, നീരസം കാട്ടി ചേൎന്ന നടപ്പാൻ മനസ്സി ല്ലായ്കയാൽ പത്തുകെ നടന്ന വഴിയെയായി പോയി. അപ്പോൾ സഞ്ചാരികൾ അവരെ വിട്ട ശേഷം,

ക്രിസ്തി: (ആശാമയനോട) ഇവൎക്ക മനുഷ്യ ന്റെ വിധിക്ക നില്പാൻ കഴിവില്ലെങ്കിൽ ദൈവത്തി ന്റെ വിധിക്ക എങ്ങിനെ നില്ക്കും? മൺപാത്രങ്ങ ളായ നമ്മോട മിണ്ടുവാൻ കഴിയാതിരിക്കെ ദഹിപ്പി ക്കുന്ന അഗ്നിയുടെ മുമ്പാകെ അവരുടെ കാൎയ്യം എ ങ്ങിനെ ആകുന്നു? എന്ന പറഞ്ഞു.

അനന്തരം ക്രിസ്തിയനും ആശാമയനും ഓടി നടന്ന എളുപ്പം എന്ന ഒരു താഴ്വരയിൽ കൂടി സുഖ മായി കടന്ന ശേഷം, ലാഭഗിരിയുടെ അടിയിൽ എ ത്തുകയും ചെയ്തു. ആ ഗിരിയിൽ വെള്ളി എടുക്ക ന്നൊരു കുഴിയുണ്ടാകകൊണ്ട, പണ്ട യാത്രക്കാർ പലരും ആ സ്ഥലവിശേഷം കാണ്മാനായി വഴി തെറ്റി, കുഴിയുടെ വക്കത്ത ചെന്ന അകത്തു നോ ക്കിയപ്പോൾ, പള്ള ഇടിഞ്ഞതിനാൽ വീണ ചിലർ മരിച്ചു, മറ്റും ചിലർ മുടങ്ങി മരണം വരയും മുഴുവ നും സ്വസ്ഥരായ്തീൎന്നതും ഇല്ല. വെള്ളി എടുക്കുന്ന കുഴിയെ കാണ്മാനായി യാത്രക്കാരെ വിളിക്കേണ്ടതി ന്ന ദെമാസ്വാമി (കുബേരൻ) കുഴിക്കും വഴിക്കും മ ദ്ധ്യെ നിന്ന കടന്ന പോകുന്ന ആശാമയക്രിസ്ത്യ ന്മാരെ കണ്ടപ്പോൾ: എടോ ഇവിടേക്ക് വരുവിൻ! ഒന്ന കാണിപ്പാനുണ്ട എന്ന പറഞ്ഞു.

ക്രിസ്തി: വഴി തെറ്റി അങ്ങോട്ട വരുവാന്തക്ക കാൎയ്യം എന്തു?

ദെമാസ്പാമി: ഇവിടെ വെള്ളി എടുക്കുന്ന ഒരു കുഴിയുണ്ടു; അതിൽ ധനത്തിന്നായി ഏറിയ ജനങ്ങൾ കുഴിക്കുന്നതു പോലെ നിങ്ങളും വന്നു അല്പം കുഴിച്ചാൽ ബഹു സമ്പത്തുണ്ടാകും.

അപ്പോൾ ആശാമയൻ ക്രിസ്തിയനോടു: നാം ചെന്നു നോക്കുക എന്നു പറഞ്ഞു.

ക്രിസ്തി: ഞാൻ അവിടെ പോകുന്നില്ല; അനേകം ആളുകൾ പോയി നശിച്ചതല്ലാതെ, ആ ധനം സഞ്ചാരികളുടെ യാത്രെക്ക് മുടക്കം വരുത്തുന്നൊരു കണിയത്രെ ആകുന്നു എന്നു ഞാൻ കേട്ടിരിക്കുന്നു എന്നു പറഞ്ഞാറെ, ദെമാവോടു: അത് എത്രയും അനൎത്ഥവും ഏറിയോരു സഞ്ചാരികൾക്ക് താമസവും ഉണ്ടാക്കീട്ടുള്ള സ്ഥലമല്ലയോ എന്നു ചോദിച്ചു.

ദെമാ: നല്ല വണ്ണം സൂക്ഷിക്കുന്നവൎക്ക അനൎത്ഥമുള്ളതല്ല എന്നു തങ്ങിത്തങ്ങി പറഞ്ഞു.

അപ്പോൾ ക്രിസ്തിയൻ ആശാമയനോടു: ഒർ അടി പോലും നാം തെററാതെ നേർവഴിയിൽ തന്നെ നടന്നു കൊണ്ടിരിക്ക എന്നു പറഞ്ഞു.

ആശാമയൻ: ഐഹികസക്തന്മാർ വന്നു കുശല വാക്കു കേട്ടാൽ നോക്കുവാൻ ചെല്ലും നിശ്ചയം.

ക്രിസ്തി: അവന്റെ സ്വഭാവത്തിന്നു ആ വഴി തന്നെ രസം തോന്നുകകൊണ്ടു അവൻ സംശയം കൂടാതെ അവിടെ പോകും, പക്ഷേ മരിക്കയും ചെയ്യും.

അപ്പോൾ ദെമാസ്പാമി: എന്നാൽ നിങ്ങൾ നോക്കുവാൻ വരുന്നില്ലയോ എന്നു പിന്നെയും വിളിച്ചു.

ക്രിസ്തി: ദെമാവെ! നീ കൎത്താവിന്റെ നേൎവ്വഴികൾക്കു ഒരു വൈരി ആകുന്നു; നിന്റെ തിരിപ്പു നിമിത്തം അവന്റെ സേവകന്മാരിൽ ഒരുവൻ നിന്നെ വിധിച്ചുമിരിക്കുന്നു; ഞങ്ങളെയും നിന്റെ നാശത്തിലകപ്പെടുത്തുവാൻ നോക്കുന്നതിന്നു എന്തു കാരണം? ഞങ്ങൾ നേൎവ്വഴി തെററിയാൽ കൎത്താവ് അത് കേട്ടു; ഞങ്ങൾ ധൈൎയ്യത്തോടെ ഇരിപ്പാൻ ആഗ്രഹിക്കുന്ന സ്ഥലത്തു അപമാനിക്കും.

ദെമാ: നമുക്കു എല്ലാവൎക്കും ഒരു മതം തന്നെ അല്ലയോ? നിങ്ങൾ അല്പം താമസിച്ചാൽ ഞാനും കൂട യാത്രയാകും എന്നു പറഞ്ഞു.

ക്രിസ്തി: നിന്റെ പേർ എന്തു? ഞാൻ വിളിച്ചത് തന്നെ അല്ലയോ.

ദെമാ: അതെ ദേമാ എന്നു വേദപുസ്തകത്തിൽ എന്റെ സാക്ഷാൽ പേർ; ഞാൻ അബ്രഹാമിന്റെ പുത്രനാകുന്നു.

ക്രിസ്തി: നിന്നെ ഞാൻ അറിയും; നിന്റെ മുത്തച്ശൻ ഗഹജിയും നിന്റെ അച്ശൻ യൂദാവുമായിരുന്നുവല്ലൊ? അവരുടെ പ്രവൃത്തി നീയും ശീലിച്ചു പിശാചിന്റെ സേവകനായി തീൎന്നു; നിന്റെ അച്ശൻ ദ്രോഹിയായി മരിച്ച പ്രകാരം നിണക്കും വരും; ഞങ്ങൾ രാജാവിന്റെ സന്നിധാനത്തിൽ എത്തുമ്പോൾ നിന്റെ കാൎയ്യം നന്നായി അറിയിക്കും.

എന്നു പറഞ്ഞാറെ സഞ്ചാരികൾ യാത്രയായി. അതിന്റെ ശേഷം ഐഹികസക്തനമ്പ്യാർ മുതലായവർ ലാഭഗിരിയുടെ അടിയിൽ എത്തിയപ്പോൾ,

വൈശ്രവണൻെറ ചൊൽ കേട്ടു ഉടനെ അവനോടു ചേരുകയും ചെയ്തു. അവർ കുഴിയിലേക്ക് നോക്കി വീണു മരിച്ചുവോ കുഴിപ്പാൻ വേണ്ടി ഇറങ്ങി ചെന്നു നിത്യം കയറി വരുന്ന തണുപ്പു കൊണ്ടു ശ്വാസം മുട്ടി മോഹിച്ചു വീണുവോ എന്നു ഞാൻ അറിയുന്നില്ല; അന്നു മുതൽ അവർ വഴിയിൽ വന്നു കണ്ടില്ല എന്നത്രെ അറിയും. അനന്തരം ക്രിസ്തിയൻ:

ദേമാവിളിക്കടങ്ങുന്നോൎക്കു ശാപം
ഇഹത്തിലും പരത്തിലും വിടാ;
അവൎക്കു പോരും മണ്ണിലുള്ള ലാഭം
മേലാൽ വരുന്നതൊന്നും നിനയാ.

എന്നു പാടുകയും ചെയ്തു.

ആ താഴ്വരയുടെ അപ്പുറം സഞ്ചാരികൾ വഴി അരികെ തന്നെ എത്രയും പുരാണമായൊരു തൂണിനെ കണ്ടു, ആയതിൻെറ മേൽ ഒരു സ്ത്രീയുടെ രൂപം പോലെ ആകകൊണ്ടു അവർ വളരെ അതിശയിച്ചു നോക്കി കൊണ്ടിരിക്കുമ്പോൾ, ആശാമയൻ അതിൻെറ തലക്കലെ "ലൊതഃ പത്നീം സ്മരത" എന്നൊരു എഴുത്തിനെ കണ്ടു അൎത്ഥം തിരിയായ്കകൊണ്ടു തന്നേക്കാൾ പരിചയമുള്ള ക്രിസ്തിയനെ വിളിച്ചു എഴുത്തിനെ കാണിച്ചാറെ, അവൻ അക്ഷരങ്ങളെ അങ്ങോട്ടിങ്ങോട്ടു നോക്കിയ ശേഷം "ലോത്തൻെറ ഭാൎയ്യയെ ഓൎത്തു കൊൾവിൻ" എന്നതിൻെറ അൎത്ഥം ബോധിച്ചു രക്ഷെക്കായി സദൊമിൽനിന്നു ഓടി പോകുമ്പോൾ ദ്രവ്യാഗ്രഹമുള്ള മനസ്സുകൊണ്ടു മറിഞ്ഞു നോക്കി ഉപ്പുതൂണായി തീൎന്ന ലോത്തൻെറ ഭാൎയ്യ ഇതു തന്നെ എന്നറികയും ചെയ്തു.

എന്നാറെ ക്രിസ്ത്യയൻ: ഹാ സഹോദര! വൈശ്രവണൻ ലാഭഗിരിയെ കാണ്മാനായി നമ്മെ വിളിച്ച ശേഷം, ഈ കാൎയ്യ എത്രയും ആവശ്യമായിരുന്നു; നിണക്ക അ സമയം തോന്നിയ പ്രകാരം അനുസരിച്ച അവിടേക്ക് തിരിച്ചു എങ്കിൽ ഈ സ്ത്രീയെ പോലെ വഴിയെ വരുന്നവൎക്ക ഒരു ദൃഷ്ടാന്തമായി തീരുവാൻ സംഗതി ഉണ്ടായിരുന്നു.

ആശാ: ആ ബുദ്ധികേട നിമിത്തം എനിക്ക ഇപ്പോൾ വളരെ സങ്കടം ഉണ്ട; ഞാൻ ലോത്തന്റെ ഭാൎയ്യയെ പോലെ ആയി തീരാഞ്ഞതു ആശ്ചൎയ്യം! അവളുടെ പാപത്തിന്നും എന്റെ പാപത്തിന്നും അകൃത്യങ്ങൾക്കും ഭേദം എന്തു! അവൾ മറിഞ്ഞു നോക്കി; ഞാനോ പോകുവാൻ ആഗ്രഹിച്ചു. ദൈവകരുണെ വാഴുക! എന്നാൽ അങ്ങിനെ ഉള്ള കാൎയ്യം എന്റെ ഹൃദയത്തിൽ തോന്നിയതുകൊണ്ട ഞാൻ നാണിച്ചിരിക്കട്ടെ!

ക്രിസ്തി: ശേഷം വഴിയിൽ സഹായം എത്തേണ്ടതിന്നു നാം ഇവിടെ കണ്ടതു ഒരു നാളും മറക്കരുത്; ഈ സ്ത്രീ സദോമിന്റെ ശിക്ഷാവിധിയിൽ നശിക്കാതെ തെററിപ്പോയി എങ്കിലും, മറെറാരു ശിക്ഷാവിധിയിൽ അകപ്പെട്ടു നാം കണ്ട പ്രകാരം ഉപ്പുതൂണായി തീൎന്നു.

ആശാ: അവളെ പോലെ പാപം ചെയ്യാതിരിപ്പാൻ ഭയത്തിന്നായിട്ടും പാപശങ്കയില്ലാത്തവൎക്ക വരുന്ന നാശത്തിന്റെ അടയാളത്തിന്നായിട്ടും ഈ ഓൎമ്മ നമുക്കിരിക്കട്ടെ! അപ്രകാരം തന്നെ കോരാം,

ദാഥാൻ, അബിരാം എന്നീ മൂവരും അവരുടെ പാപത്തിൽ നശിച്ച ഇരുനൂററമ്പത് ആളുകളും ഭയത്തിന്നായിട്ട ദൃഷ്ടാന്തങ്ങളായി തീൎന്ന എങ്കിലും, ദേമാ മുതലായവർ അങ്ങു സൌഖ്യമായി നിന്ന ഈ സ്ത്രീകൾ മറിഞ്ഞു നോക്കിയതിനാൽ തന്നെ പ്രാണച്ഛേദം വരുത്തിയ ധനത്തെ അന്വേഷിപ്പാൻ എങ്ങിനെ കഴിയും എന്ന എനിക്ക് തിരിയുന്നില്ല അവർ കണ്ണു അല്പം തുറന്നെങ്കിൽ ഈ ഭയങ്കര ദൃഷ്ടാന്തം കാണുമായിരുന്നു.

ക്രിസ്തി: അവരുടെ കാൎയ്യം ഹൃദയകാഠിന്യത്തിന്റെ ഒരടയാളവും വളരെ ആശ്ചൎയ്യമുള്ളതുമാകുന്നു. അവർ ന്യായാധിപതിയുടെ മുമ്പിൽനിന്നും കുലനിലത്തിൽനിന്നും മോഷണം ചെയ്യുന്നവരെ പോലെ തന്നെ ഏദൻ തോട്ടം പോലെ എത്രയും വിശിഷ്ടരാജ്യത്തെ കൎത്താവ് സദോമ്യൎക്ക കൊടുത്തു കാണിച്ച സ്നേഹത്തെ വിചാരിയാതെ അവന്റെ മുമ്പാകെ തന്നെ പാപം ചെയ്തുകൊണ്ടു അവർ എത്രയും വലിയ പാപികളായിരുന്നു എന്ന പറഞ്ഞിട്ടുണ്ടു. ഇങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളെ കണ്ടിട്ടും നിനയാതെ പാപം ചെയ്യുന്നവർ എല്ലാവരിലും കഠിനമുള്ള ശിക്ഷാവിധിയിലകപ്പെടും നിശ്ചയം.

ആശാ: നീ പറഞ്ഞ വാക്കു സത്യം തന്നെ എങ്കിലും, നീയൊ പ്രത്യേകമായി ഞാനൊ ഇങ്ങിനെ ഉള്ള ദൃഷ്ടാന്തങ്ങളായി തീരാഞ്ഞത് എന്തൊരു കൃപ, ദൈവത്തെ സ്തുതിച്ചു ഭയപ്പെട്ടു എപ്പോഴും ലോത്തന്റെ ഭാൎയ്യയെ ഓൎത്തുകൊൾവാൻ വളരെ സംഗതി ഉണ്ടല്ലൊ.

അനന്തരം അവർ യാത്രയായി എത്രയും ന ല്ലൊരു നദീതീരത്ത് എത്തി, ആ നദിക്ക ദാവീദരാജാവ് ദൈവനദി എന്നും യോഹന്നാൻ ജീവ വെള്ളത്തിന്റെ പുഴ എന്നും പേർ വിളിച്ചിരിക്കുന്നു. അവരുടെ വഴി നദിയുടെ കരയിൽ കൂടി തന്നെ ആക കൊണ്ടു ക്രിസ്തിയനും ആശാമയനും വളരെ സൌഖ്യമായി നടന്നു, അതിലെ വെള്ളവും കുടിച്ചു ക്ഷീണതയും തീൎത്തു, ഹൃദയസന്തോഷം പ്രാപിക്കയും ചെയ്തു. ആ നദിയുടെ ഇരുപുറവും പൂത്തും കാച്ചും കൊണ്ടിരിക്കുന്ന പല വിധ വൃക്ഷങ്ങളും ഉണ്ടു; അവററിന്റെ ഇലകൾ യാത്രാകഷ്ടങ്ങളാൽ രക്തം ദുഷിച്ചു പോയവൎക്ക ദഹനക്കേടു മുതലായ ദീനങ്ങൾ വരാതിരിപ്പാൻ എത്രയും വിശേഷമുള്ളതാകുന്നു. അവിടെ വൎഷം മുഴുവനും തളിൎത്തും പൂത്തും കൊണ്ടിരിക്കുന്ന പൂങ്കാവിൽ ഉറങ്ങുവാൻ വിരോധമില്ല എന്നവർ അറിഞ്ഞതുകൊണ്ടു കിടന്നുറങ്ങുകയും ചെയ്തു. രാവിലെ അവർ എഴുനീററു വൃക്ഷഫലം പറിച്ചു ഭക്ഷിച്ചു, പുഴയിലെ വെള്ളം കുടിച്ചാറെ, കിടന്നുറങ്ങി. അങ്ങിനെ അവർ ചില ദിവസം കൂടി സുഖേന കഴിച്ച ശേഷം,

ഹാ, വഴിപോക്കിക്കൎക്കു തീരം
പളുങ്കൊഴുക്കം പോലിതാ!
വൃക്ഷാദിപൂമണം ഗംഭീരം
ഫലങ്ങൾ തിന്നോൻ നിറയാ;
ഈ ദിക്കിലെ നിമിത്തം വാങ്ങുവാൻ
തനിക്കാം സൎവ്വം വില്ക്കും ബുദ്ധിമാൻ.

എന്നു പാടി, ഇതിനാൽ പ്രയാണം തീൎന്നിട്ടില്ല എന്നവർ അറികകൊണ്ടു യാത്രയാകുവാൻ നിശ്ച യിച്ചാറെ, ഭക്ഷിച്ചു കുടിച്ചു പുറപ്പെട്ടുകയും ചെയ്തു.

അപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ടത് എ ന്തെന്നാൽ: അവർ അല്പം നടന്ന ശേഷം, നദിയും വഴിയും പിരിഞ്ഞു, വഴിയും മഹാദുഷ്ഘടവും പ്രയാ ണത്താൽ കാലുകൾ തേഞ്ഞതുമായിരിക്കകൊണ്ടു അവർ വളരെ ദുഃഖിച്ചു, തങ്ങളുടെ ആത്മാവും വഴി നിമിത്തം ക്ഷീണിച്ചു പോയി. അവർ ഇങ്ങിനെ നടന്ന സമയം വഴി നന്നായി എങ്കിൽ കൊള്ളായി രുന്നു എന്നു വിചാരിച്ചു മുമ്പോട്ടു നോക്കിയപ്പോൾ, ഇടഭാഗത്തു ഒരു വയലും അതിലേക്ക് ചെല്ലുവാന്ത ക്ക വേലിക്കടവഴിയും കണ്ടു, അതിന്റെ പേർ ഇട വയൽ എന്നു തന്നെ. അപ്പോൾ, ക്രിസ്തിയൻ ത ന്റെ കൂട്ടുകാരനോടു: ഈ വയൽ നമ്മുടെ വഴിയോ ടു ചേൎന്നിരിക്കുന്നെങ്കിൽ നാം അതിലെ നടക്കാമ ല്ലോ എന്നു ചൊല്ലി, കടായിക്കൽ ചെന്നു നോക്കി വേലിയുടെ അപ്പുറം ഒർ ഇടവഴി നേൎവ്വഴിക്ക് ചേര ക്കണ്ടു; ഞാൻ ആഗ്രഹിച്ചപ്രകാരമായി; സഹോദ ര! വാ നാം അവിടെ പോയി സുഖേന നടക്കാം എന്നു പറഞ്ഞു.

ആശാ: ഇട വഴിയിൽ പോയാൽ നേൎവ്വഴി തെ റ്റി പോകുന്നില്ലയോ?

ക്രിസ്തി: അങ്ങിനെ ഒന്നും വരുന്നില്ല നേൎവ്വഴി അടുത്തുണ്ടല്ലോ.

എന്നു കേട്ടാറെ, ആശാമയനും സമ്മതിച്ചു ക്രി സ്തിയന്റെ പിന്നാലെ വേലിക്കടായി കടന്നു. ഇട

വഴിയിൽ എത്തിയാറെ, അവർ കാൽനോവ കൂടാ
തെ നടന്നു മുമ്പോട്ടു നോക്കിയപ്പോൾ, അവരെ
പ്പോലെ നടക്കുന്ന വ്യൎത്ഥപ്രമാണി എന്നൊരുത്ത
നെ കണ്ടു: എടൊ ഇതു ഏതു വഴി? എന്നു വിളിച്ചു
ചോദിച്ചാറെ, വാനദ്വാരത്തിലേക്ക് പോകുന്ന വഴി
തന്നെ എന്നു കേട്ട ശേഷം, ക്രിസ്തിയൻ കണ്ടു
വൊ? ഞാൻ പറഞ്ഞപ്രകാരം തന്നെ വഴി നല്ലതു
എന്നു നിണക്ക് ഇപ്പോൾ ബോധിച്ചുവോ? എ
ന്നു പറഞ്ഞാറെ, അവർ അവന്റെ വഴിയെ നട
ന്നു കൊണ്ടിരുന്നു. എങ്കിലും ഇതാ സൂൎയ്യൻ അസ്ത
മിച്ചു ഇരുളും അധികമായ ശേഷം, പിന്നാലെ ചെ
ല്ലുന്നവർ മുമ്പിൽ നടന്നവനെ കാണ്മാൻ വഹിയാ
തെ ഇരുന്നു.

മുമ്പിൽ നടന്ന വ്യൎത്ഥപ്രമാണി വഴിയെ കാ
ണാഴ്കകൊണ്ടു ആ പ്രദേശത്തിന്റെ ഉടമക്കാരൻ
വ്യൎത്ഥപ്രശംസികളായ മൂഢന്മാരെ പിടിപ്പാൻ വേ
ണ്ടി വെട്ടിയുണ്ടാക്കിയൊരു അഗാധ കുഴിയിൽ വീ
ണു കൈകാലുകളും പൊട്ടി മരിക്കയും ചെയ്തു. ആ വീ
ഴ്ചയുടെ ഒച്ച ക്രിസ്തിയനും അവന്റെ കൂട്ടുകാരനും
കേട്ടു ഞെട്ടി: കാൎയ്യം എന്തു? എന്നു ചോദിച്ചതിന്നു
ഉത്തരം പറവാൻ ആരും ഇല്ല. അയ്യോ! അയ്യോ!
എന്നൊരു നിലവിളി മാത്രം കേട്ടു. അപ്പോൾ ആ
ശാമയൻ ഹാ കഷ്ടം! കഷ്ടം! നാം ഇപ്പോൾ എവി
ടെ എന്നു ദുഃഖിച്ചു പറഞ്ഞാറെ, ക്രിസ്തിയൻ താൻ
അവനെ നേർവ്വഴിയിൽനിന്നു തെറ്റിച്ചുകളഞ്ഞു എ
ന്നറികകൊണ്ടു മിണ്ടാതിരുന്നു. അപ്പോൾ മഴയും
മിന്നലും ഘോരമായി തുടങ്ങി വെള്ളവും പൊങ്ങി

വരികയും ചെയ്തു. അനന്തരം ആശാമയൻ വീണ്ടു: അയ്യൊ! ഞാൻ നേൎവ്വഴിയെ വിട്ടതെന്തു എന്നു മുറയിട്ടു പറഞ്ഞു.

ക്രിസ്തി: ഈ വഴി നമ്മെ നേൎവ്വഴിയിൽനിന്നു തെറ്റിക്കും എന്നു ആ സമയം ആർ വിചാരിച്ചു?

ആശാ: ഞാൻ അപ്പോൾ തന്നെ പേടിച്ചതു കൊണ്ടു അല്പം വിരോധിച്ചു എങ്കിലും, നീ എന്നേക്കാൾ വൃദ്ധനാകുന്നു എന്നു വിചാരിച്ചു സ്പഷ്ടമായി പറവാൻ ശങ്കിച്ചു.

ക്രിസ്തി: ഹാ സഹോദര! ഞാൻ നിന്നെ നേൎവ്വഴി തെറ്റിച്ചു, ഈ കഷ്ടതയിൽ ആക്കിയതു എനിക്കു വളരെ സങ്കടം എങ്കിലും, അറിഞ്ഞും കൊണ്ടു ചെയ്തതല്ലായ്കയാൽ എന്നോടു ക്ഷമിക്കേണം.

ആശാ: ഹാ സഹോദര! വിഷാദിക്കരുതെ, ഞാൻ എല്ലാം ക്ഷമിച്ചിരിക്കുന്നു; ഈ കഷ്ടവും നമുക്കു ഗുണമായ്തീരുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

ക്രിസ്തി: ഇത്ര ദയയുള്ള സഹോദരൻ ലഭിച്ചതുകൊണ്ടു എനിക്കു വളരെ സന്തോഷം, എന്നാൽ നാം ഇവിടെ താമസിക്കാതെ വേഗം മടങ്ങി പോവാൻ നോക്കേണം.

ആശാ: സത്യം സഹോദര! ഞാൻ മുമ്പിൽ നടക്കാം.

ക്രിസ്തി: എന്റെ കുറവു നിമിത്തം നാം നേൎവ്വഴി തെറ്റിയതുകൊണ്ടു അനൎത്ഥം വല്ലതും ഉണ്ടെങ്കിൽ എനിക്കു ആദ്യം വരേണ്ടതിന്നു ഞാൻ തന്നെ മുമ്പിൽ നടക്കട്ടെ.

ആശാ: വേണ്ടാ; നിണക്ക് ഇപ്പോൾ, മനഃകലക്കം ഉണ്ടാകകൊണ്ടു ഇനിയും തെററി പോവാൻ സംഗതി വരും എന്നു പറഞ്ഞാറെ, നിൻെറ ഹൃദയം പെരുവഴിയുടെ നേരെ ഇരിക്കട്ടെ; നീ നടന്ന വഴിയായി മടങ്ങി പോക, (യിറ. ൩൧, ൨൧.) എന്നൊരുത്തൻെറ വാക്ക കേട്ടതിനാൽ കുറെ ആശ്വാസം വന്നു എങ്കിലും, വെള്ളങ്ങൾ പൊങ്ങുകകൊണ്ടു, മടങ്ങി പോവാൻ മഹാപ്രയാസമായിരുന്നു, (വഴി വിട്ടുവാൻ എളുപ്പം; മടങ്ങി ചേരുവാൻ പ്രയാസം തന്നെ എന്നറിക.) ഇരുളും വെള്ളത്തിൻെറ പാച്ചലും ഭയങ്കരമാകയാൽ അവർ അഞ്ചുപത്തു പ്രാവശ്യം മുങ്ങി ചാവാറായിരുന്നതല്ലാതെ, എത്രയും പണിപ്പെട്ടാലും ആ രാത്രിയിൽ വേലിക്കടായിക്കൽ എത്തുവാൻ കഴിയാതെ, ഒരു പൎണ്ണശാലയെ (ഇലക്കുടിഞ്ഞിൽ) കണ്ടു, അകത്തു പ്രവേശിച്ചു ക്ഷീണത നിമിത്തം കണ്ണും മയങ്ങി പുലരുവോളം കിടന്നുറങ്ങുകയും ചെയ്തു.

അവർ ഇങ്ങിനെ കിടന്നുറങ്ങിയ സ്ഥലത്തിൻെറ സമീപത്തു സംശയപുരി എന്നൊരു കോട്ടയുണ്ടായിരുന്നു. അവിടെ വാഴുന്ന ആശാഭംഗാസുരൻ എത്രയും പുലച്ചക്ക എഴുനീററു തൻെറ നിലങ്ങളിൽ എങ്ങും സഞ്ചരിച്ചു ആശാമയക്രിസ്ത്യന്മാർ ഉറങ്ങുന്നതു കണ്ടു കോപിച്ചു "ഉണരുവിൻ" എന്നു ക്രുദ്ധിച്ചു: നിങ്ങൾ എവിടെനിന്നു വരുന്നു? എൻെറ ഭൂമിയിൽ നിങ്ങൾക്ക എന്തു പണി? എന്നു ചോദിച്ചാറെ, അവർ: ഞങ്ങൾ സഞ്ചാരികളാകുന്നു; വഴിയും തെററി നടന്നു എന്നു ചൊല്ലിയതു രാക്ഷസൻ

കേട്ടപ്പോൾ, നിങ്ങൾ ഈ രാത്രിയിൽ എന്റെ ഭൂമിയെ തീണ്ടി കളഞ്ഞതിനാൽ എനിക്ക ദ്രോഹികളാകകൊണ്ട എന്റെ കൂട വരേണം എന്ന കല്പിച്ചു, അവരെ ബലംപ്രമാണമായി കൊണ്ടുപോകയും ചെയ്യുതിന്ന തങ്ങളുടെ കുററം അറികയാൽ വിരോധം പറവാൻ കഴിയാതെ ഇരുന്നു. ഇങ്ങിനെ രാക്ഷസൻ അവരെ തന്റെ കോട്ടയിലേക്ക് പായിച്ചശേഷം, എത്രയും ഇരുട്ടും മലിനതയും ദുൎമ്മണവും നിറഞ്ഞ തടവിൽ പാൎപ്പിച്ചു; അതിൽ അവർ ബുധനാഴ്ച തുടങ്ങി ശനിയാഴ്ച വൈകുന്നേരത്തോളം അന്നപാനമിത്രങ്ങൾ കൂടാതെ കിടന്നിരുന്നു. ഈ കഷ്ടമെല്ലാം എന്റെ കുററത്തിന്റെ ഫലം എന്ന ക്രിസ്തിയൻ അറികകൊണ്ട ഇരട്ടിയായി ദുഃഖിച്ചു.

അന്ന രാത്രിയിൽ ആശാഭഗ്നാസുരൻ ഭാൎയ്യയായ നിരാശയോട: അല്ലയോ പ്രിയേ, രണ്ട പരദേശികൾ എന്റെ ഭൂമിയെ ചവിട്ടി തീണ്ടിയതുകൊണ്ട ഞാൻ അവരെ പിടിച്ചു തടവിൽ പാൎപ്പിച്ചിരിക്കുന്നു. അവരെ ഞാൻ എന്തു ചെയ്യേണം എന്ന ചോദിച്ചാറെ, അവർ ആരെന്നും; എവിടെനിന്ന വരുന്നു, എവിടേക്ക് പോവാൻ വിചാരിക്കുന്നു എന്നും അവൾ അന്വേഷിച്ചറിഞ്ഞപ്പോൾ: നീ കാലത്തു എഴുനീററ അവരെ നല്ലവണ്ണം അടിക്കേണം എന്ന മന്ത്രിച്ചപ്രകാരം അവൻ രാവിലെ എഴുനീററ ഒരു മുൾവടി വാങ്ങി തടവിൽ ചെന്ന തനിക്ക ഒരുനാളും വെറുപ്പു കാണിക്കാത്ത സഞ്ചാരികളെ നായിക്കളെ പോലെ നിന്ദിച്ചു കഠോരമായി (കടുപ്പമായി) അടിച്ചു പോകയും ചെയ്തു. ഇപ്രകാരം കൊണ്ട

അടിയാൽ അവർ വളരെ വലഞ്ഞു അനങ്ങുവാൻ കഴിയാതെ ആ ദിവസം മുഴുവൻ കരഞ്ഞും വീൎത്തും മുറയിട്ടും കൊണ്ടിരുന്നു. പിറെറ രാത്രിയിൽ രാക്ഷസി തടവുകാരുടെ അവസ്ഥ അന്വേഷിച്ചു, അവർ ഇനിയും ജീവിച്ചിരിക്കുന്നു എന്നു കേട്ടാറെ, തങ്ങൾ തന്നെ മരിച്ചു കളയേണ്ടതിന്നു അവരോടു കല്പിക്കേണം എന്നു ഭൎത്താവിനോടു പറഞ്ഞു. അതുകൊണ്ടു അവൻ രാവിലെ പിന്നെയും തടവിലേക്കു ചെന്നു എത്രയും വല്ലാത്ത മുഖലക്ഷണം കാട്ടി, അവരുടെ മുറിവുതിണൎപ്പുകളും മററും കണ്ടപ്പോൾ, ഹാ നിങ്ങൾക്കു ഒരുനാളും ഈ സ്ഥലത്തുനിന്നു വിട്ടു പോയി കൂടാ; പീശ്ശാങ്കത്തിയാലോ കയറു കെട്ടി ഞാലുന്നതിനാലോ വിഷത്താലോ മരിച്ചുകളയുന്നതു നിങ്ങൾക്കു നന്നു; ഇങ്ങിനെ ദുഃഖിച്ചു ജീവിക്കുന്നതു ബഹു കൈപ്പല്ലയോ? എന്നു പറഞ്ഞശേഷം, തങ്ങളെ വിടേണ്ടതിന്നു അവർ വളരെ അപേക്ഷിച്ചു. അപ്പോൾ അവൻ അതിക്രുദ്ധനായി അവരുടെ മേൽ പാഞ്ഞു അടുത്തു ക്ഷണത്തിൽ ഒരു മീൻപാച്ചൽ പിടിച്ചു കൈ രണ്ടും തളൎന്നില്ലെങ്കിൽ അവരെ സംശയം കൂടാതെ കൊല്ലുമായിരുന്നു. (ആകാശം തെളിവായാൽ അവന്നു പലപ്പോഴും ആ വക ദീനങ്ങൾ വരുവാറായിരുന്നു.) അവൻ പോയ ശേഷം സഞ്ചാരികൾക്കു തങ്ങൾ ചെയ്യേണ്ടുന്നതിനെ വിചാരിപ്പാൻ ഇട ഉണ്ടായി.

അനന്തരം ക്രിസ്തിയൻ: ഹാ സഹോദര! നമ്മുടെ കാൎയ്യം ബഹു സങ്കടമുള്ളതാകുന്നു, ഇങ്ങിനെ ജീവിക്കയോ മരിക്കയോ എന്തു വേണ്ടു? എൻ മനസ്സു

വീഴ്ചപ്പിനെയും ഈ എല്ലുകളിലും അധികം ചാവിനെയും വരിക്കുന്നു. (യൊബ്. ൭, ൧൫) ഈ തടവിനേക്കാൾ ശവക്കുഴി തന്നെ നല്ലതു സത്യം; അതുകൊണ്ടു നാം രാക്ഷസന്റെ വാക്ക് പ്രകാരം ചെയ്ക എന്നു പറഞ്ഞു.

ആശാമയൻ: നമ്മുടെ കാൎയ്യം എത്രയും ഭയങ്കരമുള്ളതാകുന്നു സംശയമില്ല; ഇങ്ങിനെ പാൎക്കുന്നതിനേക്കാൾ മരണം ഏറെ നല്ലൂ എന്നു ഞാനും വിചാരിക്കുന്നു, എന്നാലും നാം തിരഞ്ഞു നടക്കുന്ന രാജ്യത്തിലെ കൎത്താവ് നീ കുല ചെയ്യരുതെന്നു കല്പിച്ചതിനാൽ ഒരന്യന്റെ ജീവനെ എടുത്തു കളവാൻ വിരോധിച്ചുവെങ്കിൽ, രാക്ഷസന്റെ വാക്കു പ്രമാണിച്ചു മരിച്ചു കളവാൻ എത്രയും വിരോധം തന്നെ. അന്യനെ കൊല്ലുന്നവൻ ശരീരത്തെ മാത്രം നശിപ്പിക്കും, മരിച്ചു കളയുന്നവൻ ശരീരത്തോടു കൂട ആത്മാവിനെയും നശിപ്പിക്കുമല്ലോ! പിന്നെ സഹോദര! നീ ശവക്കുഴിയിലുള്ള സുഖത്തെ കുറിച്ചു പറഞ്ഞ വാക്കു എന്തു? കുലപാതകന്മാർ എല്ലാവരും നരകാഗ്നിയിൽ വീഴും എന്ന ഓൎമ്മ വിട്ടുപോയൊ? കുലപാതകനു നിത്യ ജീവൻ ഇല്ലല്ലോ!

സകലത്തിന്നും തീൎപ്പു കല്പിപ്പാൻ ഈ ആശാഭഗ്നാസുരന്റെ പക്കലുള്ളതല്ല; നമ്മെ പോലെ അവൻ മററും പലരെയും പിടിച്ചു എങ്കിലും, അവർ അവന്റെ കൈയിൽനിന്നു വിട്ടു പോയി എന്നു ഞാൻ കേട്ടിരിക്കുന്നു. പക്ഷേ ലോകം ഉണ്ടാക്കിയ ദൈവം അവനെ ഒരു സമയം നശിപ്പിക്കയോ, അവൻ വാതിൽ പൂട്ടുവാൻ മറക്കയോ, നമ്മുടെ

അട്ടക്കൽ വരുമ്പോൾ ക്ഷണത്തിൽ മീൻപൊച്ചൽ പിടിച്ചു മുടങ്ങുകയോ ചെയ്യാൽ നാം ഓടി പോകാമല്ലോ. എങ്ങിനെ എങ്കിലും ഞാൻ മരിച്ചു കളകയില്ല; പുരുഷന്നു യോഗ്യമായ പ്രകാരം ധൈൎയ്യം കാട്ടി രാക്ഷസന്റെ കൈയിൽനിന്നു വിട്ടു പോവാൻ ഇട അന്വേഷിക്കും. ഞാൻ അത്ര മുമ്പെ ചെയ്യാഞ്ഞതു മൌഢ്യം തന്നെ. ഹാ സഹോദര, നാം ഈ കഷ്ടം ക്ഷമയോടെ സഹിച്ചാൽ തൽക്കാലത്തു രക്ഷ ഉണ്ടാകും; മരിച്ചു കളവാൻ ആവശ്യമില്ല.

എന്നിങ്ങിനെയുള്ള വാക്കുകൊണ്ടു ആശാമയൻ ക്രിസ്തിയന്നു കുറെ മനശ്ശാന്തത വരുത്തീട്ടും ആ ദിവസവും അന്ധകാരത്തിൽ ദുഃഖേന കഴിച്ചു, ഭക്ഷണപാനങ്ങൾ ഇല്ലായ്കയാലും സൎവ്വാംഗം മുറിഞ്ഞതിനാലും ശ്വാസം കഴിക്കയത്രെയുണ്ടായി.

വൈകുന്നേരത്തു രാക്ഷസൻ പിന്നെയും തടവിലേക്ക് ചെന്നു തന്റെ കല്പന അനുസരിച്ചു മരിച്ചുവോ എന്നു നോക്കി, അവർ ജീവിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ, ഏററവും ചൊടിച്ചു ഞാൻ നിങ്ങളെ പഠിപ്പിക്കും; ഞാൻ പറഞ്ഞ വാക്കു അനുസരിക്കായ്കകൊണ്ടു ജനിക്കാതിരുന്നെങ്കിൽ നിങ്ങൾക്ക് നന്നായിരുന്നു എന്നു പറഞ്ഞു.

അപ്പോൾ അവർ വളരെ വിറച്ചു ക്രിസ്തിയന്നു മൊഹാലസ്യവും ഉണ്ടായി എന്നു എനിക്കു തോന്നുന്നു. സുബോധമുണ്ടായാറെ, രാക്ഷസന്റെ കല്പനയെ കുറിച്ചു അവർ തമ്മിൽ ആലോചിച്ചപ്പോൾ ക്രിസ്തിയന്നു അനുസരിപ്പാൻ തോന്നിയത് കൊണ്ടു

ആശാമയൻ: ഹാ സഹോദര! പണ്ടേത്ത നിന്റെ ധൈൎയ്യം എവിടെ? അപ്പൊല്യനും മരണനിഴൽതാഴ്വരയിൽ നീ കണ്ടും കേട്ടും സഹിച്ചും ഇരിക്കുന്ന ആ സകല ഉപദ്രവങ്ങളും നിന്നെ ജയിപ്പാൻ മതിയായില്ല, ഇത് വരെയും ഭയങ്കരകഷ്ടസങ്കടങ്ങളിലും മഹാധീരനായിരുന്ന നീ ഇപ്പോൾ എന്തിന്നു ഇത്ര പേടിക്കുന്നു? ഞാൻ നിന്നേക്കാൾ ബലഹീനനെങ്കിലും നിന്റെ കൂട ഈ തടവിൽ പാൎക്കുന്നു; രാക്ഷസൻ എനിക്കും മുറിയേല്പിച്ചു ഭക്ഷണപാനങ്ങളെയും വിലക്കി; നിന്നെ പോലെ ഞാനും ഈ അന്ധകാരത്തിൽ ദുഃഖിച്ചുകൊണ്ടിരിക്കുന്നു. ഹാ സഹോദര! നാം കുറെ കൂട ക്ഷമിക്ക, മായാചന്തയിൽ നീ ചങ്ങല തടവു അപമൃത്യു എന്നിവ പേടിക്കാതെ പുരുഷന്നു യോഗ്യമായ ധൈൎയ്യം കാണിച്ചത് ഓൎക്ക, ക്രിസ്ത്യാനിക്ക് നിന്ദ്യമായതിനെ ഒഴിപ്പാൻ വേണ്ടി നമ്മാൽ കഴിയുന്നേടത്തോളം ക്ഷമയുള്ളവരായിരിക്കേണം എന്നു പറഞ്ഞു.

അന്നു രാത്രിയിൽ രാക്ഷസൻ ഭാൎയ്യയോടു കൂട ഉറങ്ങുവാൻ പോകുമ്പോൾ അവൾ: തടവുകാർ നിന്റെ കല്പന അനുസരിച്ചുവോ? എന്നു ചോദിച്ചാറെ, ഈ കള്ളന്മാർ ഏതു കഷ്ടങ്ങളെ സഹിക്കേണ്ടി വന്നാലും തങ്ങളെ തന്നെ നശിപ്പിപ്പാൻ മാത്രം മനസ്സില്ല എന്നവൻ പറഞ്ഞ ശേഷം, രാക്ഷസി: എന്നാൽ രാവിലെ അവരെ തോട്ടത്തിലേക്ക് കൊണ്ടു പോയി, നീ മുമ്പെ കുല ചെയ്തവരുടെ അസ്ഥികളെ കാണിച്ചു, ഒർ ആഴ്ചവട്ടം കഴിയും മുമ്പെ ഞാൻ നിങ്ങളെയും, ഇവരെ പോലെ സംഹരിച്ചു ഖണ്ഡം

ഖണ്ഡമാക്കി നുറുക്കിക്കളയും എന്നവരോട്ട പറയേ ണം എന്നു പറഞ്ഞു.

നേരം പുലൎന്നാറെ, രാക്ഷസൻ തടവിലേക്ക് ചെന്നു അവരെ തോട്ടത്തിലേക്ക് കൊണ്ടു പോയി ഭാൎയ്യ പറഞ്ഞപ്രകാരം എല്ലാം കാണിച്ചു: നിങ്ങളെ പോലെ മുമ്പെ സഞ്ചാരികളുമായ ഇവർ എന്റെ ഭൂമിയിൽ വന്നു ചവിട്ടി തീണ്ടിയപ്പോൾ, ഞാൻ അ വരെ പിടിച്ചു ഖണ്ഡം ഖണ്ഡമാക്കി നുറുക്കിയപ്ര കാരം പത്തു ദിവസത്തിന്നകം നിങ്ങളെയും ആക്കും; തടവിലേക്ക് മടങ്ങിപ്പോക എന്നു കല്പിച്ചു അവിടെ എത്തും വരയും അവരെ അടിച്ചു കൊണ്ടിരുന്നു. അ തിന്റെ ശേഷം അവർ ശനിയാഴ്ച മുഴുവനും മുമ്പെ പ്പോലെ ദുഃഖപരവശന്മാരായി കിടന്നിരുന്നു. അ ന്നു രാത്രിയിൽ രാക്ഷസൻ ഭാൎയ്യയോട്ട കൂട കട്ടിലി ന്മേൽ ഇരിക്കുമ്പോൾ, അവർ പിന്നെയും തടവുകാ രെ കുറിച്ചു സംസാരിച്ചു: അവരെ എത്രയും ദണ്ഡി പ്പിച്ചാലും പറഞ്ഞു പേടിപ്പിച്ചാലും മരിച്ചു കളവാൻ മാത്രം മനസ്സു വരാത്തത് എന്തൊരു പുതുമ! എന്നു രാക്ഷസൻ പറഞ്ഞാറെ, രാക്ഷസി: അതിന്നു ഏ താനും ഒരു സംഗതി ഉണ്ടാകും. തങ്ങളെ രക്ഷിപ്പാൻ വരുന്ന വല്ല സഹായക്കാരെ നോക്കി പാൎക്കയോ വാതിലിനെ തുറപ്പാൻ വല്ല മറുതാക്കോൽ ഉണ്ടാ കയാൽ നല്ല അവസരം നോക്കി കൊണ്ടിരിക്കയൊ എന്നൊരു ഭയം എനിക്ക് ഉണ്ടു എന്നു പറഞ്ഞതി ന്നു അവൻ ഹാ പ്രിയേ! നീ പറഞ്ഞതു സത്യമാ യിരിക്കും നാളെ ഞാൻ ഈ കാൎയ്യത്തെ കുറിച്ചു അ വരെ ശോധന ചെയ്യും എന്നു പറഞ്ഞു. ശനിയാഴ്ച

പാതിര തുടങ്ങി പുലരുവോളം സഞ്ചാരികൾ പ്രാൎത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ, ക്രിസ്തിയൻ ക്ഷണത്തിൽ കുതിച്ചെഴുനീറ്റു: ഹാ മൂഢനായ ഞാൻ ഈ ദുൎമ്മണമുള്ള കാരാഗ്രഹത്തിൽ ഇരിക്കുന്നതു എന്തു! മടിയിലെ വാഗ്ദത്തം എന്നൊരു താക്കോൽകൊണ്ടു സംശയപുരിയിൽ എല്ലാ പൂട്ടുകളെയും തുറക്കാമല്ലൊ എന്നു പറഞ്ഞു സന്തോഷിച്ചപ്പോൾ, ആശാമയൻ ഹാ സഹോദര ഇത് എത്രയും നല്ലകാൎയ്യം ക്ഷണത്തിൽ മടിയിൽനിന്നു ആ താക്കോൽ പിടിച്ചെടുത്തു നോക്കുക.

എന്നു പറഞ്ഞപ്രകാരം ക്രിസ്തിയൻ താക്കോൽ എടുത്തു പൂട്ടിൽ ഇട്ടു തിരിച്ചപ്പോൾ, താഴു ഇളകി വാതിലും തുറന്ന ശേഷം, ഇരുവരും പുറത്തു പോയി തോട്ടത്തിന്റെ വാതിൽക്കൽ ചെന്നു താക്കോൽ ഇട്ടു തുറന്നു ഇരിമ്പു വാതില്ക്കലോളം എത്തി അതുവും തുറപ്പാൻ വേണ്ടി താക്കോൽ ഇട്ടു തിരിച്ചു പണിപ്പെട്ടു വേഗം ഓടി പോകേണ്ടതിന്നു തുറന്നു കളഞ്ഞപ്പോൾ, വാതിൽക്കതകിന്റെ കരച്ചൽ വലിയതാകകൊണ്ടു രാക്ഷസൻ ഉണൎന്നു എഴുനീറ്റു തടവുകാരെ എത്തിപ്പിടിപ്പാൻ നോക്കി എങ്കിലും, മുമ്പെ പോലെ മീൻ പാച്ചൽ പിടിച്ചു നടപ്പാൻ വഹിയാതെയായി. ഇങ്ങിനെ സഞ്ചാരികൾക്ക് പാഞ്ഞു രാജവഴിയിൽ എത്തി രക്ഷ പ്രാപിപ്പാൻ സംഗതി വരികയും ചെയ്തു.

പിന്നെ അവർ വേലിക്കടായി കടന്ന ശേഷം, വഴിയെ വരുന്നവർ ആരെങ്കിലും ആശാഭംഗനാസുരന്റെ കൈയിലകപ്പെടാതിരിപ്പാൻ നാം ഇവിടെ

ഒരു കാൎയ്യം ചെയ്യേണം എന്നു പറഞ്ഞു തമ്മിൽ ആ ലോചിച്ചാറെ, ഒരു തൂണു നിൎത്തി പിന്നെ വാന ദേശത്തിന്റെ കൎത്താവിനെ നിരസിച്ചു, അവ ന്റെ പരിശുദ്ധസഞ്ചാരികളെ നശിപ്പിപ്പാൻ അ ന്വേഷിക്കുന്ന ആശാഭംഗാസുരന്റെ സംശയപു രിയിലേക്ക് പോകുന്ന വഴി ഈ വേലിക്കടായിൽ കൂടി തന്നെ ആകുന്നു; എന്നതിന്മേൽ കൊത്തി എ ഴുതിക്കയും ചെയ്തു. ശേഷം കടന്ന സഞ്ചാരികളും ആ എഴുത്തു നോക്കി വായിച്ചതിനാൽ തെറ്റാതെ നേ ൎവ്വഴിയിൽ തന്നെ നടന്നു കൊണ്ടിരുന്നു. അപ്പോൾ അവർ:

നാം വഴി തെറ്റി വേശത്തിൽ
നിഷിദ്ധ ഭിക്സുഖത്തെ കണ്ടു
വിചാരിയാതെ ആർ ഇതിൽ
പുക്കാലും പേടിച്ചോടി മണ്ടു
ഈ കോട്ടയിന്തുറുങ്കു സംശയം
അതിൽ വസിപ്പോൎക്കാശ വിസ്മൃതം.

എന്നു പാടി.

അനന്തരം അവർ യാത്രയായി മഞ്ചോന്ന ഗിരിയുടെ കൎത്താവിനുള്ള വാഞ്ഛിതമലപ്രദേശ ത്തിൽ എത്തി, അവിടെയുള്ള പറമ്പുകളും പൂങ്കാവു കളും മുന്തിരിങ്ങാത്തോട്ടങ്ങളും നീരുറവുകളും മറവും കാ ണ്മാൻ മുകളിൽ കയറി വെള്ളം കുടിച്ചും കുളിച്ചും മുന്തി രിങ്ങാപ്പഴം ഭക്ഷിച്ചും കൊണ്ടു സന്തോഷിച്ചു. അ വിടെ ആട്ടിങ്കൂട്ടങ്ങളെ മേച്ചു കൊള്ളുന്ന ഇടയ ന്മാർ വഴിയരികെ തന്നെ നില്ക്കുകൊണ്ടു സഞ്ചാരി കൾ അവരുടെ അടുക്കൽ ചെന്നു ക്ഷീണന്മാരായ

വഴിപോക്കരുടെ മൎയ്യാദ പ്രകാരം വടി ഊന്നി നില്ക്കു ന്നതു കണ്ടു, ഈ മലകളും ആട്ടിങ്കൂട്ടങ്ങളും ആൎക്കുള്ള താകുന്നു? എന്നു ചോദിച്ചു.

ഇടയന്മാർ: ഈ മലകൾ ഇമ്മാനുവേലിന്റെ ദേശവും തന്റെ പട്ടണത്തിൽനിന്നു നോക്കെത്തു ന്നതുമാകുന്നു; അവന്റെ ആടുകൾ ഇതാ; ഇവ നി മിത്തം അവൻ തന്റെ ജീവനെ വെച്ചു കൊടുത്തു.

ക്രിസ്തി: ഇതു വാനപട്ടണവഴി തന്നെയോ?

ഇടയ: അതെ നിങ്ങൾ വഴിയിൽ തന്നെ.

ക്രിസ്തി: അവിടേക്ക് എത്ര ദൂരം?

ഇടയ: അവിടേക്ക് തന്നെ പോകുന്നവൎക്ക ല്ലാതെ മററാൎക്കും എത്തുവാൻ കഴിയാത്ത ദൂരം.

ക്രിസ്തി: വഴി നല്ലതൊ ദുൎഗ്ഗമമൊ?

ഇടയ: നല്ലവൎക്കു നല്ല വഴി, അക്രമക്കാർ അ തിൽ വീഴും.

ക്രിസ്തി: വലഞ്ഞും ക്ഷീണിച്ചും ഇരിക്കുന്ന സഞ്ചാരികൾക്ക് വേണ്ടി ഇവിടെ വല്ല ഉപകാര വും ഉണ്ടാകുമോ?

ഇടയ: അതിഥിസല്ക്കാരത്തെ മറക്കരുതെന്നു ഈ മലകളുടെ കൎത്താവ് ഞങ്ങളോടു കല്പിച്ചിരിക്ക യാൽ, ഈ സ്ഥലത്തിലുള്ള നന്മകളെ യഥേഷ്ടം അ നുഭവിക്കാം.

അപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ടത് എ ന്തെന്നാൽ: ഇവർ സഞ്ചാരികൾ തന്നെ എന്നു ഇ ടയന്മാൎക്കു ബോധിച്ചാറെ, നിങ്ങൾ എവിടെനിന്നു വരുന്നു? ഈ വഴിയിൽ എങ്ങിനെ എത്തി? യാത്ര ക്കാരിൽ ചിലർ മാത്രമേ ഈ മലകളോളം എത്തുന്ന

ത്തുകൊണ്ടു, നിങ്ങൾ ആരുടെ സഹായത്താൽ ഇ ത്രോടം സ്ഥിരമായി നടന്നു വന്നു? എന്നു ചോദിച്ച തിന്നു സഞ്ചാരികളുടെ ഉത്തരം കേട്ടു പ്രസാദിച്ചു, അവരെ സ്നേഹത്തോടെ നോക്കി, നിങ്ങൾ വാഞ്ഛി തമലപ്രദേശത്തിലേക്ക് വന്നത് എത്രയും നന്നാ യി എന്നു പറഞ്ഞു.

അനന്തരം ജ്ഞാനാഖ്യാൻ, പരിചയനാവു, ജാ ഗരണാഭിധൻ, നിഷ്കളങ്കൻ എന്നീ ഇടയന്മാർ അവരെ കൈപിടിച്ചു കൂടാരത്തിലേക്ക് കൊണ്ടു പോയി ഭക്ഷണം വെച്ചു കൊടുത്തു നമുക്കു അ ന്യോന്യപരിചയം ഉണ്ടാകുവോളം നിങ്ങൾ ഇവി ടെ പാൎത്തു, വാഞ്ഛിതമലകളുടെ നന്മകൊണ്ടു ആ ശ്വസിച്ചാൽ നന്നായിരിക്കും എന്നു പറഞ്ഞു അ വർ സമ്മതിച്ചു രാവു അധികം ആകകൊണ്ടു ഉറ ങ്ങുവാൻ പോകയും ചെയ്തു.

പിന്നെ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെ ന്നാൽ: രാവിലെ ഇടയന്മാർ ആശാമയക്രിസ്തിയ ന്മാരെ മലകളിന്മേൽ ഉലാവി കൊള്ളേണ്ടതിന്നു വിളി ച്ചാറെ, അവർ ഒക്കത്തക്ക പുറപ്പെട്ടു നടക്കുമ്പോൾ, ദേശം എല്ലാം നന്നായി കാണ്മാൻ ഇടയുണ്ടായി. ഇ ടയന്മാരും തമ്മിൽ നാം സഞ്ചാരികൾക്ക് ഇവിടെ യുള്ള കൌതുകങ്ങളിൽ ചിലതു കാണിക്കരുതോ എ ന്നു പറഞ്ഞു കാൎയ്യം നിശ്ചയിച്ച ശേഷം, അവരെ വ്യാജഗിരിമേൽ കരേററി, എത്രയും തൂക്കമുള്ള ഭാഗ ത്തു വരുത്തി താഴെ നോക്കേണം എന്നു പറഞ്ഞാ റെ, ആശാമയക്രിസ്തിയന്മാർ നോക്കി, കീഴെ ഖ ണ്ഡം ഖണ്ഡമായി ചിതറി കിടക്കുന്ന ശവങ്ങളെ

കണ്ടു. അതിന്റെ കാരണം ക്രിസ്തിയൻ ചോദിച്ച പ്പോൾ, ഇടയന്മാർ ജീവിച്ചെഴുനീല്പിനെ കുറിച്ച ഹുമനയ്യൻ ഫിലെതൻ എന്നവരുടെ വ്യാജോപ ദേശത്താൽ തെററി പോയവരുടെ അവസ്ഥ കേട്ടി ല്ലയൊ? അവർ തന്നെ ഈ ശവങ്ങൾ ആരെങ്കി ലും അധികം കയറി ഈ മലയുടെ വിളുമ്പിൽ ചെ ന്നു വീഴാതിരിക്കേണ്ടതിന്നു ഇവർ ഇന്നു വരെയു മറക്കാത ദൃഷ്ടാന്തത്തിന്നായി വെച്ചിരിക്കുന്നു എ ന്നു പറഞ്ഞു. അതിന്റെ ശേഷം അവർ അവരെ സൂക്ഷ്മപ്രേക്ഷാമലമേൽ കയററി ദൂരെ നോക്കേണ്ടതി ന്നു കല്പിച്ചാറെ, അവർ നോക്കി ഒരു ചുടലക്കാട്ടിൽ തപ്പിത്തപ്പി നടന്നു കാലും തടഞ്ഞു പുറത്തു ഇറങ്ങു വാൻ കഴിയാത്ത ചില കുരുടന്മാരെ കണ്ടു, അതെ ന്തു എന്നു ക്രിസ്തിയൻ ചോദിച്ചപ്പോൾ.

ഇടയ: ഈ മലകളോളം എത്തുമ്മുമ്പെ ഒരു വയലിൽ കിഴിയുന്നതിന്നു ചെറിയോരു വേലിക്ക ടായി കണ്ടില്ലയോ? അതു ആശാഭംഗാസുരന്റെ സംശയപുരിയിലേക്ക് പോകുവാൻ ഒരു ഇടവഴി തന്നെ. ആ കുരുടരും മുമ്പെ സഞ്ചാരികളായി വേ ലിക്കടായോളം എത്തി, നേർവ്വഴി ദുഷ്ടമാകകൊണ്ടു അതിനെ വിട്ടു കടായി കടന്നു ഇടവഴിയിൽ നടക്കു മ്പോൾ, ആശാഭംഗാസുരൻ അവരെ പിടിച്ചു സം ശയപുരിയിലെ തുറുങ്കിൽ പാർപ്പിച്ചു. ചില കാലം കഴിഞ്ഞാറെ, കണ്ണും പൊട്ടിച്ചു ആ ശ്മശാനത്തിൽ ആക്കിയ ശേഷം, അവർ ഈ ദിവസം വരെയും അ ങ്ങിനെ തപ്പിത്തപ്പി നടക്കേണ്ടി വരുന്നു. ജ്ഞാന വഴിയെ വിട്ടു തെററി നടക്കുന്നവൻ മരിച്ചവരുടെ

കൂട്ടത്തിൽ വസിക്കും എന്ന വാക്ക അവരിൽ നിവൃത്തിയായി.

എന്നതു കേട്ടാറെ, സഞ്ചാരികൾ അന്യോന്യം നോക്കി കണ്ണീരും വാൎത്തു എങ്കിലും, ഇടയന്മാരോട ഒന്നും മിണ്ടിയില്ല.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടതാവിതു: ഇടയന്മാർ അവരെ ആ മലയുടെ അടിയിലേക്ക് വരുത്തി ഒരു വാതിലിനെ തുറന്നു അകത്തു നോക്കെണം എന്നു പറഞ്ഞാറെ, അവർ നോക്കി, എല്ലാം ഇരുളും പുകയും ദുൎമ്മണവും നിറഞ്ഞിരിക്കുന്നു എന്നു കണ്ടു, അഗ്നിധ്വനികളും പ്രാണവേദന പിടിച്ച ജനങ്ങളുടെ നിലവിളിയും കേട്ടു. ഇതെന്തു എന്നു ക്രിസ്ത്യിയൻ ചോദിച്ചതിന്നു:

ഇടയ: ഇത് നരകത്തിന്റെ ഒർ ഇടവഴി തന്നെ. ഏസാവു പോലെ ജനനാവകാശത്തെയും യൂദാ പോലെ കൎത്താവിനെയും വില്ക്കുന്നവരും, അലക്ഷന്തരെ പോലെ സുവിശേഷത്തെ നിന്ദിക്കുന്നവരും, ഹനന്ന്യാവും സഫീരയും എന്ന പോലെ സത്യത്തെ മറച്ചു വ്യാജം പറയുന്നവരുമായ സകല കപടഭക്തിക്കാർ ഇതിലകപ്പെട്ടും എന്നു പറഞ്ഞു.

ആശാ: അവർ ഒക്ക സഞ്ചാരവേഷം ധരിച്ചില്ലയൊ?

ഇടയ: വളരെ കാലമായി ധരിച്ചു സത്യം.

ആശാ: ഈ ഘോരനാശത്തിലകപ്പെട്ടവർ വഴിയിൽ എത്രോടം എത്തിയിരുന്നു?

ഇടയ: ചിലർ ഈ മലപ്രദേശം കടന്നു കുറെ ദൂരം എത്തി, മററും ചിലർ ഈ മലയോളം തന്നെ എത്തിയില്ല.

അപ്പോൾ സഞ്ചാരികൾ: ഞങ്ങൾ സർവ്വശക്തനോടു ബലത്തിന്നായി പ്രാൎത്ഥിക്കേണം എന്നു പറഞ്ഞാറെ,

ഇടയ: അതെ; പിന്നെ ബലം ലഭിച്ചാൽ, അതിനെക്കൊണ്ടു വ്യാപരിപ്പാനും ആവശ്യം എന്നു പറഞ്ഞു.

അതിന്റെ ശേഷം, സഞ്ചാരികൾക്ക യാത്രയാകുവാൻ തോന്നിയപ്രകാരം ഇടയന്മാൎക്ക അവരെ അയപ്പാനും മനസ്സായി, മലകളുടെ അതിരോളം കൂട ചെന്നു, പിരിയും മുമ്പെ, സഞ്ചാരികൾക്ക നമ്മുടെ കുഴലിൽ കൂടി നോക്കുവാൻ പ്രാപ്തി ഉണ്ടായാൽ വാനപട്ടണവാതിലിനെ കാണിക്കാമല്ലൊ എന്നു തമ്മിൽ സമ്മതിച്ചപ്പോൾ, അവരെ പ്രകാശമലമേൽ കയററി നോക്കുവാനായി കുഴൽ കൊടുത്തു എങ്കിലും, മലയുടെ അടിയിലെ വാതിൽക്കകത്തു കണ്ടും കേട്ടുമുള്ള കാൎയ്യങ്ങളുടെ ഓൎമ്മ നിമിത്തം കൈ വിറക്കയാൽ, കുഴലിൽ നോട്ടം ഉറച്ചില്ല; വാതിൽ പോലെ ഒന്നുണ്ടല്ലൊ, പിന്നെ സ്ഥലമഹത്വത്തിന്റെ അല്പം ഒരു ഛായയും കാണുന്നു എന്നത്രെ അവൎക്ക തോന്നി; പിന്നെ അവർ ഇറങ്ങിയപ്പോൾ,

മനുഷ്യരിൽ ആൎക്കും എത്താത്ത രഹസ്യം
ഇടയശുശ്രൂഷയാൽ ആയി പരസ്യം
മറപ്പൊരുൾ ഏല്ക്കയിൽ ഇഷ്ടമായാൽ
നിണക്കു ലഭിക്കും ഇടയവശാൽ

എന്നു പാടുകയും ചെയ്തു. അവർ യാത്രയായപ്പോൾ, ഇടയന്മാരിൽ ഒന്നാമൻ അവൎക്കു വഴിയുടെ ഒരു സൂചകച്ചീട്ടു കൊടുത്തു, രണ്ടാമൻ മുഖസ്തുതിക്കാരനെ സൂക്ഷിപ്പിൻ എന്നും, മൂന്നാമൻ ആഭിചാരനിലത്തു ഉറങ്ങരുത് എന്നും, നാലാമൻ ദൈവം നിങ്ങളുടെ യാത്ര സാധിക്കുമാറാക്കട്ടെ എന്നു പറഞ്ഞു അവരെ അയക്കുകയും ചെയ്തു. അപ്പോൾ, ഞാൻ സ്വപ്നത്തിൽ നിന്നുണൎന്നു പോയി.

ഞാൻ പിന്നെയും ഉറങ്ങി സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: ആ രണ്ടു സഞ്ചാരികൾ മലപ്രദേശത്തിൽനിന്നു ഇറങ്ങി, വാനപട്ടണത്തിന്നായി പ്രയാണം ചെയ്യുമ്പോൾ, പൎവ്വതങ്ങളുടെ ഇടഭാഗത്തിരിക്കുന്ന വഞ്ചനനാട്ടിൽനിന്നു ചെറിയോരു ഇടവഴിയിൽ കൂടി നിൎബ്ബോധൻ എന്ന എത്രയും ഉല്ലാസിയായോരു ബാല്യക്കാരൻ അവരുടെ വഴിയിൽ ചേൎന്നു വന്നു.

അവനോടു ക്രിസ്തിയൻ: അല്ലയോ സഖേ! നീ എവിടെനിന്നു വരുന്നു; യാത്ര എവിടേക്ക്? എന്നു ചോദിച്ചു.

നിൎബ്ബോധൻ: സ്വാമിൻ! ഞാൻ ഈ മലയുടെ ഇടഭാഗത്തിലുള്ള ദേശത്തിൽ ജനിച്ചു വാനപട്ടണത്തിലേക്ക് യാത്രയാകുന്നു.

ക്രിസ്തി: എന്നാൽ വാതിൽ കൂടി നീ എങ്ങിനെ കടപ്പാൻ വിചാരിക്കുന്നു? അവിടെ വല്ല അപായങ്ങൾ ഉണ്ടാകുവാൻ സംഗതി ഉണ്ടു.

നിൎബ്ബോ: എല്ലാവരും എന്ന പോലെ ഞാനും കടക്കും.

ക്രിസ്തി: അവർ നിനക്കായി തുറക്കേണ്ടതി ന്ന വാതിൽക്കൽ കാണിപ്പാൻ വല്ലതും ഉണ്ടോ?

നിർബ്ബ്വാ: ഞാൻ കൎത്താവിന്റെ ഇഷ്ടം അ റിഞ്ഞു നേരായി നടന്നു ഓരോരുത്തൎക്ക് കൊടുക്കേ ണ്ടുന്നത് കൊടുത്തു, ധൎമ്മം ചെയ്തു, വളരെ പ്രാൎത്ഥിക്കു ന്നതല്ലാതെ, ജന്മദേശത്തെയും വിട്ടു യാത്രയാകുന്നു.

ക്രിസ്തി: അതിന്നു ഞാൻ ഒന്നു പറയട്ടേ; നീ നിന്നെക്കൊണ്ടു എന്തു തന്നെ വിചാരിച്ചാലും ഈ വഴിയുടെ തലക്കലെ ഇടുക്കുവാതിൽക്കൽ കൂടി വരാ തെ വളഞ്ഞ വഴിയായി അകത്തു വന്നതിനാൽ ക ണക്ക് ദിവസത്തിൽ നീ കള്ളനും കവൎച്ചക്കാരനുമാ കുന്നു എന്നു വിധി ഉണ്ടായിട്ടു, പട്ടണപ്രവേശ ത്തിന്നു തടവുണ്ടാകും എന്നു ഞാൻ ഭയപ്പെടുന്നു.

നിർബ്ബ്വാ: സ്വാമികളെ! ഞാൻ നിങ്ങളെയും നിങ്ങൾ എന്നെയും ഒട്ടും അറിയുന്നില്ല. നിങ്ങളു ടെ ദേശാചാരപ്രകാരം നിങ്ങൾ നടന്നു കൊള്ളു; എ ന്റെ ദേശാചാരപ്രകാരം ഞാനും നടക്കും. എന്റെ നാട്ടും നിങ്ങൾ പറഞ്ഞ ഇടുക്കുവാതിലും തമ്മിൽ ബ ഹു ദൂരമായിരിക്കുന്നു എന്നു ലോകത്തിൽ എങ്ങും സ മ്മതം; അവിടെയുള്ളവർ ആരും ആ വാതില്ക്കലേ ക്ക് പോകുന്ന വഴി അറിയുന്നില്ല; ഇത്ര നല്ല ഇട വഴി ഞങ്ങൾക്കു ഉണ്ടാകകൊണ്ടു അറിവാൻ ആ വശ്യവുമില്ല.

ആ മനുഷ്യൻ സ്വവഞ്ചിതനായി തന്നെത്താൻ ജ്ഞാനി എന്നു വിചാരിക്കുന്നത് ക്രിസ്തിയൻ കണ്ട പ്പോൾ, ആശാമയനോടു: ഇവൻ മൂഢനായാൽ വേ ണ്ടതില്ല എങ്കിലും, ഞാൻ ജ്ഞാനി എന്നു വിചാരിക്കു

ന്നവന്നു ഉപദേശിച്ചാൽ എന്തുഫലം! ഭോഷനായവൻ വഴിയിൽ നടക്കുമ്പോൾ, അവന്റെ ജ്ഞാനം കുറഞ്ഞു പോകും; താൻ ഭോഷനാകുന്നു എന്നു എല്ലാവരോടും പറകയും ചെയ്യും. (സുഭ. ൨൬, ൧൨.) ഇനി അവനോടു സംസാരിക്കയോ താൻ ഇപ്പോൾ കേട്ടതിനെ വിചാരിപ്പാൻ ഇട ഉണ്ടാകേണ്ടതിന്നു വിടുകയോ ഏതു നല്ലതു? നാം പിന്നെയും ഒരു സമയം അവന്നായിട്ടു കാത്തു അവന്നു വല്ല ഗുണം ചെയ്വാനുള്ള തക്കം നോക്കാം എന്നു പതുക്കെ ചോദിച്ചാറെ, ആശാമയൻ:

നിൎബ്ബോധൻ ഒന്നു കേട്ടതെ മതി
തുടക്കം പോരാഞ്ഞാൽ വല്ലാത്തതറുതി.
എന്നോൎപ്പിക്കുന്നൊരു സാരോപദേശം
കേളാസ്ഥിൽ ഉക്തിക്കില്ല ഫലലേശം
ഉണൎവ്വില്ലാതെ മുക്തിയും നിഷിദ്ധം
ഇതി പടെച്ചവന്റെ ചൊൽ പ്രസിദ്ധം.

എന്നു പാടി, അവൻ എല്ലാം ഒരിക്കൽ കേട്ടാൽ നന്നല്ല; നാം ഇപ്പോൾ അവനെ വിടുക, പിന്നെ ഒരു സമയം അവനോടു സംസാരിക്കാമല്ലോ എന്നു പറകയും ചെയ്തു. ഇങ്ങിനെ അവർ യാത്രയായ ശേഷം, അല്പം നടന്നു ഇരുട്ടുള്ളോരു വഴിയിൽ ചേൎന്നപ്പോൾ, ഏഴു പിശാചുകൾ ഒരു മനുഷ്യനെ ഏഴു കമ്പക്കയറുകൾകൊണ്ടു കെട്ടി, അവർ മുമ്പെ പൎവ്വതത്തിന്റെ അടിയിൽ വെച്ചു കണ്ട വാതിലിന്റെ നേരെ ഇഴെച്ചു വലിക്കുന്നതു കണ്ടു ഭ്രമിച്ചു, കടന്നു പോന്നാറെ, അവൻ അധൎമ്മപുരിയിലെ ധൎമ്മത്യാഗി ആയിരിക്കും എന്നു ക്രിസ്തിയൻ വിചാരിച്ചു

നോക്കി എങ്കിലും, പിടികിട്ടിയ കള്ളനെ പോലെ മുഖം താഴ്ത്തിയതുകൊണ്ടു അവനെ സ്പഷ്ടമായി തിരിഞ്ഞില്ല. അതിന്റെ ശേഷം ആശാമയനും നോക്കി വൃഥാസ്വീകാരിയും നരകഗാമിയുമായ ധൎമ്മത്യാഗി എന്നൊരു എഴുത്ത് അവന്റെ പുറത്തു പതിച്ചത് കണ്ടു. അപ്പോൾ ക്രിസ്ത്യാനി തന്റെ കൂട്ടുകാരനോടു ഈ സ്ഥലത്തിൽ തന്നെ മുമ്പെ ഉണ്ടായ ഒരു കാൎയ്യം ഞാൻ ഓൎക്കുന്നു, സത്യപൂരക്കാരനായ അല്പവിശ്വാസി എന്നൊരു സഞ്ചാരി ഇതിലേ വന്നു ഘാതകവഴിയോളം എത്തിയപ്പോൾ, കുത്തിയിരുന്നു കണ്മയക്കം ഉണ്ടായി ഉറങ്ങി. എന്നാറെ വിസ്താരവാതിൽക്കൽനിന്നു ജ്യേഷ്ഠാനുജന്മാരായ ക്ഷീണഹൃദയൻ, ശങ്കാമയൻ, അപരാധി എന്ന മൂന്നു കള്ളന്മാർ ആ വഴിയായി വന്നു. അല്പവിശ്വാസിയെ കണ്ടു ഓടി ചെല്ലുമ്പോൾ, അവൻ ഉണൎന്നു യാത്രയാവാൻ തുടങ്ങി എങ്കിലും, അവർ അവനോടു എത്തി നില്ക്കേണം എന്നു ക്രുദ്ധിച്ചു പറഞ്ഞാറെ, അല്പവിശ്വാസി വിറച്ചു തെറുവാനും എതിൎപ്പാനും വഹിയാതെ നിന്ന സമയം, ക്ഷീണഹൃദയൻ: നിന്റെ മുതൽ ഇങ്ങു കൊണ്ടുവാ എന്നു കല്പിച്ചതിനെ അനുസരിപ്പാൻ മടിവു കാണിച്ചാറെ, ശങ്കാമയൻ അടുക്കെ ചെന്നു അവനിൽനിന്നു ഒരു കെട്ടു ദ്രുപ്പിക പറിച്ചു എടുത്തപ്പോൾ, അവൻ "കള്ളൻ കള്ളൻ" എന്നു നിലവിളിച്ചാറെ, അപരാധിയുടെ കൈയിൽ ഉള്ള പൊന്തികയാൽ ഒർ അടി തലയിൽ കൊണ്ടു മോഹിച്ചു വീണു, ചോര ഒഴുകി പോയി. അതിന്റെ ശേഷം, കള്ളന്മാർ വഴിപോക്കരുടെ

ശബ്ദം കേട്ട നല്ലാശ്രയപുരത്തിലെ കൃപാധനി വ
രുന്നു എന്നു പേടിച്ചു അവനെ വിട്ടു ഓടി പോക
യും ചെയ്തു. കുറെ നേരം കഴിഞ്ഞാറെ, അല്പവിശ്വാ
സിക്ക സുബോധമുണ്ടായി എഴുനീററു പണിപ്പെട്ടു
യാത്ര തുടങ്ങി, ഇതത്രെ ആ കാൎയ്യം.

ആശാ: അവനുള്ളതു എല്ലാം അവർ കവൎച്ച
ചെയ്തുവോ?

ക്രിസ്തി: അവന്റെ രത്നമണികൾ കിട്ടാത്തത
ഒഴികെ കള്ളന്മാർ ചിലവിന്നു വേണ്ടിയുള്ള മുതൽ
മിക്കവാറും പറിച്ചെടുകയാൽ, അല്പം പൈസ്സ മാത്രം
ശേഷിച്ചതേ ഉള്ളു. പിന്നെ രത്നമാണികളെ വി
ല്പാൻ കഴിയായ്കകൊണ്ടു വളരെ സങ്കടപ്പെട്ടു ഭിക്ഷ
എടുത്തും യാത്ര തീരും വരെ പലപ്പോഴും പിശപ്പുസ
ഹിക്കേണ്ടിയും വന്നു.

ആശാ: വാനപട്ടണവാതിൽക്കൽ കാണിക്കേ
ണ്ടുന്ന അവന്റെ ചീട്ടും അവർ പറിച്ചെടുക്കാ
ഞ്ഞത് ആശ്ചൎയ്യമല്ലയോ?

ക്രിസ്തി: ആശ്ചൎയ്യം തന്നെ; അവൻ വളരെ
പേടിച്ചു തനിക്കുള്ളതൊന്നും സൂക്ഷിപ്പാൻ കഴിയാ
യ്കകൊണ്ടു അതുവും എടുപ്പാൻ പ്രയാസം ഏതുമി
ല്ലായിരുന്നു. അവക്ക അത് കിട്ടാഞ്ഞത് ദൈവക
രുണയത്രെ.

ആശാ: രത്നമണികൾ അവക്ക് കിട്ടായ്കകൊ
ണ്ടു അവൻ സന്തോഷിച്ചില്ലയൊ?

ക്രിസ്തി: അതിന്നു സംഗതി ഉണ്ടായിരുന്നു എ
ങ്കിലും, അവൻ വഴിതോറും തനിക്ക ഉണ്ടായ ചേദം
മാത്രം വിചാരിച്ചു രത്നമണികൾ ശേഷിച്ചതു വളരെ

നേരമായി മുററം മറന്നു, ചിലപ്പോൾ ഓൎത്തു അ ല്പം ആശ്വസിച്ചിട്ടും ഉടനെ കള്ളന്മാരുടെ അവ സ്ഥ ഓൎമ്മെക്കു വന്നു ദുഃഖിച്ചു നടക്കും എന്നു ഞാൻ കേട്ടിരിക്കുന്നു.

ആശാ: അയ്യോ കഷ്ടം! അവന്റെ ദുഃഖം എ ത്രയും അസഹ്യം തന്നെ.

ക്രിസ്തി: പൊറുത്തുകൂടാത്തത് തന്നെ അന്യരാ ജ്യത്തിൽ യാത്രയാകുമ്പോൾ, ചെലവു എല്ലാം കവ ൎന്നു പോയി മുറിയും ഏററു കൊണ്ടാൽ എന്തൊരു കഷ്ടം! നമുക്കും അങ്ങിനെ വന്നു എങ്കിലോ? അ വൻ ദുഃഖത്താൽ മരിക്കാത്തത് ആശ്ചൎയ്യമല്ലയോ? അവൻ ശേഷം വഴി എല്ലാം സങ്കടപ്പെട്ടു ഖേദി ച്ചു കാണുന്നവരോടു ഒക്ക ആ കളവ് ഉണ്ടായ സ്ഥ ലവും വിവരവും, കവച്ചക്കാരുടെ പേരുകളേയും, ത നിക്ക് വന്ന നഷ്ടവും മററും അറിയിച്ചു നടന്നു എന്നു കേട്ടിരിക്കുന്നു.

ആശാ: എന്നാൽ അവൻ ചെലവിന്നു വേ ണ്ടി രത്നമണികളെ വില്ക്കയോ, പണയം വെച്ചു വല്ലതും വാങ്ങുകയോ ചെയ്യാഞ്ഞത് എന്തു?

ക്രിസ്തി: നീ ഒരു കുട്ടിയേപ്പോലെ സംസാരി ക്കുന്നു. അവൻ അതു ഏതിന്നു വേണ്ടി പണയം വെക്കും; ആർ അതിനെ കൊള്ളും? ആ കളവ് ഉ ണ്ടായ ഇടത്തിൽ അവന്റെ രത്നങ്ങൾക്ക വില കിട്ടുന്നില്ല; അവിടെത്ത ഭക്ഷണസാധനങ്ങളും അ വന്നു തക്കതല്ല, രത്നങ്ങൾ കൂടാതെ വാനപട്ടണ വാതിൽക്കൽ എത്തിയാൽ, അകത്തു പ്രവേശിപ്പാൻ കഴികയില്ല. അത് പതിനായിരം കള്ളന്മാരുടെ ഉപ

ഭവത്തേക്കാൾ മഹാസങ്കടമുള്ളതാകുന്നു എന്നവൻ നല്ലവണ്ണം അറിഞ്ഞു.

ആശാ: ഹാ സഹോദര! ഇത്ര ഉഷ്ണിച്ചു പറയുന്നത് എന്തിന്നു? ഏസാവു പുഴുങ്ങിവെച്ച പയറ്റിന്നായി എത്രയും വലിയ രത്നമായ ജന്മാവകാശം വില്ക്കയും ചെയ്തപ്രകാരം അല്പവിശ്വാസികൾ ചെയ്തു കൂടെ?

ക്രിസ്തി: ഏസാവു തന്റെ ജന്മാവകാശം വിറ്റപ്രകാരവും മറ്റും ഏറിയവർ ചെയ്തു വരുന്നതിനാൽ അവനെ പോലെ ശ്രേഷ്ഠാനുഗ്രഹത്തിൽനിന്നു ഭ്രഷ്ടരായി പോകും. എന്നിട്ടും ഏസാവിന്നും അല്പവിശ്വാസിക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടു. ഏസാവിന്റെ ജന്മാവകാശം ബാഹ്യമത്രെ; അല്പവിശ്വാസിയുടെ ജന്മാവകാശം ആന്തരം തന്നെ. ഏസാവിന്റെ ദൈവം വയറു; അല്പവിശ്വാസിയുടെ ദൈവം വയറല്ല. ഏസാവിന്റെ ആഗ്രഹം ജഡസംബന്ധം അത്രെ, അല്പവിശ്വാസിയുടെ ആഗ്രഹം ആത്മീയം തന്നെ. വയറു നിറക്കുന്നതല്ലാതെ ഏസാവു ഒന്നും അന്വേഷിച്ചില്ല; ഞാൻ മരിച്ചാൽ ഈ ജന്മാവകാശംകൊണ്ടു എനിക്ക് എന്തുപകാരം എന്നവൻ പറഞ്ഞുവല്ലോ? അല്പവിശ്വാസിക്കു വിശ്വാസം അല്പമെങ്കിലും ജഡമോഹങ്ങളെ ഉപേക്ഷിച്ചു, രത്നങ്ങൾ വിലയേറിയതാകുന്നു എന്നറിഞ്ഞു ഏസാവു പോലെ വില്ക്കയും ചെയ്കില്ല. ഏസാവിന്നു വിശ്വാസം അല്പമെങ്കിലും ഉണ്ടായിരുന്നു എന്നു നീ വായിക്കുന്നില്ലല്ലോ. അവിശ്വാസിയും ജഡമോഹികളുടെ

അടിമയുമായ മനുഷ്യൻ ജനനാവകാശവും ആത്മാവും മററും എല്ലാം നരകത്തിലെ പിശാചിന്നു വില്ക്കുന്നതിൽ ആശ്ചൎയ്യം എന്തു? അങ്ങിനെയുള്ളവർ കാമവികാരത്താൽ മദിച്ച കാട്ടുകഴുതപോലെ ആയി എങ്ങിനെ എങ്കിലും തങ്ങളുടെ മനോഗതം സാധിപ്പിക്കയും ചെയ്യും. എന്നാൽ അല്പവിശ്വാസിയുടെ മനസ്സു ദൈവത്തിൽ ചേൎന്നിരുന്നു, മേലിൽനിന്നു ഇറങ്ങി വരുന്ന ആത്മീകകാൎയ്യങ്ങളാൽ ദിവസവൃത്തി കഴിക്കുന്നതു സാരം എന്നും നിശ്ചയിച്ചിരുന്നു. ഇങ്ങിനെയുള്ളവൻ വയറു നിറപ്പാൻ വ്യൎത്ഥസാധനങ്ങൾക്ക വേണ്ടി തന്റെ രത്നങ്ങളെ വില്ക്കുമോ? ഒരു മനുഷ്യൻ പുല്ലുകൊണ്ടു വയറു നിറക്കേണ്ടതിന്നു ഒരു വീശം കൊട്ടുക്കുമോ, കാക്ക ശവം കൊത്തി തിന്നുന്നതു പ്രാവു കണ്ടിട്ടു താനും ചെന്നു തിന്നുമോ? അവിശ്വാസികൾ ജന്മം പണയം വെച്ച ജഡമോഹലാഭത്തിനായി തങ്ങളെയും തന്നെ വില്ക്കയും ചെയ്യുന്നത് പോലെ സത്യവിശ്വാസം അല്പമെങ്കിലും ലഭിച്ചവൎക്ക ചെയ്യുകൂടാ. ഹാ സഹോദര! നീ മുമ്പെ ചോദിച്ചത് ഒരു ബുദ്ധിമോശമല്ലയോ?

ആശ: ഉണ്ടായിരിക്കും എങ്കിലും നീ അത്ര ചീറി പറഞ്ഞതുകൊണ്ടു എനിക്ക് കുറെ അപ്രിയം തോന്നിയിരുന്നു.

ക്രിസ്തി: എന്റെ പാരുഷ്യം നീ ഓൎക്കാതെ കാൎയ്യം സൂക്ഷ്മമായി വിചാരിച്ചാൽ നമ്മിൽ എല്ലാം നന്നാകും.

ആശ: അല്ലയൊ ക്രിസ്തിയനേ! വഴിയിൽ കൂടി നടക്കുന്നൊരുത്തന്റെ ശബ്ദം കേട്ടിട്ടു തന്നെ

ഓടി പോയ ആ മൂന്നു കള്ളന്മാർ ഭീരുക്കൾ എന്നേ വേണ്ടു അല്പവിശ്വാസി ഉൽകൃഷ്ടം പൂണ്ടു പൊരുതാഞ്ഞത് എന്തു?

ക്രിസ്ത്യ: അവർ ഭീരുക്കൾ എന്നു പലരും പറഞ്ഞു എങ്കിലും, പരീക്ഷാസമയത്ത് ചിലൎക്ക മാത്രം അങ്ങിനെ തോന്നിയുള്ളു. ഉൽകൃഷ്ടം അല്പവിശ്വാസിക്ക് ഉണ്ടായില്ല. അങ്ങിനെയുള്ള പോരിൽ നിണക്ക് ഉണ്ടാകുമോ എന്നു സംശയിക്കുന്നു. നമ്മിൽനിന്നു ദൂരമായിരിക്കുമ്പോൾ, അവരെ ഭീരുക്കൾ എന്നു വിചാരിപ്പാൻ എന്തു പ്രയാസം? അവർ അടുക്കെ വരട്ടേ, എന്നാൽ നിന്റെ ഉൽകൃഷ്ടം സ്പഷ്ടമാകും.

അവർ പിടിച്ചു പറിക്കാരും പാതാളപ്രഭുവിന്റെ സേവകന്മാരുമാകുന്നു. വേണമെങ്കിൽ താനും വന്നു അവരുടെ സഹായത്തിന്നായി സിംഹം പോലെ അലറും. അല്പവിശ്വാസിക്ക് എന്നപോലെ എനിക്കും ഒരിക്കൽ അവരോടു എടവാടുണ്ടായി. ക്രിസ്ത്യാനിക്ക് ഉചിതമായപ്രകാരം എതിൎപ്പാൻ ഞാൻ തുടങ്ങിയപ്പോൾ, അവർ ഒന്നു കൂകിയ ഉടനെ യജമാനനും വന്നു, ദൈവകരുണയാൽ ബഹു കേമമുള്ള ആയുധവൎഗ്ഗങ്ങളെ ഞാൻ ധരിച്ചില്ലെങ്കിൽ പ്രാണനാശം വരുമായിരുന്നു. എങ്ങിനെ എങ്കിലും പുരുഷന്നു യോഗ്യമായ പ്രകാരം നിന്നു സകലവും നന്നായി തീൎപ്പാൻ എന്തൊരു പ്രയാസം; അങ്ങിനെയുള്ള പട കഴിച്ചവന്നു മാത്രം അതിന്റെ അവസ്ഥ തിരിയും.

ആ ശ ാ: എന്നാൽ, കൃപാധനി വഴിയിൽ ഉണ്ടു എന്നു തോന്നിയപ്പോൾ തന്നെ, അവർ മണ്ടിപ്പോയല്ലൊ.

ക്രിസ്തി: രാജാവിന്റെ വീരനായ കൃപാധനിയുടെ വരവിനാൽ അവർ പലപ്പോഴും യജമാനനോടു കൂടി മണ്ടി പോയാൽ ഒരു ആശ്ചൎയ്യവുമില്ല. എങ്കിലും രാജാവിന്റെ പ്രജകൾ എല്ലാവരും വീരന്മാരല്ല; പോരിൽ വീൎയ്യം പ്രവൃത്തിപ്പാൻ കഴിയുന്നതുമല്ല. ദാവീദ് ഗൊലിയാത്തെ ജയിച്ച പ്രകാരം ഒരു ശിശുവിന്നു കഴിയുമൊ? കാളയുടെ ശക്തി കാരെളപ്പക്ഷിക്കും ഉണ്ടോ? ചിലർ ബലവാന്മാരാകുന്നു, മററും ചിലർ ബലഹീനന്മാരത്രെ. ചിലൎക്കും അധികം മററും ചിലൎക്ക അല്പം വിശ്വാസം ഉണ്ടു. അല്പവിശ്വാസി വീരൻ അല്ല, ബലഹീനൻ തന്നെ ആകകൊണ്ടു ആ പോരിൽ തോററു പോയി.

ആ ശ ാ: കൃപാധനി അവരോടു എത്തി എങ്കിൽ നന്നായിരുന്നു.

ക്രിസ്തി: കൃപാധനി തന്നെ ആയാലും പ്രയാസം ഉണ്ടു; താൻ തന്റെ ആയുധാഭ്യാസം മറക്കാതെ, വാളോടു വാൾ എതിൎത്താൽ അവരെ നന്നായി തടുക്കും; എങ്കിലും ക്ഷീണഹൃദയനും ശങ്കാമയനും ഉൾപൂക്ക പൊരുതാൽ അവനെയും നിലത്തു തള്ളിവിട്ടുകളവാൻ സംഗതി ഉണ്ടാകും. എന്നാൽ ഒരുത്തൻ വീണ ശേഷം, എന്തു നിൎവ്വാഹം? കൃപാധനിയുടെ മുഖത്തിലെ മുറിവുകളുടെ കലകൾ ഞാൻ പറഞ്ഞത് സത്യം എന്നു തെളിയിക്കുന്നു. യുദ്ധ കാലത്തിൽ താൻ ജീവിക്കും എന്ന ആശ വിട്ടു പോയി

രുന്നു. എന്നവൻ ഒരിക്കൽ പറഞ്ഞപ്രകാരം ഞാൻ കേട്ടിരിക്കുന്നു. ആ പെരിങ്കള്ളന്മാരുടെ ഉപദ്രവം നിമിത്തം ദാവീദ് എത്ര നിലവിളിച്ചു കരഞ്ഞുപോയി. ഹെമാനും ഹിഷ്കിയായും തങ്ങളുടെ ആയുഷ്കാലത്തിൽ വീരന്മാരായിരുന്നു എങ്കിലും ഇവരോട്ട പൊരുതുവാൻ ആവശ്യമായപ്പോൾ, വളരെ കഷ്ടിച്ചു അടി ഏല്ക്കയും ചെയ്തു. അപോസ്തലന്മാരിൽ പ്രധാനനായിരുന്ന പേത്രു തന്നാൽ എന്തെല്ലാം കഴികയും എന്നു ഒരിക്കൽ അറിവാൻ വേണ്ടി പൊരുതപ്പോൾ, ഇവർ അവനെ ഒരു പെണ്കിടാവിനെ പോലും പേടിക്കുമാറാക്കി.

അത്ര കൂടാതെ അവരുടെ പ്രഭു എപ്പോഴും വിളിപ്പാട്ടിൽ തന്നെ ഇരിക്കകൊണ്ട അവർ ക്ഷീണിച്ചാലും സഹായിപ്പാൻ വേഗം വരും. എന്നാൽ അവനോട്ട: അടുക്കുന്നവന്റെ വാൾ ചാട്ടകുന്തം അസ്ത്രം വിൽ എന്നിവ ഒന്നും ഏശുന്നില്ല, അവർ ഇരിമ്പിനെ വൈക്കോൽ പോലെയും ചെമ്പു ചതുക്കമരത്തെ പോലെയും വിചാരിച്ചു അമ്പു അവനെ ഒടിക്കയില്ല; കവിണയിലെ കല്ലുകൾ അവന്നു താളടി പോലെ ഇരിക്കുന്നു, കുന്തത്തിന്റെ ഇളക്കത്തെ അവൻ പരിഹസിക്കുന്നു, (യോബെ. ൪൧, ൨൬, ൨൯.) ഇങ്ങിനെയുള്ളവനെ വിരോധിപ്പാൻ മാനുഷശക്തി മതിയാകുമൊ? ഒരാൾക്ക യോബിന്റെ കുതിര കിട്ടി കയറി നല്ലവണ്ണം നടത്തുവാൻ ധൈര്യം ഉണ്ടെങ്കിൽ വലിയ കാര്യങ്ങളെ ചെയ്വാൻ സംഗതി ഉണ്ടാകും സത്യം; അതെന്തിന്നു? ആ കുതിരയുടെ കഴുത്തു ഇടിമുഴക്കം ധരിച്ചതു വെട്ടുകിളിയെ

പോലെ പേടിക്കുന്നില്ല, അതിന്റെ മൂക്കിന്റെ പ്രതാപം ഭയങ്കരമാകുന്നു, താഴ്വരയിൽ അതിന്റെ കുളമ്പുകൾ മാന്തുന്നു. അത് തന്റെ ശക്തിയോടെ പ്രസാദിച്ചു ആയുധക്കാരുടെ നേരെ എതിപ്പാനാ യി ഓടുന്നു; ഭീഷണിയിങ്കൽ പരിഹസിച്ചു ഭയ പ്പെടാതെയും വാളിൽനിന്നു പിന്മാറാതെയും ഇരി ക്കുന്നു. അമ്പു പൂണിയും മിന്നുന്ന കുന്തവും അതി ന്റെ നേരെ ഇറക്കുന്നെങ്കിൽ ഗർവ്വം കൊണ്ടും കോ പം കൊണ്ടും നിലത്തെ വിഴുങ്ങുന്നു. കാഹളത്തിൻ ധ്വനിയെ പ്രമാണിക്കുന്നില്ല, കാഹളങ്ങളുടെ ഇട യിൽ ഹാ! ഹാ! എന്നു വിളിച്ചു യുദ്ധത്തെയും സേ നാപതികളുടെ ആർപ്പിനെയും അട്ടഹാസത്തെയും ദൂരത്തുനിന്നു മണക്കുന്നു, (യോബെ. ൩൯, ൧൯, ൨൫.)

എന്നാൽ കാലാളുകളായ നാം ശത്രുവിനോടു അ ടുത്തു പൊരുതുവാൻ ആഗ്രഹിക്കരുതു. മററവർ പോരിൽ തോററു പോയപ്രകാരം കേൾക്കുന്നെങ്കിൽ നാം അവരേക്കാൾ ധൈൎയ്യത്തോടെ നിന്നു ജയി ക്കും എന്നു വിചാരിക്കയുമരുതു അങ്ങിനെ വിചാരി ക്കുന്നവർ പരീക്ഷാകാലത്തിൽ അധികം തോല്ക്കേ ണ്ടി വരുമല്ലൊ കൎത്താവിന്നു വേണ്ടി മററെല്ലാ മ നുഷ്യരേക്കാളും വലിയ കാൎയ്യം ചെയ്യു നല്ലവണ്ണം പൊരുതാം എന്നു തന്റെ മായാഹൃദയത്തിൽ വിചാ രിച്ചിരുന്ന പേത്രുവിനെ ആ വൈരികൾ എത്ര തോല്പിച്ചു, നഷ്ടം വരുത്തി എന്നു നീ ഓൎക്കുന്നുവൊ?

നേൎവ്വഴിയിൽ ഈ വക പിടിച്ചു പറി നടക്കകൊ ണ്ടു നാം എല്ലാ ആയുധങ്ങളോടും കൂട പരിചയെ യും ധരിച്ചിട്ടു പുറപ്പെടെണം പരിചയില്ലായ്കയാൽ

ലെവിയാഥാനോട്ട അടുത്തു പൊരുതു ജയിപ്പാൻ പാടില്ലാതെയായ്വന്നു, പരിച ഇല്ലാഞ്ഞാൽ അവൻ നമ്മെ ഒട്ടും ഭയപ്പെടുകയില്ല. സകലത്തിന്നും മീതെ വിശ്വാസത്തിന്റെ പരിചയെ പിടിച്ചു കൊണ്ടാൽ ദുഷ്ടനായവന്റെ ആഗ്നേയാസ്ത്രങ്ങളെ കെടുത്തുവാൻ കഴിയും (എഫെ. ൬, ൧൬.) എന്നു പരിചയമുള്ളവൻ പറഞ്ഞു. രാജാവ് ഒരു നായകനെ അയക്കേണം എന്നല്ല, താൻ തന്നെ കൂട പോരേണ്ടതിന്നു നാം പ്രാൎത്ഥിക്കുന്നത് നന്നു. അതിനാൽ ദാവീദ് മരണനിഴലിന്റെ താഴ്വരയിലും സന്തോഷിക്കയും, ദൈവം കൂടാതെ ഇരുന്നാൽ ഒരു കാലടി പോലും മാറി പോകുന്നതിനേക്കാൾ താൻ ഇരിക്കുന്ന സ്ഥലത്തു തന്നെ മരിക്കുന്നതു നല്ലതെന്നു മോശെ പറകയും ചെയ്തുവല്ലൊ. ഹാ സഹോദര! അവൻ നമ്മുടെ കൂട ഉണ്ടായാൽ നാം പതിനായിരം വിരോധികളെ പേടിക്കേണ്ടാ അവൻ ഇല്ലാതിരുന്നാലോ സഹായക്കാരും നശിക്കും.

ഞാൻ പോരിൽ ഉണ്ടായിരുന്നു; ദൈവകരുണയാൽ ഇന്നുവരയും ജീവിച്ചിരിക്കുന്നു എങ്കിലും, എന്റെ പൌരുഷത്തിൽ പ്രശംസിപ്പാൻ ഏതുമില്ല; നാം അനൎത്ഥമേശാത്ത ദിക്കിൽ എത്തിയില്ല, ആ വക ഒന്നും വരാതെ ഇരുന്നാൽ കൊള്ളാം, എങ്കിലും സിംഹവും കരടിയും എന്നെ വിഴുങ്ങീട്ടില്ലായ്കകൊണ്ടു യാതൊരു ചേലയില്ലാത്ത ഫിലിസ്തിയൻ വന്നാലും ദൈവം എന്നെ രക്ഷിക്കും എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു ക്രിസ്തിയൻ പറഞ്ഞു.

അല്പവിശ്വാസി നീ എന്തൊരു കഷ്ടം
ദ്രവ്യവിശേഷം കവൎച്ചയിൽ നഷ്ടം
ആക്കിയതാലെ ദരിദ്രനായോ?
എന്നതു ശിഷ്യ നീ കേട്ടടൻ ഓടി
വാങ്ങു വിശ്വാസം അതാൽ അരികോടി
നീക്കും അല്ലായ്കിൽ ഒർ ആവതുണ്ടൊ

എന്നു പാടി, ഇങ്ങിനെ അവർ മുമ്പായും നിൎബ്ബോധൻ പിമ്പായും നടന്നു കൊണ്ടിരുന്ന സമയം ഒരു ദിക്കിൽ ഇരു വഴി കണ്ടു ഏതിൽ പോകെണ്ടും എന്നു സംശയിച്ചു നില്ക്കുമ്പോൾ, വെള്ള ഉടുത്തും മുഖം വെളുപ്പിച്ചുമുള്ള കറുത്ത മനുഷ്യൻ എത്തി; നിങ്ങൾ ഇവിടെ നില്ക്കുന്നത് എന്തിന്നു?എന്നു ചോദിച്ചാറെ, ഞങ്ങൾ വാനപട്ടണത്തേക്ക് യാത്രയാകുന്നു; നേൎവ്വഴി ഏതു എന്നറിയുന്നില്ല എന്നവർ പറഞ്ഞ ശേഷം, അവൻ ഞാനും പോകുന്നതു അവിടെക്കതന്നെ; എന്റെ കൂട പോരുവിൻ എന്നു പറഞ്ഞു കേട്ടു അവർ അവന്റെ പിന്നാലെ ചെന്നു നടക്കുമ്പോൾ, വഴി ക്രമേണ തങ്ങൾ പോവാൻ വിചാരിച്ച പട്ടണത്തിൽനിന്നു മുഖം മുഴവനും തിരിപ്പോളും വളയുന്നത കണ്ടു എന്നിട്ടും അവർ അവന്റെ പിന്നാലെ ചെന്നു ബോധം വരും മുമ്പെ ഒരു വയലിൽ കുടുങ്ങി വലഞ്ഞു നില്ക്കുമ്പോൾ, കറുത്തവന്റെ വസ്ത്രം നീങ്ങിയതിനാൽ അവർ എവിടെ എന്നറിഞ്ഞു വല വിട്ടുപോവാൻ കഴിയായ്കകൊണ്ടു ചില സമയം ദുഃഖിച്ചു കിടക്കയും ചെയ്തു.

അപ്പോൾ ക്രിസ്തിയൻ തന്റെ കൂട്ടാളിയോടു: ഞാൻ എന്റെ തെറ്റു ഇപ്പോൾ കാണുന്നു. "മുഖസ്തു

തിക്കാരനെ സൂക്ഷിപ്പിൻ" എന്നു ഇടയന്മാർ ന മ്മോടു കല്പിച്ചില്ലയോ? കൂട്ടുകാരനോടു മുഖസ്തുതി പ റയുന്നവൻ അവൻെറ നടകൾക്ക വലയെ വിരി ക്കുന്നു (സദൃ. ൨൯, ൫.)എന്നു ജ്ഞാനമുള്ളവൻ പ റഞ്ഞ പ്രകാരം നമുക്കു ഇന്നുണ്ടായി എന്നു പറഞ്ഞു.

ആശാ: വഴി അറിയുവാൻ വേണ്ടി ആയവർന മുക്ക് തന്ന സൂചകച്ചീട്ടിനെ നോക്കി വായിക്കയും നശിപ്പിക്കുന്നവൻെറ ഇട വഴികളിൽനിന്നു അക ന്നിരിക്കയും നാം ചെയ്യിട്ടില്ലല്ലോ! നിൻ അധരങ്ങളു ടെ വചനം കൊണ്ടത്രെ ഞാൻ പാതകക്കാരൻെറ മാ ൎഗ്ഗങ്ങളെ സൂക്ഷിച്ചു ഒഴിഞ്ഞു (സങ്കീ. ൧൭, ൪.) എന്ന് ദാവീദ് പറഞ്ഞു, നമ്മെക്കാൾ ബുദ്ധിമാനായിരുന്നു.

അവർ അങ്ങിനെ വലയിൽ ദുഃഖിച്ചു കൊണ്ടി രിക്കുമ്പോൾ, കൈയിൽ ചമ്മട്ടി പിടിച്ചൊരു പ്രകാ ശമയൻ അടുക്കെ ചെന്നു: നിങ്ങൾ എവിടെനി ന്നു വരുന്നു ഇവിടെ എന്തിന്നു കിടക്കുന്നു? എന്നു ചോദിച്ചതിന്നു അവർ: ഞങ്ങൾ ചിയോനിലേക്ക് പോകുന്ന സഞ്ചാരികൾ ആകുന്നു; വെള്ള ഉടുത്തൊ രു കറുത്തവൻ ഞങ്ങളെ കണ്ടു, ഞാനും അവിടേ ക്ക് തന്നെ പോകുന്നു, എൻെറ കൂട വരുവിൻ എ ന്നു പറഞ്ഞു ഞങ്ങളെ നേൎവ്വഴിയിൽനിന്നു തെറ്റി ച്ചു കളഞ്ഞു. എന്ന് അറിയിച്ചാറെ, ചമ്മട്ടി പിടിച്ച വൻ: ആയവൻ കള്ള അപോസ്തലനും വെളിച്ച ദൂതവേഷം ധരിച്ച മുഖസ്തുതിക്കാരനുമാകുന്നു എന്നു പറഞ്ഞു, വല കീറി അവരെ വിടുത്തു. നേൎവ്വഴിയിൽ നിങ്ങളെ ആക്കി ചേൎക്കേണ്ടതിന്നു എൻെറ പിന്നാ ലെ വരുവിൻ എന്നു കല്പിച്ചു മുഖസ്തുതിക്കാരനെ

അനുസരിച്ചു ഉപേക്ഷിച്ചു പോയ വഴിയിൽ അ വരെ എത്തിച്ചു. പിന്നെ അവൻ കഴിഞ്ഞ രാത്രി യിൽ നിങ്ങൾ എവിടെ പാൎത്തു? എന്നു ചോദിച്ചു.

സഞ്ചാരികൾ: വാഞ്ഛിതമലയിൽ ഇടയന്മാ രോടു കൂട തന്നെ.

പ്രകാശമയൻ: വഴിയെ അറിവാൻ വേണ്ടി അവർ നിങ്ങൾക്ക ഒരു സൂചകച്ചീട്ടു തന്നുവൊ?

സഞ്ചാ: തന്നു.

പ്രകാശ: സംശയമുണ്ടായപ്പോൾ നിങ്ങൾ അതിനെ നോക്കി വായിച്ചുവോ?

സഞ്ചാ: വായിച്ചില്ല.

പ്രകാശ: എന്തു കൊണ്ടു വായിച്ചില്ല?

സഞ്ചാ: ഞങ്ങളോടു മറന്നു പോയി.

പ്രകാശ: മുഖസ്തുതിക്കാരനെ സൂക്ഷിപ്പിൻ എന്നു ഇടയന്മാർ പറഞ്ഞില്ലയോ?

സഞ്ചാ: പറഞ്ഞു എങ്കിലും ആ വെള്ളവസ്ത്ര ധാരി മുഖസ്തുതിക്കാരൻ തന്നെ എന്നു ഞങ്ങൾ വി ചാരിച്ചില്ല.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത് എ ന്തെന്നാൽ: നിങ്ങൾ നിലത്ത് കിടപ്പിൻ എന്നവൻ കല്പിച്ചു അവരും അനുസരിച്ചു കിടന്നപ്പോൾ ന ടക്കേണ്ടുന്ന നല്ല വഴി ഉപദേശിപ്പാൻ അവരെ നല്ലവണ്ണം ശിക്ഷിച്ചു അടിക്കുന്നതിന്നിടയിൽ ഞാൻ പ്രിയം ഭാവിക്കുന്നവരെ ഒക്കെയും ആക്ഷേ പിച്ചു ശിക്ഷിക്കുന്നു (വെളി. ൩, ൧൯.) നിങ്ങൾ ഉണൎന്നു അനുതപിച്ചു ഇടയന്മാരുടെ വാക്കു ഇനി മറ ക്കാതെ നേൎവ്വഴിയിൽ സൂക്ഷിച്ചു നടന്നു കൊൾ്വിൻ.

എന്നു കല്പിച്ചാറെ, അവർ അവനെ പുകണ്ണു യാത്രയായി.

> സഞ്ചാരിക്കൂട്ടം തെററിപോകും കാലം
> അനുഭവിപ്പതൊക്ക നോക്കുവിൻ
> സുബുദ്ധിചൊൽ മറന്നാൽ ഒരു ജാലം
> കൈ കാൽ കുടുക്കി കെട്ടിവെച്ച പിൻ
> ആർ വണ്ണിക്കും അവക്കുണ്ടായ അല്ലൽ
> സംരക്ഷ ഉണ്ടതോടു കൂടെതല്ലൽ

എന്നു പാടുകയും ചെയ്തു.

കുറെ കാലം കഴിഞ്ഞ ശേഷം നേർവ്വഴിയിൽ കൂടി മന്ദമന്ദം എതിരെ വരുന്നൊരുത്തനെ ദൂരത്തു നിന്നു സഞ്ചാരികൾ കണ്ടപ്പോൾ, ക്രിസ്തിയൻ തന്റെ കൂട്ടാളിയോട് അങ്ങു ചിയോൻ പുറമിട്ടു മടങ്ങിവരുന്നൊരാൾ നമ്മുടെ നേരെ വരുന്നുണ്ടു എന്നു പറഞ്ഞു.

ആ ശ ാ: ഞാനും അവനെ കാണുന്നു, പക്ഷെ അവൻ മുഖസ്തുതിക്കാരൻ നാം നമ്മെ തന്നെ നല്ലവണ്ണം കരുതെണം എന്നു പറഞ്ഞു. അനന്തരം ആ നാസ്തികൻ ക്രമത്താലെ അടുത്തു വന്നു നിങ്ങളുടെ യാത്ര എവിടേക്ക് എന്നു ചോദിച്ചു.

ക്രിസ്തി: ചിയോനിലേക്ക് തന്നെ എന്നു പറഞ്ഞാറെ, നാസ്തികൻ വളരെ ചിരിച്ചു.

ക്രിസ്തി: നീ ഇങ്ങിനെ ചിരിക്കുന്നത് എന്തിന്നു?

നാസ്തികൻ: ബുദ്ധിഹീനന്മാരായ നിങ്ങൾ ഇത്ര കഷ്ടമുള്ള പ്രയാണം ചെയ്യുന്നത് കാണുകയാൽ ചിരിക്കുന്നു, നിങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലം നടത്തം തന്നെ.

ക്രിസ്തി: എന്തിന്നു ഞങ്ങളെ ചേൎക്കയില്ല എ
ന്നു നീ വിചാരിക്കുന്നുവോ?

നാസ്തി: ചേൎക്കുന്നതിന്നു എന്തു? നിങ്ങൾ കാ
നനജലത്തെ പോലെ അന്വേഷിക്കുന്ന സ്ഥ
ലം ഈ സൎവ്വലോകത്തും ഇരിക്കയില്ല നിശ്ചയം.

ക്രിസ്തി: എന്നാൽ പരലോകത്തിൽ ഉണ്ടല്ലൊ.

നാസ്തി: എന്റെ നാട്ടിൽ പാൎത്ത സമയം ഞാ
നും നിങ്ങൾ ഇപ്പോൾ പറഞ്ഞതിനെ കുറിച്ചു കേ
ട്ടു കാണ്മാനായി പുറപ്പെട്ടു ഇരുപതു സംവത്സരമാ
യി ആ പട്ടണത്തെ നോക്കി നടന്നിട്ടും യാത്രയുടെ
ഒന്നാം ദിവസം കണ്ടതിൽ അധികമായിട്ടു ഒന്നും
ഇന്നു വരെയും കാണായ്വന്നില്ല.

ക്രിസ്തി: അങ്ങിനെ ഒരു സ്ഥലം കാണ്മാനു
ണ്ടു എന്നു ഞങ്ങൾ കേട്ടും വിശ്വസിച്ചും ഇരിക്കുന്നു.

നാസ്തി: എന്റെ നാട്ടിൽ പാൎത്ത സമയം
ഞാൻ വിശ്വസിച്ചില്ലെങ്കിൽ ഇത്രോടം നടന്നു അ
ന്വേഷിക്കുമൊ? അങ്ങിനെത്ത സ്ഥലം ഉണ്ടായി
രുന്നാൽ നിങ്ങൾ നടന്നതിൽ അധികം ദൂരം ചെ
ന്നവനായ ഇദ്ദേഹം കാണാതിരിക്കയില്ലായിരുന്നു
നിശ്ചയം. അത് ഇല്ലായ്കകൊണ്ടത്രെ ഞാൻ വിട്ടു
പോയ നന്മകളെ പിന്നെയും അനുഭവിച്ചു ആ
ശ്വസിപ്പാനായി മടങ്ങി പോന്നു.

അപ്പോൾ ക്രിസ്തിയൻ തന്റെ കൂട്ടാളിയായ
ആശാമയനോടു: ഇവൻ പറഞ്ഞതു സത്യം തന്നെ
യൊ? എന്നു ചോദിച്ചു.

ആശാ: നീ കരുതി കൊൾക! അവൻ മുഖ
സ്തുതിക്കാരൻ തന്നെ; നാം മുമ്പെ ഇങ്ങിനെയൊരു

ത്തന്റെ ചതിവാക്ക അനുസരിച്ചപ്പോൾ എത്ര ദുഃഖം അനുഭവിച്ചു എന്നോൎത്തു കൊൾക. ചിയോൻ ഇല്ല എന്നവൻ പറഞ്ഞതു എന്തു? വാഞ്ഛിത മലകളിൽനിന്നു പട്ടണവാതിലിനെ നാം കണ്ടുവല്ലൊ. നാം വിശ്വാസപ്രകാരം നടക്കേണ്ടുന്നതാകുന്ന ചമ്മട്ടിക്കാരൻ നമ്മെ എത്തി പിടിക്കാതിരിക്കേണ്ടതിന്നു താമസിക്കരുതു. അറിവിൻ മൊഴികളെ വിട്ടുഴലുവാൻ തക്കവണ്ണം ശിക്ഷയെ കേൾക്കുന്നതു എൻ മകനെ മതിയാക്കുക (സദൃ. ൧൯, ൨൭) എന്ന വാക്ക നീ തന്നെ എന്റെ ചെവിയിൽ മന്ത്രിക്കേണ്ടതായിരുന്നു. ഹാ സഹോദര! അവനെ കേൾക്കരുതെ നമ്മുടെ ആത്മാക്കളുടെ രക്ഷെക്കായിട്ടു നാം വിശ്വസിക്ക.

ക്രിസ്തി: ഹാ സഹോദര! നിന്റെ വിശ്വാസത്തെ കുറിച്ചു എനിക്ക് സംശയം തോന്നീട്ടു ഞാൻ അങ്ങിനെ ചോദിക്കയല്ല നിന്റെ പരമാൎത്ഥഹൃദയത്തിൽനിന്നു ഒരു ഫലം പറിച്ചെടുത്തു നിണക്ക് കാണിപ്പാൻ വേണ്ടി ചോദിച്ചതെയുള്ളു. ഇഹലോകത്തിന്റെ പ്രഭു ഈ മനുഷ്യനെ കുരുടനാക്കി എന്നു എനിക്ക് വേണ്ടുംവണ്ണം ബോധിച്ചിരിക്കുന്നു. സത്യവിശ്വാസം നമുക്കു ലഭിച്ചു എന്നു അറിഞ്ഞിട്ടു നാം നടക്ക, സത്യത്തിൽനിന്നു ഒരു കളവും ഉണ്ടാക ഇല്ലല്ലൊ (൧ യൊ. ൨, ൨൧.)

ആശാ: ഞാൻ ഇപ്പോൾ ദൈവമഹത്വത്തിന്റെ ആശയിൽ സന്തോഷിക്കുന്നു എന്നു പറഞ്ഞാറെ ഇരുവരും നാസ്തികനെ വിട്ടു നടക്കുമ്പോൾ അവൻ ചിരിച്ചു തന്റെ വഴിക്ക് പോകയും ചെയ്തു.

എന്നാറെ ഞാൻ സ്വപ്നത്തിൽ കണ്ടതു് എന്തെന്നാൽ: അവർ പ്രയാണം ചെയ്തു അന്യന്മാൎക്കും കണ്മയക്കം വരുത്തുന്ന കാററു നിറഞ്ഞ ദേശത്തിൽ എത്തിയാറെ, ആശാമയൻ വളരെ ഉറക്കം തൂങ്ങി ക്രിസ്തിയനോടു: എന്റെ കണ്ണുകൾ ഇപ്പോൾ വളരെ മയങ്ങുന്നു ഒന്നും കാണ്മാൻ കഴികയില്ല; നാം അല്പം ഉറങ്ങുക എന്നു പറഞ്ഞു.

ക്രിസ്തി: അതരുതു! ഉറങ്ങിയാൽ പിന്നെയും ഉണരുമോ?

ആശാ: എന്തിന്നു സഹോദര! തളൎന്നിരിക്കുന്നവൎക്കു ഉറക്കം വേണ്ടതല്ലയോ? നാം അല്പം ഉറങ്ങിയാൽ ആശ്വാസം ഉണ്ടാകും.

ക്രിസ്തി: ആഭിചാരനിലത്തിൽ ഉറങ്ങരുതു എന്നു ഇടയന്മാരിൽ ഒരുവൻ പറഞ്ഞില്ലയോ? ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണൎന്നും നിൎമ്മദിച്ചും കൊണ്ടിരിക്ക (൧ തെ. ൫, ൬,) എന്ന ആ വചനത്തിന്റെ പൊരുളാകുന്നു.

ആശാ: സത്യം; ഞാൻ എന്റെ തെററു കാണുന്നു; ഇവിടെ ഞാൻ തനിയെ ഇരുന്നെങ്കിൽ ഉറങ്ങി നശിക്കുമായിരുന്നു. ഒരുവനേക്കാൾ ഇരുവർ നല്ല (സഭാ. ൪, ൯.) എന്നു ജ്ഞാനമുള്ളവൻ പറഞ്ഞതു സത്യം തന്നെ. നിന്റെ സംസൎഗ്ഗത്താൽ എനിക്കു ഇതുവരെയും ഉപകാരം വളരെ വന്നു, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

ക്രിസ്തി: എന്നാൽ നാം ഉറക്കം ഒഴിപ്പാനായി സല്ലാപം ചെയ്ക.

ആശാ: അങ്ങിനെ ആകട്ടെ; എനിക്ക് വളരെ ഇഷ്ടം.

ക്രിസ്തി: എങ്കിലൊ എവിടെ തുടങ്ങെണം?

ആശാ: ദൈവം നമ്മെക്കൊണ്ടു പ്രവൃത്തിപ്പാൻ തുടങ്ങിയ ഇടത്തിൽനിന്നു തന്നെ മനസ്സുണ്ടെങ്കിൽ നീ ആരംഭിക്ക.

ക്രിസ്തി: ഞാൻ മുമ്പെ ഒരു പാട്ടു പാടട്ടെ:

ഉറക്കം തൂക്കുമ്പോൾ വരും അപായം
അതിനൊഴിച്ചലായിട്ടൊരുപായം.
സഭാസംസർഗ്ഗം എന്നു വിശ്വസി!
ഇതൊന്നു തട്ടി പറയാത്ത ന്യായം
സല്ലാപം ചെയ്തു ദേവച്ചൊല്പടി
കലാപം എന്നി ചൊല്ലാം എന്നറി.

അപ്പോൾ ക്രിസ്തിയൻ തുടങ്ങി ആശാമയനോടു: മോക്ഷയാത്രക്കു നിനക്ക് ആദ്യം എങ്ങിനെ മനസ്സായി? എന്നു ചോദിച്ചു.

ആശാ: എന്റെ ആത്മരക്ഷ അന്വേഷിപ്പാൻ ആദ്യം എങ്ങിനെ മനസ്സായി എന്നൊ?

ക്രിസ്തി: അതു തന്നെ ഞാൻ ചോദിച്ചത്.

ആശാ: ഞാൻ ബഹു കാലമായി മായാചന്തയിൽ ക്രയവിക്രയങ്ങൾക്കായി വെച്ച സാധനങ്ങളിൽ രസിച്ചു ഒരു വലിയ കച്ചവടക്കാരനായി, ബിംബാരാധന, മദ്യപാനം, ദ്രവ്യാഗ്രഹം, ദുർമ്മോഹം, വേശ്യാസംഗം, വഞ്ചന, ചതി, പൈശൂന്യം, അസൂയാദി തൎക്കങ്ങൾ എന്നും മററും ഏറിയ ചരക്കുകൾ കൊണ്ടു രാപ്പകൽ വ്യാപാരം ചെയ്തു വന്നശേഷം, നിന്നിൽനിന്നും തന്റെ വിശ്വാസഭക്തികൾ

നിമിത്തം മായാചന്തയിൽനിന്നു മരിച്ച വിശ്വാസ്യ
നിൽനിന്നും കേട്ട ദേവകാൎയ്യങ്ങളെ വിചാരിച്ചതി
നാൽ ആ ക്രിയകളുടെ അവസാനം മരണമാകുന്നു
എന്നും, ഇവനിമിത്തം ദേവകോപം അനധീനതയു
ടെ പുത്രർമേൽ വരുന്നു എന്നും കാണുകയും ചെയ്തു.
(എഫെ. ൫, ൬.)

ക്രിസ്തി: നീ അപ്പോൾ തന്നെ ആ പാപബോ
ധത്തിന്റെ ശക്തിയിൽ കുടുങ്ങിയോ?

ആശാ: അതില്ല; പാപത്തിന്റെ വെറുപ്പും,
അതിനാൽ വരുന്ന ശിക്ഷയും സമ്മതിപ്പാൻ മടി
ച്ചതുകൊണ്ടു ഞാൻ വചനത്തിന്റെ വെളിച്ചം കാ
ണാതിരിക്കേണ്ടതിന്നു കണ്ണു അടെച്ചു.

ക്രിസ്തി: ദൈവാത്മാവിന്റെ പ്രവൃത്തി നി
ന്നിൽ ഇപ്രകാരം വിരോധിപ്പാൻ എന്തു സംഗതി?

ആശാ: പാപിക്ക് മാനസാന്തരം വരുത്തുവാൻ
ദൈവം പാപഭയം ജനിപ്പിക്കുന്നതിനാൽ തുടങ്ങു
ന്നു എന്നറിയായ്കകൊണ്ടു, അതു ദൈവാത്മാവി
ന്റെ പ്രവൃത്തിയാകുന്നു എന്നു ഞാൻ വിചാരിച്ചി
ല്ല. അതു കൂടാതെ ഞാൻ പാപത്തിൽ രസിച്ചു, അ
തിനെ ഉപേക്ഷിപ്പാനും എത്രയും ഇഷ്ടന്മാരായ ച
ങ്ങാതിമാരെ വിടുവാനും മനസ്സുണ്ടായില്ല. ആ പാ
പബോധവും എനിക്ക് വളരെ അസഹ്യമായിരിക്ക
കൊണ്ടു അതിന്റെ ഓൎമ്മ പോലും പൊറുപ്പാൻ ക
ഴിഞ്ഞില്ല.

ക്രിസ്തി: എന്നാൽ ആ സുഖക്കേടു ചിലപ്പോൾ
അററുപോയി എന്നു തോന്നുന്നു?

ആശാ: ചിലപ്പോൾ അങ്ങിനെ ആയി എങ്കിലും കൂടക്കൂട പുതുതായി മഹാസങ്കടമുണ്ടാക്കി.

ക്രിസ്തി: എന്നാൽ നിന്റെ പാപം കൂടക്കൂട ഉണൎത്തിയതു എന്തു?

ആശാ: ഞാൻ വല്ല ഭക്തനായ മനുഷ്യനെ വഴിയിൽ വെച്ചു കാണുകയും, ദൈവവചനം കേൾക്കയും, എനിക്കോ മറ്റും വല്ലവൎക്കോ ദീനം ഉണ്ടാകയും, വല്ലവരും ക്ഷണത്തിൽ മരിക്കയും, ഞാനും ഒരു സമയം മരിച്ചു ന്യായവിധിക്ക് പോകേണ്ടി വരും എന്ന് വിചാരിക്കയും ചെയ്യുമ്പോൾ എന്റെ പാപം ഉണരും.

ക്രിസ്തി: അങ്ങിനെ ഉണ്ടായപ്പോൾ പാപം അത്രെ വഷളായുള്ളതല്ല എന്ന് തോന്നിയോ?

ആശാ: അല്ല, ഭയങ്കരമായി തോന്നി, പാപം ചെയ്വാൻ ഇച്ഛിച്ചാൽ സൌഖ്യക്കേടു ഇരട്ടിച്ചുണ്ടാകും.

ക്രിസ്തി: അതിന്നു നീ എന്തു ചെയ്തു?

ആശാ: എന്റെ നടപ്പു ഞാൻ മാറ്റുന്നില്ലെങ്കിൽ നാശം ഉണ്ടാകും എന്നു നിശ്ചയിച്ചു.

ക്രിസ്തി: നീ അങ്ങിനെ ചെയ്തുവോ?

ആശാ: ചെയ്തു; ഞാൻ പാപകൎമ്മങ്ങളെയും പാപിഷ്ഠന്മാരായ ചങ്ങാതിമാരെയും വിട്ടു പ്രാൎത്ഥിച്ചു ദൈവവചനം വായിച്ചു, പാപത്തെ ഓൎത്തു കരഞ്ഞു, അയല്ക്കാരോട് സത്യവാക്ക പറഞ്ഞു, മറ്റും ഏറിയ സൽക്രിയകളെ ചെയ്വാൻ തുടങ്ങി.

ക്രിസ്തി: ഞാൻ ഇതിനാൽ ഗുണവാനായി എന്നപ്പോൾ തോന്നിയോ?

ആശാ: കുറെ നാൾ അങ്ങിനെ തോന്നി എ ങ്കിലും, ക്രമത്താലെ എന്റെ ദുഃഖങ്ങൾ മടങ്ങി വ ന്നു വളരുകയും ചെയ്തു.

ക്രിസ്തി: അതെങ്ങിനെ? നീ അപ്പോൾ ഗുണ വാനായല്ലൊ?

ആശാ: ഞങ്ങളുടെ നീതി ഒക്കയും അഴുക്കുള്ള ജീ ൎണ്ണവസ്ത്രം പോലെ ആകുന്നു; (ധൎമ്മം) ന്യായപ്രമാ ണക്രിയകളാൽ മനുഷ്യൻ നീതീകരിക്കപ്പെടുകയില്ല; നിങ്ങളും നിയോഗപ്രകാരം ചെയ്തപ്പോഴേക്കു ഞ ങ്ങൾ നിസ്സാരദാസരാകുന്നു ചെയ്യേണ്ടിയതത്രെ ചെയ്തു എന്നു പറവിൻ എന്നും മററും വേദവാക്യ ങ്ങളെ കേട്ടതിനാൽ സംശയിച്ചു, എന്റെ നീതി അ ഴുക്കുള്ള ജീൎണ്ണവസ്ത്രം പോലെ എന്നും, ന്യായപ്രമാ ണക്രിയകളാൽ ഒരു മനുഷ്യനും നീതിവരികയില്ല എന്നും ഞങ്ങളോടു കല്പിച്ചിരിക്കുന്ന സകലവും ചെ യ്ത ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്തവരത്രെ എന്നും വന്നു പോയാൽ, ക്രിയകളാൽ സ്വൎഗ്ഗം പൂ കാം എന്ന വിചാരം മൌഢ്യം തന്നെ എന്നു ഞാൻ നിനെച്ചു. ഒരുത്തൻ പീടികക്കാരനോട് നൂറു ഉറു പ്പികെക്ക് ചരക്കു കടമായി വാങ്ങിയത് വീടാതെ ശേഷം കൊള്ളുന്ന സകല വസ്തുവിന്നും മുതൽ കൊടുത്താലും മുതലാളി അവനെ പിടിച്ചു തടവിൽ പാൎപ്പിപ്പാൻ ന്യായമുണ്ടല്ലൊ എന്നോൎക്കയും ചെയ്തു.

ക്രിസ്തി: നല്ല ഉപമ; അത് നിണക്ക് എത്തി ച്ച ഉപദേശം എന്തു?

ആശാ: പാപത്താൽ ദൈവത്തിന്നു പെട്ട മഹാ കടം ഞാൻ നടപ്പു മാററി സൽക്രിയകളെ ചെയ്വാൻ

നോക്കുന്നതിനാൽ വീട്ടുവാൻ കഴിയായ്കകൊണ്ടു, മുമ്പെ ഞാൻ ചെയ്ത അപരാധങ്ങളാൽ വരുത്തിയ ശിക്ഷാവിധിയിൽനിന്നു എനിക്ക് എങ്ങിനെ രക്ഷ ഉണ്ടാകും എന്നു വിചാരിച്ചു.

ക്രിസ്തി: ആ വിചാരം നന്നായി; പിന്നെയോ?

ആശാ: നടപ്പു മാററിയ പിൻ ഞാൻ ചെയ്തു വരുന്ന ക്രിയകളെ സൂക്ഷ്മമായി നോക്കുന്തോറും അവ സകല വിധ പാപംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു കണ്ടു. മുമ്പേത്ത നടപ്പു പാപം കൂടാതെ, ആയിരുന്നെങ്കിൽ ഞാൻ ഇപ്പോൾ, ഒരെ ദിവസത്തിൽ ചെയ്യുന്ന പാപം എന്നെ നരകത്തിൽ തള്ളുവാൻ മതി എന്ന വിചാരം എന്നെ വിട്ടന്നില്ല.

ക്രിസ്തി: പിന്നെ നീ കണ്ട വഴി എന്തു?

ആശാ: എന്തു ചെയ്യേണം എന്നറിയാതെ, വിശ്വസ്തന്റെ അടുക്കൽ ചെന്നു എന്റെ അവസ്ഥ അവനോടു അറിയിച്ചതിന്നു പാപം കൂടാതെയുള്ളൊരുത്തന്റെ നീതി നിനക്ക കിട്ടാഞ്ഞാൽ നിന്റെയും സകല ലോകത്തിന്റെയും നീതിയും നിന്നെ രക്ഷിപ്പാൻ പോരാ എന്നു പറഞ്ഞു.

ക്രിസ്തി: അവൻ പറഞ്ഞത് സത്യം എന്നു നീ ഉടനെ വിശ്വസിച്ചുവൊ?

ആശാ: നടപ്പു മാററിയതിനാൽ എനിക്ക് ആശ്വാസവും പ്രസാദവും തോന്നിയ സമയം, അവൻ അങ്ങിനെ എന്നോട് പറഞ്ഞു എങ്കിൽ, ഞാൻ അവനെ മൂഢൻ എന്നു വിളിക്കുമായിരുന്നു; എന്നാൽ എന്റെ പോരായ്മയും സൽക്രിയകളിൽ കലന്ന

പാപവും സ്പഷ്ടമായ ശേഷം, അതു സത്യം തന്നെ എന്ന് പ്രമാണിക്കേണ്ടി വന്നു.

ക്രിസ്ത്യാ: ഒരിക്കലും പാപം ചെയ്യിട്ടില്ലാത്ത ആൾ ഉണ്ടു എന്ന് നിണക്ക് അന്നേരം ബോധിച്ചുവൊ?

ആശാ: ആ വാക്കുകളെ ആദ്യം കേട്ടപ്പോൾ, ഞാൻ വിസ്മയിച്ചു നോക്കീട്ടും സംഭാഷണവും ചേച്ചയും ഏറിയതിനാൽ എനിക്ക് കാൎയ്യബോധം വന്നു.

ക്രിസ്ത്യാ: പാപമില്ലാത്തവൻ ആരെന്നും അവനാൽ നീ എങ്ങിനെ നീതീകരിക്കപ്പെടും എന്നും ചോദിച്ചുവൊ?

ആശാ: ചോദിച്ചു. അത്യുന്നതന്റെ വലത്തുഭാഗത്തിരിക്കുന്ന കൎത്താവായ യേശു മാത്രം പാപമില്ലാത്തവനാകുന്നു. അവൻ ഭൂലോകത്തിൽ മനുഷ്യനായി നടന്ന സമയം ചെയ്യതിലും മരത്തിൽ തറക്കപ്പെട്ടു കഷ്ടങ്ങളെ സഹിച്ചതിലും വിശ്വസിക്കുന്നതിനാൽ നീതീകരിക്കപ്പെടും എന്നവൻ പറഞ്ഞാറെ, എന്നാൽ ആ മനുഷ്യന്റെ നീതി വേറെ ഒരുത്തനെ ദൈവം മുമ്പാകെ നീതിമാനാക്കുവാൻ മതിയാകുമൊ? എന്നു ഞാൻ ചോദിച്ചപ്പോൾ, ശക്തിയുള്ള ദൈവമായവൻ ചെയ്യതും മരിച്ചതും തനിക്കായിട്ടല്ല, നിണക്കായിട്ടു തന്നെ ഉണ്ടായിരുന്നതകൊണ്ടു വിശ്വാസത്താൽ അവന്റെ പ്രവൃത്തികളും അവററിൻ ഫലവും നിണക്ക് സ്വന്തമാകും എന്നവൻ പറഞ്ഞു.

ക്രിസ്ത്യാ: നീ അപ്പോൾ എന്തു ചെയ്യു?

ആശാ: എന്റെ വിശ്വാസം നിമിത്തം എന്നെ രക്ഷിപ്പാൻ അവന്നു ഇഷ്ടമുണ്ടാകുമൊ? എന്നു ഞാൻ വിചാരിച്ചു സംശയിച്ചു.

ക്രിസ്തി: അതിന്നു വിശ്വസ്തൻ എന്തു പറഞ്ഞു?

ആശാ: പോയി നോക്കുക എന്നു കേട്ടിട്ടു ഞാൻ: അതു വിനയക്കുറവല്ലയൊ? എന്നു ചോദിച്ചപ്പോൾ, അവൻ: അല്ലല്ലൊ; അവൻ നിന്നെ വിളിച്ചിരിക്കുന്നു എന്നു പറഞ്ഞു, ധൈൎയ്യം ഉണ്ടാകുവാനായി യേശുവിനെ വൎണ്ണിക്കുന്നൊരു പുസ്തകവും തന്നു. ഇതിൽ ഓരോരൊ പുള്ളിയും വിസൎഗ്ഗവും ഭൂസ്വൎഗ്ഗങ്ങളെക്കാൾ, ഉറപ്പുള്ളതാകുന്നു എന്നത് കേട്ട ശേഷം: അവന്റെ മുമ്പാകെ എത്തിയാൽ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചതിന്നു: നീ മുട്ടുകുത്തി പിതാവ് പുത്രനെ നിണക്ക് വെളിപ്പെടുത്തുവാനായി പൂൎണ്ണഹൃദയംകൊണ്ടു പ്രാൎത്ഥിക്കേണം എന്നു പറഞ്ഞാറെ, എങ്ങിനെ അപേക്ഷിക്കേണം എന്നു ഞാൻ ചോദിച്ചപ്പോൾ, വരുന്നവൎക്കെല്ലാവൎക്കും കരുണയും ക്ഷമയും നല്കുവാനായി കാലംതോറും ഇരിക്കുന്ന കൃപാസനത്തിന്മേൽ തന്നെ പാൎക്കുന്നതു നീ കാണും എന്നവൻ പറഞ്ഞു. അപ്പോൾ, ഞാൻ എന്തു പറയേണം എന്ന് ചോദിച്ച ശേഷം, ദൈവമെ! പാപിയായ എന്നോടു കരുണ ഉണ്ടാകേണമേ. യേശുക്രിസ്തനെ അറിഞ്ഞു വിശ്വസിപ്പാൻ എന്നെ സഹായിക്കേണമേ. അവന്റെ നീതിയിങ്കൽ വിശ്വസിക്കാഞ്ഞാൽ ഞാൻ നശിക്കുമല്ലൊ. ഹാ! കൎത്താവെ, നീ നിന്റെ പുത്രനായ യേശുക്രിസ്തനെ ലോകരക്ഷി

താവായി നിശ്ചയിച്ചു എന്നും, മഹാപാപിയായ എനിക്കും കൃപ നല്കുവാൻ ഇഷ്ടവും കരുണെയുമുള്ള ദൈവമാകുന്നു എന്നും ഞാൻ കേട്ടിരിക്കുന്നു. ഹാ കൎത്താവെ, നിന്റെ പുത്രനായ യേശുക്രിസ്തുമൂലം എന്നെയും രക്ഷിക്കുന്നതിനാൽ നിന്റെ കരുണെയുടെ വലിപ്പത്തെ കാട്ടേണമേ! ആമെൻ. എന്ന പ്രാൎത്ഥനയെ അവൻ പഠിപ്പിക്കയും ചെയ്തു.

ക്രിസ്തി: അവൻ പറഞ്ഞപ്രകാരം നീ ചെയ്തുവോ?

ആശാ: ഞാൻ വേണ്ടുംവണ്ണം ചെയ്തു.

ക്രിസ്തി: എന്നാൽ പിതാവ് പുത്രനെ നിണക്ക് വെളിപ്പെടുത്തിയോ?

ആശാ: അഞ്ചാറ പ്രാവശ്യം അപേക്ഷിച്ചിട്ടും ആയില്ല.

ക്രിസ്തി: അപ്പോൾ നീ മടുത്തു പോയയൊ?

ആശാ: എന്തു ചെയ്യെണം എന്നറിഞ്ഞിട്ടില്ല.

ക്രിസ്തി: പ്രാൎത്ഥന വിടുവാൻ തോന്നിയില്ലയൊ?

ആശാ: നൂറിരട്ടി അങ്ങിനെ തോന്നി.

ക്രിസ്തി: എന്നാൽ അതു വിടാഞ്ഞത് എന്തിന്നു?

ആശാ: ക്രിസ്തന്റെ നീതി അല്ലാതെ സകല ലോകവും എന്റെ രക്ഷെക്കായി മതിയാകയില്ല എന്ന വാക്ക ഞാൻ ഉറപ്പായിട്ടു വിശ്വസിച്ചു. പ്രാൎത്ഥന ഉപേക്ഷിച്ചാൽ മരിക്കും നിശ്ചയം. ആകയാൽ കൃപാസനത്തിന്റെ അരികെ ഞാൻ മരിക്കട്ടെ; ഇതു മാത്രമെ വരുവാൻ കഴിയും എന്ന് വിചാരിച്ചു രക്ഷ താമസിച്ചാലും അതിന്നായിക്കൊണ്ടു തന്നെ

കാത്തിരിക്ക അത്ു വരും നിശ്ചയം; അത്ു താമസി ക്കയില്ല എന്ന വേദവാക്യവും ഓൎത്തു പിതാവു പു ത്രനെ എനിക്ക് വെളിവാക്കിയവരെയും പ്രാൎത്ഥിച്ചു കൊണ്ടിരുന്നു.

ക്രിസ്ത്യി: അവൻ നിണക്ക് എങ്ങിനെ വെളി വായി വന്നു.

ആശാ: മാംസദൃഷ്ടികൊണ്ടല്ല, ജ്ഞാനദൃഷ്ടി കൊണ്ടത്രെ ഞാൻ അവനെ കണ്ട പ്രകാരം പറ യാം: ഒരു ദിവസം എന്റെ പാപത്തിന്റെ വലി പ്പവും വെറുപ്പും ഭയങ്കരമായി കണ്ടു, ദുഃഖപരവശ നായി നിത്യനരകവും നാശവും അല്ലാതെ എനിക്ക് ഒന്നും ഉണ്ടാകയില്ല എന്നു വിചാരിച്ചു വിറച്ചു പ്പോൾ, കൎത്താവ് സ്വൎഗ്ഗത്തിൽ നിന്നു നോക്കി: നീ കൎത്താവായ യേശു ക്രിസ്തുങ്കൽ വിശ്വസിച്ചാൽ ര ക്ഷപ്പെടും എന്ന് പറഞ്ഞപ്രകാരം എനിക്ക് തോ ന്നി. എന്നാറെ ഞാൻ: ഹാ കൎത്താവെ! ഞാൻ എ ത്രയും വലിയ പാപിയാകുന്നു എന്ന് പറഞ്ഞതി ന്നു അവൻ: എന്റെ കരുണ നിണക്ക് മതി എ ന്നത് കേട്ടശേഷം, എന്നാൽ കൎത്താവെ! വിശ്വ സിക്ക എന്നുള്ളതു എന്തു എന്നു ചോദിച്ചാറെ, അ വൻ എന്റെ അടുക്കൽ വരുന്നവൻ ഒരു നാളും വിശക്കയില്ല എന്നിൽ വിശ്വസിക്കുന്നവന്നു ഒരി ക്കലും ദാഹിക്കയുമില്ല എന്ന വചനത്താൽ വിശ്വ സിക്കയും വരിക എന്നതും ഒന്നു തന്നെ പൂൎണ്ണമന സ്സു കൊണ്ടു രക്ഷക്കായി ക്രിസ്തുവിന്റെ അടുക്കൽവ രുന്നവൻ വിശ്വസിക്ക തന്നെ ചെയ്യുന്നു എന്നു ബോധിപ്പിച്ചു കണ്ണീരും ഒഴുക്കി അല്ലയൊ കൎത്താവെ!

മഹാപാപിയായ എന്നെയും നീ നിശ്ചയമായി കൈക്കൊണ്ടു രക്ഷിക്കുമോ എന്നു ചോദിച്ചതിന്നു അവൻ: എന്റെ അടുക്കൽ വരുന്നവനെ തള്ളിക്കളകയില്ല എന്ന് പറഞ്ഞപ്പോൾ, ഹാ കൎത്താവെ! ഞാൻ വരുമ്പോൾ എന്റെ വിശ്വാസം നിണക്ക് ഇഷ്ടമായിരിക്കേണ്ടതിന്നു നിന്നെ എങ്ങിനെ വിചാരിക്കേണ്ടതു? എന്നു ചോദിച്ച ശേഷം, അവൻ: പാപികളെ രക്ഷിപ്പാൻ ക്രിസ്തൻ ലോകത്തിലേക്ക് വന്നിരിക്കുന്നു; വിശ്വസിക്കുന്ന എല്ലാവന്റെ നീതിക്കായിട്ടു അവൻ ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു; നമ്മുടെ പാപത്തിന്നായി അവൻ മരിച്ചു നമ്മുടെ ശുദ്ധീകരണത്തിന്നായി ജീവിച്ചെഴുന്നീറ്റുമിരിക്കുന്നു; അവൻ നമ്മെ സ്നേഹിച്ചു തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ കഴുകികളഞ്ഞു; ദൈവത്തിന്റെയും നമ്മുടെയും നടുവിൽ ഒരു മദ്ധ്യസ്ഥനായി നമുക്കായിട്ടു പ്രാൎത്ഥിക്കേണ്ടതിന്നു നിത്യം ജീവിക്കുന്നു എന്ന വേദവാക്യങ്ങളാൽ നീതീകരണത്തിന്നു വേണ്ടി അവനെയും പാപപരിശാന്തിക്ക് വേണ്ടി അവന്റെ രക്തത്തെയും നോക്കേണ്ടതാകുന്നു എന്ന് വിചാരിച്ചു. അവൻ പിതാവിന്റെ കല്പന അനുസരിച്ചതും ന്യായപ്രമാണത്തിന്റെ ശാപശിക്ഷകളെ സഹിച്ചതും തനിക്കായിട്ടല്ല, അതിനെ രക്ഷെക്കായിട്ടു കൈക്കൊണ്ടു കൃതജ്ഞനായിരിക്കുന്നവന്നു വേണ്ടി തന്നെ ആകുന്നു എന്ന് ഉറപ്പായി വിശ്വസിച്ചപ്പോൾ, എന്റെ ഹൃദയത്തിൽ സന്തോഷവും, കണ്ണിൽ നീരും നിറഞ്ഞു,

യേശുക്രിസ്തുവിന്റെ നാമത്തെയും ജനനത്തെയും വഴിയെയും സ്നേഹിപ്പാൻ തുടങ്ങുകയും ചെയ്യു.

ക്രിസ്തി: ഇപ്രകാരം നിനക്ക ഉണ്ടായ ക്രിസ്തുവിന്റെ വെളിപ്പാട് നിന്റെ ആത്മാവിൽ വ്യാപരിച്ചത് (നടത്തിയതു) എന്തു?

ആശാ: സൎവ്വലോകവും അതിന്റെ സകല പുണ്യസമൃദ്ധിയോടും കൂട ശിക്ഷാവിധിയിലകപ്പെട്ടിരിക്കുന്നു എന്നും, പിതാവായ ദൈവം നീതിമാനാകുന്നെങ്കിലും, തന്റെ അടുക്കൽ വരുന്ന പാപിയെ നീതീകരിപ്പാൻ അവന്നു ന്യായമുണ്ടു എന്നും കണ്ടു. മുമ്പെയുണ്ടായ എന്റെ ദോഷമുള്ള നടപ്പിനെ ഓൎത്തു നാണിച്ചു, മുമ്പെ യേശു ക്രിസ്തുവിന്റെ സൌന്ദൎയ്യത്തെ കുറിച്ചു ഒരിക്കലും നല്ല വിചാരം ഹൃദയത്തിൽ ഏശായ്കകൊണ്ടു, എന്റെ ബുദ്ധിഹീനത നിമിത്തം ദുഃഖിച്ചു, ശുദ്ധനായിരിപ്പാനും കൎത്താവായ യേശുവിന്റെ മഹത്വത്തിന്നായി എന്തെങ്കിലും ചെയ്യ്വാനും ആഗ്രഹിച്ചു. അതെ; എന്റെ ശരീരത്തിൽ ആയിരം പാത്രം രക്തം നിറഞ്ഞാലും കൎത്താവായ യേശുനിമിത്തം സകലവും ഒഴിച്ചുകളവാൻ തോന്നുകയും ചെയ്യു.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: ആശാമയൻ തിരിഞ്ഞു അവർ മുമ്പെ വിട്ട നിൎബ്ബോധനെ കണ്ടു, ക്രിസ്തിയനോടു: ഉണ്ണി വഴിയായി പോയപ്രകാരം കണ്ടുവോ?

ക്രിസ്തി: കണ്ടു നമ്മോടു കൂട പോരുവാൻ അവന്നു ഇത്തിരി താല്പൎയ്യമില്ല എന്നു തോന്നുന്നു.

ആശാ: അവൻ ഇതുവരെയും നമ്മോടു കൂട നടന്നുവെങ്കിൽ അവന്നു കുറച്ചും വരികയില്ലയായിരുന്നു.

ക്രിസ്തി: സത്യം; എങ്കിലും അവന്റെ വിചാരം വേറെ.

ആശാ: അങ്ങിനെ ഉണ്ടായിരിക്കും; നാം അവന്നായിക്കൊണ്ടു അല്പം നില്ക്ക എന്നു പറഞ്ഞാറെ അവർ താമസിച്ചു നിന്നു.

അവൻ എത്തിയാറെ ക്രിസ്തിയൻ: അല്ലയോ സഖേ! ഇത്ര വഴിയെ ആയ്പോയതു എന്തു?

നിർബ്ബോധൻ: എനിക്ക് ഒത്ത കൂട്ടാളികൾ ഇല്ലെങ്കിൽ തനിയെ നടക്കുന്നതു ഏറെ നല്ലതു.

അപ്പോൾ ക്രിസ്തിയൻ: നമ്മോടു കൂട പോരുവാൻ അവന്നു ഒട്ടും താല്പൎയ്യവുമില്ല എന്നു ഞാൻ പറഞ്ഞുവല്ലോ, എങ്കിലും ഈ വനത്തിൽ നേരം പോക്കേണ്ടതിന്നു സംസാരിക്കുന്നതു നല്ലതാകുന്നു എന്നു പതുക്കെ ആശാമയനോടു പറഞ്ഞു, നിർബ്ബോധനെ നോക്കി: അല്ലയോ സഖേ! ദൈവത്തിന്നും നിണക്കും തമ്മിൽ എങ്ങിനെ എന്നു ചോദിച്ചു.

നിർബ്ബോ: നല്ലതു തന്നെ; എന്റെ മനസ്സിൽ വിടാതെ ഉണ്ടാകുന്ന നല്ല ചിന്തകൾ സഞ്ചാരത്തിൽ എനിക്കു ആശ്വാസം എത്തിച്ചു വരുന്നു.

ക്രിസ്തി: ആ നല്ല ചിന്തകൾ ഞങ്ങൾക്കും അറിയാമോ?

നിർബ്ബോ: ഞാൻ ദൈവത്തെയും സ്വൎഗ്ഗത്തെയും വിചാരിച്ചു കൊണ്ടിരിക്കുന്നു.

ക്രിസ്ത്യി: അതു പിശാചിന്നും നരകവാസികൾക്കും ചെയ്യാമല്ലോ!

നിബ്ബോ: ഞാൻ അവ വിചാരിച്ചു ആഗ്രഹിക്കയും ചെയ്യുന്നു.

ക്രിസ്ത്യി: ഒരു നാളെങ്കിലും അവിടെ എത്താത്ത പലരും അങ്ങിനെ തന്നെ ചെയ്യുന്നു: മടിയൻറ ദേഹിക്കു വങ്കൊതി ഉണ്ടായാലും ഏതും ഇല്ല. (കിട്ടുന്നില്ല.) (സുഭ. ൧൩, ൪.)

നിബ്ബോ: ഞാനൊ അവറ്റെ വിചാരിച്ചിട്ടു എനിക്കുള്ള സകലവും വിട്ടിരിക്കുന്നു.

ക്രിസ്ത്യി: അതിൽ എനിക്ക് സംശയമുണ്ടു; സകലവും, വിട്ടുവാൻ മഹാപ്രയാസമാകകൊണ്ടു ചിലക്ക് മാത്രം അങ്ങിനെ ചെയ്യാൻ മനസ്സു വരും. ദൈവം നിമിത്തമായി സകലവും വിട്ടുപോയി എന്ന് നിണക്ക് എങ്ങിനെ അറിയാം?

നിബ്ബോ: എൻറ ഹൃദയത്തിൽ അങ്ങിനെ തോന്നുന്നു.

ക്രിസ്ത്യി: സ്വഹൃദയത്തിൽ തേറുന്നവൻ മൂഢൻ എന്ന് ജ്ഞാനമുള്ളവൻ പറഞ്ഞുവല്ലൊ.

നിബ്ബോ: അതു ദോഷമുള്ള ഹൃദയത്തെ കുറിച്ചു പറഞ്ഞതാകുന്നു; എന്നാൽ, എൻറ ഹൃദയം നല്ലതാകുന്നു.

ക്രിസ്ത്യി: അതു നീ എങ്ങിനെ നിശ്ചയിച്ചു?

നിബ്ബോ: ആയതു സ്വൎഗ്ഗത്തിൻറ ആശ കൊണ്ടു എന്നെ സന്തോഷിപ്പിക്കുന്നു.

ക്രിസ്ത്യി: ആയതിലെ വഞ്ചനകൊണ്ടു ആശ തോന്നിച്ചെങ്കിലൊ? ഹൃദയം തുമ്പില്ലാത്ത ആശ

കളെ തോന്നിച്ചു മനുഷ്യന്നു സന്തോഷം വരുത്തുകിലുമാം.

നിബ്ബ്ലോ: എന്റെ ഹൃദയവും നടപ്പും ഒത്തുവരികയാൽ എന്റെ ആശ ന്യായമുള്ളതാകുന്നു.

ക്രിസ്തി: നിന്റെ ഹൃദയവും നടപ്പും ഒത്തതാകുന്നു എന്നു നിന്നോടു പറഞ്ഞതാർ?

നിബ്ബ്ലോ: എന്റെ ഹൃദയം തന്നെ.

ക്രിസ്തി: നിന്റെ ഹൃദയം തന്നെയൊ? ഈ കാൎയ്യത്തിൽ ദൈവവചനമല്ലാതെ, ഒരു സാക്ഷിയും ഇല്ല എന്നു ഞാൻ പറഞ്ഞ വാക്കു നീ വിശ്വസിക്കാഞ്ഞാൽ എന്റെ കൂട്ടാളിയോടു ചോദിക്ക.

നിബ്ബ്ലോ: നല്ല ചിന്തയുള്ള ഹൃദയവും ദൈവകല്പന പോലെ ഉള്ള നടപ്പും നല്ലതല്ലയൊ?

ക്രിസ്തി: ഉണ്ടു എങ്കിലും, അങ്ങിനെ ഇരിക്കുന്നതിന്നും അങ്ങിനെ വിചാരിക്ക മാത്രം ചെയ്യുന്നതിന്നും തമ്മിൽ വ്യത്യാസമുണ്ടല്ലൊ?

നിബ്ബ്ലോ: എന്നാൽ നല്ല ചിന്തയും ദൈവകല്പന പോലെയുള്ള നടപ്പും എങ്ങിനെ?

ക്രിസ്തി: നമ്മെയും ദൈവത്തെയും ക്രിസ്തുനെയും മററും ഏറിയ വിഷയങ്ങളെ കുറിച്ചും നല്ല ചിന്തകൾ ഉണ്ടായിരിക്കും.

നിബ്ബ്ലോ: നമ്മെ കുറിച്ചു എങ്ങിനെയുള്ള ചിന്തകൾ നല്ലവയാകുന്നു?

ക്രിസ്തി: ദൈവവചനപ്രകാരമുള്ള ചിന്തകൾ തന്നെ.

നിബ്ബ്ലോ: നമ്മെ കുറിച്ചുള്ള ചിന്തകൾ ദൈവവചനപ്രകാരമാകുന്നത് എങ്ങിനെ?

ക്രിസ്തി: നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല; ഗുണം ചെയ്യുന്നവൻ ഇല്ല ഒരുത്തൻ ആകിലും ഇല്ല, (റൊ. ൩.) മനുഷ്യൻെറ ദുഷ്ടത വലിയതും അവൻെറ ഹൃദയത്തിലെ വിചാരങ്ങടെ ഭാവം ഒക്കയും എല്ലായ്പ്പോഴും ദോഷമുള്ളതുമാകുന്നു എന്നുള്ളവ ദൈവവചനത്തെ അനുസരിച്ചു നമ്മെ തന്നെ വിചാരിച്ചാൽ നമ്മുടെ ചിന്തകൾ ദൈവവചനപ്രകാരവും നല്ലവയാകുന്നു.

നിബ്ബ്ോ: എൻെറ ഹൃദയം ഇത്ര ദോഷമുള്ളതാകുന്നു എന്നു ഞാൻ ഒരുനാളും സമ്മതിക്കയില്ല.

ക്രിസ്തി: അതു കൊണ്ടു തന്നെ നിണക്ക് ഒരുനാൾ എങ്കിലും, നിന്നെ കുറിച്ചു നല്ല ചിന്തകൾ ഉണ്ടായിട്ടില്ല; എന്നാൽ ദൈവവചനം നമ്മുടെ ഹൃദയങ്ങൾക്കു ന്യായം വിധിക്കുന്ന പ്രകാരം നടപ്പുകൾക്കും വിധിക്കുന്നു. ആകയാൽ നാം നമ്മുടെ ഹൃദയങ്ങളെയും നടപ്പുകളെയും ആ വിധിപ്രകാരം വിചാരിച്ചാൽ ചിന്തകൾ നല്ലവയാകുന്നു.

നിബ്ബ്ോ: അതെങ്ങിനെ?

ക്രിസ്തി: മനുഷ്യൻെറ വഴി നന്നല്ല, വളവും വിപരീതവും കളവുമുള്ളതാകുന്നു. അവർ വഴി അറിയാതെ, തെററി നടക്കുന്നു, എന്ന് ദൈവവചനം പറയുന്നപ്രകാരം തൻെറ നടപ്പിനെ മനോവിനയത്തോടെ വിചാരിക്കുന്ന മനുഷ്യന്നു ദൈവവിധിക്ക് ഒത്തതും നല്ലതുമായ ചിന്തകൾ ഉണ്ടു.

നിബ്ബ്ോ: എന്നാൽ ദൈവത്തെ കുറിച്ചുള്ള നല്ല ചിന്തകൾ എങ്ങിനെ?

ക്രിസ്തി: പരിശുദ്ധ വേദം അവനെയും അവന്റെ സ്വഭാവങ്ങളെയും വൎണ്ണിക്കുന്ന പ്രകാരം അവനെ വിചാരിക്കുന്നവന്നു ദൈവത്തെ കുറിച്ചു നല്ല ചിന്തകൾ ഉണ്ടു; ഇത് ഇപ്പോൾ വിസ്താരമായി പറവാൻ നേരമില്ല. എങ്കിലും നാം നമ്മെ തന്നെ അറിയുന്നതിനേക്കാൾ അവൻ നമ്മെ അറിയുന്നു. നാം നമ്മിൽ പാപം കാണാഞ്ഞിട്ടും അവൻ കാണുന്നു; നമ്മുടെ അശുദ്ധവിചാരങ്ങൾ എപ്പേരും ഹൃയങ്ങളുടെ അഗാധവും അവന്റെ മുമ്പാകെ മറവു കൂടാതെ ഇരിക്കുന്നു. നമ്മുടെ നീതി എല്ലാം ഒരു ദുൎഗ്ഗന്ധം പോലെ ആകകൊണ്ടു നമ്മുടെ ഗുണങ്ങളിൽ ആശ്രയിച്ചാൽ അവന്നു നമ്മെ കണ്ടു കൂടാ എന്ന് വിചാരിച്ചു കൊണ്ടാൽ, നമുക്കു നല്ല ചിന്തകൾ ഉണ്ടു.

നിബ്ബോ: എന്നേക്കാൾ ദൈവം അധികം കാണുന്നില്ല എന്നു വിചാരിക്കയും എന്റെ സൽഗുണങ്ങളിൽ ആശ്രയിച്ചിട്ടു അവന്റെ അടുക്കൽ ചെല്ലുവാൻ നോക്കുകയും ചെയ്യുന്ന മൂഢൻ ഞാൻ ആകുന്നു എന്നു നീ വിചാരിക്കുന്നുവോ?

ക്രിസ്തി: എന്നാൽ ഈ കാൎയ്യത്തിൽ നിന്റെ മതം എന്തു?

നിബ്ബോ ചുരുക്കമായി പറയാം; നീതീകരണത്തിന്നായി ക്രിസ്തുനിൽ വിശ്വസിക്കേണം.

ക്രിസ്തി: ജന്മത്താലും കൎമ്മത്താലും നിണക്കു ഉണ്ടാകുന്ന കുറവുകളെ കാണാതെ മദിച്ചു നിന്നെയും ക്രിയകളെയും പ്രശംസിച്ചു കൊണ്ടിരിക്കുമ്പോൾ, ക്രിസ്തുനിൽ വിശ്വസിക്കേണം എന്ന് നീ പറഞ്ഞ

തെന്തു? അവന്റെ നീതി കൊണ്ടു നിണക്ക ആവശ്യം എന്നു തോന്നുന്നില്ലല്ലോ!

നിബ്ബോ: ആകട്ടേ, ഞാൻ വേണ്ടുംവണ്ണം വിശ്വസിക്കുന്നു താനും.

ക്രിസ്തി: നീ എങ്ങിനെ വിശ്വസിക്കുന്നു?

നിബ്ബോ: പാപികൾക്ക വേണ്ടി മരിച്ച ക്രിസ്തൂന്റെ കല്പന പ്രമാണിച്ചു അനുസരണം കാണിക്കയാൽ അവൻ പ്രസാദിച്ചു, എന്നെ ദൈവം മുമ്പാകെ ശാപത്തിൽനിന്നു നീതീകരിക്കും എന്ന് എന്റെ പക്ഷം; എന്നിയെ, ക്രിസ്തൻ തന്റെ അനുസരണത്താൽ എന്റെ സേവാകർമ്മങ്ങളെ പിതാവിന്നു സുഗ്രാഹ്യമാകുന്നതിനാൽ ഞാൻ നീതിമാനാകും എന്ന് വിശ്വസിക്കുന്നു.

ക്രിസ്തി: നിന്റെ വിശ്വാസത്തെ കുറിച്ചു എനിക്ക ചില വാക്ക പറവാൻ ഉണ്ടു.

൧. അത് ദൈവവചനപ്രകാരമല്ലായ്കകൊണ്ടു മിത്ഥ്യാമതിഭ്രമമുള്ളതാകുന്നു.

൨. നീ ക്രിസ്തൂന്റെ നീതി നിന്റെ നീതിയോടു ചേർപ്പാൻ നോക്കുന്നതുകൊണ്ടു, നിന്റെ വിശ്വാസം കപടം കലർന്നിരിക്കുന്നു.

൩. ക്രിസ്തൻ നിന്റെ പ്രവൃത്തികളെയും അവറ്റാൽ നിന്നെയും നീതീകരിക്കും എന്ന് നീ വിചാരിക്കകൊണ്ടു നിന്റെ വിശ്വാസം വ്യാജം തന്നെ.

൪. നിന്റെ വിശ്വാസം നിന്നെ വഞ്ചിച്ചു സർവ്വശക്തനായ ദൈവത്തിന്റെ നാളിൽ കോപത്തെ വരുത്തുകയും ചെയ്യും. സത്യവും നീതീകരണവുമുള്ള വിശ്വാസം ന്യായപ്രമാണത്താൽ വരുന്ന

ശാപത്തെ ഉണൎത്തി ആത്മാവിന്നു ക്രിസ്തന്റെ നീതി ഒരു സങ്കേതസ്ഥലമാകുവാൻ തോന്നിക്കും. ആ നീതി ആകട്ടെ, നിന്റെ അനുസരണത്താൽ ദൈവപ്രസാദം വരുത്തുന്ന കൃപാവിലാസമല്ല; ക്രിസ്തൻ നമുക്കായിട്ടു ന്യായപ്രമാണത്തെ നിവൃത്തിച്ചും അതിൽ വിധിച്ചിട്ടുള്ള ശിക്ഷകളെ സഹിച്ചും കൊണ്ടു തികഞ്ഞ അനുസരണത്തെ കാട്ടിയതു തന്നെ ആകുന്നു. ആയതിനെ സത്യവിശ്വാസി കൈകൊണ്ടു ഒരു വസ്ത്രം പോലെ ഉടുത്തു വരുന്നതിനാൽ ദൈവമുഖേന കുററവും ശിക്ഷാവിധിയും വരാതെ ഒഴിവുള്ളവനാകയും ചെയ്യും.

നിൎബ്ബോ: ക്രിസ്തൻ സ്വകാൎയ്യമായി ചെയ്ത ക്രിയകളിൽ ആശ്രയിക്കേണമൊ? എന്നാൽ ഞാൻ ഹൃദയത്തിലെ മോഹങ്ങളിൻ പ്രകാരം നടന്നു ഇഷ്ടം പോലെ പാപം ചെയ്യുന്നതിന്നു എന്തു വിരോധം? ക്രിസ്തനിൽ വിശ്വസിച്ചാൽ കുററവും ശിക്ഷാവിധിയുമില്ലല്ലൊ!

ക്രിസ്തി: നിന്റെ നാമം പോലെ ബുദ്ധിയുമിരിക്കുന്നു! നീതീകരിക്കുന്ന നീതിയേയും അതിൽ വിശ്വസിച്ചു നിന്റെ ആത്മാവിന്നു വേണ്ടി ദൈവകോപത്തിൽനിന്നു രക്ഷ പ്രാപിക്കുന്ന ക്രമത്തെയും നീ അറിയുന്നില്ല. ക്രിസ്തന്റെ നീതിയിങ്കലെ രക്ഷാപ്രദമായ വിശ്വാസം ഹൃദയത്തെ ക്രിസ്തനാൽ ദൈവമുമ്പാകെ താഴ്ത്തി അടക്കമാറാക്കി, അവന്റെ നാമം വചനം വഴി ജനങ്ങൾ എന്നിവ സ്നേഹിപ്പാൻ സംഗതി വരുത്തുന്നു എന്നു നീ

ബോധിക്കുന്നില്ല. അയ്യോ! നിർബ്ബോധൻ എന്നു തന്നെ നിൻെറ പേർ!

ആ ശാ: ക്രിസ്തൻ തനിക്ക സ്വൎഗ്ഗത്തിൽനിന്നു വെളിവായി വന്നുവൊ? എന്നു അവനോടു ചോദിക്ക.

നിർബ്ബോ: അല്ലയൊ ദൎശനക്കാര! നീയും നിൻെറ മതക്കാരെല്ലാവരും ആ കാൎയ്യം കൊണ്ടു പറയുന്നതൊക്കെ തലവറൾച്ചയുടെ ഫലം തന്നെ എന്നു എൻെറ പക്ഷം.

ആ ശാ: എന്തിന്നു? ജഡബോധത്തിൽനിന്നു മറഞ്ഞിരിക്കുന്ന ക്രിസ്തനെ പിതാവ് വെളിപ്പെടുത്തുന്നില്ലെങ്കിൽ ഒരു മനുഷ്യനും അവനെ അറിഞ്ഞു കൂടാ.

നിർബ്ബോ: അതു നിങ്ങളുടെ വിശ്വാസം എൻെറതല്ല; എങ്കിലും എനിക്ക അത്രെ വെറുംതോന്നൽ ഇല്ലായ്കയാലും നിങ്ങൾക്ക് എന്ന പോലെ നല്ല വിശ്വാസം ഉണ്ടു.

ക്രിസ്തി: ഞാൻ ഇനി ഒന്നു മാത്രം പറയട്ടെ! ഈ കാൎയ്യത്തെ കുറിച്ചു നീ പറഞ്ഞ വാക്കു ഒട്ടും നന്നല്ല. പിതാവ് തൻെറ പുത്രനായ യേശുക്രിസ്തനെ വെളിപ്പെടുത്താഞ്ഞാൽ ഒരു മനുഷ്യനും അവനെ അറിവാൻ കഴികയില്ല, എന്ന് എൻെറ കൂട്ടാളി പറഞ്ഞതു ഞാനും ധൈൎയ്യമായി സമ്മതിക്കുന്നു. അപ്രകാരം ക്രിസ്തനെ മുറുകപ്പിടിക്കുന്ന വിശ്വാസം ദൈവശക്തിയുടെ മഹത്വമുള്ള ക്രിയ തന്നെ ആകുന്നു; എങ്കിലും, നിൎഭാഗ്യനായ നിർബ്ബോധനെ! ആ വിശ്വാസത്തിൻെറ വ്യാപാരശക്തിയെ നീ അറി

യുന്നില്ലല്ലോ. ഹാ! നീ ഉണൎന്നു നിന്റെ പാപ ത്തെ വിചാരിച്ചു കൎത്താവായ ക്രിസ്തുവിന്റെ അടു ക്കൽ ഓടി ചെല്ലുക, അപ്പോൾ അവൻ തന്റെ ദി വ്യ നീതിയെ നല്കി നിന്നെ ശിക്ഷാവിധിയിൽനി ന്നു രക്ഷിക്കയും ചെയ്യും.

നി ൎബ്ബോ: നിങ്ങൾക്കു ബദ്ധപ്പാടാകകൊണ്ടു എനിക്കു ഒരുമിച്ചു നടപ്പാൻ, കഴികയില്ല; ഞാൻ വഴിയെ വരാം.

എന്നാറെ അവർ:

തന്നെത്താൻ അറിയാഞ്ഞാൽ
പിന്നെത്താൻ അറിഞ്ഞു കൊള്ളും
കുട്ടി തീ തൊടേണ്ടിയാൽ
ഇഷ്ടം തീരെ തൊട്ടു പൊള്ളും
നേരമായി ചെവി കൊടുത്തു
കേമമായുള്ളതും കരുത്തു.

എന്നു പാടുകയും ചെയ്തു.

അനന്തരം ക്രിസ്തിയൻ തന്റെ കൂട്ടാളിയോടു: അല്ലയൊ ആശാമയനെ! നാം പിന്നെയും തനി യെ നടക്കേണ്ടി വന്നുവല്ലോ; ആ മനുഷ്യനെ കുറിച്ചു എനിക്ക് വളരെ സങ്കടം ഉണ്ടു; ഒടുവിൽ അവൻ നശിച്ചു പോകും.

ആ ശാ: ആ വകക്കാർ എന്റെ നാട്ടിലും വള രെ ഉണ്ടു, വീഥികളും ഭവനങ്ങളും നിറഞ്ഞിരിക്കുന്നു കഷ്ടം! പിന്നെ ഇവൻ ജനിച്ച രാജ്യത്തിൽ എത്ര അധികം ഉണ്ടാകും.

ക്രി സ്തി: അവർ കാണാതിരിക്കേണ്ടതിന്നു അ വൻ അവരുടെ കണ്ണുകളെ കുരുടാക്കി എന്ന വചനം

ഞാൻ ഓൎക്കുന്നു, അവൎക്കു ചിലപ്പോൾ പാപ ബോധവും ഭയവും ഉണ്ടു എന്നു് നിനക്കു് തോന്നുവൊ?

ആശാ: നീ എന്നേക്കാൾ പ്രായം ചെന്നവനാകയാൽ എനിക്കു് ഈ കാൎയ്യത്തെ കുറിച്ചു നിന്നിൽനിന്നു കേൾപ്പാൻ ആവശ്യം.

ക്രിസ്തി: ചിലപ്പോൾ അങ്ങിനെ ഉണ്ടു എങ്കിലും, അവർ ബുദ്ധിയില്ലാത്തവരാകകൊണ്ടു പാപ ബോധവും ഭയവും തങ്ങളുടെ നന്മെക്കായിട്ടാകുന്നു എന്നറിയാതെ അവററെ അമുക്കി തന്നിഷ്ടവഴികളിൽ മദിച്ചു പുളെച്ചു കൊണ്ടിരിക്കുന്നു എന്നു എനിക്കു് തോന്നുന്നു.

ആശാ: ഭയം തന്നെ മനുഷ്യരുടെ നന്മെക്കു് എന്നും സഞ്ചാര ആരംഭത്തിൽ അവരെ നേരെയാക്കി വെക്കുന്നതു് എന്നും താൻ പറഞ്ഞ പ്രകാരം എനിക്കും തോന്നുന്നു.

ക്രിസ്തി: സാരമുള്ള ഭയം അങ്ങിനെ ചെയ്യും സംശയമില്ല. കൎത്താവിന്റെ ഭയം ജ്ഞാനത്തിന്റെ ആരംഭം എന്ന വചനം ഉണ്ടല്ലൊ.

ആശാ: സാരമുള്ള ഭയത്തെ നീ എങ്ങിനെ വിവരിക്കും.

ക്രിസ്തി: സാരമുള്ള ഭയം മൂന്നു വിധം അതു്.

൧. രക്ഷാപ്രദമായ പാപബോധത്താൽ വരുന്നു.

൨. ഹൃദയത്തെ രക്ഷെക്കായിട്ടു ക്രിസ്തുനെ മുറുകപ്പിടിക്കുമാറാക്കുന്നു.

൩. ദൈവത്തെ ശങ്കിച്ചു അവന്റെ വചന വഴികൾക്കും അഞ്ചുമാറാക്കുന്നതു അല്ലാതെ നാം

ഇടത്തോട്ടും വലത്തോട്ടും മാറി ദൈവത്തെ അപമാനിച്ചു സമാധാനം കെടുത്തു ആത്മാവിനെ ദുഃഖിപ്പിച്ചു, ശത്രുവിന്നു ദൂഷ്യത്തിന്നായി അവസരം കൊടുത്തു പോകാതിരിക്കേണ്ടതിന്നു നിത്യ സമ്പ്രേക്ഷയെ (മുൻ കരുതലിനെ) ജനിപ്പിക്കുന്നു.

ആ ശാ: നല്ലതു നീ പറഞ്ഞതു സത്യം തന്നെ; നാം ഈ ആഭിചാരനിലം നടന്നൊഴിഞ്ഞില്ലേ?

ക്രിസ്ത്യ: എന്തിന്നു? ഈ സംഭാഷണം അലസലായൊ?

ആ ശാ: എന്നിട്ടല്ല നാം എവിടെ എത്തി എന്നറിവാൻ വേണ്ടി ഞാൻ ചോദിച്ചു.

ക്രിസ്ത്യ: ഇനി രണ്ടു നാഴിക മാത്രമേയുള്ളു എങ്കിലും നാം സംസാരിച്ചു കൊണ്ടിരിക്ക; ഭയപ്രദമായ പാപബോധം നന്മെക്കായിട്ടാകുന്നു എന്നു നിർബ്ബോധന്മാർ അറിയായ്കകൊണ്ടു അവർ അതിനെ അമുക്കി മുടക്കുന്നു എന്നു നാം പറഞ്ഞുവല്ലൊ.

ആ ശാ: അവർ അതിനെ എങ്ങിനെ മുടക്കുന്നു.

ക്രിസ്ത്യ: ൧. ദൈവകൃതമാകുന്ന (ദൈവം തന്ന) ഈ ഭയം പിശാചിൻെറ ക്രിയ ആകുന്നു എന്നവർ വിചാരിച്ചു നഷ്ടം വരുത്തുന്ന കാൎയ്യം പോലെ വിരോധിക്കുന്നു.

൨. ഈ ഭയം വിശ്വാസത്തെ ഇടിച്ചു കളയും എന്നു് അവർ വിചാരിച്ചു ഹൃദയം കഠിനമാക്കുന്നു. വിശ്വാസം അവൎക്കു ഒട്ടും ഇല്ല താനും.

൩. ഭയം ഉചിതമല്ല എന്നു് വിചാരിച്ചു മദിച്ചു കള്ള സമാധാനത്തിൽ ആശ്രയിക്കയും ചെയ്യുന്നു.

൮. അവർ പണ്ടു ശീലിച്ചു കൊണ്ടിരുന്ന വ്യാജമായ പുണ്യത്തെയും സ്വപൂജയെയും ഈ ഭയം നീക്കും എന്നു കണ്ടു അതിനെ കഴിയുന്നേടത്തോളം വിരോധിക്കും.

ആശാ: ഇതിൽ എനിക്ക് പരിചയമുണ്ടു; ഞാൻ എന്നെ തന്നെ അറിയുന്നതിൽ മുമ്പെ അങ്ങിനെ തന്നെ ചെയ്തു

ക്രിസ്തി: നാം പഴയ തോഴനായ നിർബ്ബോധനെ ഇപ്പോൾ വിട്ടു ഉപകാരത്തിന്നായി മററു വല്ലതും സംസാരിക്ക.

ആശാ: നല്ലതു നീ തുടങ്ങുക.

ക്രിസ്തി: പത്തു സംവത്സരം മുമ്പെ നമ്മുടെ രാജ്യത്തിൽ പാക്കയും ഭക്തിവേഷം ധരിക്കയും ചെയ്തു കാലാനുസാരിയെ നീ അറിയുമൊ?

ആശാ: അറിയും; അവൻ നേരസ്ഥനഗരത്തിൽനിന്നു രണ്ടുനാഴിക ദൂരമായിരിക്കുന്ന അകരുണനാട്ടിൽ വസിച്ച പിന്തിരിപ്പൻെറ സമീപത്തു തന്നെ പാൎത്തു.

ക്രിസ്തി: അതെ അവരിരുവരും ഒരു പറമ്പിൽ തന്നെ പാൎത്തു. ആ മനുഷ്യൻ ഒരിക്കൽ നല്ലവണ്ണം ഉണൎന്നു, പാപത്തെയും അതിന്നു വരുന്ന കൂലിയെയും വിചാരിച്ചു ഭയപ്പെട്ടു എന്നു എനിക്കു തോന്നുന്നു.

ആശാ: അതിന്നു സംശയമില്ല; അവൻ എൻെറ ഭവനത്തിൽനിന്നു മൂന്നു നാഴിക ദൂരമേ പാൎക്കകൊണ്ടു പലപ്പോഴും എൻെറ അടുക്കൽ വന്നു, കണ്ണീരും ഒഴുക്കിയതിനാൽ എനിക്ക് അവനിൽ ബഹു മമത ഉണ്ടായിരുന്നു. എങ്കിലും കൎത്താവേ, കൎത്താവേ,

എന്നു പറയുന്നവനെല്ലാം സ്വൎഗ്ഗരാജ്യത്തിൽ കട ക്കയില്ല എന്ന വാക്കു എത്രയും സത്യം. (മത്താ. ൭. ൨൧.)

ക്രിസ്തി: ഞാനും യാത്രയാകും എന്ന അവൻ ഒരിക്കൽ എന്നോടു പറഞ്ഞു എങ്കിലും, കുറെ കാലം കഴിഞ്ഞശേഷം സ്വരക്ഷകൻ എന്നൊരുത്തനോ ടു ചേൎന്നു എനിക്ക് അന്യനായ്തീൎന്നു.

ആശാ: ആ വകക്കാർ ഇത്ര വേഗം പിൻവാ ങ്ങി പോകുന്നതിന്നു എന്തു സംഗതി?

ക്രിസ്തി: ഇതിൽ നിന്റെ പക്ഷം എന്തു?

ആശാ: അതിന്നു നാലു കാരണങ്ങൾ ഉണ്ടു, അതാവിതു:

൧. അവൎക്കു പാപബോധം ഉണ്ടായെങ്കിലും മാ നസാന്തരമില്ലായ്കകൊണ്ടു ഭക്തിക്കായിട്ടു ഉണൎത്തു ന്ന കുററങ്ങളുടെ വലിപ്പം മറന്നശേഷം, അവർ മു മ്പെത്ത മൎയ്യാദകളെ പിന്നെയും ആചരിപ്പാൻ തു നിയും. ഒരു നായ്ക്കു മനമ്പിരിച്ചൽ പിടിച്ചാൽ തിന്ന തിനെ ഛൎദ്ദിക്കും, എങ്കിലും അവൻ ഛൎദ്ദിച്ചതിനെ വെറുക്കായ്കകൊണ്ടു വേദന മാറിയശേഷം ഉടനെ തിരിഞ്ഞു സകലവും രണ്ടാമതു കപ്പി തിന്നുകളയും. താൻ ഛൎദ്ദിച്ചതിലേക്ക് തിരിഞ്ഞ നായി എന്നെഴു തി ഇരിക്കുന്നുവല്ലോ. അപ്രകാരം ആ മനുഷ്യർ നരകവേദനയുടെ ഓൎമ്മ നിമിത്തം മാത്രം സ്വൎഗ്ഗ ത്തെ ആഗ്രഹിക്കകൊണ്ടു നരകഭയം കുറയും അള വിൽ സ്വൎഗ്ഗീയ ആശയും രക്ഷയിങ്കലെ താല്പൎയ്യവും ക്ഷയിച്ചു പോകും. ഇങ്ങിനെ കുററത്താൽ ഉണ്ടായ

ഭയവും നിത്യജീവമഹത്വങ്ങളുടെ ആശയും നശി ച്ചശേഷം, അവർ ഉടനെ മാറിക്കളയും.

൨. മനുഷ്യൎക്ക വിറെക്കുന്നതു കുടുക്കിനെ വരു ത്തും. (സുഭ. ൨൯, ൨൫.) എന്ന വാക്കിൽ കാണുന്ന പ്രകാരം അവരെ അടിമപ്പെടുത്തുന്ന മാനുഷഭയ ത്താൽ നരകജ്വാലകൾ ചെവിക്കു ചുററും ജ്വലിച്ചു തീരുന്നെങ്കിൽ, സ്വൎഗ്ഗത്തിലെ താല്പൎയ്യം നീങ്ങി മന സ്സു ഭേദിച്ചു ഇനിയും അല്പം താമസിക്കട്ടേ! ബദ്ധ പ്പാടു ഒന്നും വേണ്ടാ! സകലവും ഉപേക്ഷിച്ചു ക ഷ്ടങ്ങളെ സഹിപ്പാൻ എന്തു ആവശ്യം എന്നു വി ചാരിച്ചു പിന്നെയും ലോകത്തോടു ചേരുന്നു.

൩. അടുത്തിരിക്കുന്ന നിന്ദയും അവൎക്ക് ഒർ ഇടച്ചു. ഡംഭികളും തന്നിഷ്ടക്കാരുമായവൎക്ക ഭക്തി എത്രയും നീരസവും നിന്ദ്യവുമാകകൊണ്ടു നരകഭ യവും വരുവാനുള്ള കോപത്തിന്റെ ഓൎമ്മയും വിട്ട ശേഷം, അവർ മുമ്പേത്ത വെറുപ്പിലേക്ക് മടങ്ങി ചെല്ലും.

൪. കുററത്തെളിവും ഭയത്തിന്റെ ഓൎമ്മയും അ വൎക്ക് അസഹ്യമാകകൊണ്ടും, നാശം വരുന്നതിന്മു മ്പെ അതു വിചാരിക്കേണ്ടതിന്നു മനസ്സില്ലായ്ക്കകൊ ണ്ടും നീതിമാൻ ധാവനം ചെയ്തു (തെററിപ്പോയി) രക്ഷ പ്രാപിക്കുന്ന ഇടത്തിലേക്ക് ഓടി ചെല്ലുവാൻ സംഗതി വരാതെ ദൈവകോപവും ഭയങ്കരങ്ങളും മ റന്നശേഷം, അവർ തങ്ങളുടെ ഹൃദയം കഠിനമാക്കി കഠോരവഴികളിൽ തന്നെ നടക്കും.

ക്രിസ്തി: നീ പറഞ്ഞത് ഏകദേശം ഒക്കും; അ വരുടെ മനസ്സിന്നും ഇച്ഛകൾക്കും മാററം വരാത്തത്

സകലത്തിന്റെ കാരണം. ന്യായാധിപതിയുടെ മുമ്പാകെ നില്ക്കുന്ന കള്ളൻ ഭയപ്പെട്ടു വിറെച്ചു അനുതാപം ചെയ്യുന്നു എന്നു തോന്നുന്നു എങ്കിലും, അവന്റെ മനസ്സ് മാറി കവച്ചയും കളവും വെറുക്കായ്കകൊണ്ടു വിട്ടു പോയശേഷം, ഉടനെ കള്ളപ്രവൃത്തികളെ തന്നെ ചെയ്യുന്നപ്രകാരം ആ മനുഷ്യരും ആചരിക്കുന്നു.

ആ ശാ: ഞാൻ ഇപ്പോൾ ആ പിൻവീഴ്ചയുടെ കാരണങ്ങളെ കുറെ നിന്നോടു പറഞ്ഞുവല്ലോ. എന്നാൽ അതിന്റെ ക്രമങ്ങളെ നിന്നിൽനിന്നു കേൾക്കേണ്ടതിന്നു ആവശ്യമായിരുന്നു.

ക്രിസ്ത്യ: പറയാമല്ലോ!

൧. ദൈവം, മരണം, ന്യായവിധി എന്നിവറെറ കുറിച്ചുള്ള വിചാരം ആയവർ മിക്കതും വിടുന്നു.

൨. അവർ ക്രമത്താലെ പ്രാൎത്ഥനയും ഇച്ഛയടക്കവും ജാഗരണവും പാപം നിമിത്തമുള്ള സന്താപവും ഉപേക്ഷിക്കുന്നു.

൩. അവർ ഭക്തിയുള്ളവരുടെ സംസൎഗ്ഗത്തെ ഒഴിക്കുന്നു.

൪. അവർ ദൈവവചനം കേൾക്കുന്നതിലും വായിക്കുന്നതിലും മററും ഭക്തിക്ക് അടുത്ത കാൎയ്യങ്ങളിലും മടിയുള്ളവരായി തീരുന്നു.

൫. അവർ പൈശാചഭാവം പൂണ്ടു വിശ്വാസികളെകൊണ്ടു ഓരൊ ദുഷ്കീൎത്തികളെ ഉണ്ടാക്കി, അവരിൽ കാണുന്ന കുറവുകൾ നിമിത്തം, ഞങ്ങൾ ഭക്തിമാൎഗ്ഗം ഉപേക്ഷിച്ചു എന്നു പറവാനായി സംഗതി അന്വേഷിക്കുന്നു.

൬. അതിന്റെ ശേഷം അവർ ജഡാനുസാരികളും പാപിഷ്ഠരും മോഹമഹീയാന്മാരുമായവരോട്ട ചേൎന്ന പോകും.

൭. ഇതിൽ പിന്നെ അവർ നാനാവിധദുൎവ്വാക്കുകൾ പറയുന്നതിലും കേൾക്കുന്നതിലും രസിക്കുന്നു.

൮. അതിന്റെ ശേഷം, ചില അല്പ പാപകൎമ്മങ്ങളെകൊണ്ടു പരസ്യമായി കളിക്കുന്നു.

൯. ഇപ്രകാരം അവർ കഠിനന്മാരായി തീൎന്നിട്ടു തങ്ങളെ ഉള്ള പോലെ കാട്ടി, ഒരതിശയത്താൽ രക്ഷ വരാഞ്ഞാൽ പാപാബ്ധിയിൽ മുഴുകി തങ്ങളുടെ വഞ്ചനയിൽ നശിച്ചു പോകയും ചെയ്യും.

അപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ: സഞ്ചാരികൾ ആഭിചാരനിലം വിട്ടു പോന്നാറെ, ബെയൂലാരാജ്യത്തിൽ എത്തി. ആ ദേശത്തിലേ വഴി ഋജുവായുള്ളതാക (ചൊവ്വുള്ളതാക) കൊണ്ടു അവർ കുറെ കാലം ആശ്വസിച്ചിരുന്നു. അവിടെ അവർ പക്ഷികൾ പാടുന്നതും നിത്യം കേട്ടു, ഭൂമിയിൽ വിടൎന്ന പുഷ്പങ്ങളെയും ദിനംതോറും കണ്ടു, മരണനിഴലിന്റെ താഴ്വരയും ആശാഭഗ്നാസുരന്റെ സംശയപുരിയും അകലയായതിനാൽ സൂൎയ്യൻ ഇടവിടാതെ പ്രകാശിച്ചു. ആ ദേശം സ്വൎഗ്ഗത്തിന്റെ അതിർ തന്നെ ആകകൊണ്ടു തെജോമയന്മാരുടെ (ദൈവദൂതന്മാരുടെ) സഞ്ചാരം പലപ്പോഴും ഉണ്ടായതല്ലാതെ, അവർ അന്വേഷിച്ച പട്ടണത്തെയും നിവാസികളെയും കണ്ടു, ആ ദേശത്തിലും മണവാളനും മണവാളസ്ത്രീക്കും ഉണ്ടായ വിവാഹകരാർ പുതുതാക്കപ്പെട്ടു, മണവാളൻ മണവാളസ്ത്രീയുടെ മേൽ

സന്തോഷിക്കുന്ന പ്രകാരം അവരുടെ ദൈവം അവരുടെ മേൽ സന്തോഷിക്കയും ചെയ്തു. (യശ. ൬൨, ൫.) അവിടെ ധാന്യത്തിലും വീഞ്ഞിലും ഒരു കുറവു വരാതെ അവർ സകല സഞ്ചാരകാലത്തിൽ അന്വേഷിച്ച നന്മകൾ ധാരാളമായി സാധിച്ചു. ഇതാ നിന്റെ രക്ഷ വരുന്നു എന്നു ചിയോൻ പുത്രിയോടു പറവിൻ; അവനോടു കൂടി പ്രതിഫലവും ഉണ്ടു എന്നുള്ള പാട്ടുകളെ പട്ടണത്തിൽനിന്നു കേട്ടു (യശ. ൬൨, ൧൧.) കൎത്തൃരക്ഷിതന്മാരും പരിശുദ്ധജനവും എന്ന് ആ നാട്ടുകാർ എല്ലാവരും അവൎക്ക പേരിടുകയും ചെയ്തു. (യശ. ൬൨, ൧൨.)

അന്വേഷിച്ച രാജ്യത്തിന്നു അടുത്തിരിക്കുന്ന ആ ദേശത്തിൽ അവർ സഞ്ചരിച്ചു ദൂരം വിട്ട സ്ഥലങ്ങളിലേക്കാൾ അധികം ഇതിൽ സന്തോഷിച്ചു. പട്ടണത്തിന്നു അടുക്കുമ്പോൾ അതു നാനാരത്നസുവൎണ്ണങ്ങളെക്കൊണ്ടു പണിതും തെരുവീഥികൾ പൊന്നു കൊണ്ടു പടുത്തതുമാകുന്നതിനാൽ, ഉണ്ടായ മഹത്വത്തോടു സൂൎയ്യരശ്മി കലൎന്നതു കണ്ട ശേഷം, ക്രിസ്തിയന്നു ആശാവശാൽ ദീനം പിടിച്ചപ്പോൾ, ആശാമയനും കുറെ സുഖക്കേടു വന്നാറെ, അവർ ചില സമയം കിടക്കയും നിങ്ങൾ എന്റെ പ്രിയനെ കണ്ടാൽ ഞാൻ സ്നേഹപരവശനായിരിക്കുന്നു എന്നു അവനോടു പറവിൻ എന്നു വിളിക്കയും ചെയ്തു.

പിന്നെ അവർ അല്പം ശക്തി ഏററു ദീനവും സഹിപ്പാൻ പരിചയമുണ്ടായപ്പോൾ, യാത്രയായി പട്ടണത്തിന്നു അടുത്ത ശേഷം, നേൎവ്വഴിക്ക എതിരെ വാതിലുകൾ തുറന്നിരിക്കുന്ന പൂങ്കാവുകളും

മുന്തിരിങ്ങാത്തോട്ടങ്ങളും മറവും കണ്ടു, വഴി അരികെ നില്ക്കുന്ന തോട്ടക്കാരനോട് ഈ വിശിഷ്ട മുന്തിരിങ്ങാത്തോട്ടങ്ങളും ഉദ്യാനങ്ങളും(പൂങ്കാവുകളും) ആൎക്കുള്ളതാകുന്നു? എന്നു ചോദിച്ചാറെ, അവൻ രാജാവ് ഇതൊക്ക തനിക്ക് സന്തോഷത്തിന്നും സഞ്ചാരികൾക്ക് ആശ്വാസത്തിന്നും വേണ്ടി ഉണ്ടാക്കിച്ചിരിക്കുന്നു എന്നു ചൊല്ലി, അവരെ മുന്തിരിങ്ങാത്തോട്ടങ്ങളുടെ അകത്തു കടത്തി: നിങ്ങൾക്ക ഇഷ്ടം പോലെ ഭക്ഷിച്ചു ആശ്വസിക്കാം എന്നു പറഞ്ഞു, രാജവഴികളെയും അവന്റെ ഇഷ്ടവാസസ്ഥലങ്ങളായ വള്ളിക്കെട്ടുകളെയും കാണിച്ച ശേഷം, അവർ അവിടെ പാൎത്തുറങ്ങി.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: അവർ സകല സഞ്ചാരത്തിലും ചെയ്തതിനേക്കാൾ ആ സമയം തന്നെ അധികമായി ഉറക്കത്തിൽ സംസാരിച്ചതുകൊണ്ടു ഞാൻ അതിശയിച്ചാറെ, തോട്ടക്കാരൻ എന്നോട് "നീ ഈ കാൎയ്യം നിമിത്തം ആശ്ചൎയ്യപ്പെടുന്നതു എന്തു? ഈ മുന്തിരിങ്ങാപ്പഴങ്ങളുടെ മഹാമധുരം ഉറങ്ങുന്നവരുടെ അധരങ്ങളെയും സംസാരിക്കുമാറാക്കുന്നു" എന്നു പറഞ്ഞു (പാട്ട, ൭, ൻ.)

പിന്നെ അവർ ഉണൎന്നാറെ, പട്ടണത്തിലേക്ക് പുറപ്പെട്ടു എങ്കിലും ഞാൻ പറഞ്ഞ പ്രകാരം ആ പട്ടണം ശുദ്ധ പൊന്മയമായും സൂൎയ്യരശ്മി കലൎന്നു പ്രസന്നമായുമിരിക്കകൊണ്ടു അവൎക്ക നോക്കുവാൻ വേണ്ടി ഒരു വിശിഷ്ടദൎപ്പണം (കണ്ണാടി) ആവശ്യമായിരുന്നു. (൨ കൊ. ൩, ൧൮.) അവർ

ഇങ്ങിനെ നടന്നു കൊണ്ടിരിക്കുമ്പോൾ, സ്വൎണ്ണമ
യവസ്ത്രം ഉടുത്ത രണ്ടു തേജോമുഖന്മാർ എതിരെ
വരികയും ചെയ്തു.

ആയാളുകൾ സഞ്ചാരികളോടു: നിങ്ങൾ എവി
ടെ നിന്നു വരുന്നു? എന്നു ചോദിച്ചാറെ, അവർ
അതു അറിയിച്ചു, അപ്പോൾ അവർ വഴിയിൽവെ
ച്ചു എവിടെ എല്ലാം പാൎത്തു എന്നും എന്തെല്ലാം സ
ങ്കടങ്ങളും കഷ്ടങ്ങളും സഹിച്ചു എന്നും എന്തെല്ലാം
ആശ്വാസവും സന്തോഷവും അനുഭവിച്ചു എന്നും
ചോദിച്ചതിന്നു സഞ്ചാരികൾ എല്ലാം വിവരമായി
പറഞ്ഞാറെ: നിങ്ങൾ പട്ടണത്തിൽ എത്തുമ്മുമ്പെ
ഇനി രണ്ടു കഷ്ടങ്ങളെ മാത്രം സഹിക്കേണ്ടി വരും
എന്നു അറിയിച്ചത് കേട്ടു, ക്രിസ്തിയനും കൂട്ടാളിയും നി
ങ്ങൾ ഞങ്ങളോടു കൂട വരെണം എന്ന് അപേക്ഷി
ച്ചപ്പോൾ, അവർ വരാം എങ്കിലും നിങ്ങൾ തന്നെ
വിശ്വാസത്താൽ സകലവും സാധിക്കേണം എന്നു
പറഞ്ഞിട്ടു പട്ടണവാതിലിനെ കാണുന്ന വരെയും
ഒരുമിച്ചു നടന്നു എന്നു ഞാൻ സ്വപ്നത്തിൽ ക
ണ്ടു. പിന്നെ അവൎക്കും പട്ടണവാതിലിന്നും മദ്ധ്യേ
എത്രയും ആഴമുള്ളൊരു പുഴ ഉണ്ടായിരുന്നു. അവി
ടെ കടപ്പാൻ പാലമില്ലായ്കകൊണ്ടു സഞ്ചാരികൾ
സ്തംഭിച്ചു നില്ക്കുമ്പോൾ, തേജോമയന്മാർ നിങ്ങൾ
ഇതിൽ കൂടി കടക്കാതെ കണ്ടു വാതിൽക്കൽ എത്തു
വാൻ കഴികയില്ല എന്നു പറഞ്ഞു.

അപ്പോൾ സഞ്ചാരികൾ വാതിൽക്കൽ ചെല്ലേ
ണ്ടതിന്നു മറെറാരു വഴി ഇല്ലയൊ? എന്നു ചോദിച്ച
തിന്നു അവർ: ഉണ്ടു എങ്കിലും ലോകാരംഭം തുടങ്ങി

ഒട്ടക്കമുള്ള കാഹളം ഊതുന്ന സമയം വരെയും ഹ നൊക്കും എലിയാവുമല്ലാതെ ഒരു മനുഷ്യനും അതി ലെ പോവാൻ കഴികയില്ല നിശ്ചയം എന്നു പറ ഞ്ഞതു കേട്ടാറെ, സഞ്ചാരികൾക്ക ഇരുവൎക്കം പ്ര ത്യേകം ക്രിസ്തിയനും വളരെ മനോവ്യസനം ഉണ്ടാ യി അങ്ങിടിങ്ങിട തിരിഞ്ഞിട്ടും പുഴയെ ഒഴിച്ചു മ റെറാരു വഴിയെ കണ്ടില്ല. അനന്തരം അവർ വെ ള്ളം ആഴമുള്ളതൊ? എന്നു ചോദിച്ചാറെ, അവർ ഇ ല്ല എങ്കിലും ഈ കാൎയ്യത്തിൽ ഞങ്ങൾ എന്തു ചെ യ്യും? രാജാവിങ്കൽ നിങ്ങൾ വെക്കുന്ന വിശ്വാസ പ്രകാരം വെള്ളത്തിന്റെ ന്യൂനാധിക്യമായിരിക്കും (ഏററക്കുറവു) എന്നു പറഞ്ഞു.

അനന്തരം അവർ വെള്ളത്തിൽ ഇറങ്ങിയ ശേഷം, ക്രിസ്തിയൻ മുഴകി സ്നേഹിതനായ ആശാ മയനെ വിളിച്ചു: ഞാൻ നിലയില്ലാത്ത വെള്ളങ്ങ ളിൽ അകപ്പെട്ടു തിരകളും അലകളും എന്മേൽ കട ക്കുന്നു എന്നു പറഞ്ഞു.

അപ്പോൾ മറെറവൻ ഹാ സഹോദര! ധൈൎയ്യ മായിരിക്ക നല്ല നിലയിൽ ഞാൻ എത്തി നില്ക്കുന്നു എന്നു പറഞ്ഞാറെ, ക്രിസ്തിയനും: ഹാ സഖേ! മര ണവേദനകൾ എന്നെ വളഞ്ഞു. തേനും പാലും ഒഴ കുന്ന ദേശം ഞാൻ കാണുകയില്ല എന്നു മുറയിട്ടശേ ഷം, ഒരു കൂരിരുട്ടും ഭയങ്കരവും അവന്റെ മേൽ വീ ണു. മുമ്പോട്ടു നോക്കുവാൻ കഴിയാതെയായി ബോ ധവും വിട്ടു യാത്രാകാലത്തിൽ ഉണ്ടായ ആശ്വാസ വും എല്ലാം മറന്നു താൻ ഒരു നാളും വാതിൽക്കൽ എ ത്തുകയില്ല, പുഴയിൽ മരിച്ചു ആണു പോകും എന്ന്

സംശയിച്ചു ഭയപ്പെട്ടു, സഞ്ചാരത്തിന്നു മുമ്പും പി
മ്പും ചെയ്ത പാപം നിമിത്തം, വളരെ ദുഃഖിച്ചു എ
ന്നു കൂടിയിരിക്കുന്നവർ എല്ലാവരും കേട്ടു, പിശാചു
കളും ദുർഭൂതങ്ങളും അവനെ വളരെ ഞെരുക്കി എന്നു
അവൻ പറഞ്ഞ വിലാപങ്ങളാൽ തെളിവായി വരി
കയും ചെയ്തു. അതുകൊണ്ടു ആശാമയൻ തന്റെ
സഹോദരന്റെ തല പ്രയാസത്തോടെ പിടിച്ചു
വെള്ളത്തിന്മീതെ ഉയൎത്തി നടന്നു, ചിലപ്പോൾ, അ
വൻ മുഴുവനും മുങ്ങി നിവിരുമ്പോൾ ശ്വാസം മുട്ടി മ
രണത്തിന്നടുത്ത പ്രകാരമായത കണ്ടാറെ, ആശാമ
യൻ: ഹാ സഹോദര! വാതിലിനെയും നമുക്കായിട്ടു
കാത്തിരിക്കുന്നവരെയും ഞാൻ കാണുന്നു എന്നു ആ
ശ്വസിപ്പിച്ചതിന്നു ക്രിസ്തിയൻ: "എനിക്കായിട്ട
ല്ല; നിണക്കായിട്ടു തന്നെ അവർ കാത്തിരിക്കും;
ഞാൻ നിന്നെ അറിയും നാൾ തുടങ്ങി നീ ആശയു
ള്ളവൻ തന്നെ" എന്നു പറഞ്ഞത് കേട്ടു, ആശാമ
യൻ: നീയും അങ്ങിനെ തന്നെ ആയിരുന്നുവല്ലോ!
എന്നു പറഞ്ഞശേഷം, ക്രിസ്തിയൻ: ഹാ സഹോദര!
എന്റെ കാൎയ്യം നേരായിരുന്നെങ്കിൽ അവൻ എഴു
ന്നീററു എന്നെ സഹായിക്കുമല്ലോ, എങ്കിലും എന്റെ
പാപം നിമിത്തം അവൻ എന്നെ ഈ കണിയിൽ
തള്ളി വിട്ടിരിക്കുന്നു എന്നു മറയിട്ടാറെ, ആശാമയൻ:
ഹാ സഹോദര! അവരുടെ മരണത്തിൽ ഒരു വി
ഷമം വരികയില്ല; ബലവും സ്ഥിരമാകുന്നു, അവർ മ
ററവർ എന്ന പോലെ ഉപദ്രവത്തിൽ ആകയില്ല
എന്നു വിശ്വാസികളെ കുറിച്ചു പറഞ്ഞത് നിണക്ക്
മറന്നു പോയൊ? ദൈവം നിന്നെ ഉപേക്ഷിച്ചത്

കൊണ്ടല്ല; നീ മുമ്പെ അവനിൽ നിന്നു ലഭിച്ച നന്മ കളെ ഓൎത്തു എല്ലാ ദുഃഖത്തിലും അവനോടു ചേൎന്നി രിക്കുമോ? എന്നു നിന്നെ പരീക്ഷിപ്പാൻ വേണ്ടി നിണക്ക് ഈ വെള്ളത്തിൽ ഇത്ര സങ്കടങ്ങളും ദുഃ ഖങ്ങളും വന്നിരിക്കുന്നു എന്നു പറഞ്ഞു.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെ ന്നാൽ: ക്രിസ്ത്യയൻ മിണ്ടാതെ വിചാരിച്ചുകൊണ്ടി രിക്കുമ്പോൾ, ആശാമയൻ: നീ ധൈൎയ്യമായിരിക്ക യേശു ക്രിസ്തൻ നിന്നെ സൌഖ്യമാക്കും എന്നു ആ ശ്വസിപ്പിച്ചശേഷം, ക്രിസ്ത്യയൻ അല്പം പ്രസാ ദിച്ചു: ഞാൻ അവനെ കണ്ടു; നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ, ഞാനും കൂടിയിരിക്കും; നീ നദികളിൽ കൂടി ചെല്ലുമ്പോൾ, വെള്ളങ്ങൾ നിന്റെ മീതെ ക വിയുകയില്ല, എന്നവൻ എന്നോടു പറഞ്ഞു എന്നു റക്കെ വിളിച്ചതിനാൽ ഇരുവൎക്കും ധൈൎയ്യമുണ്ടായി ശത്രുവും ഒരു കല്ലുപോലെ മിണ്ടാതെയായി. അ പ്പോൾ ക്രിസ്ത്യയന്നു നില്പാൻ തക്ക നില കിട്ടി. ശേ ഷം പുഴ ആഴം കുറഞ്ഞതുമാകകൊണ്ടു, അവർ സു ഖേന കടന്നു, മറുകരയിൽ അണഞ്ഞപ്പോൾ, ആ രണ്ടു തേജോമയന്മാർ അവരെ കാത്തു വെള്ളത്തിൽ നിന്നു കയറിയശേഷം, കുശലം ചൊല്ലി രക്ഷയെ പ്രാപിപ്പാൻ ഇരിക്കുന്നവർ നിമിത്തം ശുശ്രൂഷ ക്ക അയക്കപ്പെട്ട സേവകാത്മാക്കൾ ഞങ്ങൾ ത ന്നെ ആകുന്നു എന്നു പറഞ്ഞാറെ, അവർ ഒരുമി ച്ചു വാതിൽക്കലേക്ക് പുറപ്പെട്ടു. വാനപട്ടണം എ ത്രയും ഉയൎന്ന പൎവ്വതത്തിന്മേൽ ഇരിക്കുന്നെങ്കിലും തേജോമയന്മാർ ഇരുവരും നശ്വരമായ (അവി

യുന്ന) വസ്ത്രങ്ങൾ പുഴയിൽ അഴിഞ്ഞു പോയ സ ഞ്ചാരികളെ കൈ പിടിച്ചു നടത്തുകയാൽ മേഘങ്ങ ളൂടെ മീതെ അടിസ്ഥാനമുള്ള പട്ടണത്തിന്നായി വാ യുമാൎഗ്ഗത്തൂടെ കടപ്പാൻ കഴിവുണ്ടായി, പുഴ വിട്ടു പോന്നത് കൊണ്ടും ഇത്ര മഹത്വമുള്ള കൂട്ടാളികൾ ഉ ണ്ടാകകൊണ്ടും, പ്രസാദിച്ചു തമ്മിൽ സംസാരിച്ചു കയറുകയും ചെയ്തു.

തേജോമയന്മാർ അവിടത്തെ സകല മഹത്വ ത്തെയും അവരോടു അറിയിച്ചു. അവിടെ ചിയോൻ പൎവ്വതമായ സ്വൎഗ്ഗീയ യരുശലേമും, അസംഖ്യദൈ വദൂതന്മാരുടെ കൂട്ടവും തികഞ്ഞു ചമഞ്ഞ നീതിമാന്മാ രുടെ ആത്മാക്കളും ഉണ്ടു, (എബ്രാ. ൧൨, ൨൦. ൨൪.) നി ങ്ങൾ ഇപ്പോൾ, ദൈവത്തിന്റെ പരദീസയിൽ പ്രവേശിച്ചു ജീവവൃക്ഷത്തെ കണ്ടു, അതിന്റെ വാ ടാത്ത ഫലങ്ങളെ തിന്നു വെള്ളവസ്ത്രവും ഉടുത്തു രാ ജാവിനോടു കൂട നടന്നു സംസാരിക്കയും ചെയ്യും. മു മ്പേത്തവ എല്ലാം ഒഴിഞ്ഞു പോയതുകൊണ്ടു നിങ്ങൾ ഭൂലോകത്തിൽ കണ്ട ദുഃഖകഷ്ടദീനമരണങ്ങൾ ഇ നി ഉണ്ടാകയില്ല, (യശ. ൫൭, ൨൪. അറി. ൨൧, ൪.) ദൈവം വരുവാനുള്ള കഷ്ടങ്ങളിൽനിന്നു രക്ഷിക്ക യാൽ തങ്ങളുടെ കിടക്കയിൽ ആശ്വസിക്കയും, ഓ രോരുത്തൻ അവനവന്റെ നീതിയിൽ നടക്കയും ചെയ്യുന്ന അബ്രഹാം ഇചഹാക് യാക്കോബ് മുത ലായ പ്രവാചകന്മാരോടു നിങ്ങൾ ചേരും എന്നു പറഞ്ഞാറെ, സഞ്ചാരികൾ എന്നാൽ ആ പരിശു ദ്ധസ്ഥലത്തിൽ ഞങ്ങൾക്ക എന്തു വേല ഉണ്ടാകും? എന്നു ചോദിച്ചതിന്നു അവർ: നിങ്ങളുടെ പ്രയാ

സത്തിന്നു പകരം ആശ്വാസവും ദുഃഖത്തിന്നു പകരം സന്തോഷവും ലഭിച്ചു പ്രാൎത്ഥനയാലും കണ്ണീരാലും വഴിയിൽ വെച്ചു രാജാവു് നിമിത്തം നിങ്ങൾ സഹിച്ച കഷ്ടങ്ങളാലും വിതച്ചതിന്റെ ഫലം കൊയ്യു, സ്വൎണ്ണകിരീടങ്ങളെ ധരിച്ചു പരിശുദ്ധിയുള്ളവനെ അവൻ ഇരിക്കുന്ന പ്രകാരം തന്നെ നിത്യം കണ്ടു, ജഡത്തിന്റെ ബലഹീനത നിമിത്തം പ്രയാസത്തോടെങ്കിലും, ഭൂലോകത്തിൽ സേവിപ്പാൻ ആഗ്രഹിച്ചിട്ടുള്ളവനെ നിത്യം നന്ദിയോടെ വാഴ്ത്തി പുകഴ്ത്തി സേവിച്ചു, മഹത്വമുള്ളവനെ കണ്ടു, അവന്റെ മധുരശബ്ദം കേൾക്കുന്നതിനാൽ നിങ്ങളുടെ കണ്ണുകൾക്കും ചെവികൾക്കും വളരെ സുഖമുണ്ടാകും. മുമ്പെ അവിടെ എത്തിയ ഇഷ്ടന്മാരെയും കണ്ടു, ആ പരിശുദ്ധസ്ഥലത്തിലേക്കു് പിന്നാലെ വരുന്നവരെയും നിങ്ങൾ സന്തോഷിച്ചു കൈക്കൊള്ളും. അവിടെ മഹത്വവും പ്രകാശവും ധരിച്ചു മഹത്വമുള്ള രാജാവിനോടു കൂട സഞ്ചാരം ചെയ്യേണ്ടതിന്നു ഉചിതമായ വാഹനം ഏറും, അവൻ കാഹളശബ്ദത്തോടെ മേഘങ്ങളിൽ വരുമ്പോൾ, നിങ്ങളും കൂട വരും, ന്യായാസനത്തിന്മേൽ ഇരിക്കുമ്പോൾ, നിങ്ങളും കൂടി ഇരിക്കും; തനിക്കും നിങ്ങൾക്കും ശത്രുക്കളും അതിക്രമക്കാരുമായ മനുഷ്യരെയും പരലോകവാസികളെയും വിധിച്ചാൽ നിങ്ങളും വിധിക്കും. പട്ടണത്തിലേക്കു് അവൻ മടങ്ങി ചെല്ലുമ്പോൾ, നിങ്ങളും കൂടി പോയി എന്നും അവനോടു കൂട വാഴകയും ചെയ്യും. അവർ ഇങ്ങിനെ വാതിലിന്നു അടുത്തപ്പോൾ, ഇതാ ഒരു സ്വൎഗ്ഗസേനാസംഘം

അവൎക്ക എതിരെ വന്നാറെ, തേജോമയന്മാർ ലോകത്തിൽ വെച്ച നമ്മുടെ കൎത്താവിനെ സ്നേഹിച്ച അവന്റെ പരിശുദ്ധനാമം നിമിത്തം സകലവും ഉപേക്ഷിച്ച മനുഷ്യർ ഇവർ തന്നെ ആകുന്നു; ഞങ്ങൾക്ക കല്പന വന്നപ്രകാരം അവരെ കൈക്കൊണ്ട രക്ഷിതാവിന്റെ മുഖം സന്തോഷത്തോടെ കടന്ന നോക്കുവാൻ തങ്ങളുടെ വാഞ്ഛിതയാത്രയിൽ ഇത്രോടം എത്തിച്ചിരിക്കുന്നു എന്നവരോട പറഞ്ഞ ശേഷം, സ്വൎഗ്ഗസേനകൾ ആൎത്തു ആട്ടിങ്കുട്ടിയുടെ വിരുന്നിന്ന വിളിക്കപ്പെട്ടവർ ഭാഗ്യവാന്മാരാകുന്നു, (അറി. ൧൯, ൯.) എന്ന വിളിച്ചപ്പോൾ, വെള്ളവസ്ത്രം ഉടുത്ത രാജാവിന്റെ കുഴൽക്കാർ പലരും തങ്ങളുടെ മധുരഗാനങ്ങളുടെ മാറ്റൊലികൊണ്ട സ്വൎഗ്ഗങ്ങൾ എങ്ങും മുഴങ്ങുമാറാക്കി, പുറത്തു വന്ന ക്രിസ്തിയനെയും അവന്റെ കൂട്ടാളിയെയും പതിനായിരം കുശലവാക്യങ്ങളാലും കാഹളശബ്ദത്താലും സല്ക്കരിച്ച ശേഷം, അവർ എല്ലാവരും സഞ്ചാരികളെ ചുറ്റി, നാലു പുറവും നടന്ന കാത്തു സ്വൎഗ്ഗീയഗീതങ്ങളെ പാടുകയും കാഹളം ഊതുകയും ചെയ്തു. ആ കാൎയ്യം കാണേണ്ടതിന്ന കണ്ണുള്ളവന്നു സ്വൎഗ്ഗം തന്നെ അവരെ എതിരേല്പാൻ ഇറങ്ങി വന്നു എന്നും തോന്നും. അവർ ഇങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പോൾ, കാഹളക്കാർ കൂടക്കൂട കാഹളം ഊതി സന്തോഷശബ്ദവും ഉണ്ടാക്കി, തങ്ങൾക്കുള്ള സ്നേഹവും അവരുടെ വരവിനാൽ ഉണ്ടായ സന്തോഷവും പല മുഖഭാവചിഹ്നങ്ങളാൽ ആശാമയക്രിസ്തിയന്മാരെ അറിയിച്ചതുകൊണ്ട, സ്വൎഗ്ഗത്തിൽ

എത്തും മുമ്പെ തന്നെ അവർ സ്വൎഗ്ഗീയ സുഖം അനുഭവിച്ചു, ദൈവദൂതന്മാരെ കണ്ടു, അവരുടെ മധുരശബ്ദങ്ങളെ കേട്ടു സന്തോഷിച്ചു പട്ടണത്തെ മുഴുവനും കണ്ടു തങ്ങളുടെ വരവിനാൽ ഉണ്ടായ സന്തോഷം നിമിത്തം അതിലെ മണികൾ എല്ലാം കുലുങ്ങുന്നു എന്നു തോന്നി. ആ ദിക്കിൽ തങ്ങൾ നിത്യം ഈ കൂട്ടരോടു കൂട പാൎക്കും എന്നു നിശ്ചയമായി അറികകൊണ്ടു അവൎക്കു ഉണ്ടായ സന്തോഷം നാവുകൊണ്ടൊ തൂവൽകൊണ്ടൊ പ്രകാശിപ്പിപ്പാൻ എന്തു കഴിവു? ഇങ്ങിനെ അവർ വാതിൽക്കൽ എത്തിയാറെ, ജീവവൃക്ഷത്തിൽ അധികാരം വാങ്ങുവാനും വാതിൽക്കൽ കൂടി പട്ടണപ്രവേശം ചെയ്വാനും ദൈവകല്പന പ്രമാണിക്കുന്ന വിശുദ്ധജനം ഭാഗ്യവാന്മാരാകുന്നു എന്നു പൊന്നിറമായൊർ എഴുത്ത് അതിന്മീതെ പതിച്ചതു കണ്ടു, (അറി. ൨൨, ൧൪.)

അപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: തേജോമയന്മാർ അവരോടു: നിങ്ങൾ വാതിൽക്കൽ വിളിക്കേണം എന്നു പറഞ്ഞപ്രകാരം അവർ വിളിച്ചു ഉടനെ ഹനോഖ മോശെ എലിയ മുതലായവർ മേലിൽനിന്നു നോക്കി, സഞ്ചാരികളായ ഇവർ ഈ സ്ഥലത്തിന്റെ രാജാവിനെ സ്നേഹിച്ചു നാശപുരം വിട്ടു, ഇവിടേക്ക് വന്നിരിക്കുന്നു എന്നു കേട്ടാറെ, സഞ്ചാരികൾ പ്രയാണാരംഭത്തിങ്കൽ കിട്ടിയ ചീട്ടുകളെ അകത്തു കാണിച്ചു കൊടുത്തശേഷം, അവറ്റെ ഉടനെ രാജസന്നിധിയിൽ കൊണ്ടു എല്പിച്ചപ്പോൾ, രാജാവ് വാങ്ങി, വായിച്ചു:

അവർ എവിടെ? എന്നു ചോദിച്ചതിന്നു: വാതിൽക്കൽ ഉണ്ടു എന്നു കേട്ട ഉടനെ സത്യത്തെ പ്രമാണിക്കുന്ന പരിശുദ്ധജനം പ്രവേശിക്കേണ്ടതിന്നു വാതിലിനെ തുറപ്പിൻ, (യശ. ൨൬, ൨.) എന്നു കല്പിച്ചു.

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ: ആ മനുഷ്യർ രണ്ടും അകത്തു കടന്ന ഉടനെ അവരുടെ രൂപം മാറി പൊന്നിറമായ വസ്ത്രം ഉടുത്ത ശേഷം, ചിലർ വന്നു അവൎക്കു വീണകളും കിരീടങ്ങളും കൊടുത്തു, ഈ വീണകൾ സ്തുതിക്കും കിരീടങ്ങൾ ബഹുമാനത്തിന്റെ അടയാളത്തിന്നും ഇരിക്കട്ടെ എന്നു പറഞ്ഞപ്പോൾ, പട്ടണത്തിൽ എല്ലാ മണികൾ കുലുങ്ങി കൎത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിപ്പിൻ എന്ന് സഞ്ചാരികളോടു കല്പന ഉണ്ടായ ശേഷം, അവർ സിംഹാസനത്തിന്മേൽ ഇരിക്കുന്നവനും ആട്ടിൻകുട്ടിക്കും ബഹുമാനവും മഹത്വവും ശക്തിയും എന്നേക്കും ഉണ്ടാകട്ടെ എന്നു ഘോഷിച്ചു പറഞ്ഞതിനെ ഞാൻ സ്വപ്നത്തിൽ കേൾക്കയും ചെയ്തു.

ആ മനുഷ്യർ പ്രവേശിക്കേണ്ടതിന്നു വാതിൽ തുറന്നിരുന്നപ്പോൾ ഞാനും അകത്തേക്ക് നോക്കി ഇതാ! പട്ടണം എല്ലാം സൂൎയ്യനെ പോലെ പ്രകാശിച്ചു തെരുവീഥികൾ ശുദ്ധ പൊന്നുകൊണ്ടു പടുത്തതും കിരീടം ധരിച്ചു കുരുത്തോലയും സുവൎണ്ണ വീണയും പിടിച്ചു നടന്നു സ്തുതിച്ചു കൊണ്ടിരിക്കുന്നവരെയും കൎത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നു വിടാതെ വിളിച്ചു കൊണ്ടിരിക്കു

ന്നവരെയും കണ്ടപ്പോൾ, അവർ വാതിലിനെ അ
ടച്ച ശേഷം, അങ്ങൊന്റ ഞാനും അവരുടെ ഇട
യിൽ പാൎത്തെങ്കിൽ കൊള്ളാം എന്ന വിചാരിക്കയും
ചെയ്തു. ഇവ ഒക്കയും വിസ്മയിച്ച നോക്കിയശേ
ഷം, ഞാൻ തിരിഞ്ഞു നിബ്ബോധനും നദീതീരത്തു
എത്തിയതു കണ്ടു എങ്കിലും, മററ ഇരുവരും സഹിച്ച
പ്രയാസത്തിൽ പാതിയും കൂടാതെ വേഗം കടന്ന
പോന്നതിന്റെ സംഗതിയാവിതു: അവൻ എത്തു
മ്പോൾ അവിടെ ഉണ്ടായ മായാശൻ എന്നൊരു
തോണിക്കാരൻ അവനെ കയററി മറുകരയിൽ എ
ത്തിച്ചു പുഴ കടന്നാറെ, മററവരെപ്പോലെ അവനും
പൎവ്വതത്തിന്മേൽ കയറി നടന്ന എങ്കിലും, അവനെ
എതിരേല്പാനും പ്രസാദിപ്പിപ്പാനും ആരും വന്നില്ല.
വാതിൽക്കൽ എത്തിയ ശേഷം, മേലെഴുത്തു നോക്കി
തനിക്കും ഉടനെ തുറക്കും എന്ന വിചാരിച്ച മുട്ടു
വാൻ തുടങ്ങി എങ്കിലും, പുറത്തു നോക്കിയവർ: നീ
എവിടത്തുകാരൻ എന്തിന്നായി വന്നു? എന്ന ചോ
ദിച്ചതിന്ന അവൻ: ഞാൻ രാജാവിന്റെ സന്നി
ധിയിൽ ഭക്ഷിക്കയും കുടിക്കയും ഞങ്ങളുടെ തെരു
വീഥികളിൽ അവൻ പഠിപ്പിക്കയും ചെയ്തു എന്ന
പറഞ്ഞപ്പോൾ, അവർ രാജാവിന്ന കാണിക്കേ
ണ്ടതിന്ന നിന്റെ ചീട്ടു എവിടെ? എന്ന ചോദിച്ച
തു കേട്ടു, അവൻ മടിയിലും മററും അന്വേഷിച്ച
നോക്കി ഒന്നും കാണാതിരുന്നതു കണ്ടു, അവർ
ചീട്ടു നിന്റെ പക്കൽ ഇല്ലയൊ? എന്ന ചോദിച്ച
ശേഷം അവൻ മിണ്ടാതെ നില്ക്കയും ചെയ്തു. അ
പ്പോൾ അവർ എല്ലാം രാജാവെ ഉണൎത്തിച്ചാറെ,

ഇറങ്ങി ചെന്നു അവനെ നോക്കുവാൻ മനസ്സു ണ്ടാകാതെ ആശാമയക്രിസ്ത്യനിയന്മാരെ പട്ടണത്തിൽ എത്തിച്ച തേജോമയന്മാരോട്ട: "നിങ്ങൾ പോയി നിർബ്ബോധനെ കൈകാലുകളെയും കെട്ടി കൊണ്ടു പോകുവിൻ" എന്നു കല്പിച്ച പ്രകാരം അവർ ചെന്നു അവനെ പിടിച്ചു ഞാൻ മുമ്പെ മലയുടെ അടിയിൽ കണ്ട ദ്വാരത്തിന്നകത്തു കൊണ്ടു പോയി ഇട്ടു കളഞ്ഞു. അപ്പോൾ നാശപുരത്തിൽനിന്നു മാത്രമല്ല, സ്വൎഗ്ഗവാതിൽക്കൽ നിന്നും തന്നെ നരകത്തിലേക്ക് ഒരു വഴി ഉണ്ടു എന്നു ഞാൻ കാണുകയും ചെയ്തു.

അനന്തരം ഞാൻ ഉണൎന്നു ഇതാ സ്വപ്നം എന്നറികയും ചെയ്തു.

---

ഇനിയും മഹാസാരമുള്ളൊരു സ്വപ്നം ഉണ്ടായിരുന്നു എങ്കിലും, മലയാളത്തിൽ അതിനെ വിസ്താരമായി പറവാൻ സംഗതി വന്നില്ല. ക്രിസ്തിയൻ സഞ്ചാരം തുടങ്ങിയപ്പോൾ ഭാൎയ്യാപുത്രന്മാരും അവനെ പരിഹസിച്ചും നിന്ദിച്ചും കൊണ്ടു വളരെ ദുഃഖിച്ചു തനിയെ അയച്ചു എന്നു കേട്ടുവല്ലൊ? എങ്കിലും അവൻ പുഴ കടന്നു വാനപട്ടണത്തിലേക്ക് പ്രവേശിച്ച ശേഷം, ഭാൎയ്യയായ ക്രിസ്ത്യാനെക്കും മത്തായി ശമുവെൽ യോസെഫ് യാക്കൊബ് എന്ന പുത്രന്മാൎക്കും അനുതാപം ജനിച്ചു ഒക്കത്തക്ക നാശപുരം വിട്ടു അയല്ക്കാരത്തിയായ കരുണാമതിയോട്ടു കൂടി യാത്രയായി അച്ഛൻ നടന്ന വഴിയിലും സഞ്ച

രിച്ചു വളരെ കഷ്ടങ്ങളെ സഹിച്ചു ദൈവസഹായത്താൽ പുഴക്ക് എത്തിയശേഷം, അമ്മയും കടന്നു കൎത്താവിൻെറ സന്തോഷത്തിലേക്ക് പ്രവേശിച്ചു എങ്കിലും, പുത്രന്മാർ ഇന്നു വരെയും സഭാവൎദ്ധനക്കായിട്ടു പുഴസമീപപ്രദേശത്തിൽ പാൎക്കുന്നപ്രകാരം കേട്ടിരിക്കുന്നു എന്നു ചുരുക്കമായി പറഞ്ഞതു ഇപ്പോൾ മതി എന്നു തോന്നുന്നു.

1922 ly 9100.


ABEL
KAIN

John Bunyan

THE

# PILGRIM'S PROGRESS

ഇഹത്തിൽനിന്നു പരത്തിൽ പ്രവേശിക്കുന്ന

# സഞ്ചാരിയുടെ പ്രയാണം

ആയതു

യോഹൻ പുനിയൻ എന്നവർ

ഇങ്ക്ലിഷിൽ എഴുതിയ ചരിത്രത്തിന്റെ മലയാളഭാഷാന്തരം

THIRD EDITION

MANGALORE
PRINTED BY STOLZ & REUTHER, BASEL MISSION PRESS
1869